# വിശ്വാസവത്സരത്തിനൊരു ഉണർത്തുപാട്

**Vishwasathinoru Unarthupattu**

**വിശ്വാസത്തിനൊരു ഉണർത്തുപാട്ട്**

*By*

**Rev. Dr. Joseph Vattakalam**

***Second Edition*** : January, 2014

***Printed at:***

Anchanadan Printers
Changanacherry

***Cover and Book design:***

Manoj Varghese - 9947015105

***Copyright:***

Antony Mathew

***Published by:***

Antony Mathew
Little Queen Publishers
Changanacherry

Price : Rs. 80/-

# വിശ്വാസവത്സരത്തിനൊരു ഉണർത്തുപാട്ട്

റവ. ഡോ. ജോസഫ് വട്ടക്കളം

LITTLE QUEEN

## ഉൾത്താളുകളിൽ


ആശംസ

സമർപ്പണം

മുന്നുര

1. വിശ്വാസരാഹിത്യത്തിന്റെ തിക്തഫലം ..........................1
2. ഉൽപത്തി..............................................................................15
3. പുറപ്പാട്.............................................................................29
4. ലേവ്യർ...............................................................................44
5. സംഖ്യ...............................................................................48
6. 1 സാമുവൽ......................................................................56
7. 2 സാമുവൽ......................................................................68
8. 1, 2 മക്കബായർ.............................................................78
9. പ്രവാചകന്മാർ.................................................................88
10. വിശ്വാസം പുതിയ നിയമത്തിൽ...................................97
11. വിശ്വാസം പ്രായോഗിക തലത്തിൽ...........................145

# ഹബേമൂസ് പാപ്പാം

സത്യമായും പരിശുദ്ധാത്മാവാണു കത്തോലിക്കാ തിരുസഭയെ നയിച്ചുകൊണ്ടിരിക്കുന്നത്. സഭ മാറ്റങ്ങൾക്ക് വാതിൽ തുറക്കുകയാണ് എന്നു ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പയുടെ രാജി മുതൽ ഫ്രാൻസിസ് പാപ്പായുടെ തെരഞ്ഞെടുപ്പുവരെയുള്ള സംഭവവികാസങ്ങൾ തെളിയിക്കുന്നു. ബനഡിക്റ്റ് മാർപാപ്പ രാജിവച്ച് സ്ഥാനമൊഴിഞ്ഞത് അന്നുവരെയുണ്ടായിരുന്ന നടപ്പുരീതികളിൽ നിന്നുള്ള മാറ്റിച്ചവിട്ടായിരുന്നു. അതിന്റെ തുടർച്ചയായി കത്തോലിക്കാസഭയുടെ ചരിത്രത്തിൽ ആദ്യമായി ഒരു മാർപാപ്പാ രണ്ടാംക്രിസ്തുവെന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ പേര് സ്വീകരിച്ച് കത്തോലിക്കാസഭയുടെ നടുനായകത്വം ഏറ്റെടുത്തിരിക്കുന്നു.

പേരുസ്വീകരണത്തിലെ വ്യതിരിക്തത തന്നെ കാലത്തിന്റെ അടയാളമാണ്. ഇതിലൂടെ കർദ്ദിനാൾ ബെർഗോളിയോ താനെന്താണെന്നും തന്റെ ദൈവികദൗത്യം എന്താണെന്നും വ്യക്തമാക്കിയിരിക്കുകയാണ്. എളിമയും നർമ്മബോധവും - അതാണു ഫ്രാൻസിസ് മാർപ്പാപ്പയുടെ മുഖമുദ്ര. ക്രിസ്തുവിനു വേണ്ടി ദാരിദ്രം വരിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനോടുള്ള ബഹുമാനാർത്ഥമാണ് കർദ്ദിനാൾ ബെർഗോളിയോ ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചത്. ജീവിതത്തിലുടനീളം ഈ ലാളിത്യം പരിശുദ്ധപിതാവു കാത്തുസൂക്ഷിക്കുന്നു.

സാധാരണക്കാരുടെ ജീവിതത്തോട് ഏറെ ആഭിമുഖ്യം പുലർത്തുന്ന മാർപ്പാപ്പ ലോകത്തിനു പുത്തൻ പ്രതീക്ഷ നൽകുന്നു. അസ്സീസിയിലെ ഫ്രാൻസിസിനെപ്പോലെ കർത്താവിന്റെ ആലയമായ സഭയെ പുനരുജ്ജീവിപ്പിക്കാൻ പരിശുദ്ധപിതാവിനു കഴിയട്ടെ. കാലത്തിന്റെ പൂർണ്ണതയിൽ ലോകത്തിനും വിശ്വാസസമൂഹത്തിനും ലഭിച്ച ഏറ്റവും വലിയ ദൈവാനുഗ്രഹമാണ് പുതിയ മാർപ്പാപ്പ. ഭൗതികാഗ്രഹങ്ങളുടെ ആസക്തികളിൽ വിശ്വാ

സവും സഭയും പ്രതിസന്ധി നേരിടുന്ന ഈ കാലയളവിൽ വിശ്വാസത്തിലും ജീവിതമൂല്യങ്ങളിലും ഒരു തിരിച്ചുപോക്ക് അത്യന്താപേക്ഷിതമാണ്. ഈ സത്യമാണ് ഫ്രാൻസിസ് മാർപ്പാപ്പ ഊന്നിപറയുക. എളിമയിലും ലാളിത്യത്തിലും വിശ്വസിക്കുന്ന, ജീവിക്കുന്ന ഫ്രാൻസിസ് മാർപ്പാപ്പ മെത്രാപ്പോലീത്തയായിരുന്നപ്പോൾ, അതിമെത്രാസനമന്ദിരത്തിൽ താമസിക്കാതെ, സ്വന്തമായ ചെറിയ വീട്ടിൽ, സ്വയം ഭക്ഷണം പാകം ചെയ്തും വസ്ത്രം അലക്കിയും ഒരു സന്യാസിയുടെ തനിമയിലാണു ജീവിച്ചിരുന്നത്. പാവങ്ങളോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും പ്രത്യേക പരിഗണനയും വാത്സല്യവും പ്രദർശിപ്പിച്ച ദിവ്യനാഥനെയല്ലേ ഫ്രാൻസിസ് മാർപ്പാപ്പ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക?

ശുഭോദർക്കമായ വ്യാതിരിക്തതകളോടെ, ക്രിസ്തുവിന്റെ വികാരിയായി, പരിശുദ്ധസിംഹാസനത്തിൽ വാണരുളുന്ന, ലോകത്തെമുഴുവൻ ഒന്നാക്കിക്കൊണ്ടിരിക്കുന്ന, മൂന്നാം ക്രിസ്തുവെന്നു വിശേഷിപ്പിക്കാൻ ലേഖകനെ നിർബന്ധിക്കുന്ന, ഫ്രാൻസിസ് മാർപ്പാപ്പയ്ക്ക് ഈ വിനീത സുതന്റെ സ്നേഹാദരവുകളോടെയുള്ള ആശംസകളും പ്രത്യാശാനിർഭരമായ പ്രാർത്ഥനകളും! ദൈവമേ, നന്ദി! ▲

# സമർപ്പണം

വിശ്വാസജീവിതത്തിന്റെ ആത്യന്തികമായ പ്രസക്തിയെക്കുറിച്ചുള്ള ചോദ്യങ്ങളുടെയും ദ്രുതഗതിയിലുള്ള മാറ്റങ്ങളുടെയും പിടിയിൽ അമർന്നിരിക്കുന്ന ആധുനിക ലോകത്തിന് ഏറ്റവും ആവശ്യമായിരിക്കുന്നതു വിശ്വാസത്തിനൊരു ഉണർത്തുപാട്ടാണെന്നു മനസ്സിലാക്കി,

വിശ്വാസം പുനരുജ്ജീവിപ്പിക്കാൻ,

2012–'13

വിശ്വാസവത്സരമായി പ്രഖ്യാപിച്ച,

നവസുവിശേഷപ്രവർത്തനങ്ങൾക്കു ശക്തമായ നേതൃത്വം നൽകിയ,

പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും ഇപ്പോഴും നേതൃത്വം നൽകുന്ന,

തോമ്മാശ്ലീഹായുടെ സജീവസ്വരം ശ്രവിച്ച കേരളീയരെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്ന,

സഭയിൽ ചരിത്രം സൃഷ്ടിച്ച,

കാലഘട്ടത്തിനു തികച്ചും അനുയോജ്യനായ,

കാലഘട്ടത്തിന്റെ സമ്മാനമായ,

വിശൈകവ്യക്തിത്വത്തിന്റെ ഉടമയായ,

ലോകത്തിന്റെ ആധ്യാത്മികാചാര്യനായ,

ആധ്യാത്മിക പിതാവായ,

സഭയെക്കുറിച്ചു നിതാന്തജാഗ്രത പുലർത്തുന്ന,

പറയാനുള്ളത് തുറന്നു പറയുന്ന,

നിഷ്കളങ്കവും സുതാര്യവുമായ വിക്തിത്വത്തിന്റെ ഉടമയായ,

അധികാരത്തോടുള്ള അനാസക്തികൊണ്ട് സ്ഥാനത്യാഗം ചെയ്ത മഹാത്മാവായ,

ലോകത്തിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ,
ലോകമനസാക്ഷിയും വിശുദ്ധനുമായ,
ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ പാദാന്തികത്തിൽ,
സ്നേഹത്തിൽ നിന്നുദിച്ച ഈ വിനീതോപഹാരം, സഹർഷം,
സമർപ്പിക്കുന്നു. ▲

# മുന്നുര

## ദൈവത്തിന്റെ ഛായയും സാദൃശ്യവും

ദൈവം തന്റെ സാകല്യസ്നേഹത്തിലും മഹാകരുണയിലും അത്യുദാത്തമായ ഔദാര്യത്തിലും ആദിമമാതാപിതാക്കളെ സൃഷ്ടിച്ചു ഹൃദയപൂർവ്വം അനുഗ്രഹിക്കുന്ന ഉൽപത്തിയിലെ രംഗം അത്യന്തം ഹൃദയാവർജ്ജകമാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും മെനഞ്ഞെടുത്ത മനുഷ്യനെ അവിടുന്ന് ഇങ്ങനെ അനുഗ്രഹിച്ചു: "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞു അതിനെ കീഴടക്കുവിൻ" (ഉൽപ. 1:28). ആത്യന്തികമായി ചിന്തിക്കുമ്പോൾ, ഒരുവനു മനസ്സിലാകുന്ന സത്യം, ദൈവം ആദിമമാതാപിതാക്കളിൽനിന്ന് ആവശ്യപ്പെട്ടതു തന്നിൽ അവർക്കുണ്ടായിരിക്കേണ്ട വിശ്വാസവും പ്രത്യാശയുമാണെന്നതാണ്.

ഏദൻ തോട്ടത്തിന്റെ ആധിപത്യം അവർക്കു നല്കിയപ്പോൾ ഒരു വ്യവസ്ഥമാത്രമെ അവിടുന്നു വച്ചുള്ളു - പരസ്പരവിശ്വാസത്തിലും ശരണത്തിലും അധിഷ്ഠിതമായ ഒരു വ്യവസ്ഥ. ഈ വ്യവസ്ഥ വ്യക്തമാക്കുന്ന വചനഭാഗം പശ്ചാത്തലവിവരണത്തോടൊപ്പം രേഖപ്പെടുത്തട്ടെ. "കാഴ്ചയ്ക്കു കൗതുകവും ഭക്ഷിക്കാൻ സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം വൃക്ഷവും അവിടുന്നു മണ്ണിൽനിന്നു പുറപ്പെടുവിച്ചു. ജീവന്റെ വൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ അവിടുന്നു വളർത്തി" (2:9). നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ (തോട്ടത്തിന്റെ നടുവിലുള്ള മരം 3:3) "പഴം ഭക്ഷിക്കുകയോ, തൊടുകപോലുമോ അരുത്. ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും" (3:3) എന്നു ദൈവം അസിന്നിഗ്ധമായി അവരോട് പറഞ്ഞിരുന്നു.

## ദൈവമനുഷ്യബന്ധം

ദൈവ-മനുഷ്യബന്ധത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട, മനുഷ്യൻ അറിഞ്ഞ് അംഗീകരിക്കേണ്ട നിരവധി സുപ്രധാന കാര്യങ്ങൾ ദൈവത്തിന്റെ പ്രഥമകല്പന ഉൾക്കൊള്ളുന്നുണ്ട്.

ദൈവമാണ് മനുഷ്യന്റെ സ്രഷ്ടാവ്; മനുഷ്യൻ അവിടുത്തെ സൃഷ്ടി മാത്രമാണ്. സൃഷ്ടി എപ്പോഴും സ്രഷ്ടാവിന് സമ്പൂർണ്ണവിധേയത്വത്തിൽ ആയിരിക്കണം - കുശവന്റെ കയ്യിൽ കളിമണ്ണുപോലെ - ഇതാ, കർത്താവിന്റെ ദാസി, (ദാസൻ) അവിടുത്തെ തിരുവിഷ്ടം എന്നിൽ നിറവേറട്ടെ എന്ന പരിശുദ്ധ അമ്മയുടെ ഏറ്റം അനുകരണാർഹമായ മനോഭാവം ഉൾക്കൊള്ളുക ആയിരിക്കണം അവന്റെ ജീവിത ലക്ഷ്യം. ഇപ്രകാരമുള്ള വിധേയത്വത്തിലായിരിക്കുന്ന മനുഷ്യൻ അന്തരാത്മാവിൽനിന്ന് ഉദീരണം ചെയ്യും, ചെയ്യണം - "എന്റെ കർത്താവേ, എന്റെ ദൈവമേ!"

## എന്റെ കർത്താവേ, എന്റെ ദൈവമേ!

ക്രൈസ്തവലോകത്തിന് അറിവുള്ള ഏറ്റം ഉദാത്തമായ, അത്യഗാധമായ വിശ്വാസപ്രഖ്യാപനമാണിത്; ദൈവമനുഷ്യബന്ധത്തിന്റെ ഉച്ചകോടിയും. ഈ ബന്ധത്തിന്റെ അന്തഃസത്തയും ഇതുതന്നെ. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല. ഏതാണ്ടിതുപോലൊരു പ്രഖ്യാപനം ശിഷ്യപ്രധാനനും നടത്തുന്നുണ്ട്. കേസറിയാ ഫിലിപ്പിയിൽവച്ചു കർത്താവു ശിഷ്യരോട്, താൻ ആരെന്നാണു ജനം മനസ്സിലാക്കിയിരിക്കുന്നതെന്നു ചോദിച്ചതിനുശേഷം, താൻ ആരെന്നാണു ശിഷ്യർ ഗ്രഹിച്ചിരിക്കുന്നതെന്ന ചോദ്യത്തിന് ഉത്തരമായി പത്രോസ് ശ്ലീഹാ പറയുന്നു: "അങ്ങു ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു." ഇതും വളരെ ഉൽക്കടമായ ഒരു വിശ്വാസാവിഷ്കാരമാണ്.

## ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹാ

ഈ പ്രഖ്യാപനത്തിനു ശ്ലീഹായെ ശക്തിപ്പെടുത്തിയത് ആരെന്ന് ഈശോ തന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ: "ജഡര

ക്തങ്ങളല്ല, പ്രത്യുത, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് ഇതു നിനക്കു വെളിപ്പെടുത്തിത്തന്നത്." ദൈവത്തെ ആഴമായി അറിയാനും സ്നേഹിക്കാനും നമുക്കു സാധിക്കുന്നതു, തന്റെ പരിശുദ്ധാത്മാവിലൂടെ അവിടുന്നു നമ്മെ സഹായിക്കുന്നതുകൊണ്ടാണ്." എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാത്ത ആർക്കും എന്റെ അടുത്തേക്കു വരാനാവില്ല.

## വിശ്വാസജീവിതം

സത്യസന്ധമായ ദൈവമനുഷ്യബന്ധത്തിന്റെ അന്തഃസത്തയ്ക്കു വിശ്വാസമെന്നു നമുക്കു പേരു നല്കാനാവും. നമ്മുടെ സ്രഷ്ടാവായ ദൈവത്തിന്റെ മുമ്പിൽ നമ്മെത്തന്നെ അടിയറവുവച്ച്, പരസ്പരപൂരകങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയുടെ കലർപ്പില്ലാത്ത അഭ്യസനം യഥാർത്ഥ വിശ്വാസജീവിതമാണ്. ദൈവമനുഷ്യബന്ധത്തിൽ ഈ അഭ്യസനത്തെ സമർപ്പണം എന്നു വിശേഷിപ്പിച്ചാൽ അത് അസ്ഥാനത്തായിരിക്കുകയില്ല. ഒരു ഭക്തൻ ഈ പ്രക്രിയയെ ഇങ്ങനെ ആവിഷ്ക്കരിക്കുന്നു: "ആത്മശരീരവും സിദ്ധികളൊക്കെയും, ആത്മനാഥാ, നിനക്കർപ്പണം ചെയ്വൂ ഞാൻ".

## അവിടുത്തെ തിരുവിഷ്ടം നിറവേറ്റുക

സത്യത്തിൽ, ഇതൊരു വിട്ടുകൊടുക്കലാണ്, ഒരു അടിയറവു പറയലാണ്. "ഇതാ, ഞാൻ വരുന്നു, അവിടുത്തെ തിരുവിഷ്ടം നിറവേറ്റുവാൻ." ദൈവത്തെ പൂർണ്ണമനസ്സോടും പൂർണ്ണഹൃദയമൊടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും സ്നേഹിക്കണമെന്നതാണ് ദൈവത്തിന്റെ തിരുഹിതം. നമ്മുടെ ആത്മാവും മനസ്സും ഹൃദയവും ശരീരവും, നമുക്കുള്ളവയെല്ലാം ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കുന്ന ആ മനോഭാവമാണു വിശ്വാസം. ഈ വിശ്വാസം ചൈതന്യവത്തായിരിക്കണം. അതായത്, സർവ്വതും ദൈവത്തിനു സമ്മാനിക്കുന്ന, സമർപ്പിക്കുന്ന, ദൈവസ്നേഹത്തിലേക്കും സർവ്വംസ്പർശിയായ സഹോദരസ്നേഹത്തിലേക്കും വളരുന്ന പ്രക്രിയ. ഈ സമർപ്പണത്തിന്റെ വിഷയം പരിശുദ്ധ ത്രിത്വമാണ്. എന്നാൽ, സവിശേഷമായ വിധത്തിൽ, ഈശോയ്ക്കു നമ്മെത്തന്നെ സമ്പൂർണ്ണമായി വിട്ടുകൊ

ടുക്കുന്നതുമാണ് ഇത്. ആദിമക്രൈസ്തവർ ഈ സത്യം വളരെ കൂലങ്കഷമായി മനസ്സിലാക്കാൻ സംഗതിയായത് നടപടിപ്പുസ്തകത്തിൽ നാം വായിക്കുന്നു; "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായിക്കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ്, ആവശ്യാനുസരണം, എല്ലാവർക്കുമായി വീതിച്ചു. അവർ ഏകമനസ്സോടെ താല്പര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും ചെയ്തു. രക്ഷപ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (നട. 2:44-47).

## ക്രൈസ്തവവിശ്വാസത്തിന്റെ കരളലിയിക്കുന്ന കഥ

നടപടിപ്പുസ്തകം ഏറ്റം സംക്ഷിപ്തമായി സംഗ്രഹിച്ചാൽ അതു ക്രൈസ്തവവിശ്വസത്തിന്റെ കരളലിയിക്കുന്ന കഥ എന്നായിരിക്കും. ആദിമമാതാപിതാക്കൾ അവിശ്വസിച്ചു. മാനവികത മുഴുവൻ ആത്മീയമായി മരിച്ചു. ദൈവത്തിനു കരുണതോന്നി അവരോടു ക്ഷമിക്കാൻ തീരുമാനിക്കുന്നു. "അവനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിനായി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). ഈ മഹാസ്നേഹത്തിനു പ്രതിസ്നേഹം കാണിക്കാൻ കച്ചകെട്ടിയിറങ്ങിയവരാണ് ആദിമ ക്രൈസ്തവസമൂഹം. അവർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു. അവർ രക്ഷപ്പെട്ടു (നട. 21).

## വിശ്വാസം കളഞ്ഞുകുളിക്കുന്നു

വാഗ്ദാനം പോലെ ("നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും" (ഉൽപ. 3:15) രക്ഷകൻ വന്ന് തന്റെ രക്ഷണീയവേല പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ

(ശിക്ഷയുടെ അവസാനനാളുകൾ (നട. 2:17) മാനവരാശിയുടെ ശിക്ഷയുടെ അവസാനനാളുകളാണ്) പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനെ അവിടുന്നു മാനവരാശിയിലേക്ക് അയച്ചു. ദൈവത്തിന്റെ ദാസന്മാരുടെയും ദാസിമാരുടെയും മേൽ ആത്മാവു വർഷിക്കപ്പെട്ടു. ആദിമമാതാപിതാക്കളുടെ അവിശ്വാസംമൂലം, അവിശ്വസ്തതമൂലം പരിശുദ്ധാത്മാവിന്റെ അവരിലുള്ള പ്രവർത്തനം നിലച്ചു. അവർ 'മരിച്ചു'. ആ പാപത്തിന്റെ ഗൗരവംമൂലം ആദത്തിന്റെ സന്തതികൾക്കെല്ലാം ശിക്ഷ ഉണ്ടായിരിക്കുന്നു. ഇപ്രകാരം കളഞ്ഞുകുളിച്ച വിശ്വാസം, എന്നാൽ മിശിഹായിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവർക്കെല്ലാം, വിശ്വസിക്കുന്നവർക്കെല്ലാം ഇപ്പോൾ നല്കപ്പെട്ടിരിക്കുന്നു. ഇതാണു നിത്യരക്ഷ. ഈശോമിശിഹാ തന്റെ പെസഹാരഹസ്യത്തിലൂടെ സമ്പാദിച്ച നിത്യരക്ഷ നാം സ്വന്തമാക്കുന്നതു വിശ്വാസത്തിലൂടെത്തന്നെയാണ്. ഈശോ നേടിയ രക്ഷയിൽ വിശ്വസിച്ചു, മാമ്മോദീസാ സ്വീകരിക്കുന്നവർക്കു രക്ഷ പകർന്നുകൊടുക്കുന്നതു പരിശുദ്ധാത്മാവാണ്. വിശ്വസിക്കുന്നവർക്ക്, ആ വെള്ളി വെളിച്ചത്തിൽ തങ്ങളുടെ പാപങ്ങളുടെ കാഠിന്യം, അതു നഷ്ടപ്പെടുത്തിയ 'ജീവന്റെ' മൂല്യം മുതലായവ മനസ്സിലാക്കുന്നവർക്ക്, അനുതാപം എന്ന അമൂല്യദാനം അനുതാപത്തിന്റെ ആത്മാവു അവരുടെ ഹൃദയങ്ങളിൽ ചൊരിഞ്ഞ് അവരുടെ വിശ്വാസം ഉദ്ദീപിപ്പിക്കുന്നു. കർത്താവിനെ എപ്പോഴും കൺമുമ്പിൽ കണ്ട് (വിശ്വസിച്ച്), അവിടുന്നിൽ സകലാശ്രയവും അർപ്പിച്ചു വിശ്വാസജീവിതം ആവുന്നത്ര പൂർണ്ണതയിൽ നയിക്കുന്നവരുടെ വലതുവശത്തു കർത്താവ് എപ്പോഴും ഉണ്ടായിരിക്കും (നട. 2:20 കാണുക).

## പരിശുദ്ധാത്മാവ് വിശ്വാസത്തിന്റെ ജനയിതാവ്

ഈശോമിശിഹാ, തന്റെ പരിശുദ്ധാത്മാവിലൂടെ, അനുതാപിയുടെ ഹൃദയത്തിൽ വിശ്വാസം ജനിപ്പിക്കുന്നത് എങ്ങനെയെന്നു പത്രോസ് വിശദീകരിക്കുന്നുണ്ടല്ലോ. "ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും പിതാവിൽനിന്നു പരിശുദ്ധാത്മാവിന്റെ വാഗ്ദാനം സ്വീകരിക്കുകയും ചെയ്ത അവിടുന്ന് (ഈശോമിശിഹാ) ഈ ആത്മാവിനെ നമ്മി

ലേക്കു വർഷിച്ചിരിക്കുന്നു (നട. 2:33). ഈശോയെ ദൈവം (പിതാവ്) കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി (നട. 2:36). നിത്യരക്ഷ പ്രാപിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം ഈ സത്യം വിശ്വസിക്കണം. പത്രോസിന്റെ പ്രസംഗംകേട്ട് അനുതപിച്ചവരോട് അദ്ദേഹം സർവ്വശക്തിയോടുംകൂടെ പറഞ്ഞു: "നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കു ലഭിക്കും" (നട. 2:38). (പരിശുദ്ധാത്മാവിന്റെ ദാനം - പരിശുദ്ധാത്മാവ് എന്ന ദാനം. ഈ പരിശുദ്ധാത്മാവ് (മറ്റു നിരവധി ദാനങ്ങളോടൊപ്പം) മാനവർക്കു കാതലായ ഒരു ദാനംകൂടി നല്കുന്നുണ്ട് - വിശ്വാസം.

## വിശ്വസിക്കുന്നവർക്കു നിത്യരക്ഷ

പത്രോസ് തുടർന്നു വ്യക്തമാക്കുന്നു: "ഈ വാഗ്ദാനം (പരിശുദ്ധാത്മാവ്) നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും വിദൂരസ്ഥർക്കും നമ്മുടെ കർത്താവു തന്റെ അടുക്കലേക്കു വിളിക്കുന്ന എല്ലാവർക്കും ഉള്ളതാണ് " (2:39). ഈ പ്രബോധനത്തിൽ നിന്നു നമുക്കു നിഗമിച്ചെടുക്കാവുന്ന മർമ്മപ്രധാനമായ ഒരു സംഗതിയുണ്ട്. കർത്താവിൽ (പരിശുദ്ധത്രിത്വത്തിൽ) വിശ്വസിക്കുന്ന സകല തലമുറകൾക്കും നിത്യരക്ഷ കൈവരും. ശിഷ്യപ്രധാനന്റെ പ്രഥമപ്രസംഗം കേട്ടു വിശ്വസിച്ച്, അനുതപിച്ച്, ജ്ഞാനസ്നാനത്തിലൂടെ തങ്ങളുടെ വിശ്വാസം പ്രഖ്യാപിച്ചവർ സകലജനതകളിലും പെട്ട മൂവായിരംപേരായിരുന്നു. അങ്ങനെ, പന്തക്കുസ്താദിനത്തിൽ, പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിച്ച്, വിശ്വാസത്തിലൂടെ രക്ഷപ്പെട്ടവർ കൃത്യമായി "അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (നട. 2:42).

## അപ്പസ്തോലന്മാരുടെ പ്രബോധനം

ഏതൊരു നന്മചെയ്യുന്നതിനും ഒരുവന്, ഏതെങ്കിലും വിധത്തിൽ, നന്മ എന്തെന്നും അതു നിരന്തരം ചെയ്യേണ്ടതിന്റെ അവശ്യാവശ്യകത എന്തെന്നും ഉള്ള അറിവു ലഭിക്കണം. ഈ

അറിവു സ്വായത്തമാക്കുന്നതിനുള്ള പരമപ്രധാനമായ മാർഗ്ഗം 'പ്രബോധനം' തന്നെയാണ്. വിശ്വാസം ആർജ്ജിക്കുന്നതിനും അതിൽ നിലനിൽക്കുന്നതിനും അറിവ് അത്യന്താപേക്ഷിതമാണ്. വിശ്വാസത്തിൽ നിലനില്ക്കുന്നവർക്കുപോലും അതിൽ വളർച്ച ആവശ്യമാണ്. അതിന് ദൈവവചനം വായിക്കുക, പഠിക്കുക, വളർച്ചയ്ക്കു സഹായിക്കുന്ന നല്ലനല്ല പ്രഭാഷണങ്ങൾ കേൾക്കുക. വിശ്വസത്തിൽ വളരുന്ന അനുഭവസാക്ഷ്യങ്ങൾ ശ്രദ്ധിക്കുക, വായനയിലൂടെയും കേൾവിയിലൂടെയും വിശ്വാസമുള്ളവരുമായി ബന്ധപ്പെടാൻ പരിശ്രമിക്കുകയുമൊക്കെ അത്യന്താപേക്ഷിതമാണ്.

## കുടുംബം വിശ്വാസത്തിന്റെ ഈറ്റില്ലം

ഒരു നല്ല അമ്മയുടെ വിശ്വാസജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവം ഓർക്കുന്നു. വർഷങ്ങൾക്കുമുമ്പു വിദേശത്ത് ഒരു ഇടത്തരം കുടുംബത്തിൽ നടന്നതാണിത്. ആ മാതാവിനു ഭർത്താവും മൂന്നു മക്കളുമായിരുന്നു. ഒരു മകൻ, രണ്ടു പെൺമക്കൾ. ഈ മാതാവ് ഭർത്താവിനോടും മക്കളോടും വിവരമൊന്നും പറയാതെ, അതാതുദിവസം ഏറ്റം സൗകര്യമായ സമയത്ത്, ഒരു റ്റിഫിൻകാരിയറുമായി, പുറത്തുപോയിരുന്നു. എന്തിന്, എവിടേക്ക്, എന്ന് ആരും ചോദിച്ചിരുന്നില്ല. നിരവധി ദിനങ്ങൾ ഈ സംഭവം കണ്ടു കഴിഞ്ഞപ്പോൾ, തന്റെ അമ്മ എവിടെയാണു പോവുന്നത്, എന്തിനാണു പോവുന്നത് എന്ന് അറിയാൻ ഇളയമകൾ ഉത്സുകയായി.

അവൾ ആരെയും അറിയിക്കാതെ, അമ്മപോലും അറിയാതെ, ഒരു ദിവസം തന്റെ പ്രിയപ്പെട്ട അമ്മയെ അനുധാവനം ചെയ്തു. ആ അമ്മയുടെ യാത്ര അവസാനിച്ചത് ഒരു കൊച്ചു കുടിലിലാണ്. അതിനുള്ളിൽ കയറി ആ മാതാവ് കിറ്റ് ഒരു സ്ഥലത്തു ഭദ്രമായി വച്ചിട്ട്, അവിടെ ഏകാകിയായി, ക്ഷീണിച്ച്, അവശയായി, പരിതാപകരമായ അവസ്ഥയിൽ കിടക്കയിലായിരുന്ന വയോവൃദ്ധയെ എഴുന്നേല്പിച്ചു, കുളിപ്പിച്ച്, പുതിയ ഉടുവസ്ത്രങ്ങൾ ധരിപ്പിച്ച് കിടക്കയിൽ കിടത്തി. ഇത്രയും സമയം മറഞ്ഞുനിന്നിരുന്ന മകൾ പെട്ടെന്ന് തന്റെ അമ്മയുടെ

മുമ്പിൽ പ്രത്യക്ഷയായി.

തന്റെ പൊന്നോമനമകൾ, തന്നോടൊപ്പംനിന്നു താൻ ചെയ്ത മനോഗുണപ്രവൃത്തി നിരീക്ഷിച്ചതിൽ അതീവ സന്തുഷ്ടയായി വാത്സല്യാതിരേകത്താൽ ആ മകളെ വാരിപ്പുണർന്നുകൊണ്ടു പറഞ്ഞു: "പൊന്നുമകളേ, ഇതാണു സ്വർഗ്ഗം, ഇതാണു സ്നേഹം. സന്തോഷാധികൃത്താൽ മതിമറന്ന ആ മാലാഖാ അമ്മയോടൊപ്പം, വല്യമ്മയ്ക്കുള്ള ശേഷശുശ്രൂഷകൾ ചെയ്തു. ആ അമ്മ കൊണ്ടുപോയിരുന്ന രുചികരമായ ഭക്ഷണം ആ കുഞ്ഞുവാങ്ങി, വലിയ സന്തോഷത്തോടെ, വല്യമ്മയ്ക്കു വാരിക്കൊടുത്തു. മൂവർക്കും ജീവിതത്തിലെ നിർവൃതിയുടെ നിമിഷങ്ങൾ!

പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്നു തിരുവചനം നമ്മെ പഠിപ്പിക്കുന്നു. പില്ക്കാലത്ത്, ആ കൊച്ചുമാലാഖാ, തന്റെ മാതാവിൽനിന്ന് ആവേശം ഉൾക്കൊണ്ട്, ആയിരങ്ങൾക്ക്, പതിനായിരങ്ങൾക്ക് അത്താണിയായി. പിതാവു നേരത്തേ സ്വർഗ്ഗം പൂകിയിരുന്നതുകൊണ്ട്, മാതാവിനെയും സഹോദരങ്ങളെയും വിട്ട്, സ്കോപ്ജെ ഗ്രാമത്തിൽ നിന്നു യാത്ര ചെയ്ത്, കടലുകൾ താണ്ടി ആർഷഭാരതത്തിൽ, ഋഷികളുടെ നാട്ടിൽ എത്തി. കൽക്കട്ടായിലെ തെരുവുകളിലാണ് ആ മകൾ ഭൂമിയിലെ തന്റെ സ്വർഗ്ഗം കണ്ടെത്തിയത്. 'തെരുവിലെ മാലാഖാ' എന്ന അപരനാമംകൂടി സമ്പാദിച്ചിട്ടുള്ള ഈ വിശ്വവനിത ആരെന്ന്, ഇനി, എടുത്തുപറയേണ്ടതില്ലല്ലോ!

സ്വന്തം മാതാപിതാക്കളിൽനിന്ന്, കുടുംബപശ്ചാത്തലത്തിൽനിന്ന്, ആർജ്ജിച്ചെടുത്ത നലംതികഞ്ഞ ക്രൈസ്തവവിശ്വാസമാണ് സ്കോപ്ജെയിലെ ബാലികയെ 'ഭാരതത്തിന്റെ അമ്മ'യാക്കിയത്. വിശ്വാസത്തിന്റെ ഒരു പ്രധാനമാനമാണു നാമിവിടെ കാണുക. ദൈവത്തിലുള്ള വിശ്വാസം, തജ്ജന്യമായ നന്മകൾ ഒരുവൻ, ഒരുവൾ, ആദ്യമായി ആർജ്ജിച്ചെടുക്കുന്നതു തന്റെ കുടുംബത്തിൽനിന്ന്, വിശിഷ്യ തന്റെ മാതാപിതാക്കളിൽനിന്ന്, അതിലും സവിശേഷമായ വിധത്തിൽ, സ്വന്തം അമ്മയിൽനിന്നാണ്. അമ്മ 'മാതാവും ഗുരുനാഥ'യുമാണ്. അമ്മിഞ്ഞപ്പാലിനോടൊപ്പം പകർന്നുകിട്ടുന്ന വിശ്വാസം അത്ര പെട്ടെന്നൊന്നും

ഒരുവനെ വിട്ടുപോവുകയില്ല. ലോകഗുരുനാഥയാകാനും വിശുദ്ധയാകാനും മദർ തെരേസായെ സഹായിച്ചത് കുടുംബത്തിൽ നിന്നും കിട്ടിയ വിശ്വാസം, പ്രത്യാശ, സ്നേഹം, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മാതൃകകൾ ഇവയൊക്കെയാണ്.

അഞ്ചരവയസ്സിൽ ദിവ്യകാരുണ്യഈശോയെ ഹൃദയത്തിൽ, കൗദാശികമായി, സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച മദർ തെരേസാ അന്നുമുതലെങ്കിലും 'ഈശോയുടെ സ്വന്ത'മായി. ഇതിനു കാരണഭൂതർ മാതാപിതാക്കളും സഹോദരങ്ങളുമാണ്. അന്നു മുതൽ ആ കുട്ടിക്ക് നാലു മിനിട്ടിൽ കൂടുതൽ ഈശോയെ ഓർക്കാതിരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു ജീവിത സായാഹ്നത്തിൽ, സത്യസന്ധമായി, ഏറ്റുപറയാൻ മദർ തെരേസായ്ക്കു കഴിഞ്ഞത് ഈശോയിലുള്ള, സർവ്വവ്യാപിയായ ആ ദൈവത്തിലുള്ള, അചഞ്ചലവും അദമ്യവുമായ വിശ്വാസം മൂലമാണ്.

അന്തിമനാളുകളിൽ ദൈവാലയത്തിൽ പോയി ബലിയർപ്പിക്കാൻ (പരിശുദ്ധ കുർബാന ക്രൈസ്തവന്റെ വിശ്വാസജീവിതത്തിന്റെ ഉറവിടവും ഉച്ചകോടിയുമാണ്) സാധിക്കാതെ ആയപ്പോൾ 'വിശുദ്ധ'യുടെ ചെറിയ മുറിയിൽ, ഒരു ചെറു സക്രാരിയിൽ എഴുന്നള്ളിച്ചു വച്ചിരുന്ന തന്റെ ആത്മമണവാളനെ, തന്റെ പ്രേമഭാജനത്തെ, അനുനിമിഷം നോക്കിക്കണ്ടും അവിടുന്നു തന്റെ 'പ്രിയതമ'യെ നോക്കിക്കണ്ടാനന്ദിച്ചുമാണ് ആ വെള്ളരിപ്രാവ് തന്റെ നിത്യവസതിയിലേക്ക്, ലോകത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തിക്കൊണ്ട്, മാനവഹൃദയങ്ങളിൽ ഇന്നും സജീവയായി ജീവിച്ചുകൊണ്ട്, സ്വർഗ്ഗയാത്ര ചെയ്തത്. ഈശോയുടെ തിരുമുഖം അനുനിമിഷം ദർശിച്ച്, അവിടുന്ന് തന്റെ വലതുഭാഗത്തുണ്ടെന്നുള്ള ഉറപ്പിലാണ് പാവങ്ങളുടെ അമ്മ ജീവിച്ചത്. ഇതിന് അമ്മയെ സഹായിച്ചത് അപ്രതിരോധ്യമായ തന്റെ വിശ്വാസമാണ്.

'ഗാർഹിക സഭ'യെന്നു പിതാക്കന്മാർ വിശേഷിപ്പിക്കുന്ന കുടുംബം, വിശ്വാസത്തിന്റെ ഈറ്റില്ലമാണ്, അതു വിശ്വാസത്തിന്റെ പിള്ളത്തൊട്ടിൽ, നേഴ്സറി, പാഠശാല, കലാശാല എല്ലാമാണ്. കുടുംബമാകുന്ന കലാശാലയിലെ പ്രധാനാധ്യാപകർ ആരൊക്കെയെന്ന് സംശയലേശമെന്യേ നമുക്കു പ്രസ്താവിക്കാം

– "മാതാ, പിതാ, ഗുരു ദേവോഭവഃ". ഈ 'ദൈവങ്ങൾ' ഉറങ്ങിപ്പോയാൽ, അവർ ധനം, പേര്, പെരുമ, സ്ഥാനമാനങ്ങൾ ഇവയ്ക്കു പിന്നാലേ പരക്കംപാഞ്ഞാൽ, കുഞ്ഞുങ്ങളുടെ വിശ്വാസജീവിതം അമ്പേ പരാജയമായിരിക്കും. മാത്രമല്ല, അവരുടെ മക്കൾക്കു തങ്ങളുടെ മാതാപിതാക്കൾ തികച്ചു അന്യരായിരിക്കും. മാതാപിതാക്കൾ കാണപ്പെടുന്ന 'ദൈവ'ങ്ങളാണെന്ന സത്യവും ആ മക്കൾക്ക് അന്യമായിരിക്കും.

വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ ജീവിതത്തിൽ സംഭവിച്ച ഒരു കാര്യം ഇവിടെ അനുസ്മരിക്കുന്നതു നമുക്ക് ഏറെ അനുഗ്രഹമായിരിക്കും. തന്റെ ജീവിത സായാഹ്നം ചാവറയച്ചൻ കൂനമ്മാവു കർമ്മലീത്താ ആശ്രമത്തിലാണു ചെലവഴിച്ചത്. അനാരോഗ്യത്തിലും, അവിടെ അച്ചൻ ഒരു അനാഥാലയം നടത്തിയിരുന്നു.

ഒരിക്കൽ, ഒരു സായാഹ്നത്തിൽ, തീരാരോഗിയും നിർദ്ധനനും വൃദ്ധനുമായ ഒരാൾ അച്ചനെ സമീപിച്ചു. അദ്ദേഹം അച്ചനോടു ഏറെ സങ്കടത്തോടെ പറഞ്ഞത് നാം പരാമർശിച്ച കാര്യങ്ങളെക്കുറിച്ചൊന്നും ആയിരുന്നില്ല. അദ്ദേഹം പറഞ്ഞതെല്ലാം കുടുംബജീവിതത്തിലെ തന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചായിരുന്നു. കുടുംബകലഹം, മക്കൾ പരസ്പരം വെട്ടിക്കൊല്ലാൻ തയ്യാറായിരിക്കുന്നു; സ്വസ്ഥമായി ഒരു നിമിഷം ഉറങ്ങാൻപോലും മക്കൾ അനുവദിക്കുകയില്ല. മാതാപിതാക്കളെക്കുറിച്ച് അവർക്കൊരു ശ്രദ്ധയുമില്ല. ഈ ദുഃഖങ്ങളെല്ലാംകേട്ട് ചാവറയച്ചനും ഏറെ വിഷമിച്ചു. അദ്ദേഹം ആഗതനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും ആഗതനു കാര്യമായ സമാധാനമോ, ആശ്വാസമോ കിട്ടിയില്ലെന്നാണു സൂചന.

പ്രാർത്ഥനയും സഹായവും വാഗ്ദാനം ചെയ്തതിനു ശേഷം അച്ചൻ ആ വയോധികനോടു കുട്ടികളെ വളർത്തിയ വിധത്തെക്കുറിച്ചും ആധ്യാത്മിക കാര്യങ്ങളിൽ എങ്ങനെ പരിശീലിപ്പിച്ചുവെന്നും കൂടി ആരാഞ്ഞു. അപ്പോൾ ആ പാവം വാവിട്ടു കരഞ്ഞുകൊണ്ടു പറഞ്ഞു: അച്ചാ, കുടുംബം പോറ്റാനുള്ള വ്യഗ്രതയിൽ മക്കൾക്ക് ഈശോയെ കൊടുക്കാൻ, അവരെ യഥാർത്ഥ ക്രൈസ്തവവിശ്വാസത്തിൽ

വളർത്തുന്നതിൽ എനിക്കു പരിപൂർണ്ണ പരാജയം സംഭവിച്ചു.

ചാവറപ്പിതാവിനെ സമീപിച്ച ആ വൃദ്ധൻ മദ്യപനോ, ദുർന്നടത്തക്കാരനോ ഒന്നും ആയിരുന്നില്ല. കുടുംബത്തോടുള്ള കടമകളെന്നു താൻ കരുതിയിരുന്ന കാര്യങ്ങളൊക്കെ ആവുന്നത്ര, നന്നായി ചെയ്യാൻ അയാൾ ശ്രമിച്ചു. അതിനുവേണ്ടി, കഠിനാധ്വാനത്തിന്റെ, വിശ്രമമില്ലാത്ത ജീവിതമാണ് അയാൾ ജീവിച്ചത്. പക്ഷേ, ഏറ്റം വേണ്ടപ്പെട്ട കാര്യം ചെയ്യാൻ അയാൾ വിട്ടുപോയി. അതിന്റെ തിക്തഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. കതിരായിക്കഴിഞ്ഞു വളമിട്ടിട്ടെന്തുകാര്യം?

ഈ ഒരു ദുഃഖത്തിന്റെ അനുഭവം ചാവറപ്പിതാവിനെ രണ്ടു കാതലായ കാര്യങ്ങളിലേക്കു നയിച്ചു. ഒന്ന്, ആദ്യത്തെ അനാഥാലയത്തിന്റെ സ്ഥാപനം (2) 'ചാവരുൾ' എന്ന പുസ്തകത്തിന്റെ രചന. കുടുംബജീവിതത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ഈ മേഖലയിലെ പ്രഥമ പരിശ്രമമാണ്. കുടുംബജീവിതക്കാർക്കു വളരെ നല്ല ഒരു വഴികാട്ടിയാണു ചാവറപ്പിതാവിന്റെ ചാവരുൾ. മരണക്കിടക്കയിൽ വച്ചാണു വന്ദ്യപിതാവു ചാവരുൾ വിരചിച്ചത്.

## വിശ്വാസത്തിന്റെ ഗർഭപാത്രത്തിലേക്ക്

ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചപ്പോൾ ഇരുപതു ലക്ഷത്തോളം ഭക്തജനങ്ങൾ സെന്റ് പീറ്റേഴ്സ് സ്ക്വയറിലുണ്ടായിരുന്നു. വത്തിക്കാനിൽ, ഇപ്പോൾ, ഏറ്റം തെരക്കുള്ള സ്ഥലം അദ്ദേഹത്തിന്റെ ശവകുടീരമായിരിക്കുന്നിടമാണ്. യുവഹൃദയങ്ങളിൽ ഇത്രയേറെ സജീവമായി വാഴുന്ന മറ്റേതെങ്കിലും ഒരു മനുഷ്യവ്യക്തി ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ എന്നറിയില്ല. അദ്ദേഹത്തിന്റെ ജീവിതം നൂറു ശതമാനം വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. പതറിപ്പോകാമായിരുന്ന നിരവധി പ്രതിസന്ധികൾ ആ ജീവിതത്തിലുണ്ടായിട്ടുണ്ട്. തന്റെ അഞ്ചാം വയസ്സിൽ പെറ്റമ്മ നിത്യസൗഭാഗ്യത്തിനു യാത്രയായി. പതിനൊന്നാം വയസ്സിൽ ഏകസഹോദരനും മരിച്ചു. ഇരുപത്തൊന്നാം വയസ്സിൽ, ദൈവം കഴിഞ്ഞാൽപ്പിന്നെ തന്റെ സർവ്വസ്വവുമായിരുന്ന, പ്രിയ

താതനും, സ്വർഗ്ഗംപൂകി. ഈ പ്രതിസന്ധികളെ സധൈര്യം മറികടക്കാൻ വോയ്റ്റീവയെ പ്രാപ്തനാക്കിയതു ദൈവത്തിലുള്ള തന്റെ അചഞ്ചലവിശ്വാസവും പരിശുദ്ധ അമ്മയ്ക്കുള്ള പ്രത്യേക സമർപ്പണവുമായിരുന്നു.

ഒരിക്കൽ, വോയ്റ്റീവാ, പാറമടയിലെ കഠിനാധ്വാനം കഴിഞ്ഞുമടങ്ങവേ, ഒരു ബസ് അദ്ദേഹത്തെ കൊക്കയിലേക്ക് ഇടിച്ചു തെറിപ്പിച്ചു. മുറിവും ചതവും ഒടിവും പരുക്കുകളുമായി അവിടെ ആ യുവാവു കിടക്കുന്നതു മനുഷ്യരാരും അറിഞ്ഞിരുന്നില്ല. അവിടെ അദ്ദേഹത്തിന് ഏകാശ്വാസമായത് തന്റെ അദമ്യമായ വിശ്വാസമാണ്. തന്റെ ദൈവത്തോട് ഉള്ളുരുകി പ്രാർത്ഥിക്കുന്നതിനൊപ്പം 'അമ്മേ, ഞാൻ മുഴുവൻ, അങ്ങയുടേതാണ്' എന്നു പറഞ്ഞ് തന്നെത്തന്നെ ദൈവമാതാവിനു പ്രതിഷ്ഠിക്കുകയും ചെയ്തു. അമ്മ അത്ഭുതം പ്രവർത്തിച്ചു തന്റെ പ്രിയമകനു സൗഖ്യം നല്കി അനുഗ്രഹിച്ചു.

പ്രാർത്ഥനയിലൂടെയും പരിചിന്തനത്തിലൂടെയും ദൈവത്തോട് ആലോചന ചോദിച്ചും തന്റെ യഥാർത്ഥ ദൈവവിളി തിരിച്ചറിഞ്ഞ ആ അത്ഭുതയുവാവ് സെമിനാരിയിൽ ചേർന്നു പഠിച്ച്, അതിതീക്ഷ്ണമതിയായ ഒരു പുരോഹിതനായി, തന്റെ ഇരുപത്താറാം വയസ്സിൽ, അദ്ദേഹം അഭിഷേചിക്കപ്പെട്ടു. മുപ്പത്താറാം വയസ്സിൽ മെത്രാനായി. പരമപിതാവ് അദ്ദേഹത്തെ പടിപടിയായി ഉയർത്തി അമ്പത്തൊമ്പതാം വയസ്സിൽ ആഗോളകത്തോലിക്കാസഭയുടെ വലിയ ഇടയനാക്കി.

ദൈവത്തിന്റെ രാജ്യം പ്രസംഗിക്കാൻ, ഈശോയെ ലോകത്തിനു കൊടുക്കാൻ, അദ്ദേഹം, തന്റെ ഭരണകാലത്ത് 106 രാജ്യങ്ങൾ സന്ദർശിച്ചു. എല്ലായിടത്തും അദ്ദേഹം ദൈവത്തിന്റെ കാല്പാടുകൾ പതിഞ്ഞുകണ്ടു. അതുകൊണ്ട്, ഓരോ രാജ്യത്തും കാലുകുത്തിയ ഉടനെ മുട്ടുകുത്തി, 'അമ്മ ഭൂമി'യെ സ്നേഹപൂർവ്വം, അത്യാദരവോടെ, ചുംബിച്ചിരുന്നു. എല്ലാറ്റിന്റെയും സ്രഷ്ടാവും രക്ഷകനും പരിപാലകനും ദൈവമാണെന്നുള്ള വിശ്വാസമല്ലേ, ഇപ്രകാരം ഏറ്റം ഹൃദയസ്പർശിയായ ഒരു പ്രവൃത്തി ചെയ്യാൻ (സ്വയം ശൂന്യനാക്കിക്കൊണ്ട്, ദാസവേഷം ധരിച്ചുകൊണ്ട്) പരിശുദ്ധ പിതാവിനെ പ്രേരിപ്പിച്ചത്.

(കറ തീർന്ന ദൈവവിശ്വാസമില്ലാത്ത ഒരു വ്യക്തിക്ക് ഒരിക്കലും ശൂന്യനാകാൻ, എളിമപ്പെടാൻ, സാധ്യമല്ല). എളിമയുള്ളിടത്തേ വിശ്വാസം നിലനില്ക്കുകയുള്ളൂ. "നിങ്ങൾ എന്നിൽനിന്നു പഠിക്കുവിൻ; ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകുന്നു."

കാലാകാലങ്ങളിലായി സഭയ്ക്കു സംഭവിച്ച ചില തെറ്റുകൾക്കു, ഏറ്റം നിർണ്ണായകമായ ഒരു നിമിഷത്തിൽ മാർപ്പാപ്പാ, ലോകത്തോടു മുഴുവൻ മാപ്പു ചോദിച്ചു. ഇതിനുമുമ്പ് ഇങ്ങനെയൊരു ക്ഷമാപണം ആരും നടത്തിയിട്ടില്ല. 'ഇത്ര ചെറുതാകാൻ' പരിശുദ്ധ പിതാവിനെ പ്രേരിപ്പിച്ചത്, പിതാവിന്റെ, പരിശുദ്ധ ത്രിത്വത്തിലുള്ള, വിശിഷ്യ തന്റെ തിരുനാഥനിലും അവിടുത്തെ പ്രബോധനങ്ങളിലുമുള്ള വിശ്വാസമാണ്. വിശ്വാസമില്ലാത്തതുകൊണ്ടു, പലപ്പോഴും, ഒരുവൻ പാപത്തിൽ വീഴുന്നു. വിശ്വാസം വീണ്ടുകിട്ടുമ്പോൾ അനുതപിച്ച് അവൻ ദൈവത്തിലേക്കും അവിടുന്നിലുള്ള വിശ്വാസത്തിലേക്കും മടങ്ങിവരുന്നു. മറ്റുള്ളവരുടെ തെറ്റിനുവേണ്ടി ഒരാൾ ക്ഷമ ചോദിക്കുന്നതു വിശ്വാസത്തിന്റെ തികവും എളിമയുടെ പാരമ്യവുമാണ്.

തന്റെ മരണത്തിന് ഏറ്റം അടുത്ത ഒരു ദിവസം പരിശുദ്ധപിതാവു ലോകത്തോട്, തന്റെ മക്കളോട്, വിളിച്ചു പറഞ്ഞു: "എനിക്കു നിത്യവിധിയാളന്റെ മുമ്പിൽ നില്ക്കാനുള്ള നിർണ്ണായകസമയം സമാഗതമായിരിക്കുന്നു." ദൈവത്തിലും നിത്യജീവിതത്തിലും, മരണം, വിധി, മോക്ഷം, നരകം എന്നീ അപ്രമാദിത്വസത്യങ്ങളിലും ഈശോയുടെ പ്രബോധനങ്ങളിലും ധാർമ്മിക മൂല്യങ്ങളിലും സത്യത്തിലും ലോകനീതിയിലുമൊക്കെയുള്ള തന്റെ വിശ്വാസമാണ് മേല്പറഞ്ഞ പ്രഖ്യാപനം നടത്താൻ മാർപ്പാപ്പായെ പ്രേരിപ്പിച്ചത്. യഥാർത്ഥ വിശ്വാസത്തിന്റെ വിവിധമാനങ്ങൾ മനസ്സിലാക്കാനുള്ള മഹദ്യത്നമാണു നാം ഈ താളുകളിലൂടെ നടത്തുക.

വിശ്വാസത്തിന്റെ വിവിധമാനങ്ങളെക്കുറിച്ചുള്ള ആഴമേറിയ അവബോധമാണ്, തന്റെ വാർദ്ധക്യത്തിൽ, മരണം ആസന്നമാണെന്നറിഞ്ഞിരുന്നപ്പോൾപ്പോലും ഭിഷഗ്വരന്മാരുടെ വളരെ ന്യായമായ ആശങ്കകളെയും അവഗണിച്ച്, ജന്മനാട്ടിൽ, താൻ പിറന്ന വീട്ടിൽചെന്ന്, അവിടത്തെ പ്രാർത്ഥനമുറിയിൽ ഇരുന്ന്

ഒരു കൊച്ചുകുഞ്ഞിനെപ്പോലെ വിതുമ്പാനും സ്വമാതാപിതാക്കളുടെ മുറിയിൽ കയറി തലതല്ലിക്കരയാനും വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ പ്രേരിപ്പിച്ചത്. പരിശുദ്ധപിതാവിനൊപ്പം സന്നിഹിതരായിരുന്നവരെ ഈ ദൃശ്യങ്ങൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിച്ചു എന്നതു സത്യം. ആ സാഹസകൃത്യത്തിന്റെ അർത്ഥവ്യാപ്തിയൊന്നും അവർക്കു മനസ്സിലായില്ല. ന്യൂസ് റിപ്പോർട്ടേഴ്സ് അത്ഭുതപരതന്ത്രരായി ചോദിച്ചു: ഇപ്രകാരം കരയാൻ അങ്ങയെ പ്രേരിപ്പിച്ചത് എന്തു ചിന്തയാണ്?

പരിശുദ്ധ പിതാവിന്റെ മറുപടി, ആ പാവനാത്മാവിന്റെ ഇതരപ്രബോധനങ്ങൾ പോലെ തന്നെ, മാനവരാശിക്കു മുഴുവനുമുള്ളതായിരുന്നു. "സന്തോഷാധിക്യത്താലാണു ഞാൻ കരഞ്ഞത്. എന്റെ വിശ്വാസജീവിതത്തിന്റെ ഗർഭപാത്രത്തിലേക്കു ഞാൻ വീണ്ടും, എന്നാൽ അവസാനമായി, പ്രവേശിച്ചനിമിഷം സ്വർഗ്ഗീയാനന്ദമാണു ഞാൻ അനുഭവിച്ചത്. എന്റെ വിശ്വാസത്തിന്റെ ഗർഭപാത്രം എന്റെ കുടുംബമാണ്. എന്റെ മാതാപിതാക്കൾ തന്നെയാണ് എന്നെ വിശ്വാസത്തിൽ ജനിപ്പിച്ചതും."

ഓരോ കുടുംബവും ആ കുടുംബത്തിന്റെ നടുനായകത്വം വഹിക്കുന്ന മാതാപിതാക്കളും തങ്ങളുടെ മക്കളുടെ വിശ്വാസത്തിലേക്കുള്ള ജനനത്തിന്റെ പ്രഥമ മാമ്മോദീസാത്തൊട്ടിയാവണം. ഇവിടെ സംഭവിക്കുന്ന ഏതു പരാജയവും അമ്പേ പെരുംപരാജയമായിരിക്കും. മക്കളെ വിശ്വാസത്തിൽ ജനിപ്പിക്കുന്നതിനും വളർത്തുന്നതിനുമുള്ള ഉത്തരവാദിത്വം എത്ര വലുതാണെന്നു ചിന്തിക്കുക. നാം തുടർന്നു കാണുന്ന കുടുംബത്തിന്റെ സംഭവകഥ ഈ സത്യം കൂടുതൽ നമുക്കു വ്യക്തമാക്കിത്തരും. ▲

# 1

# വിശ്വാസരാഹിത്യത്തിന്റെ തിക്തഫലം

## ഞെട്ടിപ്പിക്കുന്ന സംഭവം
## (വിശ്വാസത്തകർച്ചയുടെ ഉത്തമദൃഷ്ടാന്തം)

ഇന്നിന്റെ സകലതിന്മകളുടെയും കാരണം വിശ്വാസരാഹിത്യമോ, വികലമായ വിശ്വാസമോ ആണ്. ഭൗതിക കാര്യങ്ങൾക്കും ആഡംബരത്തിനും സുഖലോലുപതയ്ക്കും അമിതഭോജനത്തിനും അശുദ്ധിക്കും മുൻതൂക്കം കൊടുക്കുന്നവർ നാമമാത്ര ക്രൈസ്തവർ മാത്രമാണ്. അവരുടെ വിശ്വാസം സമൂലം വികലമാണ്. 'അടുത്തുനില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർക്ക് അരൂപനീശ്വരനദൃശ്യനാ'യിരിക്കും. ഇന്ന് മിക്കവർക്കും, പ്രത്യേകിച്ചു യുവതലമുറയ്ക്ക്, സെക്സാണവരുടെ ദൈവം. മ്ലേച്ഛതയിൽ മുങ്ങിത്താണു കിടക്കുന്ന എത്രയോ മില്യൺ കോടികൾ! പണപ്പിശാചിനെ പൂവിട്ടു പൂജിക്കുന്നവർ മറ്റൊരുവശത്ത്. ഏറ്റം നീചമായ ക്രൂരകൃത്യമാണു ഗർഭഛിദ്രവും ബന്ധപ്പെട്ട സകലതും, ഏത് ഓമനപ്പേര് അവയ്ക്കൊക്കെ നല്കിയാലും. ഈ മഹാപാതകത്തിന്റെ ശിക്ഷ ഇളച്ചുകിട്ടാൻ മരണംവരെ കണ്ണീരോടെ, സത്യസന്ധമായ അനുതാപത്തോടെ പ്രാർത്ഥിക്കുകയും ആവുന്നത്ര പരിഹാരപ്രവൃത്തികൾ ചെയ്യുകയും, പൊറുതി കിട്ടിയാൽ, ബാക്കി ശുദ്ധീകരണസ്ഥലത്തു സഹിച്ചു പരിഹരിക്കുകയും ചെയ്യാനേ കഴിയൂ. ദൈവമേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോടു ക്ഷമിക്കണമേ! ഓരോ ദിവസവും അതിലെ

ഓരോ നിമിഷവും, 'അമ്മ'മാരെന്നു മറ്റുള്ളവർ പറയാൻ സാധ്യതയുള്ള എത്രയോ സ്ത്രീകളുടെ പരിപാവനമായിരിക്കേണ്ട ഗർഭപാത്രമാണ് ക്രൂരക്രൂരമായ കൊലക്കളമായിക്കൊണ്ടിരിക്കുന്നത്? ഒരു സ്ത്രീക്കു ദൈവം നല്കിയ ഏറ്റം വിശിഷ്ടവും മഹത്തമവുമായ സമ്മാനമായ ഗർഭപാത്രം കൊലക്കളവും ശവപ്പറമ്പുമാക്കുന്നു! ദൈവനീതിക്കും ലോകനീതിക്കും നിരക്കാത്ത അക്ഷന്തവ്യമായ അപരാധമാണ് ഭ്രൂണഹത്യ. ഈ മഹാപാതകം ചെയ്തവർ, അവർ കൊന്നിട്ടുള്ള തങ്ങളുടെ രക്തത്തിൽ പിറന്ന, ദൈവത്തിന്റെ ഛായകളും സാദൃശ്യങ്ങളുമായ, ശിശുക്കളുടെ നിസ്സഹായമായ, പരമദയനീയമായ കരച്ചിൽ ഓർത്ത് ജീവിതകാലം മുഴുവൻ തപസ്സനുഷ്ഠിക്കട്ടെ, പ്രായശ്ചിത്തം ചെയ്യട്ടെ, കണ്ണീരുണ്ടെങ്കിൽ പെരുവെള്ളം പോലെ ഒഴുക്കട്ടെ! ദൈവത്തിൽ വിശ്വാസമുള്ള ഒരു സ്ത്രീയും ഈ പൈശാചികപ്രവൃത്തി ചെയ്യുകയില്ല. ദൈവവിശ്വാസത്തിന്റെയും സഹോദരസ്നേഹത്തിന്റെയും കണികയെങ്കിലും ഹൃദയത്തിൽ അവശേഷിച്ചിട്ടുള്ളവർക്ക് എങ്ങനെ ഈ പൈശാചിക പ്രവൃത്തി ചെയ്യാനാവും?

## മഹാവിപത്തുകൾ

വിശ്വാസമില്ലാത്ത തലമുറയ്ക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മഹാവിപത്തുകൾ വ്യക്തമാക്കാൻ പച്ചപച്ചയായി നടന്ന ഒരു സംഭവം രേഖപ്പെടുത്തട്ടെ. കേരളത്തിലെ ഒരു കുടംബം. അമ്മ, അപ്പൻ, ഏകമകൾ. "തിരുക്കുടുംബം"! അപ്പനും അമ്മയ്ക്കും പണമാണു ദൈവം. ഏകമകൾക്കുവേണ്ടിയല്ലാതെ ആർക്കുവേണ്ടിയാ, അവർ സമ്പാദിക്കുന്നത്? പ്രവാസി മലയാളികളാണവർ. വിദേശത്തു സൂപ്പർമാർക്കറ്റു നടത്തിയാണു പണം കുന്നുകൂട്ടുന്നത്. സൗകര്യാർത്ഥം, പിഞ്ചുകുഞ്ഞിനെ ക്രെഷിൽ, നഴ്സറിയിൽ, പറക്കപറ്റിയപ്പോൾ നല്ല ഇംഗ്ലീഷ് മീഡിയം സ്കൂളിൽ, സംലഭ്യമായ ഏറ്റം നല്ല ജൂണിയർ കോളജിൽ, പഠിപ്പിച്ചു. ഈ കുട്ടിയെ അമ്മ സ്നേഹപൂർവ്വം കരങ്ങളിലെടുത്തു മാറോടു ചേർത്ത് ഒരു സ്നേഹചുംബനമെങ്കിലും നല്കിയിട്ടുണ്ടോ എന്നു ബലമായി സംശയിക്കണം. എവിടെ സമയം കിട്ടാൻ? സൂപ്പർ മാർക്കറ്റ് സൂപ്പർ പ്രാധാന്യമുള്ള കാര്യ

മല്ലേ? വല്ലകാലത്തും ബോർഡിംഗിലും ഹോസ്റ്റലിലും മകളെ ഒരു നോക്കു കാണാൻ ചെന്നാൽ, മേട്രണോടും വാർഡനോടും അമ്മ എരിവോടെ പറഞ്ഞിരുന്നു: 'ഒന്നു പ്രത്യേകം നോക്കിക്കോണേ!'. അത് അവരുടെ കടമയല്ലേ?

## കടന്നുകൂടി

കുട്ടി പ്ലസ് ടു ഒരു തരത്തിൽ കടന്നുകൂടി. എത്ര വേണമെങ്കിലും കൊടുത്ത് മെഡിസിനോ, എൻജിനീയറിംഗിനോ പ്രവേശനം 'വാങ്ങി'ക്കൊടുക്കാൻ സർവ്വ തയ്യാറെടുപ്പകളോടും കൂടി വിദേശമലയാളി മാതാപിതാക്കൾ എത്തി. പക്ഷേ, കുട്ടിക്ക് ഇവ രണ്ടും വേണ്ടാ. അത്രയും നല്ലത്. ഒരു നല്ല ആർട്ട്സ് ആന്റ് സയൻസ് കോളജിൽ ഡിഗ്രിക്കു ചേർത്തു. ഹോസ്റ്റലിൽ താമസിക്കുന്ന കാര്യം പറഞ്ഞപ്പോൾ, അവൾ ഒരു അഭ്യർത്ഥന നടത്തി. ഡിഗ്രിക്കു വീട്ടിൽ നിന്നു പോയി വന്നു പഠിക്കാൻ അനുവദിക്കണം. തന്റെ നല്ല ഭാവിക്ക് അതായിരിക്കും നല്ലതെന്ന് അവൾ നിർബന്ധരൂപേണ പറഞ്ഞു.

## മാതാപിതാക്കൾ വഴങ്ങുന്നു

മാതാപിതാക്കൾക്ക് കുട്ടിയുടെ ഇംഗിതത്തിനു വഴങ്ങാതെ വയ്യായെന്ന അവസ്ഥ! അപ്പോൾ പിന്നെ അടുത്തപടി. വീട്ടിൽ മകളെ സഹായിക്കാൻ ഒരു ജോലിക്കാരിയെ സംഘടിപ്പിച്ച് കുട്ടിയുടെ മേൽനോട്ടം മുഴുവൻ വേലക്കാരിയെ ഏല്പിച്ചിട്ട്, സൂപ്പർ മാർക്കറ്റ് 'ട്രാൻസ് സൂപ്പർ' മാർക്കറ്റാക്കാൻ അവർ മടങ്ങിപ്പോയി. സമ്പാദിക്കുന്നതെല്ലാം മകൾക്കായിരിക്കുമല്ലോ! ആദ്യത്തെ ഒരു ടേം കഴിയുന്നതുവരെ, വല്ലപ്പോഴുമൊക്കെ മകൾ അങ്ങോട്ടു വിളിക്കുമായിരുന്നു. അപ്പനും അമ്മയും മകളെ എന്നും ഒന്നും രണ്ടും പ്രാവശ്യം വിളിക്കുമായിരുന്നത്രേ. അതൊരു പ്ലസ് പോയിന്റുതന്നെ! പക്ഷേ, ഐ.എ.എസിനു തയ്യാറെടുപ്പുനടത്തുന്ന അലൗകീകപ്രതിഭയ്ക്ക് എവിടെ സമയം കിട്ടാൻ?

## ഫോൺവിളി നിലയ്ക്കുന്നു

ഫസ്റ്റ്ടേമിന്റെ അവധിക്കാലത്തുതന്നെ മകളുടെ ഫോൺ വിളി നിലച്ചു. മാതാപിതാക്കൾ ഇങ്ങോട്ടുവിളിക്കുമ്പോൾ

ഞരങ്ങിയും മൂളിയുമൊക്കെ മറുപടി നല്കിയിരുന്നു. മകളുടെ സംസാരത്തിൽ ആത്മാർത്ഥതയോ ഊഷ്മളതയോ ലെവലേശം ഇല്ലെന്ന് അവർക്കു മനസ്സിലായി. സാരമില്ല, എല്ലാം ശരിയാകുമെന്ന് അവർ കരുതിക്കാണും. ഒരു ദിവസം അപ്പനും അമ്മയും മാറിമാറി വിളിച്ചിട്ടും മകൾ ഫോൺ എടുക്കുന്നില്ല. വേലക്കാരി പോലും എടുക്കുന്നില്ല.

## വേലക്കാരിക്ക് താക്കീത് – മൊബൈൽ വില്ലൻ...

ഇതിനിടെ വീട്ടിലേക്കുവരുന്ന ഫോൺ ഒരിക്കലും എടുക്കരുത് എന്നു മകൾ വേലക്കാരിക്കു നിർദ്ദേശം നല്കിക്കഴിഞ്ഞിരുന്നു. ഇങ്ങനെ സാഹചര്യങ്ങൾ അങ്ങനെ; സംഭവം. സുന്ദരിയും സുമുഖയുമായിരുന്ന ആ മകളുടെ ജീവിതത്തിലേക്ക് ഒരു 'വലിയഗുണകാംക്ഷി', 'സ്നേഹിതൻ',. വൈദേശികസ്റ്റൈലിലും വഴിവിട്ട കേരളത്തിന്റെ സ്റ്റൈലിലും ഒരു ബോയ്ഫ്രണ്ട്' കടന്നുവന്നു. ഒരു ഇടനിലക്കാരനുണ്ടായിരുന്നു – മൊബൈൽ വില്ലൻ! പിന്നെ 'ചാറ്റിംഗ്' ആരംഭിച്ചു. തന്റെ നന്മമാത്രമാണ് സുഹൃത്ത് ലക്ഷ്യം വയ്ക്കുന്നതെന്നു പെൺകുട്ടിക്ക് ഉറപ്പായി. തനിക്കു കിട്ടാതിരുന്ന സ്നേഹം അനന്യമായ, അനുപമമായ, അനവദ്യസുന്ദരമായ, ഊഷ്മളമായ, ഹൃദ്യമായ സ്നേഹം സർവ്വസമ്പൂർണ്ണമായി ആ മഹാമനസ്ക്കനിൽനിന്നു തന്നിലേക്കു വഴിഞ്ഞൊഴുകിക്കൊണ്ടിരിക്കുകയാണെന്നതിൽ അവൾക്കു തെല്ലും സംശയം പോലുമില്ലായിരുന്നു. ഒരു സ്റ്റെയിജിൽ ബോയ് ഫ്രണ്ട് തുറന്നടിച്ചു, ഈ ഭൂമുഖത്ത് താൻ ആരെയെങ്കിലും തന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമായി മാറ്റാൻ ഇടവന്നാൽ അതു കഥാപുരുഷയായിരിക്കും എന്ന്. ആത്മഗതം: എന്റെ ദൈവമേ, വിശ്വവിശാലമായ, ആത്മാർത്ഥത മുറ്റിനിൽക്കുന്ന ഈ അലൗകിക പ്രേമത്തിന്റെ പ്രതലത്തിൽ പ്രണയബദ്ധയാകട്ടെ ഞാൻ!

## പുതിയൊരു ലോകത്ത്

പെൺകുട്ടി ഇപ്പോൾ, ആകെക്കൂടെ, ഒരു പുതിയ ലോകത്തിലാണെന്ന് സാഹചര്യത്തിൽ നിന്നു വ്യക്തമായല്ലോ? ഇനി പഠനമൊന്നും അവൾക്കു പ്രശ്നമല്ല. 'സർവ്വഗുണസമ്പന്നനായ' ഒരു വ്യക്തി തന്റെ 'സ്വന്ത'മാകാൻ നിമിഷങ്ങൾ ബാക്കി

നില്ക്കെ, പിന്നെ എന്തിനു പഠനമെന്ന പാഴ്‌വേല? നിഷ്കളങ്ക പ്രേമത്തിന്റെ നിറുകയിലാണവൾ. തന്റെ ജീവിതത്തിലേക്കു കട ന്നുവരുന്ന ആ 'പുരുഷോത്തമൻ', 'പഠനം പൂർത്തിയാക്കി, ഇപ്പോൾ റ്റാറ്റായുടെയും ബിർളായുടെയും അഭിമാനഭാജനമായ കൺസൾട്ടന്റ് ആണ്! ഈ വിവാഹത്തിന് അവന്റെ വീട്ടു കാർക്കും പരിപൂർണ്ണ സമ്മതം! ആ പവിത്രമായ, അഭിമാനകര മായ സ്നേഹസാഗരത്തിൽ മുങ്ങിക്കുളിച്ചുള്ള കുടുംബജീവി തത്തെക്കുറിച്ചുള്ള ചിന്തയും സങ്കല്പവും സ്വപ്നവും നമ്മുടെ പെൺകുട്ടിയെ കോൾമയിർ കൊള്ളിച്ചു. മഹതി ഇപ്പോൾ 'നില'ത്തേയല്ല.

## വിനോദയാത്ര

ഒരു ദിവസം പെൺകുട്ടിക്ക് ഏറ്റം സ്വാഗതാർഹമായ, സന്തോഷകരമായ, ആ നിർദ്ദേശം മൊബൈൽ വില്ലനിലൂടെ ത്തന്നെ വന്നു. "രണ്ടാഴ്ചത്തേക്കു നമുക്കൊരു വിനോദയാ ത്രയ്ക്കുപോകാം. നമ്മുടെ സ്നേഹം പരിപക്വവും പരിപൂർണ്ണ വുമാകുവാൻ, പരസ്പരം കുറെക്കൂടി ആഴമായി അറിയാൻ വിനോദയാത്ര തീർച്ചയായും സഹായിക്കും. കുറഞ്ഞതു രണ്ടാഴ്ചയെങ്കിലും വേണമെന്നേയുള്ളൂ. തുടർന്നു പഠിക്കുന്ന തിനു തടസ്സമില്ല. എല്ലാം ഏറ്റം നന്നായി ക്രമീകരിക്കുന്ന കാര്യം ഏറ്റു. ഇതിനേക്കാൾ മെച്ചപ്പെട്ട നിർദ്ദേശം ആർക്കുവെയ്ക്കാൻ കഴിയും? ഇതു തിരസ്ക്കരിക്കുന്നത് ആത്മഹത്യാപരമായിരി ക്കുമെന്നു പെൺകുട്ടിക്ക് ഉറപ്പായി! ഈ മാതാപിതാക്കളുടെ അനുവാദം, അനുഗ്രഹാശ്ശിസ്സുകൾ ഇവയൊക്കെ ആർക്കുവേ ണം? പഴഞ്ചൻ ആശയങ്ങൾ! പതിനെട്ടുകാരി പെൺകുട്ടി ഒരു പുരുഷനുമായി രണ്ടാഴ്ചത്തേക്ക് ഒരുകാറിൽ 'ഭാര്യാഭർത്താ ക്കന്മാരെപ്പോലെ' ഇടംവലം ഇരുന്നും വ്യാപരിച്ചും പോയാൽ എന്തായിരിക്കും ഫലം എന്നു ചിന്തിക്കാനുള്ള ആധ്യാത്മിക തയോ, അതിൽനിന്നുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ചിന്തയോ ഇവയൊക്കെ പ്രദാനം ചെയ്യാൻപോന്ന വിശ്വാസമോ വിവേകമോ പമ്പരവിഡ്ഢിയായ ആ പെൺകുട്ടിക്ക് ഇല്ലാതെ പോയി. ചിലകാര്യങ്ങളിലൊക്കെ സ്ത്രീകൾക്കു തിടുക്കംകൂടും. അടുത്തദിവസം തന്നെ യാത്രയായേക്കാം എന്നു പെൺകുട്ടി

അങ്ങോട്ടു നിർദ്ദേശിച്ചു.

## സമർപ്പണം

അവർ യാത്രയായി. ആദ്യമൊക്കെ ഇരുവരും ബഹുമാന സൂചകമായ അകലം പാലിച്ചു. പിന്നെപിന്നെ 'ഗൗരവമായ കാര്യങ്ങൾ പറയാനും കേൾക്കാനും തല അങ്ങോട്ടുമിങ്ങോട്ടും ചായാൻ തുടങ്ങി..... ചുരുക്കിപ്പറഞ്ഞാൽ, 15 ദിവസംകൊണ്ട് ആ പെൺകുട്ടിയുടെ 'സ്ത്രീത്വം' പിച്ചിച്ചീന്തപ്പെട്ടു. അവൾക്ക് അതിൽ കുണ്ഠിതമില്ല. പാപബോധമില്ല. ദൈവം എല്ലാം കാണുന്നു, അറിയുന്നു എന്ന അവബോധമില്ല. എന്തിന് ആവശ്യമില്ലാത്ത അസ്വസ്ഥതകൾ? തന്നെ ജീവിതകാലം മുഴുവൻ സ്നേഹിക്കേണ്ട, സംരക്ഷിക്കേണ്ട, തന്റെ സർവ്വസ്വവുമായിരിക്കുന്ന സ്നേഹമയിയായ വിശ്വവിഖ്യാതനായ ആത്മാർത്ഥ സുഹൃത്തുമായല്ലേ സഞ്ചരിച്ചതും അയാൾക്കു തന്നെയല്ലേ സസന്തോഷം സഹർഷം, സർവ്വാത്മനാ തന്നെത്തന്നെ 'സമർപ്പിച്ച'തും?

## നന്ദി മോളേ

ആ 'യാത്ര' അവസാനിച്ചു. അവർ സമ്മേളിച്ച സ്ഥലത്തു തന്നെ മടങ്ങിയെത്തി. തല്ക്കാലത്തേക്കു യാത്ര പറയണമല്ലോ. 'പ്രതിശ്രുതവരൻ' വാചാലനായി. "നന്ദി, മോളേ, ജീവിതത്തിലെ ഏറ്റം സന്തോഷകരമായ ദിനങ്ങൾ! രണ്ടു ദിവസത്തേക്കു നമുക്കു വിശ്രമിക്കാം. അതിനുശേഷം ഞാൻ വിളിക്കാം." എല്ലാം നഷ്ടപ്പെട്ട പതിനെട്ടുകാരി കണ്ണീരോടെ, തന്റെ സ്ത്രീത്വത്തിന്റെ സർവ്വതും നഷ്ടപ്പെട്ടതിനെക്കുറിച്ചുള്ള ചിന്ത പോലും കൊണ്ടല്ല, 'തല്ക്കാലത്തേക്കെങ്കിലും' തന്റെ പ്രാണപ്രിയനെ പിരിഞ്ഞിരിക്കണമല്ലോ എന്ന ചിന്തകൊണ്ടുമാത്രം, വലിയ വിരഹവേദനയോടെ വിട പറഞ്ഞു.

## നിമിഷം യുഗം പോലെ

രണ്ടുദിവസം കഴിഞ്ഞു. വിളിയൊന്നും വന്നില്ല. കുട്ടിയുടെ മനസ്സമാധാനം നഷ്ടപ്പെട്ടു തുടങ്ങി. ഓരോ നിമിഷവും ഒരു യുഗംപോലെ അനുഭവപ്പെടുന്നു; വിശപ്പില്ല, ശരീരം തളരുന്നു; ശയ്യയെ ആശ്രയിക്കാൻ നിർബന്ധിതയാകുന്നു. ഒരു പകലും ഒരു രാത്രിയും കൂടി കാത്തു. ഫലം നാസ്തി. ഉള്ള ഊർജ്ജം

ഊറ്റിയെടുത്ത്, കിടക്കയിൽനിന്നെഴുന്നേറ്റ്, അവൾ 'പ്രാണപ്രിയനെ' വിളിച്ചു. ഫോൺ എടുക്കാനുള്ള മഹാമനസ്ക്കത അയാൾ കാണിച്ചു. കുശലങ്ങളോ, കുണ്ഠിതമോ, പരിചയഭാവംപോലുമോ, താനെന്തെങ്കിലും തെറ്റുചെയ്തെന്നോ ഉള്ള "അനാവശ്യവും അപകടകരവുമായ കുറ്റബോധത്തിന്റെ" പ്രകാശനമോ ഒന്നും അയാളിൽ നിന്നുണ്ടായില്ല. അയാൾ, സമയം ഒട്ടും നഷ്ടപ്പെടുത്താതെ, ഇത്രയും തിരുവായ് മൊഴിഞ്ഞു: "നിന്നെ ഞാൻ രണ്ടാഴ്ചത്തേക്കു, സർവ്വചെലവുകളുംതന്ന് കൊണ്ടുപോയില്ലേ? എന്റെ ലക്ഷ്യം സാധിച്ചു. ഇനി നാം തമ്മിൽ യാതൊരു ബന്ധവുമില്ല. അതു സാധ്യവുമല്ല. കാരണം, ഞാൻ വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമാണ്!"

## ഇടി വെട്ടേറ്റതു പോലെ

കുട്ടി കുഴഞ്ഞു വീണു. റിസീവർ തെറിച്ചുപോയതിന്റെയും കുട്ടിയുടെ തല മേശവിരിപ്പിൽ ഇടിച്ചതിന്റെയും സ്വരം കേട്ടു വേലക്കാരി ഓടിവന്നു. ഒരു തരത്തിൽ കുട്ടിയെ താങ്ങിയെടുത്തു കട്ടിലിൽ കിടത്തി. നല്ല തണുത്ത വെള്ളംകൊണ്ടുവന്നു കുട്ടിയുടെ മുഖത്തു സർവ്വശക്തിയും ഉപയോഗിച്ചു തളിച്ചു. കൈകാലുകൾ സ്നേഹപൂർവ്വം തടവിക്കൊടുത്തു. കുറെ സമയം പ്രക്രിയകളെല്ലാം തുടർന്നപ്പോൾ പെൺകുട്ടി കണ്ണുതുറന്നു. എന്തുപറ്റി മോളേ? അവർ ആകാംക്ഷയോടെ ആരാഞ്ഞു. മറുപടിയൊന്നുമില്ല. അവൾ കൂടുതൽ ക്ഷീണിതയാവുകയാണ്. വേഗം പോയി ചൂടുചായ എടുത്തുകൊണ്ടുവന്നു. കുട്ടിക്കു അതു കുടിക്കാനുള്ള ആക്കമില്ല, ആഗ്രഹവുമില്ല. എന്തു ചെയ്യണമെന്നറിയാതെ ആ വേലക്കാരി കുഴങ്ങി.

## നല്ല അയൽക്കാരൻ

ആ കുടുംബത്തിന്റെ ഒരു ബന്ധുവിന്റെ ഫോൺ നമ്പർ ഫോൺ ബുക്കിൽ എഴുതി ഒട്ടിച്ചിരുന്ന കാര്യം വേലക്കാരി ഓർത്തു. അനുവാദമൊന്നും ചോദിക്കാതെ അവർ വേഗം ചെന്ന് ആ വീട്ടിലേക്കു ഫോൺ ചെയ്ത് ആരെങ്കിലും ഉടനെ വീടുവരെവരണമെന്ന് പറഞ്ഞു. കുടുംബനാഥൻ തന്നെയാണു ഫോൺ എടുത്തത്. അയാൾ കാർ സ്റ്റാർട്ടു ചെയ്ത് അതിവേഗം

സംഭവസ്ഥലത്തെത്തി. അദ്ദേഹത്തെക്കണ്ടപ്പോൾ പെൺകുട്ടിയുടെ മാനസ്സികാവസ്ഥ കൂടുതൽ വഷളായി, ഒപ്പം ശാരീരികാവസ്ഥയും.

## പെൺകുട്ടി ആശുപത്രിയിൽ

ആ നല്ല മനുഷ്യൻ വേലക്കാരിയുടെ സഹായത്തോടെ പെൺകുട്ടിയെ അടുത്തുള്ള ആശുപത്രിയിലെത്തിച്ചു. അയാൾ കാണണമെന്നു വചാരിച്ച ഡോക്ടർ ഭാഗ്യത്തിനു സ്ഥലത്തുണ്ടായിരുന്നു. ഡോക്ടർക്ക് രണ്ടു കുടുംബങ്ങളെയും അവിടങ്ങളിലെ അംഗങ്ങളെയും നല്ല പരിചയമായിരുന്നു. കുട്ടിയെ പരിശോധിച്ചു. ഡോക്ടർ രോഗവിവരങ്ങൾ കുട്ടിയോടു ചോദിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. അവൾ എന്തൊക്കെയോ പറഞ്ഞു. പക്ഷേ, അവയൊന്നും കൊണ്ട് ഡോക്ടർക്ക് രോഗവിവരങ്ങൾ കാര്യമായി ഒന്നും മനസ്സിലായില്ല. അദ്ദേഹം കുട്ടിയെ വിദഗ്ദ്ധമായി പരിശോധിച്ചു. ഒരു ഇൻജക്ഷനും ഗ്ലൂക്കോസും നിർദ്ദേശിച്ചു. കാഷ്വാലിറ്റിയിൽ ഇവ രണ്ടും കുട്ടിക്കു നല്കപ്പെട്ടു. വേലക്കാരിയെ കുട്ടിയുടെ കൂടെ ആക്കിയിട്ട് അയാൾ തന്റെ വീട്ടിലേക്കു പാഞ്ഞു.

## സമനിലതെറ്റിയിരിക്കുന്നു!

സംഭവിച്ചതത്രയും പുറപ്പെടുന്നതിനു മുമ്പ് അദ്ദേഹം തന്റെ ജീവിതപങ്കാളിയോടു പറഞ്ഞിരുന്നു. കാർ വീട്ടിലെത്തിയപ്പോൾ ഭാര്യ ആശുപത്രിയിലേക്കു വരാൻ തയ്യാറായി നില്പുണ്ടായിരുന്നു. അവർ സത്വരം ആശുപത്രിയിലെത്തി. ഡോക്ടർ വളരെ കാര്യമായി കുട്ടിയെ നിരീക്ഷിക്കുകയും ഇ.സി.ജി. എടുപ്പിക്കുകയും രക്തത്തിന്റെ വിവിധ പരിശോധനകൾ എമർജൻസിയായി നടത്തി റിസൾട്ടു കൊണ്ടുവരാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പരിശോധനയിൽ ഇ.സി.ജി.യിലും രക്തത്തിലും തകരാറുണ്ടെന്നു മനസ്സിലായി. കുട്ടിയുടെ ഏറ്റം കുറഞ്ഞ മറുപടി വാക്കുകളിൽനിന്ന് അവളുടെ സമനിലതന്നെ തെറ്റിയിരിക്കുകയാണെന്നു ഡോക്ടർക്കു മനസ്സിലായി.

## മാതാപിതാക്കൾക്ക് ഡോക്ടറുടെ കോൾ

കുട്ടിയെ കൊണ്ടുവന്നിരിക്കുന്ന ബന്ധുവിനു കുട്ടിയുമാ

യുള്ള ബന്ധം ഡോക്ടർ ചോദിച്ചു മനസ്സിലാക്കി. കുട്ടിയുടെ മാതാപിതാക്കൾ വിദേശത്താണെന്നു ഡോക്ടർക്ക് അറിയാമായിരുന്നു. അവരുടെ ഫോൺ നമ്പർ കൈവശമുണ്ടോ എന്ന് അന്വേഷിച്ചു. കുട്ടിയുടെ ബന്ധു, മൊബൈലിൽനിന്നു നമ്പർ തപ്പിയെടുത്തു, ഡോക്ടർക്കു പറഞ്ഞു കൊടുത്തു. അദ്ദേഹം തന്നെ കുട്ടിയുടെ പിതാവിനെ വിളിച്ച്, അത്യാവശ്യ വിവരങ്ങൾ പറഞ്ഞിട്ട്, എത്രയും വേഗം മാതാപിതാക്കൾ ആശുപത്രിയിലെത്താൻ നിർദ്ദേശിച്ചു.

## വിനോദയാത്രയുടെ വിശദാംശങ്ങൾ

പെൺകുട്ടി വിനോദയാത്രയ്ക്കു പശ്ചാത്തലമൊരുക്കിയത് എങ്ങനെയെന്നു വ്യക്തമാക്കിയിട്ടു ബാക്കി പറയാം. പാവം വേലക്കാരിയോടു പറഞ്ഞു: "ഞങ്ങൾക്ക് ഒരു സ്റ്റഡി ടൂറുണ്ട്. പതിനഞ്ചു ദിവസം കഴിഞ്ഞേ വരുകയുള്ളു. ഞങ്ങളെ പഠിപ്പിക്കുന്ന ഒരു സാറും രണ്ടു മിസ്സുമാരും കൂടെ വരുന്നുണ്ട്. ക്ലാസ്സിലെ എല്ലാ കുട്ടികളും ഉണ്ട്. അപ്പനോ അമ്മയോ വിളിച്ചാൽ ഫോൺ എടുക്കണം (എടുക്കരുതെന്നായിരുന്നു നേരത്തെ നല്കിയിരുന്ന നിർദ്ദേശം). ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം വിശദമായി അവരോടു പറയണം. പഠനവും മറ്റു കാര്യങ്ങളും എങ്ങനെപോകുന്നുവെന്നു ചോദിച്ചാൽ എല്ലാം ഭദ്രമാണെന്നു പറയണം. അങ്ങനെയേ പറയാവൂ." ഇതിൽക്കൂടുതൽ എങ്ങനെ ഒരു പതിനെട്ടുകാരിക്കു "സത്യസന്ധതയും സുതാര്യതയും" സ്പഷ്ടമാക്കാൻ കഴിയും?

## മാതാപിതാക്കൾ എത്തുന്നു

കഥ തുടരാം. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി 'ഉത്തരവാദിത്വമുള്ള' ആ മാതാപിതാക്കൾ എമർജൻസി ഫ്‌ളൈറ്റിൽ നാട്ടിലെത്തി. ആവുന്നത്ര വേഗതയിൽ അവർ ആശുപത്രിയിലുമെത്തി. കുട്ടിയെ കണ്ടപ്പോൾ, പൊട്ടിക്കരഞ്ഞുകൊണ്ടു, കുട്ടിയുടെ കട്ടിലിലേക്കു ആ അമ്മ കുഴഞ്ഞു വീണു. എന്തൊക്കെയായാലും ഒരു സ്ത്രീയും അമ്മയുമല്ലേ അവർ? അപ്പൻ ഒരു വിധത്തിൽ പിടിച്ചു, നിശ്ശബ്ദനായി, നിന്നു. അല്പം കഴിഞ്ഞ് വേലക്കാരിയോടു സംസാരിച്ചു ചില കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കി – സ്റ്റഡി ടൂറിനുപോയതും പറഞ്ഞ കാര്യങ്ങളു

മൊക്കെ. അദ്ദേഹം ഡോക്ടറെ കാണാൻ തെരക്കിട്ടു ചെന്ന പ്പോൾ ഡോക്ടർ ഡ്യൂട്ടി കഴിഞ്ഞു മടങ്ങിയിരുന്നു. തെല്ലും സംശയിക്കാതെ കാറിൽക്കയറി ഡോക്ടറുടെ റെസി ഡൻസിലേക്ക് അദ്ദേഹം കുതിച്ചു. ദൈവാനുഗ്രഹം! ഡോക്ടർ സ്ഥലത്തുണ്ടായിരുന്നു.

## സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ കാർഡിയോ ളജിസ്റ്റിനെ കാണിക്കാൻ നിർദ്ദേശം

ഡോക്ടർ മനസ്സിലാക്കിയിരുന്ന വിശദാംശങ്ങൾ കുട്ടി യുടെ അപ്പനെ അറിയിക്കുകയും കുട്ടിയെ എത്രയും വേഗം ഇന്ന ആശുപത്രിയിൽ കൊണ്ടുപോയി ഇന്ന ഡോക്ടറെത്തന്നെ കാണിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹം കേര ളത്തിലെ ഏറെ അറിയപ്പെടുന്ന ഒരു കാർഡിയോളജിസ്റ്റ് ആണ്. പെൺകുട്ടിയുടെ ഹാർട്ടിനു കാര്യമായ തകരാറുണ്ടെന്ന് ആദ്യം ചികിത്സിച്ച ഡോക്ടർ മനസ്സിലാക്കിയതുകൊണ്ടാണ് അപ്പനോട് കാർഡിയോളജിസ്റ്റിനെ എത്രയും വേഗം കാണാൻ നിർദ്ദേശിച്ച ത്. ആശുപത്രിയിലുള്ള എല്ലാ റിപ്പോർട്ട്സും ചികിത്സാവിധികളും വേഗം തയ്യാറാക്കി വയ്ക്കാൻ ഡോക്ടർ നിർദ്ദേശം നല്കി. വളരെ കാര്യമായ ഒരു ശുപാർശക്കത്തും അദ്ദേഹം വേഗം തയ്യാ റാക്കി കുട്ടിയുടെ അപ്പനെ ഏല്പിച്ചു.

## നല്ലവനായ കാർഡിയോളജിസ്റ്റ്

അദ്ദേഹം ആശുപത്രിയിൽ മടങ്ങിയെത്തിപ്പോൾ, ആശു പത്രി റിപ്പോർട്ടെല്ലാം റെഡി ആയിരുന്നു. ഡിസ്ചാർജു കാർഡും അവർ തയ്യാറാക്കിയിരുന്നു. ഇതിനിടെ ഭാര്യയെ വിളിച്ച് ഇന്ന ആശുപത്രിയിലേക്കു പോകാൻ വേഗം തയ്യാറാ കുക എന്നു ഭർത്താവു നിർദ്ദേശിച്ചിരുന്നു. ആ സമയംകൊണ്ട് കുട്ടിയുടെ അമ്മ തന്റെ സമനില വീണ്ടെടുത്തു. വേലക്കാരി യുമായി അവർ ഒരുക്കമെല്ലാം പൂർത്തിയാക്കി, ഭർത്താവിനെ കാത്തിരിക്കകയാണ്. ബിൽ അടച്ചിട്ട് അദ്ദേഹം അതിവേഗം കുട്ടി കിടന്നിരുന്ന മുറിയിലെത്തി. നഴ്സുമാർ വീൽചെയർ കൊണ്ടുവന്നു കുട്ടിയെ വേഗം കാറിന്റെ സമീപത്ത് എത്തിച്ചു. അവർ അടുത്ത ആശുപത്രിയിലേക്ക് അതിവേഗം യാത്രയായി.

ചുരുങ്ങിയസമയംകൊണ്ട് അവർ അവിടെയെത്തി. കുട്ടിയെ ശുശ്രൂഷിച്ച ഡോക്ടർ തന്റെ സുഹൃത്തുകൂടിയായ കാർഡിയോളജിസ്റ്റിനെ വിളിച്ചു കുട്ടിയുടെ ഗുരുതരാവസ്ഥ ധരിപ്പിക്കുകയും സ്വഭവനത്തിലായിരുന്ന നല്ലവരിൽ നല്ലവനായ കാർഡിയോളജിസ്റ്റ്, തിടുക്കത്തിൽ, ആശുപത്രിയിലെത്തി, വരാൻ പോകുന്ന രോഗിയുടെ ശീഘ്രപരിചരണത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ബന്ധപ്പെട്ടവർക്കെല്ലാം നിർദ്ദേശം നല്കിയിട്ട് കാഷ്വൽറ്റിയുടെ വാതില്ക്കൽത്തന്നെ, രോഗിയുടെ വരവും കാത്തു, നില്ക്കുന്നുണ്ടായിരുന്നു. വലിയ ആശുപത്രിയുടെ അതിപ്രഗത്ഭനായ കാർഡിയോളജിസ്റ്റ് അസാധാരണമായി കാഷ്വൽറ്റിക്കു സമീപം കാത്തുനിന്നത് അതിലെ കടന്നുപോയ ജീവനക്കാരെയെല്ലാം അത്ഭുതപ്പെടുത്തി. ആദ്യമായാണ് അവർ അദ്ദേഹത്തെ, ഏറ്റം 'അസമയമായ' സമയത്ത്, അസാധാരാണമായ സാഹചര്യത്തിൽ, അവിടെ കാണുന്നത്. കാഷ്വല്റ്റിയിലും പരിസരത്തും ഉണ്ടായിരുന്ന ബൈസ്റ്റാൻഡേഴ്സ് പോലും നിശ്ശബ്ദതയിൽ, ഈ ദൃശ്യം കണ്ടുനിന്നുപോയി.

## സാരമില്ല മോളേ

രോഗിയെത്തി. ഡോക്ടർ കുട്ടിയുടെ കയ്യിൽപ്പിടിച്ചു, "സാരമില്ല മോളേ, പേടിക്കണ്ടാ" എന്നു പറഞ്ഞു. തിരുവചനത്തിൽ അനവധി, നിരവധി, പ്രാവശ്യം ആവർത്തിക്കപ്പെടുന്ന ഒരു പ്രയോഗമാണ് "ഭയപ്പെടേണ്ടാ" എന്നത്. കാറിൽത്തന്നെയിരുത്തി കുട്ടിയെ അദ്ദേഹം പരിശോധിച്ചു, റിപ്പോർട്ട്സെല്ലാം നോക്കി. അനന്തരം രോഗിയെ തീവ്രപരിചരണ വിഭാഗത്തിലേക്ക് അയച്ചു. അതിനുശേഷം അദ്ദേഹം ആശുപത്രിയിലെ മറ്റു മൂന്നു ഡോക്ടർമാരെക്കൂടി വിളിച്ച്, അവരുമായി അത്യാവശ്യം കൺസൾട്ടേഷൻ നടത്തിയിട്ട്, അവർ നാലുപേരുംകൂടി, തീവ്രപരിചരണവിഭാഗത്തിൽചെന്ന്, എല്ലാവരും മാറിമാറി കുട്ടിയെ പരിശോധിക്കുകയും ഡ്യൂട്ടി റൂമിൽ കയറി ഉള്ള സൗകര്യത്തിൽ, വിശദമായി ഒന്നുകൂടി ചർച്ചചെയ്യുകയും രാത്രി തുടർന്നുള്ള സമയത്തും പിറ്റെ ദിവസം കാർഡിയോളജിസ്റ്റിന്റെ റൗണ്ഡ്സിനുള്ള സമയംവരെയും ആവശ്യമായിരുന്ന ചികി

ത്സാവിധികളെല്ലാം, നിർദ്ദേശിച്ചു. അദ്ദേഹം മൂന്നു സ്പെഷ്യലിസ്റ്റുകളെക്കൂടി എമർജൻസിയിൽ വിളിച്ചതിന്റെ കാരണം, കുട്ടിക്ക് അവരുടെയെല്ലാം വൈദ്യസഹായം അത്യാവശ്യമായിരുന്നു എന്നതാണ്.

## കാർഡിയോളജിസ്റ്റ് ഇന്റെൻസീവിൽ

ഇന്റൻസീവിലെ സിസ്റ്റേഴ്സിന്, എല്ലാ ഡോക്ടേഴ്സും, കുട്ടിയുടെ ഗുരുതരാവസ്ഥയെക്കുറിച്ചു വ്യക്തമാക്കിക്കൊടുക്കുകയും, വിഭാഗം മുഴുവനും കുട്ടിയുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്തു. ദിവസങ്ങളല്ലാ, ഏതാനും ആഴ്ചകൾ തന്നെ കുട്ടി ഇന്റൻസീവിലായിരുന്നു. മാസങ്ങളോളം ആശുപത്രിയിൽക്കഴിഞ്ഞു. നമ്മുടെ കാർഡിയോളജിസ്റ്റ് ഇതിനിടെ കുട്ടിയുടെ മാതാപിതാക്കൾക്ക് ഒരു നല്ല കൗൺസലിംഗ് കൊടുത്തു. നിത്യജീവിതത്തെക്കുറിച്ചും നിത്യരക്ഷയ്ക്ക് അവശ്യം ആവശ്യമായ വിശ്വാസത്തെക്കുറിച്ചും വിശ്വാസത്തിൽനിന്നുരുത്തിരിയുന്ന കൗദാശികജീവിതം അവർക്കു എത്രമാത്രം അത്യാവശ്യമാണെന്നും അദ്ദേഹം അവരെ ബോധ്യപ്പെടുത്തി. കുട്ടി പരിപൂർണ്ണ സൗഖ്യം പ്രാപിക്കാൻ നിരന്തരം പ്രാർത്ഥിക്കണമെന്നും, ആ പ്രാർത്ഥന ദൈവസന്നിധിയിലെത്തണമെങ്കിൽ, വിശുദ്ധ കുമ്പസാരമെന്ന കൂദാശവഴി ദൈവവുമായി രമ്യതപ്പെടണമെന്നും, അവർ ദ്രവ്യാഗ്രഹം വെടിഞ്ഞു കുട്ടിക്കു സ്നേഹവും പരിഗണനയും പൊറുതിയും നല്കണമെന്നും അമ്മയെങ്കിലും ഇനിയുള്ള കാലം മകളോടൊപ്പം ആയിരിക്കണമെന്നും വളരെ ശക്തമായ ഭാഷയിൽ, പ്രാർത്ഥനാപൂർവ്വം, അങ്ങേയറ്റം പരിഗണനയിൽ, അദ്ദേഹം നിർദ്ദേശിച്ചു.

## മനുഷ്യനു സ്വന്തം അവന്റെ പാപം മാത്രം

മനുഷ്യനു സ്വന്തമായി അവന്റെ പാപം മാത്രമേ ഉള്ളുവെന്നും സ്വന്തമെന്ന് അവൻ കരുതുന്നവയെല്ലാം ദൈവത്തിന്റെ ദാനങ്ങളാണെന്നും ന്യായമായ എല്ലാ ആവശ്യങ്ങളും കഴിഞ്ഞു മിച്ചമുള്ളവ ഇല്ലായ്മയിൽ കഴിയുന്നവരുമായി പങ്കുവയ്ക്കണമെന്നും വ്യക്തമായി അവരോടു പറയാൻ തികഞ്ഞ ദൈവവിശ്വാസിയായ, കൗദാശികജീവിതം പൂർണ്ണതയിൽ നയിക്കുന്ന,

ആ വിദഗ്ദ്ധഭിഷഗ്വരനു സാധിച്ചു. ആത്മാർത്ഥമായി നടത്തിയ സുദീർഘമായ ഒരു ധ്യാനത്തിൽ ലഭിക്കാവുന്ന മാനസാന്തര ത്തെക്കാൾ, തന്റെ വിശ്വാസം ജീവിക്കുന്ന, ക്രിസ്തുവിനും അവിടുത്തെ അനന്തസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന, ആ ഡോക്ടറുടെ, വിശ്വാസം, പ്രത്യാശ, സ്നേഹം (ഉപവി) ഇവ ആ മാതാപിതാക്കൾക്കുപ്രദാനം ചെയ്തു. 'നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു മറ്റു മനുഷ്യർ നിത്യനായ നിഖിലേ ശനെ മഹത്ത്വപ്പെടുത്തട്ടെ' എന്ന ദിവ്യനാഥന്റെ വചസ്സുകൾ മനോമുകുരത്തിൽ തെളിഞ്ഞു നില്ക്കട്ടെ.

## ദൈവികപുണ്യങ്ങൾ അഭ്യസിക്കുന്ന ഡോക്ടർമാർ

സംഭവത്തിൽ സാക്ഷികളായ ഡോക്ടേഴ്സിന്റെ സമീപ നങ്ങൾ ദൈവികപുണ്യങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയുമായി അഭേദ്യമായി ബന്ധപ്പെട്ടുനില്ക്കുന്നതുകൊ ണ്ടാണ് അവയിവിടെ വിവരിച്ചത്. തങ്ങളുടെ ജീവിതത്തിലെ ഏറ്റം വലിയ ട്രാജഡി സംഭവിക്കുന്നതിനുമുമ്പു, കഥയിലെ അപ്രധാനമല്ലാത്ത കഥാപാത്രങ്ങളായ മാതാപിതാക്കൾക്കോ പ്രധാനകഥാപാത്രമായ പെൺകുട്ടിക്കോ, ശരിയായ ദൈവവി ശ്വാസമുണ്ടായിരുന്നില്ല. അവരുടെ ശരണം (പ്രത്യാശ) പരാപ രനിലല്ലായിരുന്നു, പണത്തിലായിരുന്നു. ദൈവസ്നേഹമോ സഹോദരസ്നേഹമോ അവർക്കുണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ദൈവം ആ മാതാപിതാക്കളെ ഏല്പിച്ചിരുന്ന മകളെ ദൈവികപുണ്യങ്ങളിലോ, മാനുഷികപുണ്യങ്ങളിലോ വളർത്താൻ അവർ മെനക്കെട്ടില്ല. മാതാപിതാക്കൾ പണത്തെ സ്നേഹിച്ചു. മകളെ പണംകൊണ്ടുമാത്രം സ്നേഹിച്ചു. കിട്ടേ ണ്ടസമയത്തു കിട്ടേണ്ടവരിൽനിന്നു സ്നേഹം കിട്ടാതിരുന്നതു കൊണ്ട്, നല്ല വെള്ളം കിട്ടാതിരുന്നതുകൊണ്ട്, കടുംകലക്ക വെള്ളം അവൾ ആവോളം കുടിച്ചു, സ്നേഹം അഭിനയിച്ച 'പിശാചി'ന്റെ പിടിയിലമർന്നു. തന്റെ പ്രായത്തിനനുസരിച്ചു പഠി ച്ചെടുക്കേണ്ടിയിരുന്ന, ആർജ്ജിച്ചെടുക്കേണ്ടിയിരുന്ന, ദൈവവി ശ്വാസം, ദൈവഭയം, ദൈവസ്നേഹം അവൾക്കുണ്ടായിരുന്നെ ങ്കിൽ, അവൾ മാതാപിതാക്കളോടു ക്ഷമിച്ച്, അവരെ സ്നേഹിച്ച് ദൈവത്തിനും മാതാപിതാക്കൾക്കും മറ്റു മനുഷ്യർക്കും പ്രിയ

ങ്കരിയായി ജീവിക്കുമായിരുന്നു. അവളുടെ പ്രശ്നങ്ങൾ മാതാപിതാക്കളോടു തുറന്നു പറഞ്ഞ്, കൗദാശികജീവിതത്തിലും പ്രാർത്ഥനയിലും നിലനിന്നിരുന്നെങ്കിൽ, പിശാചിന്റെ പിടിയിൽ അമരാതെ, ഹൃദ്രോഗിയാകാതെ, മാനസികരോഗിയാകാതെ, പ്രമേഹരോഗിയാകാതെ, വൃക്കരോഗിയാകാതെ അവൾക്കു സസന്തോഷം ജീവിക്കാമായിരുന്നു.

## ഏറ്റം ശ്ലാഘനീയൻ കാർഡിയോളജിസ്റ്റ്

പെൺകുട്ടിയെ ചികിത്സിച്ച ആദ്യത്തെ ഡോക്ടറും സുപ്രസിദ്ധ കാർഡിയോളജിസ്റ്റും മറ്റു ഡോക്ടർമാരും ദൈവിക പുണ്യങ്ങൾക്ക് ഉത്തമമാതൃകകളാണ്. ഏറ്റം ശ്ലാഘനീയനായ വ്യക്തി കാർഡിയോളജിസ്റ്റുതന്നെ. മാതാപിതാക്കളെയും മകളെയും ഈ പുണ്യങ്ങളിലേക്കു നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. പെൺകുട്ടി ഇന്റെൻസീവിൽ കഴിഞ്ഞ ദിവസങ്ങളിലെല്ലാം അവൾക്ക് അത്യന്താപേക്ഷിതമായിരുന്ന ഗൈഡൻസും കൗൺസലിംഗും നല്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. വാർഡിൽ റൗണ്ട്സിനു ചെന്നിരുന്ന മിക്ക ദിവസങ്ങളിലും തന്നെ അദ്ദേഹം നഴ്സുമാരെ മാറ്റി നിർത്തിയിട്ട് കുട്ടിക്ക് അത്യാവശ്യമായിരുന്ന ആധ്യാത്മികവും മാനസികവുമായ സഹായങ്ങൾ ചെയ്തിരുന്നു. ആഴ്ചകൾ കഴിഞ്ഞ് ഇന്റൻസീവിൽനിന്ന് അവളെ മുറിയിലേക്കു മാറ്റാൻ ഡോക്ടർക്കു സാധിച്ചത് അദ്ദേഹം അവളെ ഏറ്റം നന്നായി ഒരുക്കി ഒരു നല്ല കുമ്പസാരം നടത്തിച്ചുകഴിഞ്ഞപ്പോഴാണ്. ദൈവമേ, നന്ദി! കർത്താവിന്റെ ഈ പ്രേഷിതനു നമോവാകം!

ഏതാനും മാസങ്ങൾക്കുമുമ്പു പ്രസ്തുത ഡോക്ടർ ഇക്കാര്യങ്ങൾ വികാരനിർഭരനായി വിവരിച്ചപ്പോൾ അദ്ദേഹത്തെ ശ്രവിച്ചവർ നിരവധിയായിരുന്നു. ഒരുത്തർക്കും പെൺകുട്ടിയുടെയോ അവളുടെ കുടുംബത്തിന്റെയോ ഐഡന്റിറ്റി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇനിയൊട്ടു കഴിയുകയുമില്ല. ഔദ്യോഗിക രഹസ്യങ്ങൾ (professional secrets) കുമ്പസാരരഹസ്യംപോലെ ബന്ധപ്പെട്ടവർ കാത്തു സൂക്ഷിക്കണം. ഇതും വിശ്വാസത്തിന്റെ ഭാഗമായിക്കാണണം. ▲

# 2

# ഉൽപത്തി

## വിശ്വാസിയായ നോഹ

രക്ഷാകരചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടമാണു നീതിമാനായ നോഹയുടെ കാലം. ആ തലമുറയിലെ കറയറ്റ മനുഷ്യനായിരുന്നു അവൻ. അവൻ ദൈവത്തിന്റെ മാർഗ്ഗത്തിൽ നടന്നു. കർത്താവിന്റെ വാക്കനുസരിച്ചു പുറപ്പെടുക, നീതിമാനായിരിക്കുക, അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുക - ഇവയെല്ലാം അർത്ഥമാക്കുന്നത് ഒന്നു തന്നെയാണ് - വിശ്വാസം. സർവ്വശക്തനും സർവ്വാതിശായിയും സർവ്വനന്മയും കരുണ്യം കാണിക്കുന്നതിൽ വ്യഗ്രചിത്തനും ദയാനിധിയുമായ ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുക, നേർവഴിക്കു ചിന്തിക്കുന്നവർക്കൊക്കെ സ്വാഭാവികം മാത്രം. അവർക്കു വിശ്വാസികളാകാതിരിക്കാൻ വയ്യ. നാം ഒരിക്കലും കണ്ടിട്ടില്ലാത്ത, എന്നാൽ അനുഭവിക്കാനാവുന്ന നമ്മുടെ കണ്ണുകൾ, മുഖം, തല, ചെവികൾ, നാസാരന്ധ്രങ്ങൾ, ഹാർട്ട്. ലങ്സ്, ചെറുകുടൽ, വൻകുടൽ, വൃക്കകൾ, കരൾ, ഡയഫ്രം, അന്നനാളം, ഇവയെയൊക്കെ കണ്ടെങ്കിലേ വിശ്വസിക്കൂ എന്നു ശഠിക്കുന്നതു വിഡ്ഢിത്തമായിരിക്കില്ലേ?

ദൈവം നോഹയോടു കല്പിച്ചു: ഗോഫെർ മരം കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുക.... നീ പെട്ടകത്തിൽ കയറണം, നിന്റെ കൂടെ നിന്റെ ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും.... ദൈവം

കല്പിച്ചതുപോലെ നോഹ പ്രവർത്തിച്ചു (ഉൽപ. 6:14-22). അതാണ് യഥാർത്ഥ വിശ്വാസം. ഏഴാം അധ്യായത്തിന്റെ അഞ്ചാം വാക്യത്തിൽ നാം വായിക്കുന്നു: "കർത്താവു കല്പിച്ചതെല്ലാം നോഹ ചെയ്തു". വീണ്ടും എട്ടാം വാക്യത്തിൽ നാം കാണുന്നു: "ദൈവം കല്പിച്ചതുപോലെ" എന്ന്. പതിനാറാം വാക്യത്തിൽ, "ദൈവം കല്പിച്ചിരുന്നതുപോലെ" എന്നാണെഴുതിയിരിക്കുന്നത്. ദൈവത്തെ അനുസരിച്ചതുകൊണ്ട് അവിടുന്നു നോഹയെ അനുഗ്രഹിച്ചു. നോഹയുടെ വംശത്തെയും ദൈവം അനുഗ്രഹിച്ചു. മാത്രമല്ല, നോഹയോടും അവന്റെ സന്തതികളോടും അവിടുന്ന് ഒരു ഉടമ്പടിയും ചെയ്തു. "ഭൂമിയെ നശിപ്പിക്കാൻ ഇനിയൊരു വെള്ളപ്പൊക്കം ഉണ്ടാവില്ല. വിശ്വസിക്കുന്നവരുമായാണു ദൈവം ഉടമ്പടി നടത്തുക (ഉൽപ. 9:11). ഉടമ്പടി ലംഘനവും വിശ്വാസത്യാഗവും മാരകപാപങ്ങളാണ്. ഉടമ്പടി ലംഘിക്കുന്നവനു സ്വർഗ്ഗം ലഭിക്കുകയില്ല.

## അബ്രാഹം

വിശ്വാസത്തിന്റെ ദൈവശാസ്ത്രത്തിൽ 'അങ്ങേയറ്റം നിർണ്ണായകമായൊരു' വ്യക്തിത്വമാണ് 'വിശ്വാസികളുടെ പിതാവായ അബ്രാഹം. നോഹയുടെ പുത്രൻ ഷേമിന്റെ വംശത്തിൽപ്പെട്ടവനാണ് അവൻ. ഒരു ആധ്യാത്മിക ജനതയ്ക്കു രൂപം കൊടുക്കാൻ കർത്താവായ ദൈവം തെരഞ്ഞെടുത്തത് അദ്ദേഹത്തെയാണ്. പിൻതലമുറയുടെ ഹൃദയങ്ങളിൽ വിശ്വാസം നട്ടുവളർത്താനാവശ്യമായിരുന്ന വിത്തു പാകാനുള്ള 'വയലാ'യിരുന്നു അബ്രാഹത്തിന്റെ ഹൃദയം. അദ്ദേഹം ദൈവത്തിന്റെ ഇഷ്ടപുത്രനും ഒരു വലിയ ആധ്യാത്മിക നേതാവുമായി.

## വിശ്വാസം ദൈവദാനം

വിശ്വാസം ദൈവത്തിന്റെ വലിയ ദാനമാണ്. "എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ഒരുവനും എന്റെ അടുക്കൽ വരാനാവില്ല." അവന്റെ അന്നത്തെ ഭൗമികബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് (മാതാപിതാക്കളെപ്പോലും) താൻ കാണി

ച്ചുകൊടുക്കുന്ന ഒരു പുതിയ പ്രദേശത്തേക്കുപോകാനുള്ള ക്ഷണം പിതാവായ ദൈവം അബ്രാഹത്തിനു നല്കുന്നു. “നിന്റെ ദേശത്തെയും ബന്ധുജനങ്ങളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേരു ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരു അനുഗ്രഹമായിരിക്കും... നിന്നിലൂടെ ഭൂമുഖത്തെ ജനതകളെല്ലാം അനുഗൃഹീതമാകും. കർത്താവു കല്പിച്ചതനുസരിച്ച് അബ്രാഹം പുറപ്പെട്ടു” (ഉൽപ. 12:1–5).

## വിശ്വാസം = ദൈവഹിതം നിറവേറ്റുക

കർത്താവിന്റെ കല്പന അനുസരിക്കുക, അനുസരിച്ചു ‘പുറപ്പെടുക’ വിശ്വാസത്തിന്റെ അതിവിശിഷ്ടമായ ഒരു മാനമാണ്. ഇവിടെ ‘സംശയിക്കാതിരിക്കുക’ അത്യന്താപേക്ഷിതവും. കർത്താവു പറഞ്ഞാൽ, ‘ഇതാ, ഞാൻ’ എന്നു പറഞ്ഞു സത്വരം പ്രവർത്തിക്കണം. അബ്രാഹം ദൈവത്തിന്റെ കല്പനയ്ക്ക് yes പറഞ്ഞുകൊണ്ടു ‘പുറപ്പെട്ടു’. കാനാനിലെത്തിയ അവനു ദൈവം പ്രത്യക്ഷപ്പെട്ടു പറയുന്നു: “ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും. തനിക്കു പ്രത്യക്ഷപ്പെട്ട കർത്താവിന് അബ്രാഹം ഒരു ബലിപീഠം പണിതു.... കർത്താവിന്റെ നാമം വിളിച്ചു” (ഉൽപ. 12:5–8). (വിശ്വാസത്തിന്റെ പ്രകാശനം)

ദൈവത്തെ തന്റെ സ്രഷ്ടാവും പരിപാലകനുമായി സ്വീകരിച്ചിരിക്കുന്ന വ്യക്തി വിശ്വാസിയാണ്. വിശ്വാസിയ്ക്കു ദൈവത്തോടുണ്ടാകുന്ന അനന്യഭാവമാണ് ആരാധന. അബ്രാഹം മൂന്നു ബലിപീഠങ്ങൾ പണിതു. രണ്ടാമത്തെ അൾത്താരയിൽ അവൻ “കർത്താവിന്റെ നാമം വിളിച്ചു” (12:8) - വിശ്വാസം. അവൻ ദൈവഹിതം അനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ, ഒരിക്കൽ ദൈവം അവനു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: നീ തലയുയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക. നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്താനപരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും. ഭൂമിയിലെ പൂഴിപോലെ നിന്റെ സന്തതികളെ ഞാൻ വർദ്ധിപ്പി

ക്കും. പൂഴി ആർക്കെങ്കിലും എണ്ണിത്തീർക്കാമെങ്കിൽ നിന്റെ സന്തതികളെയും എണ്ണാനാവും (ഉൽപ. 13:14–16).

## യഥാർത്ഥ ദൈവവിശ്വാസത്തിന്റെ അടയാളം

യഥാർത്ഥ ദൈവവിശ്വാസമുള്ള ഒരുവൻ അത്യാവശ്യത്തിലിരിക്കുന്ന തന്റെ സഹോദരന്റെ സഹായത്തിനെത്താൻ തിടുക്കം കാട്ടും. ഈ സത്യമാണ് അബ്രാഹം ലോത്തിനെ അവന്റെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്ന സംഭവം സ്പഷ്ടമാക്കുക (ഉൽപ. 14:1–16). അവന്റെ വിശ്വാസം നന്നായി മനസ്സിലാക്കിയിരുന്ന, അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും സാലെം രാജാവുമായ മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും (പരിശുദ്ധ കുർബാനയുടെ സാദൃശ്യം) കൊണ്ടുവന്ന് (ബലിയർപ്പിച്ച്) അവനെ അനുഗ്രഹിക്കുന്ന രംഗം ഉൽപത്തിയിലെ ഹൃദയസ്പൃക്കായ ഒന്നാണ്. "ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ അത്യുന്നത ദൈവത്തിന്റെ കൃപാകടാക്ഷം നിന്റെ മേലുണ്ടാകട്ടെ. ശത്രുക്കളെ നിന്റെ കയ്യിലേല്പിച്ച അത്യുന്നത ദൈവം അനുഗൃഹീതൻ. വിശ്വാസിക്കു ദൈവാനുഗ്രഹം സുനിശ്ചിതമാണ്. വിശ്വസിക്കുന്നവനേ അനുഗ്രഹം കിട്ടുകയുമുള്ളു.

ദൈവമഹത്ത്വത്തിനും പുരോഹിതനു പ്രത്യുപകാരവുമായി അബ്രാഹം എല്ലാറ്റിന്റെയും ദശാംശം മെൽക്കിസെദേക്കിനു നല്കി.

## വിശ്വാസം നീതികരണത്തിന് അനുപേക്ഷണീയം

അബ്രാഹത്തിനു ദൈവം വീണ്ടും പ്രത്യക്ഷപ്പെടുന്നു. അവിടുന്ന് അവനോട് അരുളിച്ചെയ്യുന്നു: "ഭയപ്പെടേണ്ടാ. ഞാൻ നിനക്കു പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും" (ഉൽപ. 15:1). തനിക്കു സന്താനമില്ലാത്ത നിസ്സഹായാവസ്ഥയെക്കുറിച്ചു പരാതിപ്പെട്ടപ്പോൾ അവിടുന്ന് അവനോടു പറയുന്നു: നിന്റെ അവകാശി നിന്റെ മകൻ തന്നെയായിരിക്കും. അവിടുന്ന് അവനെ പുറത്തേക്കു കൊണ്ടുവന്നിട്ടുപറയുന്നു: ആകാശത്തേക്കു നോക്കൂ, ആ കാണുന്ന നക്ഷത്രങ്ങളുടെ എണ്ണമെടുക്കാൻ കഴിയുമോ? നിന്റെ സന്താനപരമ്പരയും അതു

പോലെയായിരിക്കും" (15:2-5). തുടർന്ന് ഉൽപത്തി ഗ്രന്ഥകാരൻ സുസ്പഷ്ടമായി പറയുന്നു: "അവൻ കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവനു നീതീകരണമായി കണക്കാക്കി" (15:6). ഒരുവൻ ദൈവപുത്രനും സ്വർഗ്ഗത്തിന് അവകാശിയുമാകുന്ന പ്രക്രിയയാണു നീതീകരണം.

## കുറ്റമറ്റവനായി വർത്തിക്കുക

വിശ്വാസിയായ അബ്രാഹമിനു വീണ്ടും പ്രത്യക്ഷപ്പെട്ട് ദൈവം അവനോട് അരുളിച്ചെയ്യുന്നു: "സർവ്വശക്തനായ ദൈവമാണു ഞാൻ; എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായി വർത്തിക്കുക" (17:1). പാപവും പാപസാഹചര്യങ്ങളും പരിവർജ്ജിച്ച്, ഒരുവൻ തന്നെത്തന്നെ പൂർണ്ണമായും പരാപരനു സമർപ്പിക്കുന്നതാണു വിശ്വാസം; വിശ്വാസത്തിന്റെ അന്തഃസത്തയും അതാണ്. ദൈവതിരുമനസ്സനുസരിച്ചു ജീവിച്ച, പ്രവർത്തിച്ച, അബ്രാഹം, അനവധി ജനതകൾക്കു (വിശ്വാസത്തിൽ, വിശ്വാസകാര്യങ്ങളിൽ) പിതാവായി. അവനിൽനിന്നു ജനതകൾ പുറപ്പെടും. രാജാക്കന്മാരും അവനിൽനിന്ന് ഉത്ഭവിക്കും (സാവൂൾ, ദാവീദ്, സോളമൻ, ജറോബോവാം, യഹോഷാഫാത്ത്, ഹെസെക്കിയാ, ജോസിയാ.... . രാജാധിരാജൻ, കർത്താധികർത്തൻ, സത്തയിൽ പിതാവിനോടും പരിശുദ്ധാത്മാവിനോടും സമൻ, പാപമൊഴികെ മറ്റെല്ലാറ്റിലും നമ്മിലൊരുവനുമായ മിശിഹാ ശരീരസത്തയിൽ "അബ്രാഹത്തിന്റെ സന്തതി"യാണ്.

## ഉടമ്പടി

ദൈവം, അബ്രാഹവുമായും അവന്റെ സന്തതികളുമായും, തലമുറ തലമുറയായി, എന്നേക്കും തന്റെ ഉടമ്പടി സ്ഥാപിച്ചിരിക്കുന്നു. അവിടുന്ന് എന്നേക്കും അബ്രാഹത്തിനും അവന്റെ സന്തതികൾക്കും ദൈവവുമാണ് (17:2-7). ഈ ഉടമ്പടി അരക്കിട്ടുറപ്പിക്കാനാണ് അവിടുന്ന് അബ്രാഹത്തിനും സന്തതികൾക്കും പരിച്ഛേദനം വ്യവസ്ഥയാക്കിയത്. എട്ടു ദിവസം പ്രായമായ ആൺകുട്ടികളെ പരിച്ഛേദനം ചെയ്യണമെന്നു കർത്താവു നിർദ്ദേശിക്കുന്നു. അതു ദൈവവും അവരുമായുള്ള ഉടമ്പടിയുടെ

അവരുടെ ശരീരത്തിലെ അടയാളമായിരിക്കും. "അങ്ങനെ എന്റെ ഉടമ്പടി നിന്റെ മാംസത്തിൽ ശാശ്വതമായ ഒരുടമ്പടി യായി നിലനില്ക്കും (17:9-14).

## വിശ്വാസത്തിലെ അവിശ്വസനീയത

നൂറു കടന്ന അബ്രാഹത്തിനു തൊണ്ണൂറെത്തിയ സാറാ യിൽ (നിരവധി ജനതകളുടെ മാതാവ്) അവരുടെ രക്തത്തിൽനി ന്നുള്ള രക്തവും മാംസത്തിന്റെ മാംസവുമായി, ഒരു പുത്രൻ ജനിക്കുമെന്നു വിശ്വസിക്കാൻ ഇരുവർക്കും എളുപ്പമയിരുന്നില്ല. അസാധ്യമായ ഒരു കാര്യമെന്നു സകലരും വിധിയെഴുതാൻ സാധ്യതയുള്ള കാര്യമാണ് അവർക്കു വിശ്വസിക്കേണ്ടിയിരു ന്നത്. അവരുടെ വിശ്വാസം സുദൃഢമാക്കാൻ മാമ്രേയുടെ ഓക്കു മരത്തോപ്പിനു സമീപം കർത്താവ് അബ്രാഹത്തിനു വീണ്ടും പ്രത്യക്ഷനായി. തന്റെ ത്രിത്വത്തിലാണു (മൂന്നാളുകൾ തനി ക്കെതിരേ നില്ക്കുന്നത് അബ്രാഹം കാണുന്നു) ദൈവം അബ്രാ ഹത്തിനു പ്രത്യക്ഷനായത്. അവൻ വിളമ്പിയ ഭക്ഷണം കഴി ച്ചശേഷം കർത്താവ് അബ്രാഹത്തിനു വെളിപ്പെടുത്തി, "വസ ന്തത്തിൽ ഞാൻ (ത്രിയേകദൈവം) തീർച്ചയായും തിരിയെവ രും. അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു പുത്രനുണ്ടായിരി ക്കും. സാറായുടെ ന്യായമായ സംശയം തീർക്കുമാറ് അബ്രാ ഹത്തോട് ഒരു ചോദ്യവും, "കർത്താവിനു കഴിയാത്തത് എന്തെ ങ്കിലുമുണ്ടോ? (18:1-15).

## അബ്രാഹത്തിന് അഗ്നിപരീക്ഷ (വിശ്വാസം പരീക്ഷിക്കപ്പെടും)

ഒരിക്കൽ ദൈവം അബ്രാഹത്തോടു കല്പിച്ചു: "നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടി ക്കൊണ്ടു മോറിയാ ദേശത്തേക്കു പോകുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്കൊരു ദഹ നബലിയായി അർപ്പിക്കണം" (22:1-2). തികച്ചും അപ്രതീക്ഷി തവും അഗ്രാഹ്യവുമായ ഈ ശാസനം അബ്രാഹത്തിന് ഇടി വെട്ടേല്ക്കുന്നതുപോലെയായിരുന്നു. മുൻകാല സംഭവങ്ങൾ ഒന്നൊന്നായി അവന്റെ ഓർമ്മയിലേക്ക് ഓടിവരുന്നു. ഈ മക

നിലൂടെയല്ലേ ദൈവത്തിന്റെ വാഗ്ദാനം - തന്റെ സന്തതികൾ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും ഭൂമിയിലെ മണൽത്തരിപോലെയും വർദ്ധിച്ചു പെരുകും എന്നത് നിറവേറേണ്ടത്? ദാഹിച്ചുമോഹിച്ചു തനിക്കുകിട്ടിയ ഓമനമകൻ! അബ്രാഹത്തിന്റെ മനസ്സിൽ പറഞ്ഞറിയിക്കാനാവാത്ത സംഘട്ടനമാണു നടക്കുക.

## വിശ്വാസം അന്ധമാണ്

പക്ഷേ, ഒരു ശക്തിക്കും ദൈവത്തിന്റെ കല്പന ശിരസ്സാവഹിക്കുന്നതിൽനിന്ന് അബ്രഹാമിനെ പിന്തിരിപ്പിക്കാനാവുന്നില്ല. ഒരുവിധത്തിൽ നോക്കുമ്പോൾ, വിശ്വാസം അന്ധമാണ്. ഇരുട്ടിലേക്കുള്ള ഒരു ചാട്ടമാണത്; അനിശ്ചിതത്വത്തിലേക്കുള്ള ഒരു ഒഴുക്കാണത്. "അബ്രാഹം അതിരാവിലെ എഴുന്നേറ്റു കഴുതയ്ക്കു ജീനിയിട്ട് രണ്ടു വേലക്കാരെയും മകൻ ഇസഹാക്കിനെയും കൂട്ടി, ബലിക്കുവേണ്ട വിറകും കീറിയെടുത്ത്, ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു. (ഇതാ, ഞാൻ, കർത്താവിന്റെ ദാസൻ; അവിടുത്തെ തിരുവിഷ്ടം എന്നിൽ നിറവേറട്ടെ!). വിശ്വാസത്തിന്റെ അത്യുദാത്തമായ ആവിഷ്കരണമാണ് ഇവിടെ നാം കാണുക. ദൈവം പറയുന്നതു ഭക്തൻ കണ്ണുമടച്ച് അനുസരിക്കുന്നു. അനുസരണം അവനു ദൈവാനുഗ്രഹമാകുന്നു. ഇതുപോലെതന്നെയായിരുന്നു ദൈവകല്പനയ്ക്കുള്ള നോഹയുടെയും പ്രതികരണവും. തന്മൂലം അവൻ കർത്താവിന്റെ പ്രീതിക്കു പാത്രമായി (ഉൽപ. 6:8). കാരണം, "ദൈവം കല്പിച്ചതുപോലെ തന്നെ നോഹ പ്രവർത്തിച്ചു" (ഉൽപ. 6:22). ഇതാണ് യഥാർത്ഥ വിശ്വാസം. അതിരുകളില്ലാത്ത വിശ്വാസം.

നോഹയെ അന്നത്തെ ജനത വിഡ്ഢിയെന്നും അദ്ദേഹത്തിന്റെ പ്രവർത്തനത്തെ പമ്പരവിഡ്ഢിത്തമെന്നും വിളിച്ചുപറഞ്ഞുകാണും. പക്ഷേ, വിശ്വാസം മൂലം അവൻ നീതീകരിക്കപ്പെട്ടവനായി, അന്നു ജീവിച്ചിരുന്ന കൊടും പാപികളിൽ നിന്നെല്ലാം വ്യത്യസ്തനായി, ദൈവവുമായി ആത്മബന്ധം പുലർത്തി, അവിടുത്തേക്കുവേണ്ടി മാത്രം ജീവിച്ച്, സുരക്ഷിതനായി, രക്ഷ

യുടെ പേടകത്തിൽക്കഴിഞ്ഞു. അങ്ങനെ, നോഹയും മാനവികതയുടെ മുഴുവൻ, പിതാവായി. വിശ്വാസം ഒരുവന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തി നല്കും. ഓർക്കുക, കർത്താവിന്റെ തിരുമൊഴികൾ: "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ, കയ്യിലെടുക്കും. മാരകമായ എന്തു കടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ. 16:17-18).

## കാൽവരികയറ്റം

അബ്രാഹം മകനോടൊപ്പം സഞ്ചരിച്ച്, മൂന്നാം ദിവസം, തലയുയർത്തി നോക്കിയപ്പോൾ ദൈവം, നിർദ്ദേശിച്ച മല അകലെ കാണുന്നു. അവൻ വേലക്കാരോടു പറയുന്നു: കഴുതയുമായി നിങ്ങൾ ഇവിടെ നില്ക്കുക. ഞാനും മകനും അവിടെപ്പോയി ദൈവത്തെ ആരാധിച്ചു മടങ്ങിവരാം. അബ്രാഹം ദഹനബലിക്കുള്ള വിറകെടുത്തു മകൻ ഇസഹാക്കിന്റെ ചുമലിൽ വച്ചു. കത്തിയും തീയും അവൻ തന്നെയെടുത്തു. അവർ ഒരുമിച്ചു മുമ്പോട്ടു നടക്കുകയാണ്. (അപ്പന്റെ അദൃശ്യസാന്നിദ്ധ്യത്തിലും അമ്മയുടെയും പ്രിയശിഷ്യന്റെയും ദൃശ്യസാമീപ്യത്തിലും കുരിശുംപേറി കാൽവരി കയറുന്ന ലോകരക്ഷകനായ നമ്മുടെ കർത്താവിന്റെ പ്രതീകം!)

## ബലിമൃഗമെവിടെ?

ആ സ്നേഹ പിതാവിന്റെ മനസ്സിൽ സമ്മർദ്ദം വർദ്ധിക്കുന്നു, ദുഃഖം തളം കെട്ടുന്നു. വികാരപരതന്ത്രതയിൽ, അബ്രാഹത്തിന്റെ വേഗത, ക്രമാതീതമായി, വർദ്ധിക്കുന്നു. പുറകിലായ ഇസഹാക്ക് അപ്പനോട് ഉറക്കെ വിളിച്ചു ചോദിക്കേണ്ടിവന്നു: (അവർണ്ണനീയമായ ദുഃഖത്തിന്റെ നടുക്കയത്തിൽ നട്ടം തിരിയുന്ന ആ വത്സലതാതൻ, ആ അവസ്ഥയിലും മകന്റെ വിളി കേൾക്കുന്നു) അപ്പാ, തീയും വിറകുമുണ്ടല്ലോ! എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ? (അബ്രാഹത്തിന്റെ പിതൃഹൃ

ദയത്തെ പ്രസ്തുത ചോദ്യം കുത്തിത്തുളയ്ക്കുന്നു. ഈശോയുടെ തിരുഹൃദയം കുത്തിത്തുറക്കപ്പെട്ടപ്പോളുണ്ടായ അതികഠിനമായ വേദനയുടെ ഒരു പ്രാഗ്രൂപം). എങ്കിലും ആ സ്നേഹതാതൻ, വിശ്വാസത്തിന്റെ പിൻബലത്താൽ, അവശേഷിച്ചിട്ടുള്ള ശക്തി ഉപയോഗിച്ച്, ഇസഹാക്കിനു മറുപടി നല്കുന്നു: “ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തന്നെ തരും.” (മകനേ, നീ തന്നെയാണു ബലിയാടെന്നു പറയാൻ ആവശ്യമായിരുന്ന ആത്മധൈര്യം ആ സ്നേഹതാതനില്ല, തീർച്ച). തുടർന്ന്, അവരൊന്നിച്ചു മുമ്പോട്ടുപോകുന്നു.

## ബലിമൃഗത്തെ ദൈവം നല്കുന്നു

ദൈവം നിർദ്ദേശിച്ച സ്ഥലത്തെത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു. (ഒരുവന്റെ ആഴമേറിയ ദൈവവിശ്വാസം അവനെ ബലിയർപ്പണത്തിലേക്കും ആരാധനയിലേയ്ക്കും അവശ്യം നയിക്കും. തിരുവചനത്തിൽ നാം കാണുന്ന ‘ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുക’ എന്ന ദൈവകല്പനയും ‘ആരാധിക്കുക’, ‘സ്തുതിക്കുക’, ‘മഹത്ത്വപ്പെടുത്തുക’, ‘പുകഴ്ത്തുക’, ‘വാഴ്ത്തുക’, ‘കീർത്തിക്കുക’, ‘പ്രകീർത്തിക്കുക’, ‘സ്തുതിച്ചു മഹത്ത്വപ്പെടുത്തുക’, ‘കീർത്തനഗീതികൾ ആലപിക്കുക’, ‘സ്തുതിഗീതങ്ങൾ പാടുക’, ‘സർവ്വാധിപനെ വണങ്ങുക’, ‘നമിച്ചു പുകഴ്ത്തുക’, ‘കർത്താവിനു പുകൾപാടുക’, ‘പരിപാവനനേ കൃപയേകണമേ’ എന്നു പ്രാർത്ഥിക്കുക, ‘തിരുനാമം വാഴ്ത്തുക’, ‘സ്തുതി പാടുക’, ‘തലമുറകളോടു തവകർമ്മങ്ങൾ വിവരിക്കുക’, ‘കർത്താവിന്റെ കീർത്തി വർണ്ണിക്കുക’, ‘കർത്താവു വർഷിക്കുന്ന നന്മകൾ ഉദ്ഘോഷിക്കുക’, ‘കർത്താവിന്റെ നീതി പ്രകീർത്തിക്കുക’, ‘വിശുദ്ധന്മാർ നിതരാം കർത്താവിനെ വണങ്ങുന്നു’, ‘കർത്താവിന്റെ കരവല്ലഭം ഏറ്റുപറഞ്ഞു നമിക്കുക’, ‘കണ്ണുകളെല്ലാം കർത്താവിനെ തേടുക’, ‘കർത്താവിന്റെ സ്തുതികൾ വിവരിക്കുക’, ‘കർത്താവിനു സ്തോത്രം ചെയ്യുക’ ഇങ്ങനെ ഒരായിരം രൂപങ്ങൾ, കർത്താവിലുള്ള കറ തീർന്ന വിശ്വാസം ഏറ്റുപറയാൻ, വേദപുസ്തകപണ്ഡിതരും ദൈവശാസ്ത്രജ്ഞന്മാരും, ഉപയോഗിക്കുന്ന പ്രത്യേക പ്രയോഗങ്ങളാണ്.

ദൈവം പറഞ്ഞ സ്ഥലത്ത് അബ്രാഹം പണികഴിച്ച ബലി പീഠത്തിൽ ഇസഹാക്കു ചുമന്നുകൊണ്ടുവന്ന വിറകുകഷണങ്ങൾ അവൻ അടുക്കിവച്ചു. ഇസഹാക്കിനെ അവൻ ബന്ധിച്ചു വിറകിനു മീതേ കിടത്തി. ഇതിനെക്കാൾ വലിയ വിശ്വാസം, ആർക്ക്, എവിടെ കാണാൻ കഴിയും! ബാലനെങ്കിലും ഇസഹാക്കും ദൈവത്തിന്റെ തിരുഹിതത്തിനു പൂർണ്ണമായും വിധേയനാകുന്നു. അത്ര അഗാധമായ വിശ്വാസമുള്ള ഒരു പിതാവിന്റെ മകനും ആഴമേറിയ വിശ്വാസത്തിന്റെ ഉടമയാകണമല്ലോ. നല്ല വൃക്ഷം നല്ല ഫലം കായിക്കുന്നു.

## ദൈവഭക്തി വിശ്വാസത്തിന്റെ അടയാളം

വിശ്വാസത്തിന്റെ പിതാവും വിശ്വാസികളുടെ പിതാവുമായ അബ്രാഹം കൊണ്ടുവന്ന മൂർച്ചയേറിയ കത്തി കയ്യിലെടുക്കുന്നു. തൽക്ഷണം കർത്താവിന്റെ ദൂതൻ ആകാശത്തുനിന്ന് 'അബ്രാഹം, അബ്രാഹം' എന്നു വിളിക്കുന്നു. 'ഇതാ ഞാൻ', അബ്രാഹം വിളികേൾക്കുന്നു. ദൂതൻ മുന്നറിയിപ്പു നല്കുന്നു: കുട്ടിയുടെമേൽ കൈവയ്ക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടികാണിച്ചില്ല. ഒരു യഥാർത്ഥ ദൈവവിശ്വാസിയുടെ മനോഭാവം എന്തെന്നു ദൈവം തന്നെ നമുക്കു വെളിപ്പെടുത്തിത്തരുകയാണ്. 'കർത്താവിന്റെ ദൂതൻ' എന്ന പ്രയോഗം ദൈവത്തിന്റെ സന്ദേശവാഹകനെ മാത്രമല്ല, ദൈവത്തെയും സൂചിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ ദൂതൻ = ദൈവം എന്നായിരിക്കണം പഴയനിയമ പശ്ചാത്തലത്തിൽ നാം മനസ്സിലാക്കുക. സത്യവിശ്വാസിയുടെ ജീവിതത്തിൽ ദൈവം നിരന്തരം ഇടപെട്ടുകൊണ്ടിരിക്കും. ഇതു കാണാൻ വിശ്വാസത്തിന്റെ കണ്ണുകൾ നമുക്കു വേണം. ദൈവഭക്തി വിശ്വാസത്തിന്റെ അടയാളമാണ്.

## വിശ്വാസം = സത്യദൈവത്തിലുള്ള ആശ്രയം

വിശ്വാസമുള്ള കണ്ണുകൾ കാണുന്നതും, പിശാചിന്റെ പിണിയാളായി, പാപത്തിൽ, വിശ്വാസരാഹിത്യത്തിൽ ആയിരിക്കുന്ന, ഒരുവന്റെ കണ്ണുകൾ കാണുന്നതും തമ്മിൽ അജഗ

ജാന്തരമുണ്ട്. വിശ്വാസികളെല്ലാവരും ഇതു മനസ്സിലാക്കിയിരിക്കണം. സത്യവിശ്വാസത്തിൽനിന്നു പാടേ വ്യതിചലിച്ചുപോയിരിക്കുന്ന കോടാനുകോടി ആളുകൾ ഇന്നു കേരളത്തിലും ലോകമെമ്പാടും ഉണ്ട്. ബൈബിളിന്റെ വളച്ചൊടിച്ച, മൂലകൃതിയുമായി പുലബന്ധം പോലുമില്ലാത്ത, വ്യാഖ്യാനങ്ങളുമായി, സൗജന്യമായിക്കിട്ടുന്ന വെള്ളവസ്ത്രങ്ങൾ ധരിച്ചു, വീടുവീടാന്തരം, നടന്നു, സത്യവിശ്വാസത്തിലുള്ളവരെ തന്ത്രപൂർവ്വം വഴിതെറ്റിക്കുന്നവർ, അതൊക്കെ റിപ്പോർട്ടു ചെയ്തു സ്വന്തം കീശവീർപ്പിച്ചു 'മാന്യന്മാ'രായി നടക്കുന്നവർ, 'മേലേമാനത്തി'രിക്കുന്നവർ, നരകത്തിന്റെ വിരുന്ന് (മറിച്ചാണു പറഞ്ഞു പരത്തുന്നത്) ആസ്വദിക്കുന്നവർ, പെട്ടകം പണിത് അകത്തു കയറിപ്പറ്റാൻ കാത്തിരിക്കുന്ന ആധുനിക നോഹമാർ, 'സാക്ഷി'കൾ, 'സഹോദരന്മാർ', 'ഏഴാം ദിവസക്കാർ', ഏഴാം വേദക്കാർ, 'എതിർപ്പു'കാർ 'ആൾ ദൈവ'ങ്ങളെ ആരാധിച്ചു നടക്കുന്നവർ 'അന്തിക്രിസ്തു' വിന്റെ പിണിയാളുകളായി ലോകത്തിലെങ്ങും നുഴഞ്ഞുകയറുന്നവർ, ഇവർ സത്യവിശ്വാസത്തെയും സത്യവിശ്വാസികളെയും ഒരു വിധത്തിലും സ്വാധീനിക്കാതിരിക്കാൻ ആവുന്നത്ര മുൻകരുതലുകൾ എടുക്കുകയും, അതിലുപരി, ദൈവത്തിലാശ്രയിച്ച്, അവിടുന്ന് ഉണർന്നു പ്രവർത്തിക്കാൻ അതിതീക്ഷ്ണമായി പ്രാർത്ഥിക്കുകയും ചെയ്യുക സത്യവിശ്വാസികളുടെ അത്യുദാത്തവും അനുപേക്ഷണീയവുമായ കടമയാണ്. ദൈവത്തിലുള്ള ആശ്രയം വിശ്വാസത്തിന്റെ ഒരു സവിശേഷ മുഖമാണ്. അതെക്കുറിച്ചു കൂടുതൽ പഠിക്കേണ്ടതും അറിയേണ്ടതുമാണ്.

## ബലിയുടെ (വിശ്വാസത്തിന്റെയും) അന്തഃസത്ത ദൈവഹിതം നിറവേറ്റൽ

ഇസഹാക്കിനെ 'ബലി' കഴിക്കരുതെന്നു ദൈവം കർശനമായി കല്പിച്ച സാഹചര്യത്തിൽ, ബലിയെങ്ങനെ പൂർത്തിയാക്കുമെന്ന് അറിയാതെ കുഴങ്ങിയ അബ്രാഹം തലപൊക്കി നോക്കിയപ്പോൾ, തന്റെ പിന്നിൽ, മുൾച്ചെടികളിൽ, കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെക്കാണുന്നു. അവൻ അതിനെ,

മകനു പകരം ബലിയർപ്പിക്കുന്നു. "കർത്താവിന്റെ മലയിൽ അവിടുന്നു (മനുഷ്യനു) വേണ്ടതു പ്രദാനം ചെയ്യുന്നു" (ഉൽപ. 22:13,14). വിശ്വാസത്തിൽ നിന്നുരുത്തിരിയുന്ന ഈ പ്രത്യാശ യിൽ വിശ്വാസി ജീവിക്കണം.

വിശ്വാസത്തിൽ നിന്നുയിർക്കൊള്ളുന്ന അനുസരണം, ദൈവത്തിലുള്ള നലം തികഞ്ഞ ആശ്രയബോധം, എപ്പോഴും ദൈവഹിതം നിറവേറ്റാനുള്ള ഒരു ആത്മീയവ്യഗ്രത, ഇവ യൊക്കെ ദൈവാനുഗ്രഹത്തിന്റെ അനർഗള ശ്രോതസ്സുകളാണ്. ഇതാ, കർത്താവു തന്റെ ദൂതൻ വഴി വീണ്ടും അബ്രാഹത്തോട് അരുളിച്ചെയ്യുന്നു: നിന്റെ ഏക പുത്രനെപ്പോലും എനിക്കു ബലി യർപ്പിക്കാൻ നീ മടിക്കായ്കകൊണ്ടു ഞാൻ നിന്നെ സമൃദ്ധ മായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരിപോ ലെയും ഞാൻ വർദ്ധിപ്പിക്കും. നീ എന്റെ വാക്ക് അനുസരിച്ച തുകൊണ്ട് നിന്റെ സന്തതിയിലൂടെ (ഇവിടെ ദൈവം തന്നെ ഒരു വലിയ സത്യം മുൻകൂട്ടി വെളിപ്പെടുത്തുകയാണ്) ലോക ത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും (ഉൽപ. 22:1 –18).അബ്രാഹത്തിന്റെ 'സന്തതി' യിലൂടെയാണു സകലരും അനുഗ്രഹിക്കപ്പെടാൻ പോകുന്നത്. ഇവിടെ പരാമർശിക്കപ്പെ ടുന്ന അബ്രാഹത്തിന്റെ സന്തതി ഈശോമിശിഹായാണ്. വി. മത്തായി തന്റെ സുവിശേഷം ആരംഭിക്കുന്നതെങ്ങനെയെന്നു ശ്രദ്ധിക്കുക. "അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ ഈശോമിശിഹായുടെ വംശാവലിഗ്രന്ഥം" (1:1))

## വിശ്വാസം = ദൈവത്തിനു പൂർണ്ണമായ അനുസരണം

മാനുഷികമായി മാത്രം ചിന്തിക്കുന്നവർക്ക് ദൈവം നോഹയ്ക്കു കൊടുത്ത നിർദ്ദേശം തികച്ചും വിചിത്രവും മനു ഷ്യനാൽ അസാധ്യവും ആയിരുന്നു - ഭീമാകാരമായ ഒരു പെട്ടകം (ബോട്ട്) പണിയുക. ദൈവമില്ലാത്തവരും അവിശ്വാ സികളുമായ ഒരു ജനതയുടെ മധ്യേ ആയിരുന്നു നോഹയുടെ ജീവിതം. അവർ അവന്റെ കഠിനാധ്വാനമെല്ലാം കണ്ടിട്ടും അവ ഹേളിക്കുകയും വിഡ്ഢിയായി കരുതുകയുമാണ് ഉണ്ടായത്.

എന്നിട്ടും നോഹ ദൈവത്തെ പൂർണ്ണമായി അനുസരിക്കുകയാണ്. അങ്ങനെ അനുസരിക്കുകമൂലം അവന്റെ വിശ്വാസം കൂടുതൽ സുദൃഢവും സുസ്ഥിരവുമാവുന്നു. തന്റെ നീണ്ടകാലത്തെ ജോലിക്കിടയിലെല്ലാം തന്നെ നോഹ ജനത്തിനു വരാൻപോകുന്ന വലിയ വിപത്തിനെക്കുറിച്ചു മുന്നറിയിപ്പു നല്കുകയും അനുതപിച്ചു മാനസാന്തരത്തിന്റെ മാർഗ്ഗം സ്വീകരിച്ചു സർവ്വശക്തനിലേക്കു മടങ്ങിവരാൻ ശക്തമായി ഉപദേശിക്കുകയും ചെയ്തിരുന്നു (2 പത്രോ. 2:5). യഥാർത്ഥത്തിൽ അനുതപിക്കുക = വിശ്വസിക്കുകയാണ്. നിത്യരക്ഷയ്ക്ക് ഈ അനുതാപവും മാനസാന്തരവും വിശ്വാസവും അത്യന്താപേക്ഷിതമാണ്.

## ആത്മധൈര്യം വിശ്വാസിക്കു സ്വന്തം

ദൈവം തെരഞ്ഞെടുത്ത ഇസ്രായേൽ ജനത്തിന്റെ പിതാവ് എന്ന സ്ഥാനം അബ്രാഹത്തിനാണ് അഖിലേശൻ അനുവദിച്ചിരിക്കുന്നത്. വിശ്വാസികളുടെ പിതാവ് എന്ന ബഹുമതിയുമുള്ള അബ്രാഹത്തിന് അനന്യമായ ഒരു സ്ഥാനമാണ് രക്ഷാകരചരിത്രത്തിലുള്ളത്. അദ്ദേഹത്തിന്റെ ദൈവവിശ്വാസത്തിലും സ്നേഹത്തിലും ദൈവാശ്രയബോധത്തിലും അധിഷ്ഠിതമായ അനുസരണമാണ് ഈ അനന്യതയ്ക്കു നിദാനം. വിശ്വാസത്തിലധിഷ്ഠിതമായ ആത്മധൈര്യത്തിന്റെ ഉടമയുമായിരുന്നു അബ്രാഹം (ഉൽപ. 14:14). അവന്റെ വിശ്വാസം അവനെ പ്രാർത്ഥനയിലും സുശക്തനാക്കി (ഉൽപ. 18:23-33). മറ്റാരിലും തന്നെ കാണാൻ കഴിയാത്തത്ര സവിശേഷതയുള്ളതാണ് അബ്രാഹത്തിന്റെ വിശ്വാസം.

ഹെബ്രാ. 11:17 സ്പഷ്ടമായി പറയുന്നുണ്ടല്ലോ, "വിശ്വാസം മൂലമാണ്, പരീക്ഷിക്കപ്പെട്ടപ്പോൾ, അബ്രാഹം ഇസഹാക്കിനെ (ദൈവത്തിനു) സമർപ്പിച്ചത്.... മരിച്ചവരിൽ നിന്നു മനുഷ്യരെ ഉയിർപ്പിക്കാൻപോലും ദൈവത്തിനു കഴിയുമെന്ന് അവൻ വിചാരിച്ചു (വിശ്വസിച്ചു) (ഹെബ്രാ. 11:17, 19).

ഇസഹാക്കിലേക്കു വരുമ്പോൾ, നാം മനസ്സിലാക്കുന്നത്, വിശ്വാസം മൂലമാണ് അവൻ ഏസാവിനെയും യാക്കോബിനെയും അനുഗ്രഹിച്ചത് എന്നാണ് (ഹെബ്രാ. 11:20). ആസന്നമരണനായ യാക്കോബ്, തന്റെ വടി ഊന്നിനിന്ന് (ദൈവത്തെ)

ആരാധിച്ചുകൊണ്ട് ജോസഫിന്റെ മക്കളെ ഓരോരുത്തരെയും വിശ്വാസത്തോടെ അനുഗ്രഹിച്ചു (ഹെബ്രാ. 11:21).

## പൂർവ്വ യൗസേപ്പിന്റെ വിശ്വാസം

പൂർവ്വയൗസേപ്പും ദൈവത്തിലുള്ള സമ്പൂർണ്ണ വിശ്വാസത്തിനു ഉദാത്ത മാതൃകയാണ്. വലിയ പ്രതിസന്ധികളെ തരണം ചെയ്യാനും വലിയ വിപത്തു വലിച്ചുവയ്ക്കേണ്ടിവന്നിട്ടും പാപസാഹചര്യം പരിപൂർണ്ണമായും പരിവർജ്ജിക്കാനും അവനെ സഹായിച്ചതു വിശ്വാസമാണ്. കർത്താവ് എപ്പോഴും അവന്റെ കൂടെയുണ്ടായിരുന്നത് അവന്റെ വലിയ വിശ്വാസം മൂലമാണ്. അവിടുന്ന് അവനെ ഉന്നതിയിൽനിന്ന് ഉന്നതിയിലേക്കു നയിച്ചു (ഉൽപ. 37:39-45). ജോസഫ് മരിക്കുമ്പോൾ, വിശ്വാസംമൂലം, ഇസ്രായേൽമക്കളുടെ പുറപ്പാടിനെ മനസ്സിൽ കണ്ടുകൊണ്ട് തന്റെ അസ്ഥികൾ എന്തുചെയ്യണമെന്നു (തന്റെ മക്കൾക്കു) നിർദ്ദേശങ്ങൾ കൊടുത്തു (ഹെബ്രാ. 11:22). ▲

# 3

## പുറപ്പാട്

### മോശയുടെ വിശ്വാസം

ദൈവത്തിൽ, യഹോവയിലുള്ള വിശ്വാസം മൂലം മോശയെ, അവൻ ജനിച്ചപ്പോൾ, മാതാപിതാക്കൾ, മൂന്നു മാസത്തേക്ക് ഒളിച്ചുവച്ചു. എന്തെന്നാൽ, കുട്ടി സുന്ദരനാണെന്ന് അവർ കണ്ടു. രാജകല്പനയെ അവർ ഭയപ്പെട്ടില്ല. വളർന്നുവന്നപ്പോൾ, ഫറവോയുടെ മകളുടെ മകൻ എന്നു വിളിക്കപ്പെടുന്നതും വിശ്വാസം മൂലം, മോശ നിഷേധിച്ചു. പാപത്തിന്റെ നൈമിഷിക സുഖങ്ങൾ ആസ്വദിക്കുന്നതിനെക്കാൾ, ജീവന്റെ (വിശ്വാസത്തിന്റെ) വഴിയിൽ നടന്നു ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേർന്ന്, വിശ്വാസത്തിന്റെ പൂർണ്ണതയിലേക്കു സഞ്ചരിക്കാനാണ്, അവൻ ഇഷ്ടപ്പെട്ടത് (ഹെബ്രാ. 11:23-25).

ഇസ്രായേൽ ജനത്തെ വിമോചിപ്പിക്കാനുള്ള ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരം നല്കാൻ മോശയെ പ്രേരിപ്പിച്ചതും വിശ്വാസം തന്നെയാണ്. ദൈവജനത്തെപ്രതിയുള്ള സഹനങ്ങൾ ഈജിപ്തിലെ 'നിധി'കളെക്കാൾ ആയിരം മടങ്ങ്, പതിനായിരം മടങ്ങ്, കൂടുതൽ അഭികാമ്യമായിക്കരുതാൻ വിശ്വാസം അവനെ സഹായിച്ചു. തനിക്കു ലഭിക്കാനിരുന്ന പ്രതിഫലത്തിലാണ് അവൻ ദൃഷ്ടിപതിച്ചിരുന്നത്.

രാജകോപം ഭയപ്പെടാതെ, തികഞ്ഞ വിശ്വാസത്തിൽ, അദൃശ്യനായവനെ ദർശിച്ചാലെന്നപോലെ, അവൻ സഹിച്ചു

നിന്നു. സത്യദൈവത്തിലുള്ള വിശ്വാസമാണ് ഈജിപ്തുവിടാൻ അവനെ പ്രേരിപ്പിച്ചതും. ആദ്യജാതന്മാരെ കൊല്ലുന്നവൻ (കർത്താവിന്റെ ദൂതൻ പുറ. 12:29) അവരെ സ്പർശിക്കാതിരുന്നതിനു, വിശ്വാസത്താൽ, മോശ പെസഹാ ആചരിക്കുകയും, ബലിമൃഗത്തിന്റെ രക്തം രണ്ടു കട്ടിളക്കാലുകളിലും മേല്പടിയിലും (12:23) തളിക്കുകയും ചെയ്തു. അവർ വിശ്വാസത്താൽ, വരണ്ടഭൂമിയിലൂടെയെന്ന വിധം ചെങ്കടൽ കടന്നു. ഇസ്രായേൽ ജനം, വിശ്വാസത്തോടെ ജെറീക്കോ കോട്ടകൾക്ക്, ഏഴു ദിവസം, വലംവച്ചപ്പോൾ അവ ഇടിഞ്ഞുവീണു. വേശ്യയായ റാഹാബ്, വിശ്വാസം നിമിത്തം, ചാരന്മാരെ സമാധാനത്തിൽ സ്വീകരിച്ചതുകൊണ്ട്, അവൾ അവിശ്വാസികളോടൊപ്പം നശിച്ചില്ല (ഹെബ്രാ. 11:28).

## വിശ്വാസത്തിന്റെ ഇതര വക്താക്കൾ

ഗിദയോൻ, ബാറക്, സാംസൺ, ജഫ്താ, ദാവീദ്, സാമുവൽ, ഹെസെക്കിയാ ഇവരൊക്കെ വിശ്വാസത്തിലൂടെ രാജ്യങ്ങൾ പിടിച്ചടക്കി, നീതി നടപ്പാക്കി, വാഗ്ദാനങ്ങൾ സ്വീകരിച്ചു, സിംഹങ്ങളുടെ വായ്കൾ പൂട്ടി, അഗ്നിയുടെ ശക്തി കെടുത്തി, വാളിന്റെ വായ്ത്തലയിൽനിന്നു രക്ഷപ്പെട്ടു. ബലഹീനതയിൽ നിന്നു ശക്തിയാർജ്ജിച്ചു, യുദ്ധത്തിൽ ശക്തന്മാരായി, വിദേശസേനകളെ കീഴ്പ്പെടുത്തി.

## വിശ്വാസത്തിന്റെ മാഗ്നാകാർട്ടാ

പുറപ്പാട് 15:1-18 മോശയുടെയും ഇസ്രായേൽ ജനത്തിന്റെയും വിശ്വസത്തിന്റെ മാഗ്നാകാർട്ടയാണ്. ഇത്രയും സമഗ്രമായ, സാകല്യമായ, ഒരു വിശ്വാസപ്രഖ്യാപനം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല.

കർത്താവു മഹത്ത്വപൂർണ്ണമായ വിജയം നേടിയിരിക്കുന്നതിനാൽ "ഞാൻ അവിടുത്തെ പാടി സ്തുതിക്കും. കുതിരയെയും കുതിരക്കാരനെയും അവിടുന്നു കടലിലെറിഞ്ഞു. കർത്താവ് എന്റെ ശക്തിയും സംരക്ഷകനുമാകുന്നു. അവിടുന്ന് എനിക്കു രക്ഷയായി ഭവിച്ചിരിക്കുന്നു. അവിടുന്നാണ് എന്റെ ദൈവം, ഞാൻ അവിടുത്തെ സ്തുതിക്കും, കീർത്തിക്കും".

യോദ്ധാവായ അവിടുത്തെ നാമം കർത്താവെന്നാണ്. ഫറവോയെയും അനുചരന്മാരെയും അവിടുന്നു കടലിൽ ആഴ്ത്തി. അവിടുത്തെ വലതുകൈ ശത്രുവിനെ ചിതറിച്ചിരിക്കുന്നു (ചിതറിക്കുന്നു). അനന്തമഹിമയാൽ അവിടുന്ന് എതിരാളികളെ തകർത്തിരിക്കുന്നു. അവിടുത്തേക്കു തുല്യനായി ആരുമില്ല. അങ്ങു വലതുകൈ നീട്ടി, ഭൂമി അവരെ വിഴുങ്ങി. അങ്ങു വീണ്ടെടുത്ത ജനത്തെ കാരുണ്യത്തോടെ അങ്ങു നയിച്ചു. അങ്ങയുടെ കരത്തിന്റെ ശക്തി അവരെ ശിലാതുല്യം നിശ്ചലരാക്കുന്നു. ഇസ്രായേലിനെ അങ്ങു നട്ടുപിടിപ്പിക്കും. കർത്താവ്, എന്നേക്കും, രാജാവായി വാഴും!

## വിശ്വാസവും അത്ഭുതങ്ങളും

മാറായിലെ ജലം മധുരതരമാക്കാൻ (പുറ. 15:22-27), മന്നായും കാട്ടുപക്ഷിയും വർഷിക്കാൻ കർത്താവായ ദൈവം പ്രേരിതനായത് (പുറ. 16), പാറയിൽനിന്നു ജലം പുറപ്പെടുവിച്ചത് (17:1-7), അമലേക്യരുമായുള്ള യുദ്ധം ജയിക്കാനും മറ്റും (പുറ. 17:8-16) മോശയ്ക്കു കഴിഞ്ഞത്, എല്ലാം വിശ്വാസം മൂലമാണ്. സീനായ് ഉടമ്പടിയുടെ പിന്നിൽ പ്രവർത്തിക്കുന്നതും മോശയുടെ കർത്താവിലുള്ള, കറതീർന്ന വിശ്വാസം തന്നെ (പുറ. 19). "അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്" (1 സാമു. 15:22) എന്ന പ്രബോധനംപോലും വിശ്വാസത്തിലധിഷ്ഠിതമാണ്. എന്തിന്, ഓരോ നന്മ പ്രവൃത്തിയും വിശ്വാസത്തിലധിഷ്ഠിതവും ഓരോ തിന്മ പ്രവർത്തിയും, ഏറെക്കുറവുകളോടെ, വിശ്വാസത്തിനു കടകവിരുദ്ധവുമാണ്. ദൈവവിശ്വാസമില്ലാത്ത, ദൈവത്തിന്റെ പ്രബോധനങ്ങൾക്കനുസരിച്ചു ജീവിക്കാത്ത ഒരുവന്റെ ഒരു 'നന്മ' പ്രവൃത്തിക്കും ദൈവസമക്ഷം അംഗീകാരമില്ല. വിശ്വാസമാ'ണഖിലസാരമൂഴിയിൽ'.

## വിശ്വാസവും പ്രമാണങ്ങളും

ദൈവകല്പനകളും മോശയുടെ നിയമങ്ങളും (പുറ. അ.20 തുടർച്ച) തിരുസ്സഭയുടെ കല്പനകളുമെല്ലാം അർത്ഥവും ആഴവും ഉള്ളതാകുന്നത് വിശ്വാസികൾക്കാണ്. ഒരുവനു തെറ്റും ശരിയും വിവേചിച്ചു നല്കുന്നതും വിശ്വാസത്തിന്റെ വെളിച്ച

മാണ്, ആ വെളിച്ചത്തിലായിരിക്കണം. ഒന്നാം പ്രമാണത്തിനു വിരുദ്ധമായി, അഹറോനുൾപ്പെടെയുള്ള ജനം സ്വർണ്ണക്കാള ക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചത് അവരുടെ വിശ്വാസരാഹിത്യ മാണു വിളിച്ചോതുക. ജനം ദൈവത്തിൽനിന്നകന്നുപോകു മ്പോഴും അവർ തന്റെ ക്ലേശങ്ങൾ വർദ്ധിപ്പിക്കുമ്പോഴും അധികം പതറാതെ നില്ക്കാൻ മോശയെ സഹായിച്ചത് അവന്റെ വിശ്വാസമാണ്. ക്രൈസ്തവജീവിതം വിശ്വാസത്തിന്റെ ജീവിതമാണ്. വിശ്വാസമില്ലാത്ത ഒരുവന് ഒരു ക്രൈസ്തവനാ യിരിക്കാനോ യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കാനോ ആവില്ല. പ്രവൃത്തിപഥത്തിൽ പ്രകാശിതമാവാത്ത വിശ്വാസം ചത്തതായിരിക്കുമെന്നും നമുക്കറിയാം. ആത്മാവില്ലാത്ത ശരീ രംപോലെ അതു മൃതമായിരിക്കും (യാക്കോ. 2:26).

## സഹനവും വിശ്വാസസ്ഥിരതയും

ശ്ലീഹാ നമ്മെ ഉപദേശിക്കുന്നു: എന്റെ സഹോദരരേ, വിവിധ പരീക്ഷകളുണ്ടാകുമ്പോൾ, നിങ്ങൾ സന്തോഷിക്കു വിൻ. എന്തെന്നാൽ, വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ, നിങ്ങൾക്ക് അതിൽ (വിശ്വാസത്തിൽ) സ്ഥിരത ലഭിക്കുമെന്ന് അറിയാമല്ലോ. ഈ സ്ഥിരത പൂർണ്ണഫലം പുറപ്പെടുവിക്കുകയും അങ്ങനെ നിങ്ങൾ പൂർണ്ണരും എല്ലാം തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരും ആകുകയും ചെയ്യും. എല്ലാവർക്കും ഉദാര മായി നല്കുന്നവനാണവിടുന്ന്. സംശയിക്കാതെ, വിശ്വാസ ത്തോടെ വേണം ചോദിക്കാൻ (യാക്കോ. 1:2-5). നിത്യജീവൻ (സ്വർഗ്ഗം) പ്രാപിക്കുന്നതിനു കർത്താവു പറഞ്ഞിരിക്കുന്ന വ്യവസ്ഥ അവിടുത്തെ തിരുവചനം കേൾക്കുക, അവിടുന്നിൽ വിശ്വസിക്കുക ഇവയാണ് (യോഹ. 5:24).

## പൂർവ്വപിതാക്കന്മാരുടെ വിശ്വാസം

പൂർവ്വപിതാക്കളെല്ലാം വിശ്വാസമുള്ളവരും ദൈവവുമായി ഹൃദയൈക്യത്തിൽ ജീവിച്ചിരുന്നവരുമാണ്. തന്മൂലം ദൈവം അവരെ അനുഗ്രഹിക്കുകയും അവർക്ക് സന്താനസമ്പുഷ്ടി വാഗ്ദാനം ചെയ്യുകയും ചെയ്തു. ഗരാറിലെ ഇടയന്മാർ ഇസ ഹാക്കിന്റെ വേലക്കാരുമായി വഴക്കുണ്ടാക്കിയപ്പോൾ, കലഹ പ്രദേശത്തുനിന്നു, പരാതികൂടാതെ, നീങ്ങിപ്പോകാൻ ഇസഹാ

ക്കിന്റെ വിശ്വാസം അവനെ പ്രേരിപ്പിച്ചു. വെള്ളത്തിനുവേണ്ടി വേലക്കാർ മൂന്നാമതു കുഴിച്ച കിണറിനെച്ചൊല്ലി വഴക്കൊന്നും ഉണ്ടായില്ല. ഈ വസ്തുത ഇസഹാക്കിനെ, വിശ്വാസത്തിന്റെ ഒരു അവശ്യഘടകമായ, വലിയ പ്രത്യാശയിലേക്കു നയിക്കുന്നു. അവൻ പറയുന്നു: കർത്താവ് ഞങ്ങൾക്ക് ഇടം തന്നിരിക്കുന്നു. ഭൂമിയിൽ ഞങ്ങൾ സമൃദ്ധിയുള്ളവരാകും. ഈ ചുരുങ്ങിയ വാക്കുകളിൽ, ഇസഹാക്കിന്റെ പ്രത്യാശ സുവ്യക്തമാണല്ലോ. വിശ്വാസവും പ്രത്യാശയുമുള്ളവർക്ക്, ഏതെങ്കിലും വിധത്തിൽ, ദൈവം സ്വയം വെളിപ്പെടുത്തുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യും (ഉൽപ. 26:19-22).

## വിശ്വാസിക്കു ഭയം വേണ്ടാ

“ആ രാത്രിതന്നെ കർത്താവ് ഇസഹാക്കിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്യുന്നു: നിന്റെ പിതാവായ അബ്രാഹത്തിന്റെ ദൈവമാണു ഞാൻ. നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്, എന്റെ ദാസനായ അബ്രാഹത്തെപ്രതി ഞാൻ നിന്നെ അനുഗ്രഹിക്കും; നിന്റെ സന്തതികളെ വർദ്ധിപ്പിക്കും. അതിനാൽ, അവൻ (ഇസഹാക്ക്) അവിടെ ഒരു ബലിപീഠം നിർമ്മിച്ചു കർത്താവിനെ വിളിച്ചപേക്ഷിച്ചു (ഉൽപ. 26). ബലിപീഠം പണിയാൻ ഇസഹാക്കിനെ പ്രേരിപ്പിച്ചത് അവന്റെ വിശ്വാസവും തജ്ജന്യമായ പ്രത്യാശയുമാണ്.

## വിശ്വാസി സമാധാനപ്രിയൻ, വ്യവസ്ഥയില്ലാതെ ക്ഷമിക്കുന്നവൻ

യഥാർത്ഥ വിശ്വാസമുള്ളവൻ സമാധാനപ്രിയനായിരിക്കും. തന്റെ ശത്രുക്കൾ കാണാൻ ചെന്നപ്പോൾ ഇസഹാക്ക് അവർക്ക് ഒരു വിരുന്നൊരുക്കി. അബിമെലക്ക് നിർദ്ദേശിച്ച പ്രകാരം അവൻ, അവർ തമ്മിലുള്ള ഉടമ്പടിയിൽ നിസ്സങ്കോചം ഒപ്പു വയ്ക്കുന്നു. എല്ലാവരും വലിയ സമാധാനത്തോടെ പിരിയുന്നു (ഉൽപ. 26:26-31). ദൈവമേ, നന്ദി!

ദൈവത്തിൽ പരിപൂർണ്ണ വിശ്വാസവും അവിടുന്നിൽ അചഞ്ചലമായ ശരണവും അവിടുത്തോടു ഹൃദയപൂർവ്വമായ സ്നേഹവുമുള്ള ഒരുവന് വ്യവസ്ഥയില്ലാതെ ക്ഷമിക്കാൻ

കഴിയും, കഴിയണം. നിത്യശത്രുതയ്ക്കു മതിയായ ഒരു തെറ്റ്, അമ്മയുടെ ഒത്താശയോടുകൂടി, യാക്കോബു തന്റെ ഉടപ്പിറന്ന സഹോദരൻ ഏസാവിനോടു ചെയ്തു. കുതന്ത്രത്തിലൂടെ അവൻ, തങ്ങളുടെ പിതാവിൽനിന്ന് ജ്യേഷ്ഠനു കിട്ടേണ്ടിയിരുന്ന അനുഗ്രഹം തട്ടിയെടുത്തു. അപ്പൻ പറഞ്ഞ കാര്യങ്ങളെല്ലാം അക്ഷരശഃ അനുസരിച്ച്, നായാട്ടു നടത്തി, തന്റെ പിതാവിന് ഇഷ്ടപ്പെട്ട ഭക്ഷണം ഒരുക്കി ഏസാവു കൊണ്ടുചെന്നപ്പോഴാണു താനും തന്റെ മൂത്തമകനും വഞ്ചിക്കപ്പെട്ടുവെന്ന് ഇസഹാക്കിനു മനസ്സിലായത് (ഉൽപ. 27)

## ഏസാവു യാക്കോബിനെ വെറുക്കുന്നതിൽ അത്ഭുതമൊന്നുമില്ല

അറിവിലും വിശ്വാസപരിശീലനത്തിലും പരിമിത വിഭവനായിരുന്ന ഏസാവ് സ്വാഭാവികമായും യാക്കോബിനെ വെറുക്കുന്നു. അവനെ കൊല്ലാനുള്ള തീരുമാനത്തിൽ ഏസാവ് എത്തിനില്ക്കുന്നു. അപകടം മനസ്സിലാക്കിയ അമ്മ യാക്കോബിനെ തന്റെ സഹോദരൻ ലാബാന്റെ അടുക്കലേക്കു തിടുക്കത്തിൽ പറഞ്ഞുവിടുന്നു. മകനല്ലേ? ഇസഹാക്കും യാക്കോബിനോടു ക്ഷമിച്ച്, അവനെ അനുഗ്രഹിച്ച്, വിശിഷ്ടോപദേശങ്ങൾ നല്കിയാണ് അവനെ തന്റെ സ്യാലന്റെ വീട്ടിലേയ്ക്ക് പറഞ്ഞുവിട്ടത്. അവന്റെ അമ്മയുടെ നിർദ്ദേശവും അതുതന്നെയായിരുന്നല്ലോ (ഉൽപ. 27:43-46, 28:1-3). ചെയ്യരുതാത്തതു ചെയ്തവനെങ്കിലും, യാക്കോബിൽ വിശ്വാസത്തിന്റെ വിത്തു മുളച്ചു പൊങ്ങിയതുകൊണ്ട് ദൈവവും അവനെ അനുഗ്രഹിക്കുന്നു (28:10-20). വിശ്വാസത്തിന്റെ വഴിയിൽ ചില അനന്യതകളൊക്കെ സംഭവിക്കും. നിഗൂഢതയുടെ ഒരു മാനം അതിനുണ്ട്.

## കർത്താവായിരിക്കും എന്റെ ദൈവം

വിശ്വാസത്താൽ പ്രേരിതനായി യാക്കോബ് പ്രതിജ്ഞ ചെയ്യുന്നു: "ദൈവമായ കർത്താവ് എന്റെ കൂടെ ഉണ്ടായിരിക്കുകയും, ഈ യാത്രയിൽ എന്നെ സംരക്ഷിക്കുകയും, എനിക്ക് ഉണ്ണാനും ഉടുക്കാനും തരുകയും, എന്റെ പിതാവിന്റെ വീട്ടിലേക്കു സമാധാനത്തോടെ ഞാൻ തിരിച്ചെത്തുകയും ചെയ്താൽ, കർത്താവായിരിക്കും എന്റെ ദൈവം" (28:31-32).

വിശ്വാസത്തിൽ നിന്നുടലെടുക്കുന്ന ആഴമേറിയ ഒരു സമാധാനത്തെക്കുറിച്ചുള്ള സ്വപ്നമാണു യാക്കോബിനുള്ളത്. അവൻ തുടരുന്നു: "അവിടുന്ന് എനിക്കു തരുന്നതിന്റെയെല്ലാം പത്തിലൊന്നു (ദശാംശം) ഞാൻ അവിടുത്തേക്കു സമർപ്പിക്കുകയും ചെയ്യും" (28:22).

## വിശ്വാസിക്ക് ഇമ്മാനുവൽ അനുഭവം

തന്റെ മക്കളിൽ ജോസഫിന്റെ ജനനം വരെ യാക്കോബ് ലാബാനൊപ്പം താമസിച്ചു. ലാബാന്റെ ഭാവവ്യത്യാസങ്ങൾ മനസ്സിലാക്കിയ യാക്കോബ്, ഭാര്യയും മക്കളുമായി സ്വദേശത്തേക്കു പോകാനുള്ള അനുവാദം ലാബാനോട് അഭ്യർത്ഥിക്കുന്നു. തന്റെ മക്കളെക്കുറിച്ച് എപ്പോഴും കരുതലുള്ള കർത്താവ് യാക്കോബിനോട് അരുളിച്ചെയ്യുന്നു: "നിന്റെ... നാട്ടിലേക്കു തിരിച്ചു പോകുക. ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. വിശ്വാസമുള്ളവർക്ക് ദൈവം എപ്പോഴും തങ്ങളെ കരുതുന്നു, കൂടെ നടക്കുന്നു എന്ന അനുഭവം (ഇമ്മാനുവൽ അനുഭവം) ഉണ്ടാകും. വീണ്ടും തന്റെ ദൂതന്റെ സാദൃശ്യത്തിൽ ദൈവം യാക്കോബിനു പ്രത്യക്ഷപ്പെട്ടു പറയുന്നു: "ലാബാൻ നിന്നോടു ചെയ്യുന്നതൊക്കെ ഞാൻ കാണുന്നുണ്ട്... നാട്ടിലേക്കു തിരിച്ചുപോവുക." അവന്റെ ഭാര്യമാർ അവനോടു പറഞ്ഞു: "ദൈവം അങ്ങയോടു കല്പിച്ചതുപോലെ ചെയ്യുക (ഉൽപ. 31:13, 16). ആ കുടുംബത്തിന്റെ മനോഭാവം യഥാർത്ഥമായ വിശ്വാസത്തിന്റെ മനോഭാവമാണ്.

## വിശ്വാസിക്ക് എളിമ സഹചരൻ

യാക്കോബ്... കാനാൻദേശത്തു വസിക്കുന്ന തന്റെ പിതാവായ ഇസഹാക്കിന്റെ അടുത്തേക്കു യാത്ര പുറപ്പെടുന്നു' (ഉൽപ. 31:18). ദൈവത്തിന്റെ ദൂതന്മാർ, വഴിമധ്യേ, അവനെ കണ്ടുമുട്ടുന്നു. ദൈവത്തിന്റെ ആ സൈന്യത്തെ കണ്ടുകഴിഞ്ഞപ്പോൾ ഏദോം നാട്ടിൽ സയിർ ദേശത്തു പാർത്തിരുന്ന തന്റെ സഹോദരനായ ഏസാവിന്റെ അടുത്തേക്കു സന്ദേശവുമായി തനിക്കു മുമ്പേ അവൻ ദൂതന്മാരെ അപേക്ഷയുമായി അയയ്ക്കുന്നു. "അങ്ങേക്ക് എന്നോടു ദയ തോന്നണം." തന്റെ സഹോദരന്റെ മടങ്ങിവരവിന്റെ വിവരമറിഞ്ഞ ഏസാവ് നാനൂറ് ആളുക

ളുമായി അനുജനെ കാണാൻ തിടുക്കത്തിൽ പുറപ്പെടുന്നു.

## അത്ഭുതകരമായ കൂടിക്കാഴ്ച, വിസ്മയകരമായ ക്ഷമ

ദൂതന്മാരിൽ നിന്നു വിവരമറിഞ്ഞ യാക്കോബ് അങ്ങേയറ്റം ഭയപ്പെടുകയാണ്. ജ്യേഷ്ഠന്റെ യഥാർത്ഥലക്ഷ്യം അവനു മനസ്സിലാകുന്നില്ല. തന്നെ വധിക്കാനുള്ള പുറപ്പാടായിരിക്കാമെന്നായിരിക്കാം അവൻ കരുതുന്നത്. തനിക്ക് സംരക്ഷണം നല്കി രക്ഷിച്ച, സ്വന്തക്കാരുടെ നാട്ടിലേക്കു ധൈര്യമായി പുറപ്പെടാൻ കല്പിച്ച നല്ല ദൈവത്തോട് അവൻ പ്രാർത്ഥിക്കുന്നു: "എന്റെ സഹോദരനായ ഏസാവിൽനിന്ന് എന്നെ രക്ഷിക്കണമേ!" (32:1-7).

ദൈവത്തിൽ സകലാശ്രയവും അർപ്പിച്ച് യാക്കോബ് സഹോദരന് ഒരു നല്ല സമ്മാനമൊരുക്കി, ഇപ്രകാരം നിർദ്ദേശിച്ച്, ദൂതന്മാരെ വീണ്ടും ഏസാവിന്റെ പക്കലേക്ക് അയയ്ക്കുന്നു. "അവൻ നിങ്ങളെ ചോദ്യം ചെയ്യുമ്പോൾ ഇപ്രകാരം മറുപടി പറയണം: ഇവ അങ്ങയുടെ ദാസനായ യാക്കോബിന്റേതാണ്. യജമാനനായ ഏസാവിനുള്ള ഉപഹാരമാണിത്. അവൻ ഞങ്ങളുടെ പിന്നാലെയുണ്ട്." (യാക്കോബിനു താൻ ചെയ്ത വലിയ തെറ്റിനെക്കുറിച്ചു ശരിയായ അനുതാപമുണ്ടെന്നു മേല്പറഞ്ഞ സംഭവങ്ങളിൽനിന്നും വാക്കുകളിൽനിന്നും വ്യക്തമല്ലേ?)

## വിശ്വാസി അനുതപിക്കുന്നു, കുമ്പസാരിക്കുന്നു

എത്ര വലിയ തെറ്റുതന്നെ ചെയ്തുപോയാലും ആത്മാർത്ഥമായി അനുതപിച്ചു മാപ്പുചോദിച്ചാൽ, അങ്ങേയറ്റം മഹാമനസ്ക്കതയോടെ ക്ഷമിക്കുന്നവനാണു നമ്മുടെ ദൈവം. ക്രൈസ്തവൻ കുമ്പസാരക്കൂട്ടിൽ വച്ചു കർത്താവിന്റെ അമൂല്യമായ തിരുരക്തത്തിൽ കഴുകിവിശുദ്ധീകരിക്കപ്പെടുന്നു. കുമ്പസാരം ഫലപ്രദവും പൂർണ്ണവും ദൈവത്തിനു പ്രീതികരവുമാവുന്നതിനു രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്. (1) യഥാർത്ഥമായ, സത്യസന്ധമായ, അനുതാപം, (2) മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള സുദൃഢമായ പ്രതിജ്ഞ. ദൈവത്തിനു നമ്മോടും നമുക്കു ദൈവത്തോടുമുള്ള സത്യസന്ധവും നിസ്വാർത്ഥവും പൂർണ്ണവും, സർവ്വശക്തവുമായ സ്നേഹം

വ്യക്തമാകുന്ന പ്രതലമാണു കുമ്പസാരത്തിന്റെ വേദി.

## മനസ്സമാധാനത്തിനു കുമ്പസാരം അനുപേക്ഷണീയം

വിശുദ്ധനായ ഫുൾട്ടൻ ജെ ഷീൻ പറയുന്നത്, നമ്മുടെ പ്രശ്നപരിഹാരത്തിന്, നമുക്കു മനസ്സമാധാനവും സന്തോഷവും സംതൃപ്തിയും കിട്ടുന്നതിനു, മനശാസ്ത്രവിദഗ്ദ്ധന്റെ കട്ടിലിൽ മലർന്നു കിടക്കുകയല്ല, കുമ്പസാരക്കൂട്ടിൽ അത്യധികം എളിമയോടും പശ്ചാത്താപത്തോടും മുട്ടുകുത്തി കുമ്പസാരിക്കുകയാണു വേണ്ടത് എന്നാണ്. കുമ്പസാരത്തിന്റെ പരമമായ പ്രാധാന്യത്തെക്കുറിച്ചു ബോധ്യമില്ലാത്ത ദൈവശാസ്ത്രജ്ഞന്മാരും ബൈബിൾപണ്ഡിതരുമൊക്കെ ലോകത്തിനു ശാപമാണ്, അന്തിക്രിസ്തുവിന്റെ വക്താക്കളാണ്. കിഴക്കും പടിഞ്ഞാറും കാണാനുള്ള ഇടമല്ല വിശ്വാസം. ആർക്കും സ്വാർത്ഥതാത്പര്യങ്ങൾക്കായി വളച്ചൊടിക്കാനുള്ളതുമല്ല വിശ്വാസം. അതു സജീവവും ഊർജ്ജസ്വലവുമായിരിക്കണം. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും സർവ്വം സ്പർശിയായി സ്വാധീനിക്കുന്നതായിരിക്കണം (ദൈവത്തിനു മുഖംനോട്ടമില്ലെന്നുകൂടി ഓർക്കുക) (ഹെബ്രാ. 4:12).

## ഏസാവും യാക്കോബും

തന്റെ ഭാര്യമാരെയും മക്കളെയും ഒപ്പം സമ്മാനവും കണ്ടു കഴിയുമ്പോൾ ഏസാവിന്റെ മനംമാറുമെന്നും അവൻ തന്നോടു ക്ഷമിക്കുമെന്നും തന്നിൽ പ്രീതിയുള്ളവനാകുമെന്നും അതിനുശേഷം സഹോദരനെ നേരിൽക്കണ്ട് പൂർണ്ണക്ഷമയിലേക്കും രമ്യതയിലേക്കും കടക്കാൻ കഴിയുമെന്നുമുള്ള സത്യസന്ധമായ ചിന്തയിൽ യാക്കോബ് അന്നു രാത്രി പുഴയ്ക്കിക്കരെ കൂടാരത്തിൽ തങ്ങി. പിറ്റെ ദിവസം അവൻ പുഴകടന്ന് മുമ്പോട്ടു നീങ്ങുന്നു. കുറെ യാത്ര ചെയ്തുകഴിഞ്ഞ് അവൻ തലയുയർത്തിനോക്കിയപ്പോൾ അവൻ കാണുന്നത് തന്റെ സഹോദരൻ ഏസാവ് നാനൂറുപേരുടെ അകമ്പടിയോടെ തന്റെ അടു

ത്തേക്കു വരുന്നതാണ്.

## അത്രയ്ക്കു ദയയോടെ

യാക്കോബു നടന്നു സഹോദരന്റെ അടുത്തെത്തുവോളം ഏഴു പ്രാവശ്യം നിലംമുട്ടെ താണുവണങ്ങുന്നു. (സഹോദരനു തന്നോടു കരുണ തോന്നി, ക്ഷമിക്കാനായിരിക്കണം അവൻ അങ്ങനെ ചെയ്തത്.) ഏസാവാകട്ടെ, ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിക്കുന്നു. ഇരുവരും കരളുരുകി, സ്നേഹാധിക്യത്താൽ, സന്തോഷാധിക്യത്താൽ, കരയുന്നു! യാക്കോബ് കൊടുത്തയച്ച സമ്മാനം, അവന്റെ നിർബന്ധംമൂലം. ഏസാവു സ്വീകരിക്കുന്നു. ഇങ്ങനെ പറഞ്ഞാണു യാക്കോബു സഹോദരനെ നിർബന്ധിച്ചത്. അങ്ങ് എന്നിൽ സംപ്രീതനാണെങ്കിൽ, എന്റെ കയ്യിൽനിന്ന് ഈ സമ്മാനം സ്വീകരിക്കുക. കാരണം, ദൈവത്തിന്റെ മുഖം കണ്ടാലെന്നപോലെയാണു ഞാൻ അങ്ങയുടെ മുഖം കണ്ടത്. അത്രയ്ക്കു ദയയോടെയാണ് അങ്ങ് എന്നെ സ്വീകരിച്ചത് (അ. 33). നലം തികഞ്ഞ വിശ്വാസത്തിന്റെ അത്യുദാത്തമായ സ്വാധീനമാണ് ഇപ്രകാരം ക്ഷമിക്കാനും സ്നേഹിക്കാനും അവരെ സഹായിച്ചത്.

തങ്ങൾക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനങ്ങളാണെന്ന് ഉറച്ചു വിശ്വസിക്കുകയും അവിടുത്തേക്കു നന്ദി പറയുകയും തന്റെ തെറ്റുകളെക്കുറിച്ച് ആത്മാർത്ഥമായി അനുതപിക്കുകയും, അതു തന്റെ പ്രവൃത്തിയിലൂടെ പ്രകടമാക്കുകയും ചെയ്ത യാക്കോബും തന്റെ സഹോദരനോട് അങ്ങേയറ്റം കരുണയോടും മഹാമനസ്ക്കതയോടും ക്ഷമിക്കുകയും അവനെ സ്വീകരിക്കുവാൻ സർവ്വസന്നാഹങ്ങളുമായി എത്തുകയും അവനെ സ്നേഹത്തിന്റെ പാരമ്യത്തിൽ ക്ഷമിച്ചു സ്വീകരിക്കുകയും ചെയ്യുന്ന ഏസാവും യഥാർത്ഥവിശ്വാസത്തിന്റെയും വിശ്വാസത്തിൽ നിന്നുരുത്തിരിയുന്ന സ്നേഹത്തിന്റയും ക്ഷമയുടെയും അത്യുദാത്ത മാതൃകകളാണ്.

## സ്നേഹത്തിന്റെ പാരമ്യത്തിലുള്ള ക്ഷമ

ദൈവം വീണ്ടും യാക്കോബിനു പ്രത്യക്ഷപ്പെടുന്നു. അവിടുന്നു യാക്കോബിനോട് അരുളിച്ചെയ്യുന്നു: ബെഥേലിലേയ്ക്കു പോയി... അവിടെ ഒരു ബലിപീഠം പണിയുക (35:1). ദൈവേ

ഷ്ടപ്രകാരം യാക്കോബ് ബെഥേലിൽ കർത്താവിന് ഒരു ബലിപീഠം പണിയുന്നു. ദൈവം വീണ്ടും പ്രത്യക്ഷപ്പെട്ട് ഇസ്രായേലിനെ (യാക്കോബിനെ) അനുഗ്രഹിക്കുന്നു. അവിടുന്നു വെളിപ്പെടുത്തുന്നു: "ഞാൻ സർവ്വശക്തനായ ദൈവമാണ്. നീ സന്താനപുഷ്ടിയുണ്ടായി പെരുകുക." (ഉൽപ. 35:11). ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്കെല്ലാം അവിടുത്തെ അനുഗ്രഹം സമൃദ്ധമായും അനുസ്യൂതമായും ഉണ്ടാകും.

## ജോസഫ് - വിശ്വാസത്തിന്റെ ജീവിക്കുന്ന മാതൃക

വിശ്വാസത്തിന്റെ മറ്റൊരു മഹാമാതൃകയാണു ജോസഫ്. അവന് ദൈവത്തിലുള്ള അപ്രതിഹതമായ ആശ്രയബോധമാണ് അവന്റെ വിശ്വാസത്തിന്റെ പ്രത്യേക സവിശേഷത. തന്റെ സഹോദരന്മാർ തന്നെ വെറുത്തപ്പോഴും പൊട്ടക്കിണറ്റിൽ തള്ളിയിട്ടപ്പോഴും ഇരുപതു വെള്ളിക്കാശിന് ഇസ്മായേല്യർക്കു വിറ്റപ്പോഴും ഇസ്മായേല്യർ അവനെ പൊത്തിഫറിനു വിറ്റപ്പോഴും ചതിയാൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോഴും സഹതടവുകാരുടെയും ഫറവോയുടെ തന്നെയും സ്വപ്നങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോഴും ഈജിപ്തിന്റെ അധിപനായപ്പോഴും ജോസഫിൽ നിറഞ്ഞുനിന്നിരുന്നതു നിഖിലേശനിലുള്ള അടിയുറച്ച വിശ്വാസവും ആ വിശ്വാസത്തിൽ നിന്നുയിർകൊണ്ട അവർണ്ണനീയമായ ദൈവാശ്രയബോധവുമാണ് (ഉൽപ. അ. 37, 39, 40, 41).

## പൂർണ്ണമായി ക്ഷമിക്കുന്ന വിശ്വാസം

തന്റെ സഹോദരങ്ങളോടു പൂർണ്ണമായും ക്ഷമിക്കാൻ ജോസഫിന്റെ വിശ്വാസം അവനെ നിർബന്ധിക്കുന്നു. അവരോടുള്ള അവന്റെ ഇടപെടലുകളെല്ലാം അഗാധമായ സ്നേഹത്തിന്റെയും സമ്പൂർണ്ണ ക്ഷമയുടെയും മകുടോദാഹരണങ്ങളാണ്. അവരെ കണ്ടപ്പോൾ മുതൽ അവന്റെ ഹൃദയം ദൈവത്തോടുള്ള സ്നേഹംകൊണ്ടും കൃതജ്ഞതകൊണ്ടും പിതാവിനോടും സഹോദരങ്ങളോടുമുള്ള സ്നേഹംകൊണ്ടും തുടിക്കുന്നുണ്ടായിരുന്നു. തന്റെ ഉടപ്പിറന്ന സഹോദരനെ എത്രയും വേഗം കാണാനുള്ള ആഗ്രഹം സഫലീകരിച്ചത് അല്പം സൂത്രമൊക്കെ പ്രയോഗിച്ചാണെന്ന് അനുവാചകർ ഓർക്കുമല്ലോ.

അവനെപ്രതി തന്റെ ഹൃദയം തേങ്ങിയപ്പോൾ ജോസഫ് കിടപ്പറയിൽ കയറി കരയുന്നു - സന്തോഷാശ്രുക്കൾ. "മകനേ, ദൈവം നിന്നോടുകരുണ കാണിക്കട്ടെ" (ഉൽപ. 43:29) എന്ന ചെറിയ ആശംസയിൽ ജോസഫിന്റെ വിശ്വാസവും സഹോദരസ്നേഹവും അവന് എപ്പോഴും നന്മ മാത്രമേ സംഭവിക്കാവൂ എന്ന ആത്മാർത്ഥമായ ആഗ്രഹവുമെല്ലാം അമർത്തി കുലുക്കി നിറച്ചുവച്ചിട്ടുണ്ട്.

## തിന്മയെ നന്മയായി കാണുന്നു

ജോസഫ് തന്റെ സഹോദരങ്ങൾക്കു തന്നെത്തന്നെ വെളിപ്പെടുത്തുന്നതും അവരോട് എല്ലാം വ്യവസ്ഥയില്ലാതെ ക്ഷമിക്കുന്നതും അവരുടെ തിന്മപ്രവൃത്തികൾ ഓരോന്നും എങ്ങനെ നന്മയ്ക്കായി പരിണമിച്ചെന്നും അവർക്കു നീതീകരണമുണ്ടെന്നും മറ്റും വ്യക്തമാക്കുന്നതുമായ വചനഭാഗങ്ങൾ വേദപുസ്തകത്തിലെ അത്യുദാത്തവും അവിസ്മരണീയവും അങ്ങേയറ്റം ഹൃദയസ്പർശിയുമാണ്. ഏതാനും തിരുവാക്യങ്ങൾ ഉദ്ധരിക്കട്ടെ. "എന്റെയടുത്തേക്കു വരുക... നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്നെ ഇവിടെ വിറ്റതോർത്തു നിങ്ങൾ വിഷമിക്കുകയോ വിഷാദിക്കുകയോ വേണ്ടാ. കാരണം, ജീവൻ നിലനിർത്താൻ വേണ്ടി, ദൈവമാണ് എന്നെ നിങ്ങൾക്കുമുമ്പേ ഇങ്ങോട്ടയച്ചത്... നിങ്ങൾക്കു ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായ രീതിയിൽ രക്ഷനല്കാനും (ഇസ്രായേൽമക്കൾക്കുള്ള ദൈവത്തിന്റെ അത്ഭുതാവഹമായ പരിപാലനയും ഇപ്പോൾ ഓർക്കുക) വേണ്ടി ദൈവം എന്നെ നിങ്ങൾക്കുമുമ്പേ ഇങ്ങോട്ടയച്ചതാണ്. അതുകൊണ്ട്, നിങ്ങളല്ല, ദൈവമാണ്, എന്നെ ഇങ്ങോട്ടയച്ചത്... നിങ്ങൾ തിടുക്കത്തിൽ പിതാവിന്റെയടുത്തു ചെന്ന് അവനോടു പറയുക.... എന്റെയടുത്തുവരണം, ഒട്ടും താമസിക്കരുത് എന്ന് അങ്ങയുടെ മകൻ ജോസഫ് പറയുന്നു... ജോസഫ് ബഞ്ചമിനെ കെട്ടിപ്പിടിച്ചു കരഞ്ഞു. ബഞ്ചമിനും അവന്റെ തോളിൽ തലചായ്ച്ചു കരഞ്ഞു. ജോസഫ് തന്റെ സഹോദരന്മാരെയെല്ലാവരെയും ചുംബിക്കുകയും കെട്ടിപ്പിടിച്ചു കരയുകയും ചെയ്തു" (ഉൽപ. 45).

## മോശയുടെ വിശ്വാസം ഇസ്രായേൽ ജനത്തെ മോചിപ്പിക്കുന്നു (പുറ. അ. 3 മുതൽ)

കർത്താവു തന്റെ ശക്തമായ കരങ്ങളാലാണു തെരഞ്ഞെടുക്കപ്പെട്ട ജനത്തെ, അവരുടെ അടിമത്തത്തിന്റെ നാടായ ഈജിപ്തിൽ നിന്നു പുറത്തുകൊണ്ടുവന്നത്. ഈ സത്യം ഏറ്റവുമധികം മനസ്സിലാക്കിയ മനുഷ്യൻ മോശ തന്നെയാണ്. ദൈവം ഈജിപ്തുകാരെ സംഹരിക്കുകയും ഇസ്രായേൽക്കാരെ സംരക്ഷിക്കുകയും ചെയ്യുന്നതു മോശ തന്റെ കണ്ണുകൊണ്ടു കണ്ടതാണ്. നാനൂറ്റിമുപ്പതു വർഷക്കാലം ഇസ്രായേൽ ഈജിപ്തിന് അടിമവേല ചെയ്തു. അവരുടെ ദീനരോദനം കേൾക്കാൻ കർത്താവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടുന്നാണ് മോശയെ തെരഞ്ഞെടുത്ത് ഫറവോയുടെ അടുത്തേക്കു മദ്ധ്യസ്ഥനായി അയയ്ക്കുന്നത്. ഇസ്രായേൽജനത്തിന്റെ ചരിത്രത്തിലേക്ക് ഇറങ്ങിവന്ന ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചവനാണു മോശ. മോശയുടെ ദൈവത്തിലുള്ള വിശ്വാസവും പ്രാർത്ഥനയും മാദ്ധ്യസ്ഥ്യവുമാണ് ഇസ്രായേലിനെ ഓരോ നിമിഷവും നയിച്ചുകൊണ്ടിരുന്നത്.

ജനത്തിന്റെ വിശ്വാസം പലപ്പോഴും പതറിപ്പോയെങ്കിലും മോശ അടിപതറാതെ നിന്നു. വിശ്വാസിക്കുള്ള വലിയ അനുഗ്രഹമാണ് ഇമ്മാനുവൽ അനുഭവം. മോശയ്ക്ക് അത് ആവോളമുണ്ടായിരുന്നു. ഫറവോയുടെ ഉരുക്കു ഹൃദയത്തെ ഉരുക്കാൻ പത്തു മഹാമാരികൾ വേണ്ടിവന്നു. ഇവയ്ക്കെല്ലാം മധ്യവർത്തിയായി നിന്നതു മോശയാണ്. ഇസ്രായേൽ മക്കളെ ഈജിപ്തിലെ അവരുടെ കഷ്ടതകളിൽനിന്നു മോചിപ്പിച്ച് വാഗ്ദത്തഭൂമിയായ, തേനും പാലും ഒഴുകുന്ന, കാനാൻദേശത്തേക്കു കൊണ്ടുപോകാനുള്ള കർത്താവിന്റെ തീരുമാനം അവിടുന്ന് ആദ്യമായി വെളിപ്പെടുത്തിയതു തന്റെ വിശ്വസ്തദാസനായ മോശയ്ക്കാണ്. അവിടുന്നു അവനെ അടിക്കടി ശക്തിപ്പെടുത്തിക്കൊണ്ടുമിരുന്നു. താൻ കൂടെയുണ്ടെന്നും തന്റെ വക്താവാണ് മോശയെന്നും തെളിയിക്കാൻ മോശയുടെ വടിക്ക് അവിടുന്ന് അടയാളങ്ങൾ നല്കാനുള്ള കഴിവു കൊടുത്തു.

"ഈ വടി കയ്യിലെടുത്തുകൊള്ളുക, നീ അതുകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിക്കും" (പുറ. 4:17).

## മോശയെ വിശ്വസിക്കുന്ന ഇസ്രായേൽ

ഇടയ്ക്കിടയ്ക്കൊക്കെ പിറുപിറുക്കുകയും മുറുമുറുക്കുകയും ചെയ്യുമായിരുന്നെങ്കിലും ഇസ്രായേൽ മോശ പറഞ്ഞവ വിശ്വസിച്ചു. ഓരോ ഘട്ടത്തിലും ഫറവോയോടു മോശ പറയേണ്ട കാര്യങ്ങൾ കർത്താവ് അവനു പറഞ്ഞുകൊടുത്തിരുന്നു. അവൻ ആമുഖമായി പറയേണ്ടിയിരുന്നത്, "ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ, ഞാൻ വധിക്കും" (പുറ. 4:22-23) എന്നാണ്.

## വിശ്വാസത്തിൽ രണ്ടു കഥാപാത്രങ്ങൾ

വിശ്വാസത്തെക്കുറിച്ചു നാം വ്യക്തമായിക്കാണുന്ന ഒരു വസ്തുത, വിശ്വാസമെന്ന 'ഏകാങ്ക നാടക'ത്തിൽ രണ്ടു പ്രധാന കഥാപാത്രങ്ങളുണ്ട് - ദൈവവും മനുഷ്യനും - എന്നതാണ്. മനുഷ്യൻ തന്റെ സ്രഷ്ടാവായ മഹേശനു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നു, വിട്ടുകൊടുക്കുന്നു (സമർപ്പിക്കണം, വിട്ടുകൊടുക്കണം). ദൈവം ആ സമർപ്പണം ഇഷ്ടപ്പെടുന്നു, സസന്തോഷം സ്വീകരിക്കുന്നു. ഒരു വിശ്വാസി ഓരോ നിമിഷവും സ്വയം തന്റെ സ്രഷ്ടാവിനു പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും സർവ്വശക്തിയോടും സമർപ്പിച്ചുകൊണ്ടിരിക്കണം. അവന്റെ വിശ്വാസത്തിന്റെ ആഴത്തിനും സജീവതയ്ക്കും ആനുപാതികമായി അവൻ തന്റെ ദൈവത്തിന്റെ കരങ്ങളിൽ കൂടുതൽ കൂടുതൽ സുരക്ഷിതനാകും. വിശ്വാസിക്ക് ഈ ലോകത്തിലെ തന്റെ ഏറ്റം വലിയ സുരക്ഷിതത്വം, പാറപോലെ ഉറപ്പുള്ള സുരക്ഷിതത്വം, ദൈവത്തിന്റെ വലതുകരത്തിന്റെ ഉള്ളത്തിലാണ്. "ഇതാ, ഞാൻ നിന്നെ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ഏശ. 49:16). ഈ ബന്ധത്തോടു സമമായി മറ്റൊന്നുമില്ല. പക്ഷേ, വിശ്വാസിക്കു മാത്രമേ ഈ സത്യം മനസ്സിലാവുകയുള്ളൂ.

## വിശ്വാസത്തെ കാർന്നു തിന്നുന്ന പുഴു

ഫറവോയെ സമീപിച്ചു പരാജിതനായ മോശ കർത്താവിനോടു പരാതിപ്പെടുന്നുണ്ട്. പരാതി, തീർച്ചയായും വിശ്വാസതരുവിനെ ആക്രമിക്കുന്ന വളരെ ഉപദ്രവകാരിയായ പുഴുവാണ്. അവൻ കർത്താവിനോടു വിനയാന്വിതനായി ചോദിക്കുന്നു: "കർത്താവേ, അങ്ങ് എന്തിനാണ് ഈ ജനത്തോട് ഇത്ര ക്രൂരമായി പെരുമാറുന്നത്? എന്തിനാണ് അങ്ങ് എന്നെ അയച്ചത്? ഞാൻ, അങ്ങയുടെ നാമത്തിൽ ഫറവോയോടു സംസാരിക്കാൻ വന്നതുമുതൽ അവൻ ഈ ജനത്തെ കഷ്ടപ്പെടുത്തുകയാണ്. അങ്ങു ജനത്തെ മോചിപ്പിക്കുന്നുമില്ല" (5:22-23).

## വിശ്വാസവും സഹനവും

വിശ്വാസവും സഹനവും ഒരുമിച്ചു പോകുന്ന രണ്ടു യാഥാർത്ഥ്യങ്ങളാണ്. നോഹ, അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ജോസഫ്, സാമുവൽ, ദാവീദ്, യൂദാസ് മക്കബേയൂസ്, തോബിത്ത്, യൂദിത്ത്, എസ്തേർ, ജോബിന്റെ കഥയുടെ ഉൾപ്പൊരുൾ, ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, ബാറുക്ക്, പ്രവാസി ഇസ്രായേൽ മക്കളുടെ അനുഭവങ്ങൾ, ദാനിയേൽ, യോനാ, ഇതര ചെറിയ പ്രവാചകന്മാർ, സൂസന്ന, മാതാവ്, അപ്പസ്തോലന്മാർ, സെന്റ് പോൾ ഇതര വിശുദ്ധർ, വിശിഷ്യ, രക്തസാക്ഷികൾ, എല്ലാവർക്കും വിശ്വാസത്തിൽ നിലനില്ക്കാനും വളരാനും കൈമാറാനും ഒട്ടേറെ സഹിക്കേണ്ടിയിരുന്നു. ഈ സഹനം സസന്തോഷം, സർവ്വശക്തനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു, സ്വീകരിക്കുമ്പോൾ, അതു വിമോചനപ്രതലമാകും. ഇതിനു വലിയ വിലയാണുള്ളത്. ഈ ചെറുഗ്രന്ഥത്തിൽ വിശ്വാസികളുടെ കദനകഥകളെല്ലാം വിവരിക്കുക അസാധ്യമല്ലേ? ഇവയൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളായതിനാൽ വിവരണം അനാവശ്യമായും വരുന്നു. ▲

# 4

## ലേവ്യർ

### വിശ്വാസവും വിശുദ്ധിയും

ദൈവമനുഷ്യസമാഗമത്തിന്റെ ഒരു പ്രത്യക്ഷലക്ഷണത്തെക്കുറിച്ചാണു ലേവ്യഗ്രന്ഥം മുഴുവൻ. പാപിയും പരിമിതവിഭവനുമായ മനുഷ്യന് പരമപരിശുദ്ധിയായ, പരിശുദ്ധിതന്നെയായ, സ്നേഹസമുദ്രമായ സർവ്വേശ്വരനെ സമീപിക്കാൻ അവശ്യം ഉണ്ടായിരിക്കേണ്ട ഒരു അവസ്ഥയാണു പരിശുദ്ധി – മനുഷ്യന്റെ ആത്മശരീരവും സിദ്ധികളൊക്കെയും പരിശുദ്ധമായിരിക്കണം. വിശുദ്ധഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്." ദൈവം ആവർത്തിച്ചാവർത്തിച്ചു നല്കുന്ന ഒരു ഉദ്ബോധനമാണിത്. ഇസ്രായേലിലെ യഥാർത്ഥ വിശ്വാസികൾ ബലികളും മറ്റ് ആരാധനാനുഷ്ഠാനങ്ങളും വഴി ജീവിതവിശുദ്ധി കൈവരിക്കാൻ ശ്രമിക്കുന്നതായി ഈ ഗ്രന്ഥത്തിൽ നാം കാണുന്നു.

ലേവ്യർ ഒന്നാം അധ്യായം ദഹനബലിയെക്കുറിച്ചു പരാമർശിക്കുന്നു. രണ്ടാം അധ്യായം ധാന്യബലിയെക്കുറിച്ചു വിവരിക്കുന്നു. സമാധാനബലിയെ സംബന്ധിച്ചാണു മൂന്നാം അധ്യായം, പാപപരിഹാരബലിയെക്കുറിച്ചു നാലാം അധ്യായവും. 5:14–19 പ്രായശ്ചിത്തബലിയെയാണ് അവതരിപ്പിക്കുക. ആറാം

അധ്യായം 8 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ നിരന്തരദഹനബലിയെക്കുറിച്ചുള്ള വിവരണങ്ങൾ നമുക്കു ലഭിക്കുന്നു. ധാന്യബലിയെക്കുറിച്ചുള്ള നിയമങ്ങളും നിബന്ധനകളുമാണ് 6:14-23 ൽ പഠിതാവിനു ലഭിക്കുക. ഏഴാം അധ്യായം പ്രായശ്ചിത്തബലിയെക്കുറിച്ചും സമാധാനബലിയെക്കുറിച്ചും കൂടുതൽ വിശദീകരണങ്ങൾ നല്കുന്നുണ്ട്.

ദൈവത്തെയും മനുഷ്യനെയും പരസ്പരം ബന്ധിപ്പിക്കുന്ന മധ്യവർത്തിയാണു പുരോഹിതൻ. മനുഷ്യന്റെ ബലികളും കാഴ്ചകളും ദൈവസമക്ഷം സമർപ്പിക്കുക, ദൈവത്തിന്റെ തിരുഹിതം വിശ്വാസികൾക്കു വ്യക്തമാക്കിക്കൊടുക്കുക, നന്മയിൽ നിലനില്ക്കുന്നതിന്, വിശുദ്ധി കാത്തുപരിപാലിക്കുന്നതിന്, അത്യന്താപേക്ഷിതമായ കാര്യങ്ങൾ ജനത്തിന് ഉപദേശിച്ചുകൊടുക്കുക, എങ്ങനെ ദൈവമനുഷ്യബന്ധം കൂടുതൽ ഊഷ്മളവും സ്നേഹനിർഭരവുമാക്കാമെന്നു ജനത്തിനു വ്യക്തമാക്കുക, തനിക്കും ജനങ്ങൾക്കുമായി പാപപരിഹാരം ചെയ്യുക, ജനങ്ങളുടെ കാഴ്ചകൾ കർത്താവിനു സമർപ്പിച്ച് അവർക്കുവേണ്ടി പാപപരിഹാരം ചെയ്യുക, ജനങ്ങളെ അനുഗ്രഹിക്കുക, തുടങ്ങിയവയാണ് തമ്പുരാൻ പുരോഹിതർക്ക് ഏല്പിച്ചുകൊടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ. ഇവയുടെയൊക്കെ ഒരു സംക്ഷിപ്തവിവരണം ഒൻപതാം അധ്യായം നല്കുന്നു. നമ്മുടെ കൂദാശകളെല്ലാം വിശ്വാസത്തിലധിഷ്ഠിതമാണ്.

ഇരുപതാം അധ്യായത്തിൽ വിശിഷ്ടമായ ചില ഉപദേശങ്ങൾ ഉടയവൻ ഇസ്രായേൽ ജനത്തിനു നല്കുന്നുണ്ട്. “നിങ്ങളെത്തന്നെ ശുദ്ധീകരിച്ചു വിശുദ്ധരാക്കുവിൻ. എന്തെന്നാൽ, ഞാനാണു നിങ്ങളുടെ ദൈവമായ കർത്താവ്. എന്റെ പ്രമാണങ്ങൾ പാലിക്കുകയും അവയനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ, ഞാനാണു നിങ്ങളെ വിശുദ്ധീകരിക്കുന്ന കർത്താവ് (20:7-8). വീണ്ടും കർത്താവു പറയുന്നു,

എന്റെ നിയമങ്ങളും കല്പനകളും അനുസരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുവിൻ (20:22). "എന്റെ മുമ്പിൽ നിങ്ങൾ വിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, കർത്താവായ ഞാൻ പരിശുദ്ധനാണ്. നിങ്ങൾ എനിക്കു സ്വന്തമാകേണ്ടതിന് (അവിടുന്നിൽ അടിയുറച്ചു വിശ്വസിക്കുകയും ആ വിശ്വാസം പരമാർത്ഥമായി ഏറ്റുപറയുകയും ചെയ്യുന്നവരല്ലേ അവിടുത്തെ സ്വന്തമാകൂ?) ഞാൻ നിങ്ങളെ മറ്റു ജനങ്ങളിൽ നിന്നു വേർതിരിച്ചിരിക്കുന്നു" (20:26).

പൗരോഹിത്യ വിശുദ്ധിയെക്കുറിച്ചു പരാമർശിക്കുന്നു ഇരുപത്തൊന്നാം അധ്യായം. ദൈവതിരുമുമ്പിൽ അവർ എല്ലാവരും വിശുദ്ധരായിരിക്കണം. അവരെന്നല്ല, ആരും ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത്. അവരാണു ദൈവമായ കർത്താവിനു ദഹനബലികളും ഭോജനബലികളും അർപ്പിക്കുന്നത്. അതുകൊണ്ട് അവർ വിശുദ്ധരായിരിക്കണം. പ്രധാനപുരോഹിതൻ വിശുദ്ധസ്ഥലംവിട്ടു പുറത്തുപോകുകയോ ദൈവത്തിന്റെ വിശുദ്ധ സ്ഥലം അശുദ്ധമാക്കുകയോ അരുത്. കാരണം, ദൈവത്തിന്റെ അഭിഷേക തൈലത്തിന്റെ കിരീടം അവന്റെ മേലുണ്ട്. ഞാനാണ് കർത്താവ് (21:6, 7, 12). ദൈവം എനിക്കു സ്വന്തമാകാൻ ഞാൻ പ്രധമതഃ ചെയ്യേണ്ടത് അവിടുന്നിൽ പൂർണ്ണമായി വിശ്വസിക്കുകയാണ്. വിശ്വാസം കൂടാതെ ഒരുവനും ദൈവത്തെ പ്രീതിപ്പെടുത്താനാവില്ല.

വിശ്വാസത്തിന്റെ പരമോന്നതമാനമാണു ദൈവത്തെ മഹത്ത്വപ്പെടുത്തുക എനനത്. ഇസ്രായേൽ ജനം ദൈവത്തെ മഹത്ത്വപ്പെടുത്താൻ വിശുദ്ധ സമ്മേളനങ്ങൾ വിളിച്ചു കൂട്ടിയിരുന്നു. കർത്താവിന്റെ തിരുനാളുകളിൽ വിശുദ്ധ സമ്മേളനങ്ങൾ നടത്തുക ഇസ്രായേലിന്റെ കടമയും ചട്ടവുമായിരുന്നു. ഇങ്ങനെയുള്ള തിരുനാളുകളിൽ ഏറ്റം പ്രധാനപ്പെട്ടത് സാബത്തായിരുന്നു. അത് അതിവിശുദ്ധമായി ആചരിക്കാൻ ഓരോ ഇസ്രാ

യേല്യനും ബാധ്യസ്ഥനായിരുന്നു. പെസഹാ, ആദ്യഫലങ്ങളുടെ തിരുനാൾ, ആഴ്ചകളുടെ തിരുനാൾ, കൂടാരത്തിരുനാൾ തുടങ്ങിയവയായിരുന്നു ഇസ്രായേൽ ജനത്തിന്റെ ഇതരതിരുനാളുകൾ.

ഇതിൽ നിന്നെല്ലാമായി നാം എത്തിനില്ക്കുന്ന നിഗമനം വിശ്വാസവും വിശുദ്ധിയും പരസ്പര പൂരകങ്ങളാണ് എന്നതാണ്. വിശ്വാസം = വിശുദ്ധി. അങ്ങനെയാകുമ്പോൾ ആനുകാലികപ്രസക്തി കൂടിയുള്ള മറ്റൊരു നിഗമനത്തിൽ നാം എത്തുന്നു. വിശ്വാസവർഷം = വിശുദ്ധി അഭ്യസിക്കേണ്ട വർഷം; വിശ്വാസവർഷം = വിശുദ്ധി പ്രാപിക്കേണ്ട വർഷം, വിശ്വാസവർഷം = വിശുദ്ധിയുടെ വർഷം. പരിശുദ്ധപിതാവു വലിയ പ്രതീക്ഷയോടും പ്രത്യാശയോടും കൂടി ആരംഭിച്ചിരിക്കുന്ന വിശ്വാസവത്സരം ഓരോ ദൈവപൈതലിനും വിശുദ്ധി പ്രാപിക്കാനും വിശുദ്ധിയിൽ വളരാനുമുള്ള നിർണ്ണായക നിമിഷങ്ങളാകണം. ഓരോ വിശ്വാസിയും തന്റെ ഹൃദയഭിത്തിയിൽ വിശ്വാസവത്സരത്തിനൊരു ഉണർത്തുപാട്ട് ആലേഖനം ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ? ▲

# 5

## സംഖ്യ

## ശിക്ഷയിലൂടെ ശിക്ഷണം

### മോശ വിശ്വാസത്തിന്റെ വിളനിലം

മോശ വിശ്വാസത്തിന്റെ വിളനിലമായിരുന്നു; വിശ്വാസത്തിന്റെ ഉണർത്തുപാട്ട് ഉറക്കെ പാടുകയായിരുന്നു അവൻ (സംഖ്യ 12:3). സാക്ഷ്യകൂടാരത്തിനു മുകളിൽനിന്നു മേഘം ഉയരുന്നതു നോക്കി കണ്ടുപിടിച്ച് ജനത്തോടു യാത്ര തുടരാൻ നിർദ്ദേശിക്കുന്ന മോശയ്ക്ക് 'മേഘം ഉയരുക' എന്നത് ഇസ്രായൽ ജനത്തിനു വാഗ്ദത്തഭൂമിയിലേക്കുള്ള യാത്ര തുടരാനായി ദൈവം നല്കിയിരുന്ന അടയാളമായിരുന്നു. ഈ അടയാളത്തിനുവേണ്ടി എപ്പോഴും കാത്തിരിക്കാൻ മോശയുടെ വിശ്വാസം അവനെ നിർബന്ധിച്ചു. അവന്റെ ഓരോപ്രവൃത്തിയും വിശ്വാസത്തിലധിഷ്ഠിതമായിരുന്നു. ഈ വിശ്വാസവർഷത്തിലും തുടർന്നുള്ള കാലവും മോശയുടെതുപോലൊരു വിശ്വാസം സ്വായത്തമാക്കാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ! ഇസ്രായേൽജനം കർത്താവിന്റെ പർവ്വതത്തിൽനിന്ന് (സീനായ്മല) (സംഖ്യ 10:11) പുറപ്പെട്ടു മൂന്നു ദിവസത്തെ ദൂരം യാത്രചെയ്തു ക്ഷീണിച്ചപ്പോൾ, അവർക്കൊരു വിശ്രമസ്ഥലം തേടി, കർത്താവിന്റെ വാഗ്ദാനപേടകം (കർത്താവ്) അവർക്കു മുമ്പേ പോയിരുന്നു. വിശ്വാസിക്കു ജീവിതത്തിലുടനീളം ഉടയവന്റെ സംരക്ഷണം സുനിശ്ചിതമാണ്.

വിശ്വാസികൾക്കു ലഭിക്കുന്ന ഉറപ്പായ വലിയ കൃപയാണു ദൈവപരിപാലന - ദൈവം കൂടെയുണ്ടായിരിക്കുക - ഇമ്മാനുവൽ അനുഭവം. ഇസ്രായേൽജനം പാളയത്തിൽനിന്നു പുറപ്പെട്ടു യാത്രചെയ്തപ്പോഴെല്ലാം കർത്താവിന്റെ മേഘം (ദൈവത്തിന്റെ സാന്നിദ്ധ്യവും സംരക്ഷണവും) പകൽസമയം അവർക്കുമീതേയുണ്ടായിരുന്നു. പേടകം പുറപ്പെട്ടപ്പോഴെല്ലാം മോശ പ്രാർത്ഥിച്ചിരുന്നു: കർത്താവേ, ഉണരുക! അങ്ങയുടെ ശത്രുക്കൾ ചിതറിപ്പോകട്ടെ! അങ്ങയെ ദ്വേഷിക്കുന്നവർ പലായനം ചെയ്യട്ടെ! പേടകം നിശ്ചലമായപ്പോൾ അവൻ പ്രാർത്ഥിച്ചിരുന്നു: കർത്താവേ, അവിടുന്ന് ഇസ്രായേലിന്റെ പതിനായിരങ്ങളിലേക്കു തിരിച്ചുവന്നാലും. സുഖത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സർവ്വശക്തനിലാശ്രയിച്ച്, അവിടുത്തെ പരിപാലനയിൽ ശരണപ്പെട്ട്, പ്രത്യാശയോടെ, തപസ്സിലും പ്രായശ്ചിത്തത്തിലും പ്രാർത്ഥനയിലും ദൈവത്തെ സ്തുതിച്ചു മഹത്ത്വപ്പെടുത്തി, മുമ്പോട്ടു നീങ്ങുക എന്നത് വിശ്വാസിയുടെ സവിശേഷതയാണ്; ചെയ്യുന്നതെന്തും ദൈവമഹത്ത്വത്തിനായിരിക്കണം.

കാറ്റത്തുലയുന്ന ഞാങ്കണയുടെ മാതൃകയിലായിരുന്നു ഇസ്രായേലിന്റെ വിശ്വാസമെന്നുള്ളതു സുവിദിതം. ഏറ്റം ചെറിയ ഒരു കാര്യത്തിൽപ്പോലും അവരുടെ വിശ്വാസം പതറുമായിരുന്നു. മരുഭൂയാത്രയിൽ നിരവധിപ്രാവശ്യം അവർ വിശ്വാസത്തിൽ നിന്നു വഴുതിപ്പോയിട്ടുണ്ട്. സീനായ് മലയിൽനിന്നു കർത്താവിനോടൊപ്പം (ഇമ്മാനുവൽ) യാത്ര പുറപ്പെട്ട ഉടനെ, അവർ അവിടുത്തേക്ക് അനിഷ്ടമാകത്തക്കവിധം പിറുപിറുത്തു. ഒരു യഥാർത്ഥ വിശ്വാസിക്ക് ഒരിക്കലും പിറുപിറുക്കാനാവില്ല. വിശ്വാസക്കുറവ്, വിശ്വാസരാഹിത്യം, പരാതി, പിറുപിറുപ്പ്, ഇവയെല്ലാം കർത്താവിന്റെ കോപം ജ്വലിപ്പിക്കുന്ന, അവിടുത്തെ കോപാഗ്നി പടർന്നുകത്തുന്ന, സാഹചര്യങ്ങളാണ്. തങ്ങളുടെ പാളയത്തിന്റെ ചില ഭാഗങ്ങൾ അഗ്നി ദഹിപ്പിച്ചു കളഞ്ഞപ്പോൾ

ജനം മോശയോടു നിലവിളിച്ചു. മോശയോ, കർത്താവിനോടു പ്രാർത്ഥിച്ചു. അഗ്നി ശമിക്കുകയും ചെയ്തു (സംഖ്യ 11:1-2).

ഒരുവന്റെ നഷ്ടപ്പെട്ട വിശ്വാസം വീണ്ടുകിട്ടുകയോ, ഉണ്ടായിരുന്ന വിശ്വാസം വർദ്ധമാനമാവുകയോ ചെയ്യുമ്പോഴാണ് കർത്താവു ശാന്തമാകുന്നതും ശിക്ഷയോ, ശിക്ഷകളോ പിൻവലിക്കുന്നതും. വിശ്വാസക്കുറവുമൂലം മോശയുടെ സഹോദരി മിരിയാം ശിക്ഷിക്കപ്പെടുന്നതു സംഖ്യ 12:7-16 ൽ നാം കാണുന്നു. മോശയുടെ സഹോദരൻ അഹറോനും മിരിയാമിന്റെ തെറ്റിനു കൂട്ടുനിന്നു. കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ? എന്ന് അവർ ചോദിച്ചു. അപ്പോൾ കർത്താവ് അവർക്കു വെളിപ്പെടുത്തി: "എന്റെ ദാസനായ മോശയെ... എന്റെ ഭവനത്തിന്റെ മുഴുവൻ ചുമതലയും ഏൽപ്പിച്ചിരിക്കുന്നു. സ്പഷ്ടമായി മുഖാമുഖം, അവനുമായി ഞാൻ സംസാരിക്കുന്നു. അവൻ എന്റെ രൂപം കാണുകയും ചെയ്യുന്നു."

മോശയെ ശരിക്കു മനസ്സിലാക്കാൻ അവർക്കു കഴിയാതെ പോയത് അവരുടെ വിശ്വാസക്കുറവ്, അഹങ്കാരം, വെറുപ്പ്, വിദ്വേഷം, ഇവ മൂലമാണ്. കർത്താവിന്റെ കോപം മിരിയാമിനും അഹറോനുമെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ വിട്ടുപോയി. കൂടാരത്തിന്റെ മുകളിൽനിന്നു മേഘം നീങ്ങിയപ്പോൾ മിരിയാം കുഷ്ഠംപിടിച്ചു മഞ്ഞുപോലെ വെളുത്തു. മോശ കരഞ്ഞപേക്ഷിച്ചതുകൊണ്ട് ദൈവം അവളെ മരിക്കാൻ അനുവദിച്ചില്ല. എങ്കിലും ഏഴുദിവസത്തേക്ക് അവളെ പാളയത്തിൽനിന്നു പുറത്താക്കി (സംഖ്യ 12:1-15). വിശ്വാസത്തിൽ സംഭവിച്ച കുറവാണ് ആ സ്ത്രീയെ കുഷ്ഠത്തിലേക്കു നയിച്ചത്. വിശ്വാസത്തിന്റെ മേഖലയിൽ സംഭവിക്കുന്ന അപജയങ്ങളെ സർവ്വേശ്വരൻ അത്രയേറെ ഗൗരവമായാണു കാണുക.

തന്നെയും തന്റെ വക്താക്കളെയും വിശ്വസിക്കാതിരിക്കു

കയും തന്നെ മറുതലിക്കുകയും ചെയ്ത (സംഖ്യ 14:11) ഇസ്രാ യേൽ ജനത്തോടു ദൈവം, അങ്ങേയറ്റം കോപിച്ച്, അവരെ മഹാമാരികൊണ്ടു പ്രഹരിച്ചു, നിർമ്മൂലനം ചെയ്യാൻ തീരുമാ നിക്കുന്നു (സംഖ്യ 14:12). മോശ കർത്താവിനോടു കരുണ യ്ക്കായി യാചിക്കുന്നു. "അങ്ങയുടെ കാരുണ്യാതിരേകത്തിനു യോജിച്ചവിധം, ഈജിപ്തു മുതൽ ഇവിടംവരെ ഈ ജന ത്തോടു ക്ഷമിച്ചതുപോലെ, ഇപ്പോഴും ഇവരുടെ അപരാധം പൊറുക്കണമെന്ന് അങ്ങയോടു ഞാൻ യാചിക്കുന്നു (14:19). പുരോഹിതൻ, മെത്രാൻ, വിശ്വാസികളെല്ലാവരും നിരന്തരം ഇപ്ര കാരം പ്രാർത്ഥിക്കണം.

അപ്പോൾ കർത്താവ് അരുളിച്ചെയ്യുന്നു: "നിന്റെ അപേക്ഷ സ്വീകരിച്ച് ഞാൻ ക്ഷമിച്ചിരിക്കുന്നു" (14:20). എങ്കിലും അവി ടുന്ന് ആണയിട്ടു പറയുന്നു: എന്റെ മഹത്ത്വവും ഈജിപ്തിലും മരുഭൂമിയിലും വച്ചു ഞാൻ ചെയ്ത അടയാളങ്ങളും കണ്ടിട്ടും എന്നെ പത്തു പ്രാവശ്യം പരീക്ഷിക്കുകയും എന്റെ സ്വരം അവ ഗണിക്കുകയും ചെയ്ത (കർത്താവിൽ വിശ്വസിക്കാത്ത, ശര ണപ്പെടാത്ത, അവിടുത്തേക്കെതിരേ പോലും പിറുപിറുക്കുന്ന) ഈ ജനത്തിലാരും, അവരുടെ പിതാക്കന്മാർക്കു ഞാൻ വാഗ്ദാനം ചെയ്ത ദേശം കാണുകയില്ല; എന്നാൽ, എന്റെ ദാസ നായ കാലെബിനെ അവൻ ഒറ്റുനോക്കിയ ദേശത്തേക്കു ഞാൻ കൊണ്ടുപോകും, അവന്റെ സന്തതികൾ അതു കൈവശമാക്കും. എന്തെന്നാൽ, അവനെ നയിച്ച ചൈതന്യം വ്യത്യസ്തമാണ്. അവൻ എന്നെ പൂർണ്ണമായി അനുഗമിച്ചു (വിശ്വാസത്തിന്റെ മനോഭാവം, ജീവിതം) (14:21-25).

കർത്താവ് മോശയോടും അഹറോനോടും വീണ്ടും അരു ളിച്ചെയ്യുന്നു: വഴിപിഴച്ച ഈ സമൂഹം (വിശ്വാസം ലെവലേശ മില്ലാത്ത ഈ തലമുറ) എത്രനാൾ എനിക്കെതിരേ പിറുപിറു ക്കും... ജീവിക്കുന്നവനായ ഞാൻ ശപഥം ചെയ്യുന്നു: നിങ്ങ

ളുടെ ശവങ്ങൾ ഈ മരുഭൂമിയിൽ വീഴും.... യഫുന്നയുടെ മകൻ കാലെബും നിന്റെ മകൻ ജോഷ്വയും അവിടെ (വാഗ്ദത്തഭൂമിയിൽ) പ്രവേശിക്കും.... നിങ്ങളുടെ അവിശ്വസ്തതയ്ക്കു (വിശ്വാസരാഹിത്യത്തിന്) പ്രായശ്ചിത്തം ചെയ്തുകൊണ്ടു നിങ്ങളുടെ മക്കൾ നാല്പതുവർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും... എന്നോടു കാട്ടിയ അവിശ്വസ്തതയുടെ രൂക്ഷത നിങ്ങൾ അങ്ങനെ അറിയും (14:26-34).

മോശ ഇക്കാര്യം ഇസ്രായേൽ ജനത്തോടു പറയുന്നു. അവർ ഏറെ വിലപിക്കുന്നു. അവർ പറയുന്നു: "ഞങ്ങൾ പാപം ചെയ്തുപോയി. എന്നാൽ, കർത്താവു വാഗ്ദാനം ചെയ്ത ദേശത്തേയ്ക്കു പോകാൻ, ഇപ്പോഴിതാ, ഞങ്ങൾ തയ്യാറാണ്. അവർ മലയിലേക്കു കയറാൻ ശ്രമിച്ചപ്പോൾ മോശ അവരെ വിലക്കുന്നു. കാരണം, കർത്താവ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. പക്ഷേ, അവർ ധിക്കാരപൂർവ്വം മലയിലേക്കു കയറി. മലയിൽ പാർത്തിരുന്ന അമലേക്യരും കാനാന്യരും ഇറങ്ങിവന്ന് അവരെ ഹോർമലവരെ തോല്പിച്ചോടിക്കുന്നു.

കർത്താവിനെ അറിയാതെ, അവിടുത്തെ സ്നേഹിക്കാതെ, അവിടുന്നിൽ വിശ്വസിക്കാതെ, കോറഹ് സമൂഹത്തെ മുഴുവൻ മോശയ്ക്കും അഹറോനുമെതിരേ സമാഗമകൂടാരത്തിന്റെ വാതില്ക്കൽ ഒരുമിച്ചുകൂട്ടുന്നു. അപ്പോൾ സമൂഹം മുഴുവൻ കർത്താവിന്റെ മഹത്ത്വം കാണുന്നു (സംഖ്യ 16:19). കോറഹ്, ദാത്താൻ, അബീറാം ഇവർ കർത്താവിനെതിരേയുള്ള പാപത്തിൽ കൂട്ടാളികളായിരുന്നു. അവിടുന്നു മോശയോടും അഹറോനോടും പറയുന്നു: ഞാനിവരെ ഇപ്പോൾ സംഗ്രഹിക്കും. അവിടുന്നു മോശയോടു നിർദ്ദേശിക്കുന്നു: കുറ്റവാളികളുടെ വീടുകളുടെ പരിസരത്തുനിന്നു മാറിപ്പോകാൻ മറ്റുള്ളവരോടു പറയുക (സംഖ്യ 16:10-24). അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും ശിക്ഷ

എത്ര വലുതാണെന്നു കോറഹ്, ദാത്താൻ, അബീറാം കുടുംബങ്ങൾക്കുണ്ടായ ട്രാജടിയിൽനിന്നു വ്യക്തമാകുന്നു. “അവർക്കു താഴെ ഭൂമി വാപിളർന്നു കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടുംകൂടെ വിഴുങ്ങിക്കളഞ്ഞു. അവരും അവരോടു ബന്ധപ്പെട്ടവരും ജീവനോടെ പാതാളത്തിൽ പതിച്ചു. ഭൂമി അവരെ മൂടി. അങ്ങനെ ജനമധ്യത്തിൽനിന്ന് അവർ അപ്രത്യക്ഷരായി (16:31 -33).

ദൈവത്തിനു ബലിയർപ്പിച്ച് അവിടുത്തേക്ക് ആരാധനാസ്തുതി സ്തോത്രങ്ങളർപ്പിക്കുകയെന്നത് വിശ്വാസിയുടെ അത്യുദാത്തമായ ഒരു കടമയാണെന്നു അന്യത്ര സൂചിപ്പിച്ചിട്ടുള്ളത് അനുസ്മരിക്കുമല്ലോ. ബലിയർപ്പണത്തെക്കുറിച്ചു കർത്താവ് അഹറോനോട് അരുളിച്ചെയ്യുന്നതു കേൾക്കുക. “ഇസ്രായേൽജനം എനിക്കു സമർപ്പിക്കുന്ന കാഴ്ചകൾ നിങ്ങളെ (അഹറോനെയും അവന്റെ പുത്രന്മാരെയും) ഏല്പിച്ചിരിക്കുന്നു. അവ നിനക്കും നിന്റെ പുത്രന്മാർക്കും എന്നേക്കുമുള്ള ഓഹരിയായിരിക്കും.... ഇവ നീയും നിന്റെ പുത്രന്മാരും അതിവിശുദ്ധമായിക്കരുതണം. വിശുദ്ധമായ ഒരു സ്ഥലത്തുവച്ച് അതു ഭക്ഷിക്കണം.... ഇസ്രായേൽജനം കർത്താവിനു നീരാജനമായി സമർപ്പിക്കുന്ന വിശുദ്ധ കാഴ്ചകളെല്ലാം നിനക്കും പുത്രന്മാർക്കും പുത്രിമാർക്കും ശാശ്വതാവകാശമായി ഞാൻ നല്കുന്നു. കർത്താവിന്റെ സന്നിധിയിൽ നിനക്കും സന്തതികൾക്കും ഇത് എന്നേക്കും നിലനില്ക്കുന്ന ഉടമ്പടിയായിരിക്കും. കർത്താവ് അഹറോനോട് അരുളിച്ചെയ്തു: ഇസ്രായേലിൽ നിനക്കു ഭൂമി അവകാശമായി ലഭിക്കുകയില്ല.... ഞാനാണു നിന്റെ അവകാശിയും ഓഹരിയും (സംഖ്യ 18:8-10, 19-20).

പൗരോഹിത്യവും പുരോഹിതരും വിശ്വാസജീവിതത്തിന്റെ ഒരു അവശ്യഘടകമാണ്. പൗരോഹിത്യത്തെ പുച്ഛിക്കുകയും തള്ളിപ്പറയുകയും തഴയാൻ ശ്രമിക്കുകയും ചെയ്യുന്നവർ യഥാർത്ഥ വിശ്വാസികളല്ലെന്ന് അനുക്തസിദ്ധം. പുരോ

ഹിതന്റെ ശുശ്രൂഷ പ്രധാനമായും അൾത്താരയിലാണ്. വേല ക്കാരൻ തന്റെ കൂലിക്ക് അർഹനുമാണ്. തന്മൂലം അൾത്താര ശുശ്രൂഷിക്ക് അൾത്താരകൊണ്ടു വേണം ജീവിക്കാൻ. അൾത്താരയിൽ അവർ ചെയ്യുന്ന ശുശ്രൂഷകൾക്കുള്ള പ്രതി ഫലം "ഇസ്രായേലിൽനിന്നു ലഭിക്കുന്ന ദശാംശമായിരിക്കും" (18:21). അതായതു പുരോഹിതൻ ബലിയർപ്പണത്തിനു വിളിച്ചു വേർതിരിക്കപ്പെട്ടവനാണ്. അവനെ അവിടുന്നു പ്രത്യേകം സംര ക്ഷിക്കുകയും ചെയ്യും (സങ്കീ. 105:15).

ഇസ്രായേലിൽ തന്റെ വിശുദ്ധി വെളിപ്പെടുത്തത്തക്കവിധം മോശയും അഹറോനും കർത്താവിൽ വിശ്വസിക്കാതിരുന്നതു കൊണ്ട് അവിടുന്നു മോശയെയും അഹറോനെയും പോലും ശിക്ഷിക്കുന്നു. ആ ശിക്ഷ വലുതായിരുന്നു, അവിടുന്നു സ്പഷ്ടമായി അവരോടു പറയുന്നു: "കാനാൻദേശത്ത് എന്റെ ജനത്തെ എത്തിക്കുന്നതു നിങ്ങളായിരിക്കുകയില്ല' (സംഖ്യ 20:12). അഹറോന്റെ മരണം വെളിപ്പെടുത്തിക്കൊണ്ട് അവനുള്ള ശിക്ഷ വീണ്ടും കർത്താവു പ്രഖ്യാപിക്കുന്നു. "അഹറോൻ തന്റെ പിതാക്കന്മാരോടുചേരും. മെരീബാ ജലാശയത്തി ങ്കൽവച്ചു നിങ്ങൾ എന്റെ കല്പനയെ ധിക്കരിച്ചതുകൊണ്ട്, ഇസ്രായേൽജനത്തിനു ഞാൻ നല്കുന്ന ദേശത്ത് അവൻ പ്രവേ ശിക്കുകയില്ല" (സംഖ്യ 20:24). പ്രമാണ ലംഘനം, പാപം, ദൈവ ത്തോടുള്ള ധിക്കാരമാണ്; അവിടുത്തെ അനന്തസ്നേഹത്തിന്റെ തിരസ്ക്കരണവും അവിടുത്തോടുള്ള അവിശ്വസ്തതയുമാണ്. അനുതപിച്ച് മാനസാന്തരപ്പെട്ടാൽ രക്ഷ പ്രാപിക്കാം.

## നിയമാവർത്തനം

### വിശ്വാസികൾ ശ്രേഷ്ഠ ജനത

നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവു നമുക്കു സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠജനതയാണു ള്ളത്? നമുക്കുള്ളതുപോലെ നീതിയുക്തമായ ചട്ടങ്ങളും നിയ

മങ്ങളും ഏതു ശ്രേഷ്ഠജനതയ്ക്കാണുള്ളത്? (ആവ. 4:6–7). “അതിനാൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുവിൻ. ഹോറെബിൽവച്ച്, അഗ്നിയുടെ മധ്യത്തിൽനിന്നു കർത്താവു നിങ്ങളോടു സംസാരിച്ച ദിവസം നിങ്ങൾ ഒരു രൂപവും കണ്ടില്ല (നമുക്കുള്ളതുപോലെ, ദൈവത്തിനു രൂപമില്ല. അവിടുന്ന് ആത്മാവാണ്. അശ്ശരീരിയാണ്). അതിനാൽ എന്തിന്റെയെങ്കിലും സാദൃശ്യത്തിൽ (അരൂപനായ ദൈവത്തിന്റെ പ്രതിമയെക്കുറിച്ചാണ് തിരുവചനം പറയുന്നതെന്നു മനസ്സിലാക്കാത്ത പലരുമുണ്ട്) വിഗ്രഹമുണ്ടാക്കി നിങ്ങളെത്തന്നെ അശുദ്ധരാക്കാതിരിക്കാൻ സൂക്ഷിച്ചു കൊള്ളുവിൻ (നിയ. 4:15–18). അങ്ങനെ ഉണ്ടാക്കി അതിനെ ആരാധിക്കുന്നതാണു വിഗ്രഹാരാധന. “മുകളിൽ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും മറ്റൊരു ദൈവമില്ലെന്നു ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ (നിയ. 4:39). നിയമാവർത്തനം എട്ടാം അധ്യാത്തിൽ നാം കാണുന്നു: “നിങ്ങളുടെ ദൈവമായ കർത്താവിന്റെ മാർഗ്ഗത്തിലൂടെ ചരിച്ചും അവിടുത്തെ ഭയപ്പെട്ടും അവിടുത്തെ കല്പനകൾ പാലിച്ചുകൊള്ളുവിൻ (8:6). ഇതാണു ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്ത. ഈ വിശ്വാസം ആർജ്ജിച്ച് അതിൽ വളരുക ഒരുവന്റെ അസ്സുലഭ ഭാഗ്യമാണ്.

ദൈവത്തിന്റെ സ്വന്തം ജനമായിരിക്കേണ്ടവരാണു നാം. കാരണം നാം നശിച്ചുപോകാതെ, നിത്യജീവിൻ പ്രാപിക്കേണ്ടതിനായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം നമ്മെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). നമ്മെ സൃഷ്ടിച്ചു, രക്ഷിച്ചു പരിപാലിക്കുന്ന ഈ മഹാസ്നേഹത്തിനു പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണഹൃദയത്തോടും സർവ്വശക്തിയോടും അവിടുത്തെ തിരിച്ചു സ്നേഹിക്കണമെന്നത് ദൈവത്തിന്റെ അലംഘനീയവും പരമപ്രധാനവുമായ കല്പനയാണ് (നിയ. 6:4–5). ഇക്കാര്യത്തിൽ അവിടുന്നു കർക്കശനും അസഹിഷ്ണുവുമാണ്. പ്രതിസ്നേഹവും തജ്ജന്യമായ സമ്പൂർണ്ണസമർപ്പണവും ദൈവത്തിലുള്ള ആശ്രയബോധവുമെല്ലാം വിശ്വാസജീവിതത്തിന്റെ ആവിഷ്കാരങ്ങളാണ്. ▲

# 6

# സാമുവൽ

## വിശ്വാസത്തിനു മാതൃക

സാമുവലിന്റെ ഒന്നാം പുസ്തകം മൂന്നാം അധ്യായത്തിൽ ബാലനായ സാമുവൽ ദൈവത്തിലുള്ള ആഴമേറിയ വിശ്വാസത്തിലേക്കു ദൈവം തന്നെ വിളിക്കുന്നതും സാമുവൽ പ്രസ്തുത വിളിക്കു പ്രത്യുത്തരം നല്കുന്നതും നമുക്കു കാണാം. കർത്താവു മൂന്നാം പ്രാവശ്യം വിളിച്ചപ്പോഴാണല്ലോ സാമുവലിന്, അതു കർത്താവാണു വിളിക്കുന്നതെന്ന ബോധ്യം ഉണ്ടായത് (1 സാമു. 3:3-10). ഏലിയുടെ സാന്നിദ്ധ്യത്തിൽ, ബാലനായ സാമുവൽ, കർത്താവിനു ശുശ്രൂഷ ചെയ്തുപോന്ന (3:1) പ്പോഴാണ് വിളിയുണ്ടായതെന്നും നാം ഓർക്കണം. കർത്താവു തന്നെയാണു തന്നെ വിളിക്കുന്നതെന്ന ബോധ്യം ഉണ്ടായപ്പോൾ സാമുവൽ തികഞ്ഞ വിശ്വാസത്തിൽ, സമ്പൂർണ്ണസമർപ്പണമനോഭാവത്തോടെ ഏറ്റു പറയുന്നു: "അരുളിച്ചെയ്താലും, അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു". ബാലനെങ്കിലും സാമുവലിന്റെ വിശ്വാസപ്രഖ്യാപനം അത്യുദാത്തമാണ്. ഒരു യഥാർത്ഥ വിശ്വാസിയുടെ തനിമയുള്ള മനോഭാവമാണ് അവൻ ആവിഷ്ക്കരിക്കുന്നത്.

ശാപഭീതി ഉളവാക്കി, ദൈവം വെളിപ്പെടുത്തിയത് ഒന്നും മറച്ചുവയ്ക്കാതെ, എല്ലാക്കാര്യങ്ങളും ഏലിയോടു സാമുവൽ

പറയുന്നു: "മക്കൾ ദൈവദൂഷണം പറയുന്നത് (അക്ഷന്തവ്യ മായ വിശ്വാസരാഹിത്യം, വിശ്വാസത്യാഗം) അറിഞ്ഞിട്ടും അവരെ തടയാഞ്ഞതുമൂലം ദൈവം ഏലിയുടെ കുടുംബത്തി ന്മേൽ എന്നേക്കുമായി ശിക്ഷാവിധി നടത്താൻ പോവുകയാ ണ്. ഏലി കുടുംബത്തിന്റെ പാപത്തിന് ബലികളും കാഴ്ചകളും ഒരിക്കലും പരിഹാരമാവുകയില്ലെന്നും കർത്താവു ശപഥം ചെയ്തു പറഞ്ഞു" (3:13-14) വെന്നു സാമുവൽ ഏലിക്കു വെളി പ്പെടുത്തി.

വെളിപാടു കർത്താവിൽ നിന്നാണെന്ന് ഉറച്ച ബോധ്യ മുണ്ടായിരുന്ന ഏലി സത്യസന്ധമായി ഉദീരണം ചെയുന്നു: കർത്താവിനു യുക്തമെന്നു തോന്നുന്നതു പ്രവർത്തിക്കട്ടെ (3:18). ഇതും വിശ്വാസത്തിന്റെ മനോഭാവം തന്നെ. കർത്താ വിൽ വിശ്വസിച്ച്, അവിടുന്നിൽ സകലാശ്രയവും വച്ച്, സാമു വൽ വളർന്നു വന്നു. കർത്താവ് അവനോടുകൂടെയുണ്ടായിരു ന്നു. അവന്റെ വാക്കുകളിൽ ഒന്നും വ്യർത്ഥമാകാൻ കർത്താവ് ഇടവരുത്തിയില്ല (3:19-20). അവന്റെ വാക്ക് ഇസ്രായേൽ മുഴു വൻ ആദരിച്ചു (4:1).

ഇസ്രായേൽജനം ഒരു രാജാവിനുവേണ്ടി മുറവിളി കൂട്ടി യത് രാജാധിരാജനായ തങ്ങളുടെ ദൈവത്തിൽ അവർക്കുണ്ടാ യിരുന്ന വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ കുറഞ്ഞു പോയ തുകൊണ്ടാണ്. ദൈവം അത് ഇഷ്ടപ്പെടാതെ തന്നെയാണു സാവൂളിനെ, രാജാവായി അഭിഷേകം ചെയ്യാൻ സാമുവലി നോടു നിർദ്ദേശിച്ചത് (1 സാമു. അ. 5, 9, 10). എങ്കിലും കരു ണാമയനായ ദൈവം, സ്നേഹസ്വരൂപൻ, അവന് ഒരു പുതിയ ഹൃദയം നല്കുന്നു.... ദൈവത്തിന്റെ ആത്മാവ് അവനിൽ ശക്ത മായി പ്രവർത്തിക്കുന്നു (1 സാമു. 10:9-10). സാമുവൽ അവനെ രണ്ടു പ്രാവശ്യം രാജാവായി പ്രഖ്യാപിക്കുന്നുണ്ട് (10:1-5, 11:14-15).

അങ്ങനെ, ഗിൽഗാലിൽവച്ച് സാമുവലും ജനവും ഒരേ സ്വരത്തിൽ സാവൂളിനെ രാജാവായി പ്രഖ്യാപിക്കുന്നു. അവർ കർത്താവിന്റെ സന്നിധിയിൽ സമാധാനബലികൾ അർപ്പിച്ചുവെങ്കിലും, സാമുവൽ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ, രക്ഷാകരചരിത്രം ഇസ്രായേൽ മക്കളെ അനുസ്മരിപ്പിക്കുന്നതോടൊപ്പം, ദൈവമായ കർത്താവു തങ്ങളുടെ രാജാവായിരിക്കെ ഭരിക്കാൻ വേറൊരു രാജാവുവേണമെന്നു ശഠിച്ചതു കർത്താവിന്റെ ശക്തിയിലുള്ള അവരുടെ വിശ്വാസക്കുറവാണെന്നു സൂചിപ്പിക്കുകയും (12:12) ഇതുമൂലം കർത്താവിന്റെ ദൃഷ്ടിയിൽ അവർ പ്രവർത്തിച്ച തിന്മ എത്ര വലുതെന്നു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ട് (12:17). കർത്താവ് ഇടിയും മഴയും അയയ്ക്കുന്നു (12:18). "ഇനിയും പാപം ചെയ്താൽ, അവിടുന്നു നിങ്ങളെയും നിങ്ങളുടെ രാജാവിനെയും നീക്കിക്കളയും" (12:25), ഇതു സാമുവലിന്റെ താക്കീതാണ്.

ദൈവത്തിന്റെ പ്രവാചകനെ അനുസരിക്കാതിരുന്ന സാവൂൾ തിരസ്കൃതനാകുന്നു. സാമുവൽ കാര്യം വ്യക്തമാക്കുന്നു: "നിന്റെ ദൈവമായ കർത്താവിന്റെ കല്പന നീ അനുസരിച്ചില്ല. അനുസരിച്ചിരുന്നെങ്കിൽ, അവിടുന്നു നിന്റെ രാജത്വം ഇസ്രായേലിൽ എന്നേക്കുമായി സ്ഥിരപ്പെടുത്തുമായിരുന്നു. എന്നാൽ, നിന്റെ ഭരണം ഇനി ദീർഘിക്കുകയില്ല. കർത്താവിന്റെ കല്പനകൾ നീ അനുസരിക്കായ്കയാൽ, തന്റെ ഹിതാനുവർത്തിയായ ഒരാളെ അവിടുന്നു തെരഞ്ഞെടുത്തിട്ടുണ്ട്. ജനത്തിനു രാജാവായിരിക്കാൻ അവിടുന്ന് അവനെ നിയോഗിച്ചുകഴിഞ്ഞു (1 സാമു. 13:13-14).

ഒന്നു സാമുവൽ പതിന്നാലാം അധ്യായത്തിൽ ഒന്നു മുതലുള്ള വാക്യങ്ങളിൽ, ദൈവത്തിൽ വിശ്വസിച്ച്, അവിടുന്നിൽ സകലാശ്രയവും അർപ്പിച്ച്, സാവൂളിന്റെ മകൻ ജോനാഥാൻ ചെയ്ത ഒരു സാഹസിക പ്രവൃത്തി ഇസ്രായേലിനു നേട്ടമു

ണ്ടാക്കുകയും ഇസ്രായേലിന്റെ ആജന്മശത്രുക്കൾ കീഴടങ്ങു കയും ചെയ്യുന്ന സംഭവമാണു വിവരിക്കുക. ജോനാഥാൻ തന്റെ ആയുധവാഹകനോടു കൂടെ ഫിലിസ്ത്യപാളയത്തിൽ കടക്കു ന്നു. ജോനാഥാൻ അവനെ ഇപ്രകാരം പറഞ്ഞു ധൈര്യപ്പെടു ത്തുന്നു: വരുക, നമുക്ക് ഈ അപരിച്ഛേദിതരായ സൈന്യ ത്തിന്റെ നേരേ ചെല്ലാം. കർത്താവ് നമുക്കുവേണ്ടി പ്രവർത്തി ക്കാതിരിക്കുമോ? ആള് ഏറിയാലും കുറഞ്ഞാലും കർത്താവിനു രക്ഷിക്കാൻ തടസ്സമില്ലല്ലോ... അവർ ഫിലിസ്ത്യസേനയുടെ മുമ്പാകെ പ്രത്യക്ഷപ്പെടുന്നു. "ഇതാ, ഒളിച്ചിരുന്ന ഗുഹക ളിൽനിന്നു ഹെബ്രായർ പുറത്തുവരുന്നുവെന്നു ഫിലിസ്ത്യർ വിളിച്ചു പറയുന്നു."

കാവൽസൈന്യം ജോനാഥാനെയും ആയുധവാഹക നെയും അഭിവാദനം ചെയ്തുകൊണ്ടു പറയുകയാണ്: "ഇങ്ങോട്ടു കയറിവരുവിൻ. ഞങ്ങൾ ഒരു കാര്യം കാണിച്ചുത രാം". കാവൽസൈന്യം ജോനാഥാന്റെ മുമ്പിൽ വീഴുകയായി. ആയുധവാഹകനാകട്ടെ, അവരെ ഓരോരുത്തരെയായി വധി ക്കുന്നു. ഫിലിസ്ത്യരുടെയിടയിൽ അമ്പരപ്പുളവാകുന്നു. ഏവരും നടുങ്ങുന്നു. ഭൂമി കുലുങ്ങുന്നു. അതിഭയങ്കരമായ സംഭ്രാന്തി എവിടെയും പടരുന്നു (14:1-15). വിശ്വസിക്കുന്നവ രോടൊപ്പം നിന്ന്, അവർക്കുവേണ്ടി യുദ്ധം ചെയ്യുന്ന, നിസ്തുല പ്രജാവത്സലനാണ് നമ്മുടെ ദൈവം. പ്രാർത്ഥിക്കാം: "നീ എന്റെ യുദ്ധം നയിക്കേണമെ! നീ എന്റെ ഉള്ളിൽ വാഴേണമേ!"

ദൈവത്തിൽ വിശ്വസിക്കുന്നവർക്ക്, അവിടുത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളി ക്കപ്പെട്ടവർക്ക്, അവിടുന്ന് എല്ലാം നന്മയ്ക്കായി പരിണമി പ്പിക്കുന്നു (റോമ. 8:28). പുരുഷാരം ചിന്നിച്ചിതറി ഓടുന്നതു ബഞ്ചമിനിലെ ഗിബെയായിൽ ഉണ്ടായിരുന്ന സാവൂളിന്റെ കാവൽക്കാർ കാണുന്നു. സാവൂൾ പുരോഹിതനോടു സംസാ രിച്ചുകൊണ്ടിരിക്കുകയാണ്. അതാ, ഫിലിസ്ത്യപാളയത്തിലെ ബഹളം മേൽക്കുമേൽ വർദ്ധിക്കുന്നു. സാവൂളും കൂടെയുണ്ടാ യിരുന്ന ജനവും അണിനിരന്നു യുദ്ധസ്ഥലത്തേക്കു ചെല്ലുന്നു. ഫിലിസ്ത്യർ പരസ്പരം പടവെട്ടി നശിക്കുന്നതാണ് അവർ

കാണുക. നേരത്തെ ഫിലിസ്ത്യരോടുകൂടെ ആയിരുന്നവരും അവരുടെ പാളയത്തിൽ ചേർന്നവരുമായ ഹെബ്രായർ, സാവൂളിനോടും ജോനാഥാനോടും കൂടെ ഉണ്ടായിരുന്ന ഇസ്രായേല്യരുടെ പക്ഷം ചേരുന്നു. എഫ്രായിം മലനാട്ടിൽ ഒളിച്ചിരുന്ന ഇസ്രായേല്യരും, ഫിലിസ്ത്യർ തോറ്റോടിയെന്നറിഞ്ഞ്, പക്ഷം ചേർന്ന് അവരെ പിന്തുടരുന്നു. അങ്ങനെ കർത്താവ് ഇസ്രായേല്യരെ രക്ഷിക്കുന്നു (14:16-23). തന്നിൽ വിശ്വസിച്ച്, തന്നിൽ ശരണപ്പെടുന്നവരെ കർത്താവ് എപ്പോഴും കരുതുന്നു, കാക്കുന്നു, പരിപാലിക്കുന്നു. വിശ്വാസത്തോടെ അവിടുന്നിൽ നോക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവരുകയില്ല.

## വിശ്വാസവും അവിശ്വാസവും തമ്മിൽ ഏറ്റുമുട്ടുന്നു - വിശ്വാസം വിജയിക്കുന്നു

### വിസ്മയാവഹമായ വിശ്വാസപ്രഖ്യാപനം

1 സാമു. 17-ൽ വിസ്മയാവഹമായ ഒരു വിശ്വാസപ്രഖ്യാപനമുണ്ട്. വിശ്വാസത്തെക്കുറിച്ചു പരിചിന്തിക്കുന്ന നമ്മൾ അത് സ്മരണയിൽ സൂക്ഷിക്കണം. മല്ലൻ ഗോലിയാത്തിനെ കൊല്ലാൻ മുമ്പോട്ടുവന്ന യുവകോമളൻ, പവിഴനിറവും മനോഹര നയനങ്ങളുമുള്ള സുന്ദരൻ, ദാവീദാണ് ഈ ചരിത്രപ്രഖ്യാപനത്തിന്റെ ഉടമ. അവൻ ഉദ്ഘോഷിക്കുന്നു: ജീവിക്കുന്ന ദൈവത്തിന്റെ സൈന്യത്തെ അപമാനിക്കുന്ന അപരിച്ഛേദിതനായ ഈ ഫിലിസ്ത്യനും അവയിലൊന്നിനെപ്പോലെ (ദാവീദ് കൊന്നിട്ടുള്ള സിംഹം, കരടി....) യാകും. സിംഹത്തിന്റെയും കരടിയുടെയും കയ്യിൽ നിന്ന് എന്നെ രക്ഷിച്ച കർത്താവ് ഈ ഫിലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ രക്ഷിക്കും. അവന് ആറു മുഴവും ഒരു ചാണും ഉയരവും തലയിൽ ഒരു പിച്ചളത്തൊപ്പിയും അയ്യായിരം ഷെക്കൽ തൂക്കമുള്ള പിച്ചളക്കവചവും പിച്ചളകൊണ്ടുള്ള കാൽച്ചട്ടയും തോളിൽ തൂക്കിയിട്ടിരിക്കുന്ന, പിച്ചളകൊണ്ടുള്ള, കുന്തവും കുന്തത്തിന്റെ തണ്ടിന് നെയ്ത്തുകാരന്റെ ഉരുക്കിന്റെ ഘനവും അതിന്റെ മുനയ്ക്ക് അറുനൂറു ഷെക്കൽ ഭാരവും ഉണ്ടായിരുന്നു. പരിച ധരിക്കുന്ന

വൻ അവന്റെ മുമ്പേ നടന്നിരുന്നു (1 സാമു. 17:47). (വെളിപാടിന്റെ പൂർണ്ണതയില്ലാതിരുന്ന അക്കാലത്ത് ഒരു ദൈവവിശ്വാസിക്ക് ഇതിൽകൂടുതൽ എങ്ങനെ തന്റെ ആഴമേറിയ വിശ്വാസം പ്രകടിപ്പിക്കാനാവും; യഥാർത്ഥദൈവശാസ്ത്രവും ഇവിടെയുണ്ട്. ദൈവമേ, നന്ദി!)

തന്നെ വെല്ലുവിളിച്ച മല്ലനോടു ദാവീദു പറയുന്നു: "നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ നാമത്തിലാണു ഞാൻ വരുന്നത്. കർത്താവു നിന്നെ ഇന്ന് എന്റെ കയ്യിൽ ഏല്പിക്കും. ഫിലിസ്ത്യരുടെ ശരീരങ്ങൾ പറവകൾക്കും വന്യമൃഗങ്ങൾക്കും ഇരയാകും. ഇസ്രായേലിൽ ഒരു ദൈവമുണ്ടെന്നു ലോകമെല്ലാം അറിയും... ഈ യുദ്ധം കർത്താവിന്റേതാണ്, അവിടുന്നു നിങ്ങളെ ഞങ്ങളുടെ കൈകളിലേല്പിക്കും. ഞാൻ നിന്നെ വീഴ്ത്തും. നിന്റെ തല വെട്ടിയെടുക്കും" (17:45-47). സത്യസന്ധനായ വിശ്വാസിക്കു ദൈവം സമ്മാനിച്ച ആത്മധൈര്യത്തിന്റെ, ആത്മശക്തിയുടെ (soul-force) വാക്കുകൾ! വിശ്വാസത്തിന്റെ അത്യുച്ചകോടിയും.

ഒരു യഥാർത്ഥ വിശ്വാസിക്കു പ്രതികാരം ചെയ്യാനാവില്ല. അസൂയാലുവായ സാവൂൾ ദാവീദിനെ കൊല്ലാൻ തീരുമാനിച്ച്, പല അടവുകൾ അവനെതിരേ ഉപയോഗിച്ച് പരാജയപ്പെട്ടതാണെന്നു നമുക്കറിയാമല്ലോ. ദൈവം എപ്പോഴും ദാവീദിനോടൊപ്പം ഉണ്ടായിരുന്നു. അതുകൊണ്ട് അവൻ തലയിഴനാരിന് രക്ഷപ്പെട്ടുകൊണ്ടിരുന്നു. ദാവീദിനെ കൊന്നുകളയണമെന്നു സാവൂൾ ജോനാഥാനോടും ഭൃത്യരോടും ഒരിക്കൽ കല്പിക്കുന്നു. എന്നാൽ, സാവൂളിന്റെ മകൻ ജോനാഥാൻ ദാവീദിനെ വളരെയധികം സ്നേഹിച്ചിരുന്നു. അതുകൊണ്ട് ഇക്കാര്യം അവൻ ദാവീദിനു വെളിപ്പെടുത്തുന്നു: എന്റെ പിതാവു സാവൂൾ നിന്നെ കൊല്ലാൻ ശ്രമിക്കുകയാണ്. അതിനാൽ നാളെ രാവിലെ നീ എവിടെയങ്കിലും പോയി കരുതലോടെ ഒളിച്ചിരിക്കുക.

കർത്താവിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന ജോനാഥാൻ പിതാവിനോടു ദാവീദിനെപ്പറ്റി നന്നായി സംസാരിക്കുന്നു. അവൻ പറയുന്നു: ദാസനായ ദാവീദിനോടു രാജാവു തിന്മ പ്രവർത്തിക്കരുതേ! അവൻ അങ്ങയോടു തിന്മ പ്രവർത്തിച്ചിട്ടില്ല. അവന്റെ പ്രവൃത്തികൾ അങ്ങേക്കു ഗുണകരമായിരുന്നതേയുള്ളൂ. അവൻ സ്വജീവനെ അവഗണിച്ചുപോലും ഗോലിയാത്തിനെ വധിച്ചു. സത്യദൈവത്തിൽ വിശ്വസിച്ച്, അവിടുത്തേക്ക് അസാധ്യമായി ഒന്നുമില്ലെന്നു വിശ്വസിച്ച്, അവിടുന്നിൽ സകലാശ്രയവും അർപ്പിച്ച്, മരണാനന്തരമുള്ള നിത്യജീവിതത്തെക്കുറിച്ചു ചിന്തിച്ചാണ് ദാവീദു തന്റെ എല്ലാ രക്ഷാപ്രവർത്തനങ്ങളും ചെയ്തിരുന്നത്. ദൈവപരിപാലനയിൽ, ഇസ്രായേലിന്റെ മാതൃകാ രാജാവായി, ദാവീദ്. അവന്റെ ജീവിതത്തിലൊരു വലിയ പരാജയം സംഭവിച്ചുവെന്നത് അതീവദുഃഖകരമായ വസ്തുതയാണ്. പക്ഷേ, അതിന് ആജീവനാന്തം അവൻ അനുതപിച്ചു; പ്രായശ്ചിത്തം ചെയ്തുകൊണ്ടിരുന്നു. ഒരിക്കലൊഴികെ, എപ്പോഴും അദ്ദേഹം ദൈവഹിതമാണു നിറവേറ്റിയിരുന്നത്. ദാവീദിന്റെ സങ്കീർത്തനങ്ങളെല്ലാം വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയും ഇവയുടെ അവാന്തരവിഭാഗങ്ങളും ആവിഷ്ക്കരിക്കുന്നവയാണ്. നമ്മുടെ ആരാധനയിലും പ്രാർത്ഥനയിലും സങ്കീർത്തനങ്ങൾ അതുല്യമായ ഒരു പങ്കാണ് വഹിക്കുക.

ദാവീദിനെ വധിക്കാൻ തക്കം നോക്കിയിരുന്ന സ്വപിതാവിനോടു ജോനാഥാൻ പറയുന്നു: കർത്താവ് അവൻ വഴി മഹത്തായ വിജയം ഇസ്രായേല്യർക്കു നല്കി. അതു കണ്ട് അങ്ങു സന്തോഷിച്ചതാണ്. അകാരണമായി ദാവീദിനെക്കൊന്ന്, നിഷ്കളങ്കരക്തം ചൊരിഞ്ഞ്, (മഹാ) പാപം ചെയ്യുന്നത് എന്തിന്? സാവൂൾ ജോനാഥാന്റെ വാക്കു കേട്ട്; ദാവീദിനെ കൊല്ലുകയില്ലെന്ന്, കർത്താവിന്റെ നാമത്തിൽ, അവൻ ശപഥം ചെയ്യുന്നു. ജോനാഥാൻ ദാവീദിനെ വിളിച്ച് സാവൂളിന്റെയടുക്കൽ കൊണ്ടുവരുന്നു. ദാവീദിനെ സ്നേഹിക്കുമെന്നു സാവൂൾ

ഏറ്റുപറയുന്നുമുണ്ട്. ദാവീദും ജോനാഥാനും സാവൂളും വിശ്വാസത്തിലാണു പ്രവർത്തിച്ചത്. യഥാർത്ഥ വിശ്വാസം സമാധാനത്തിലേക്കും സ്വസ്ഥതയിലേക്കും രമ്യതയിലേക്കും നമ്മെ നയിക്കുന്നു.

**(ഒരു ക്രൈസ്തവന്റെ വിശ്വാസജീവിതത്തിന്റെ മുഖമുദ്രകൾ (ബോധ്യങ്ങളും)**

1) ദൈവമാണ് എന്റെ സ്രഷ്ടാവ്

2) അവിടുന്നിലാണ് എന്റെ സകലാശ്രയവും

3) മരണാനന്തരം എനിക്കു നിത്യമായ ഒരു ജീവിതമുണ്ട്

4) ഈശോമിശിഹാ തന്റെ പെസഹാരഹസ്യത്തിലൂടെ തന്റെ ജനന, സഹന, മരണ, ഉത്ഥാനങ്ങളിലൂടെ എനിക്കു നിര്യരക്ഷ നേടിത്തന്നിരിക്കുന്നു.

5) വിശ്വസിക്കുന്നില്ലെങ്കിൽ ഞാൻ സ്വർഗ്ഗത്തിന് അവകാശിയാവുകയില്ല. – നിത്യനരകാഗ്നിയിൽ നിത്യമായി ഞാൻ സഹിക്കേണ്ടിവരും.)

ദുരാത്മാവ് ബാധിച്ച സാവൂൾ (1സാമു.19:9) ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടവനായി. അതുകൊണ്ട്, ജോനാഥാന്റെ മാദ്ധ്യസ്ഥ്യത്തിന്റെ നിർബന്ധം മൂലം സ്വഭവനത്തിലേയ്ക്കു ദാവീദിനെ സ്വീകരിച്ചെന്നു നടിച്ചെങ്കിലും, വിരോധം തീരുകയോ, അവനോടു ക്ഷമിക്കുകയോ, ചെയ്തിരുന്നില്ല. ദാവീദ് കിന്നരം വായിച്ചുകൊണ്ടിരുന്നപ്പോൾ, സാവൂൾ അവനെ കുന്തം കൊണ്ടു ചുമരോടു ചേർത്തു തറയ്ക്കാൻ ശ്രമിക്കുന്നു. വളരെ തന്ത്രപൂർവ്വം, വിവേകത്തോടെ, ദാവീദ് ഒഴിഞ്ഞുമാറിയതിനാൽ, കുന്തം ചുമരിൽ കുത്തി തറഞ്ഞു കയറുകയും ദാവീദ് ഓടി രക്ഷപ്പെടുകയും ചെയ്യുകയാണ്. ദാവീദിനെ പിന്തുടർന്ന സാവൂളിന്റെ കരങ്ങളിൽ നിന്ന് പ്രിയതമനെ രക്ഷിച്ചത്

ദാവീദിന്റെ ഭാര്യ മിഖാലാണ്; ദാവീദോ, വിശ്വാസത്തിന്റെ പ്രകാശനമായ ക്ഷമയുടെ പാതയിൽ മുന്നേറുകയും. അതു കൊണ്ടുതന്നെ ദൈവം അവനെ സാവൂളിന്റെ കയ്യിലേല്പിച്ചില്ല (1 സാമു.23:14). സാവൂളിന്റെ മകൻ ജോനാഥാൻ തന്നെ ദാവീദിനെ ധൈര്യപ്പെടുത്തുന്നു (23:16). ദാവീദ് വിശ്വാസത്തിന്റെ പ്രതീകമാകുന്നു. സിഫുകാർ ദാവീദിനെ ഒറ്റിക്കൊടുക്കാമെന്ന് സാവൂളിനോടു പറയുന്ന ഉടനെ (24:19) സാവൂൾ അവനെ അന്വേഷിച്ച് പുറപ്പെടുന്നു. വിവരമറിയുന്ന ദാവീദ് മാവോൻ മരുഭൂമിയിലുള്ള പാറക്കെട്ടിലേയ്ക്ക് പോകുന്നു.

ഇതറിഞ്ഞ സാവൂൾ അവനെ പിന്തുടർന്ന് മരുഭൂമിയിലെത്തുന്നു. ഇരുവരും മലയുടെ ഇരുവശങ്ങളിലൂടെയാണ് പോവുക. ദൈവപരിപാലന! സാവൂളിൽ നിന്നു രക്ഷപ്പെടുകയെന്നതു മാത്രമാണ് ദാവീദിന്റെ ലക്ഷ്യം. സാവൂളും സൈന്യവും അവനോട് അടുത്തുകൊണ്ടിരിക്കുകയാണ്. ദൈവം സാവൂളിനെ വഴി തിരിച്ചു വിടുന്നു. ദാവീദോ, അവിടെ നിന്ന് എൻഗേദിയിലെ ഒളിസ്ഥലങ്ങളിൽ ചെന്നു പാർക്കുന്നു (1 സാമു. 23:25-29). അപകടങ്ങളിൽ നിന്ന് തന്നെ രക്ഷിക്കാൻ കൊതിക്കുന്നവനാണ് തന്റെ ദൈവമെന്ന് അവന് ഉറച്ച വിശ്വാസമുണ്ട്. ഫിലിസ്ത്യരെ തുരത്തിയതിനുശേഷം മടങ്ങി വന്നപ്പോൾ ദാവീദ് എൻഗേദിയിലുണ്ടെന്ന് സാവൂളിന് അറിവു കിട്ടുന്നു. ഉടൻ അവൻ ദാവീദിനെത്തേടിപ്പുറപ്പെടുന്നു. പോകും വഴി അവൻ വിസർജ്ജനത്തിനായി ഒരു ഗുഹയിൽ കടക്കുന്നു. അതേ ഗുഹയുടെ ഉള്ളറകളിലായിരുന്നു ദാവീദും അനുചരന്മാരും ഒളിച്ചിരുന്നത് (24:1-3).

അവിടെയിരുന്ന് ദാവീദ് സാവൂളിനെ കാണുന്നു. അവൻ ചെന്നു സാവൂളിന്റെ മേലങ്കിയുടെ അറ്റം മുറിച്ചെടുക്കുന്നു. എന്നാൽ, അതിനെക്കുറിച്ചുപോലും അവൻ അനുതപിക്കുന്നുവെന്നത് അവന്റെ വിശ്വാസത്തിന്റെ ഊഷ്മളത സുതരാം സ്പഷ്ടമാക്കുന്നുണ്ട്. അനന്തരം അവൻ അനുയായികളോടു പറയുന്നു: 'എന്റെ യജമാനനെതിരായി കൈ ഉയർത്താൻ

കർത്താവ് എനിക്ക് ഇടവരുത്താതിരിക്കട്ടെ. എന്തെന്നാൽ, അവൻ അവിടുത്തെ അഭിഷിക്തനാണ്. സാവൂളിനെ ആക്രമിക്കാൻ അവൻ അനുയായികളെ അനുവദിക്കുന്നില്ല. (24:47)

ഒന്നുമറിയാതെ സാവൂൾ ഗുഹയിൽ നിന്നിറങ്ങിപ്പോവുകയാണ്. അപ്പോൾ അതാ ദാവീദ് ഗുഹയിൽ നിന്ന് പുറത്തിറങ്ങി 'എന്റെ യജമാനനായ രാജാവേ' എന്നു പുറകിൽ നിന്ന് ആദരപൂർവ്വം വിളിക്കുന്നു. സാവൂൾ തിരിഞ്ഞു നോക്കിയപ്പോൾ, ദാവീദ് സാഷ്ടാംഗം വീണ് വിധേയത്വം കാണിക്കുന്നു. പിന്നെ അവൻ പറയുന്നു: "കർത്താവ് ഇന്ന് ഈ ഗുഹയിൽ വച്ച് അങ്ങയെ എന്റെ കയ്യിൽ ഏല്പിച്ചു തന്നതു കണ്ടില്ലേ. അങ്ങയെ കൊല്ലണമെന്നു ചിലർ പറഞ്ഞെങ്കിലും ഞാനതു ചെയ്തില്ല. എന്റെ യജമാനനെതിരേ ഞാൻ കയ്യുയർത്തുകയില്ല ... ഞാൻ ദ്രോഹിയോ തെറ്റുകാരനോ അല്ലെന്ന് അങ്ങ് അറിഞ്ഞാലും... നാമിരുവർക്കുമിടയിൽ കർത്താവു ന്യായം വിധിക്കട്ടെ!" വിശ്വാസിയുടെ വിനയം, ശത്രുസ്നേഹം, മഹാമനസ്ക്കത, ക്ഷമ, എല്ലാമിവിടെപകലുപോലെ വ്യക്തമല്ലേ?

**– തിന്മയ്ക്കു പകരം നന്മ**

ഇതു കേട്ട സാവൂൾ 'എന്റെ മകനേ, ദാവീദേ ഇതു നിന്റെ സ്വരം തന്നെയോ' എന്നു ചോദിച്ചുകൊണ്ട് ഉറക്കെ കരയുന്നു. അനന്തരം അവൻ ദാവീദിനോടു പറയുന്നു: "നീ എന്നെക്കാൾ നീതിമാനാണ്. ഞാൻ നിനക്കു ചെയ്ത തിന്മയ്ക്കു പകരം നീ എനിക്കു നന്മ ചെയ്തിരിക്കുന്നു. കർത്താവ് എന്നെ നിന്റെ കയ്യിൽ ഏല്പിച്ചിട്ടും, നീ എന്നെ കൊല്ലാതെ വിട്ട്, എന്നോട് എങ്ങനെ കാരുണ്യപൂർവ്വം പെരുമാറുന്നുവെന്ന് ഇന്നു നീ കാണിച്ചു തന്നിരിക്കുന്നു. ശത്രുവിനെ കയ്യിൽ കിട്ടിയാൽ ആരെങ്കിലും വെറുതെ വിടുമോ? ഇന്നു നീ എനിക്കു ചെയ്ത നന്മയ്ക്കു കർത്താവു നിനക്കു നന്മ ചെയ്യട്ടെ! നീ തീർച്ചയായും രാജാവാകുമെന്നും ഇസ്രായേലിന്റെ രാജത്വം നിന്നിൽ സ്ഥിരപ്പെടുമെന്നും എനിക്കറിയാം" (24:13-20).

ആകയാൽ എനിക്കുശേഷം എന്റെ സന്തതിയെ നിർമൂല മാക്കി എന്റെ നാമം എന്റെ പിതൃഭവനത്തിൽ നിന്നു നീക്കം ചെയ്യുകയില്ലെന്നു കർത്താവിന്റെ നാമത്തിൽ നീ എന്നോട് സത്യം ചെയ്യണം. സ്വാർത്ഥതയാണ് സാവൂളിനെ ഇപ്പോഴും നയിക്കുന്നത്! ഇതു വിശ്വാസത്തിന് കടകവിരുദ്ധമായ മനോ ഭാവമാണ്. എന്നിട്ടും, ദാവീദ് സാവൂളിനോട് അങ്ങനെ ആത്മാർത്ഥമായി സത്യം ചെയ്യുന്നു. സാവൂൾ കൊട്ടാരത്തി ലേയ്ക്ക് പോകുന്നു; ദാവീദും അനുയായികളും സങ്കേതസ്ഥാ നത്തേയ്ക്കും (24: 21–22).

വീണ്ടും സാവൂളിന്റെ വിശ്വാസം അവനെ കൈവിടുന്നു. ദാവീദ് ജഷിമോന്റെ കിഴക്കുള്ള ഹക്കീലാക്കുന്നിൽ ഒളിച്ചിരി പ്പുണ്ടെന്ന് സിഫ്യർ അറിയിച്ചതനുസരിച്ച് അവൻ അവിടെ പ്പോയി താവളമടിക്കുന്നു. അവൻ ദാവീദിനോട് ക്ഷമിച്ചിട്ടേയില്ല. വിശ്വാസത്തിന്റെ കണികയെങ്കിലും അവനിൽ അവശേഷിച്ചി രുന്നെങ്കിൽ അവൻ ദാവീദിനെത്തേടി പുറപ്പെടുമായിരുന്നില്ല. ദാവീദ് അവിടെത്തന്നെ പാർക്കുകയാണ്. സാവൂൾ തന്റെ സൈന്യാധിപനും നേറിന്റെ മകനുമായ അബ്നേറിനോടൊത്ത് കിടന്നുറങ്ങുന്ന സ്ഥലം ദാവീദ് കണ്ടെത്തുന്നു. അബിഷായി യുമായി ദാവീദ് രാത്രി സൈന്യത്താവളത്തിലെത്തുന്നു. തന്റെ കുന്തം തലയ്ക്കൽ കുത്തി നിർത്തിയിട്ട് സാവൂൾ കൂടാരത്തിൽ കിടന്നുറങ്ങുകയാണ്.

അബിഷായി ദാവീദിനോട് പറയുന്നു: നിന്റെ ശത്രുവിനെ ദൈവം ഇന്നു നിന്റെ കയ്യിലേല്പിച്ചിരിക്കുന്നു. ഞാനവനെ കുന്തം കൊണ്ട് ഒറ്റക്കുത്തിന് നിലത്ത് തറയ്ക്കാം. രണ്ടാമതൊ ന്നുകൂടി കുത്തേണ്ടി വരുകയില്ല.

ദാവീദിന്റെ ക്ഷമയിലധിഷ്ഠിതമായ വിശ്വാസം വളർന്നു വികസിച്ചുകൊണ്ടിരിക്കുകയാണ്. അവൻ കർശനമായ

നിർദ്ദേശം നല്കുന്നു: "അവനെ (സാവൂളിനെ) കൊല്ലരുത്. കർത്താവിന്റെ അഭിഷിക്തനെതിരേ കരമുയർത്തിയിട്ട് നിർദ്ദോഷനായിരിക്കാൻ ആർക്കു കഴിയും? കർത്താവിന്റെ അഭിഷിക്തന്റെമേൽ കൈ വയ്ക്കുന്നതിൽ നിന്ന് അവിടുന്ന് എന്നെ തടയട്ടെ! ഇപ്പോൾ അവന്റെ തലയ്ക്കലുള്ള കുന്തവും കൂജയും എടുത്തുകൊണ്ട് നമുക്കു പോകാം"(26:6-11). "എന്റെ അഭിഷിക്തനെ തൊട്ടുപോകരുത്" എന്നു സങ്കീർത്തനത്തിൽ എഴുതി വച്ചിരിക്കുന്നതു ദാവീദാണ്. ഇത്ര ശക്തമായ ഒരു നിലപാടു സ്വീകരിക്കാൻ അവനെ പ്രേരിപ്പിക്കുന്നത് അവന്റെ അഗാധമായ വിശ്വാസമാണ്. എല്ലാക്കര്യങ്ങളും മനസിലാക്കിയ സാവൂൾ പറയുന്നു: "ഞാൻ തെറ്റു ചെയ്തുപോയി. എന്റെ മകനേ, ദാവീദേ തിരിച്ചുവരിക. ഞാനിനി നിനക്ക് ഉപദ്രവം ചെയ്യുകയില്ല. എന്തെന്നാൽ ഇന്നെന്റെ ജീവൻ നിന്റെ കണ്ണിൽ വിലപ്പെട്ടതായി തോന്നി. ഞാൻ വിഡ്ഢിത്തം കാണിച്ചു. ഞാൻ വളരെയധികം തെറ്റു ചെയ്തുപോയി. സാവൂൾ പിന്നെ അവനെ അന്വേഷിച്ചില്ല (26: 20-25; 27:4). ഒരുപക്ഷേ വിശ്വാസത്തിന്റെ വിത്ത് അവനിലും മുളക്കുകയാണ്.

വിശ്വാസിയുടെ എറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്നാണ് ശത്രുക്കളോടു ക്ഷമിക്കുക എന്നത്.ഇപ്രകാരമുള്ള വിശ്വാസത്തിന്റെയും ക്ഷമയുടെയും വളരെ വലിയൊരു മാതൃകയാണ് ദാവീദ്. ഇസ്രായേലിന്റെ മാതൃകാരാജാവ് ഇക്കാര്യങ്ങളിലും വലിയ മാതൃക തന്നെ. ▲

# 7

## 2 സാമുവൽ

### ശത്രുവിന്റെ മരണം ദാവീദിനെ ദുഃഖക്കടലിലാഴ്ത്തുന്നു

തന്റെ നിതാന്ത ശത്രുവായിരുന്ന സാവൂളിന്റെയും (ആത്മമിത്രമായ ജോനാഥാന്റെയും) മരണവാർത്ത ദാവീദിനെ ദുഃഖക്കടലിലാഴ്ത്തുന്നു. അവൻ ദുഃഖാധികൃത്താൽ വസ്ത്രം കീറുന്നു. സാവൂളിനെയും ജോനാഥാനെയും കുറിച്ച് അവൻ ഒരു വിലാപഗാനം പാടുന്നു (2സാമു1:4,17). ദൈവിക പുണ്യ ങ്ങളായ വിശ്വാസവും പ്രത്യാശയും സ്നേഹവും സമഞ്ജസ മായി സമ്മേളിക്കുന്ന ഈ വ്യക്തിത്വം ഇസ്രായേലിന്റെ മാതൃ കാരാജാവ് (model king par excellence) തന്നെ. വിശ്വാസത്തെ ക്കുറിച്ചൊന്നും വ്യക്തമായ ധാരണകളില്ലാത്ത കാലഘട്ടത്തി ലാണ് വിശ്വാസത്തിന്റെ മൂർത്തിമദ്ഭാവമായി, ആൾരൂപമായി, ദാവീദിനെ നാം കണ്ടെത്തുക! വിശ്വാസജീവിതത്തിൽ അവൻ നമുക്കു മാതൃകയാവട്ടെ. തന്റെ സങ്കീർത്തനങ്ങളെല്ലാം വിശ്വാ സത്തിന്റെ ഉണർത്തുപാട്ടുകളാണ്. ഇസ്രായേലിലെ സമർത്ഥ രായ മുപ്പതിനായിരത്തോളം യോദ്ധാക്കളെ ഒരുമിച്ചുകൂട്ടി, സകല ജനത്തോടും കൂടെ, സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ നാമം പേറുന്ന ദൈവത്തിന്റെ പേടകം, ബാലേ യൂദായിൽ നിന്നു കൊണ്ടു വന്നതും ദാവീദും ഇസ്രായേൽ ഭവനവും ഉത്സാഹത്തോടും സ്നേഹാതിരേകത്തോടും സർവ്വ ശക്തിയോടും കൂടെ കിന്നരം, വീണ, ചെണ്ട, മുരജം, കൈത്താളം എന്നിവ ഉപയോഗിച്ചു കർത്താവിന്റെ മുമ്പിൽ

പാട്ടുപാടി നൃത്തം ചെയ്തതും അത്യഗാധവും സജീവവുമായ വിശ്വാസത്തിന്റെ ജീവിക്കുന്ന സാക്ഷ്യമാണ്(2 സാമു: 6). ദൈവം എന്നും ദാവീദിന്റെ കൂടെയുണ്ടായിരുന്നു. സങ്കീർത്തനങ്ങൾ ദാവീദിന്റെ വിശ്വാസത്തിന്റ ആവിഷ്ക്കരണങ്ങളാണല്ലോ.

തന്റെ ബന്ധുവായിരുന്നിട്ടും തന്റെമേൽ ശാപം ചൊരിഞ്ഞു കടന്നുവന്ന്, 'കൊലപാതകീ, നീചാ' എന്നു വിളിച്ചാക്ഷേപിച്ച, 'നിന്റെ നാശമടുത്തിരിക്കുന്നു; നീ രക്തം ചൊരിഞ്ഞവനാണ്' എന്ന് അട്ടഹസിച്ച ഷിമെയിയോടു പരിപൂർണ്ണമായി ക്ഷമിക്കുകയും 'കർത്താവ് എന്റെ കഷ്ടത കണ്ട് അവന്റെ ശാപത്തിനു പകരം എന്നെ അനുഗ്രഹിച്ചേക്കും' എന്നു പ്രത്യാശിക്കുകയും ചെയ്യുന്ന ദാവീദ് ക്ഷമിക്കുന്നസ്നേഹത്തിന്റെ പരമാവിഷ്ക്കാരത്തിലൂടെ തന്റെ അത്യഗാധമായ വിശ്വാസമല്ലേ വിളിച്ചോതുക? (2സാമു. 16:5-14). തന്നോടു കടുത്ത ശത്രുത പുലർത്തി, തനിക്കെതിരായി സ്വയം രാജാവായി പ്രഖ്യാപിച്ച, തന്റെ രക്തമായ, അബ്സലോമിനെ സംബന്ധിച്ച് "യുവാവായ അബ്സലോമിനെ എന്നെ പ്രതി സംരക്ഷിക്കുക" എന്നു കല്പിച്ച ദാവീദിന്റെ വിശ്വാസം എത്ര അഗാധം! (2 സാമു. 18:12). ഇതിനോടെല്ലാം ബന്ധപ്പെടുത്തി സാദോക്കിന്റെ മകൻ നല്ലവനായ അഹിമാസ് പറയുന്നത് വിശ്വസിക്കുന്നവർക്കു ദൈവം നല്കുന്ന അനുഗ്രഹങ്ങൾക്ക് ദൃഷ്ടാന്തമാണ്. "കർത്താവ് രാജാവിനെ ശത്രുക്കളിൽ നിന്ന് രക്ഷിച്ചിരിക്കുന്നു" (2 സാമു. 18:19). ഈ കൃപയ്ക്ക് അഹിമാസ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നത് ഇങ്ങനെയാണ് "എന്റെ യജമാനനായ രാജാവിനെതിരേ കരമുയർത്തിയവരെ ഏല്പിച്ചു തന്ന കർത്താവു വാഴ്ത്തപ്പെടട്ടെ" (2 സാമു. 18:28).

**-വിശ്വാസത്തിന്റെ ഉണർത്തുപാട്ട്**

ഒരു മനുഷ്യാത്മാവിനു ദൈവത്തിലുള്ള അത്യഗാധമായ വിശ്വാസത്തിന്റെ അതിശക്തമായ ആവിഷ്ക്കരമാണ് ഈ വിജയഗാഥ.

എന്റെ ഉന്നതശിലയും ദുർഗ്ഗവും വിമോചകനും-ദൈവവും- അഭയം തരുന്ന പാറയും-പരിചയും-രക്ഷാശൃംഗവും-അഭയകേന്ദ്രവും-രക്ഷകനും-സ്തുത്യർഹനും-ആയ കർത്താവിനെ, കഷ്ടതയിൽ ഞാൻ വിളിച്ചപേക്ഷിച്ചു...അവിടുന്ന്.... എന്റെ അപേക്ഷ കേട്ടു.

x x x x x

കർത്താവിന്റെ കോപത്തിൽ ഭൂമി ഞെട്ടി വിറച്ചു.ആകാശത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി.

x x x x x

ആകാശം ചായിച്ച് അവിടുന്ന് ഇറങ്ങിവന്നു; കൂരിരുട്ടിന്മേൽ അവിടുന്ന് പാദമുറപ്പിച്ചു. കെരൂബിനെ വാഹനമാക്കി അവിടുന്ന് പറന്നു; കാറ്റിന്റെ ചിറകുകളിൽ അവിടുന്ന് പ്രത്യക്ഷനായി. അന്ധകാരം കൊണ്ട് അവിടുന്ന് ഭൂമിക്ക് ആവരണം ചമച്ചു.

x x x x x

അത്യുന്നതങ്ങളിൽ നിന്ന് കൈ നീട്ടി അവിടുന്ന് എന്നെ പിടിച്ചു. പെരുവെള്ളത്തിൽ നിന്ന് അവിടുന്ന് എന്നെ പൊക്കിയെടുത്തു. വിശ്വസ്തനോട് അവിടുന്നു വിശ്വസ്തതപുലർത്തുന്നു. നിഷ്ക്കളങ്കനോടു നിഷ്ക്കളങ്കമായിപെരുമാറുന്നു.

x x x x x

അഹങ്കാരികളെ അവിടുന്നു വീഴ്ത്തുന്നു.

കർത്താവേ അങ്ങ് എന്റെ ദീപമാണ്;

എന്റെ ദൈവം എന്റെ അന്ധകാരം അകറ്റുന്നു.

x x x x x

ദൈവത്തിന്റെ മാർഗം അവികലമാണ്.

കർത്താവിന്റെ വാഗ്ദാനം നിറവേറ്റപ്പെടും.

തന്നിൽ ആശ്രയിക്കുന്നവർക്ക് അവിടുന്ന് പരിചയാണ്.

x x x x x

ദൈവമാണ് എന്റെ സുശക്തസങ്കേതം.

x x x x x

കർത്താവു ജീവിക്കുന്നു. എന്റെ ഉന്നതശില വാഴ്ത്തപ്പെടട്ടെ.

എന്റെ രക്ഷയുടെ ശിലയായ ദൈവം സ്തുതിക്കപ്പെടട്ടെ.
ദൈവം എനിക്കുവേണ്ടി പ്രതികാരം ചെയ്തു.
ജനതകളെ എനിക്ക് അധീനരാക്കി.
ശത്രുക്കളിൽ നിന്ന് അവിടുന്ന് എന്നെ രക്ഷിച്ചു.
വൈരികൾക്കുമേൽ എന്നെ ഉയർത്തി.
അക്രമികളിൽ നിന്ന് അവിടുന്ന് എന്നെ വിടുവിച്ചു.
ആകയാൽ കർത്താവേ, ജനതകളുടെ മദ്ധ്യേ
ഞാൻ അങ്ങേയ്ക്കു സ്തോത്രമാലപിക്കും.
അങ്ങയുടെ നാമം പാടിസ്തുതിക്കും.

വിശ്വാസത്തിന്റെ എല്ലാ മാനങ്ങളും തന്നെ ഉൾക്കൊള്ളുന്ന ഈ വിശ്വാസസങ്കീർത്തനത്തെയും വിശ്വാസത്തിന്റെ ഉണർത്തുപാട്ട് എന്നു വിശേഷിപ്പിക്കട്ടെ.

## 1 രാജാക്കൻമാർ

### സോളമന് അന്ത്യോപദേശം

ദാവീദ് മകൻ സോളമനു നല്കുന്ന അന്ത്യോപദേശവും വിശ്വാസത്തിന്റെ വിളിച്ചോതലാണ്. "ധീരനായിരിക്കുക (വിശ്വാസമുള്ളവനേ ധീരനായിരിക്കാനാവൂ). പൗരുഷത്തോടെ പെരുമാറുക. ദൈവമായ കർത്താവിന്റെ ശാസനങ്ങൾ നിറവേറ്റുക. മോശയുടെ നിയമത്തിൽ എഴുതിയിട്ടുള്ളതുപോലെ അവിടുത്തെ മാർഗത്തിൽ ചരിക്കുകയും അവിടുത്തെ ചട്ടങ്ങളും പ്രമാണങ്ങളും കല്പനകളും സാക്ഷ്യങ്ങളും അനുസരിക്കുകയും ചെയ്യുക. നിന്റെ എല്ലാപ്രവർത്തനങ്ങളും ഉദ്യമങ്ങളും വിജയമണിയും"(1 രാജാ. 2:2-3).

ദാവീദ് ആഗ്രഹിച്ചതുപോലെയും നിർദ്ദേശിച്ചതുപോലെയും സോളമന്റെ ഭരണത്തിന്റെ ആരംഭം വലിയ വിശ്വാസത്തിന്റെ കാലമായിരുന്നു. അവൻ കർത്താവിനു ദേവാലയം പണിയുന്നു. അവൻ തന്നെ പറയുന്നു: "കർത്താവ് എനിക്ക് എല്ലാത്തരത്തിലും സമാധാനം തന്നിരിക്കുന്നു; എന്റെ ദൈവമായ കർത്താവിന് ആലയം നിർമ്മിക്കണമെന്ന് ഞാൻ ഉദ്ദേ

ശിക്കുന്നു'' (1 രാജാ. 5:4–5). സോളമനു കർത്താവിന്റെ അരുളപ്പാടുണ്ടാകുന്നു: ''നീ എനിക്കു ഭവനം പണിയുകയാണല്ലോ. നീ എന്റെ അനുശാസനങ്ങൾ അനുസരിച്ചാൽ ......ഞാൻ നിന്റെ പിതാവായ ദാവീദിനോടു ചെയ്ത വാഗ്ദാനം നിന്നിൽ നിറവേറ്റും. ഞാൻ ഇസ്രായേൽ മക്കളുടെ മദ്ധ്യേ വസിക്കും. എന്റെ ജനമായ ഇസ്രായേലിനെ ഞാൻ ഉപേക്ഷിക്കുകയില്ല. സോളമൻ ദേവാലയത്തിന്റെ പണി പൂർത്തിയാക്കി'' (1 രാജാ.5:11–14). കർത്താവിന്റ വാഗ്ദാനപേടകം പുരോഹിതർ അതിവിശുദ്ധ സ്ഥലത്തു സ്ഥാപിച്ചതു സോളമന്റെ കല്പനപ്രകാരമാണ് (1 രാജാ 8: 1–6). യഥാർത്ഥ ദൈവവിശ്വാസത്തിന്റെ ആവിഷ്ക്കാരങ്ങളാണിവയെല്ലാം.

ദേവാലയപ്രതിഷ്ഠയോടനുബന്ധിച്ച് സോളമൻ ഇസ്രായേൽ ജനത്തിന്റെ സന്നിധിയിൽ ഉന്നതങ്ങളിലേക്ക് കരങ്ങൾ ഉയർത്തി പ്രാർത്ഥിച്ചതു വിശ്വാസത്തിന്റെ വിശേഷാവിഷ്ക്കരണമാണ്. ''ഇസ്രായേലിന്റെ ദൈവമായ കർത്താവേ, ഉടമ്പടി പാലിക്കുകയും അനന്തസ്നേഹം ഇസ്രായേൽ ജനത്തിന്റെ മേൽ ചൊരിയുകയും ചെയ്യുന്ന അങ്ങയെപ്പോലെ ആകാശത്തിലും ഭൂമിയിലും വേറൊരു ദൈവമില്ല... അങ്ങയുടെ വാഗ്ദാനം അങ്ങ് നിറവേറ്റിയിരിക്കുന്നു. അധരം കൊണ്ടു ചെയ്ത വാഗ്ദാനം ഇന്ന് കരം കൊണ്ട് പൂർത്തീകരിച്ചിരിക്കുന്നു.... ഈ ദാസനും അങ്ങയുടെ (സ്വന്തം) ജനമായ ഇസ്രായേലും ഇവിടെ സമർപ്പിക്കുന്ന യാചനകൾ സ്വീകരിക്കണമേ! അങ്ങു വസിക്കുന്ന സ്വർഗത്തിൽ നിന്ന് ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോടു ക്ഷമിക്കണമേ! വിശ്വാസം സാകല്യത്തിലുള്ളവനേ ഇങ്ങനെ പ്രാർത്ഥിക്കാനാവൂ.

ദുഷ്ടനെ കുറ്റം വിധിച്ച്, .... നീതിമാനു തക്ക സമ്മാനം നല്കുകയും ചെയ്തുകൊണ്ട്, അങ്ങയുടെ ദാസരുടെ മേൽ ന്യായം നടത്തണമേ! തങ്ങളുടെ പാപങ്ങൾ അങ്ങയോട് ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ച് അവിടുത്തെ നാമം ഏറ്റുപറഞ്ഞാൽ.... സ്വർഗത്തിൽ നിന്ന് അവരുടെപ്രാർത്ഥന ശ്രവിച്ച്, അവിടുത്തെ

ദാസരായ ഇസ്രായേൽ ജനത്തിന്റെ പാപങ്ങൾ ക്ഷമിച്ച്, അവരെ നേർവഴി നടത്തുകയും അവർക്ക് അവകാശമായി കൊടുത്തിരിക്കുന്ന ദേശത്തു മഴ പെയ്യിക്കുകയും ചെയ്യണമേ! ....അങ്ങേയ്ക്കെതിരായി പാപം ചെയ്ത അങ്ങയുടെ ജനത്തോട് അവരുടെ പാപങ്ങളും അതിക്രമങ്ങളും ക്ഷമിക്കണമേ!... തന്റെ വാഗ്ദാനമനുസരിച്ച്, സ്വന്തജനമായ ഇസ്രായേലിന് ശാന്തി നല്കിയ കർത്താവു വാഴ്ത്തപ്പെടട്ടെ! തന്റെ ദാസനായ മോശ വഴി വാഗ്ദാനം ചെയ്ത നന്മകളിലൊന്നും അവിടുന്നു നിറവേറ്റാതിരുന്നിട്ടില്ല. നമ്മുടെ ദൈവമായ കർത്താവ്, നമ്മുടെ പിതാക്കന്മാരുടെകൂടെയെന്നതുപോലെ, നമ്മോടുകൂടെയും ഉണ്ടായിരിക്കട്ടെ!.... നിങ്ങളുടെ ഹൃദയം പൂർണ്ണമായി ദൈവമായ കർത്താവിലായിരിക്കട്ടെ! (1 രാജാ 8:20-66). സത്യവിശ്വാസം മാംസം ധരിക്കുന്നതല്ലേ ഈ വാക്കുകളിൽ നാം കാണുക?

എന്നാൽ സോളമൻ തന്റെ വിശ്വാസം പരിത്യജിച്ച് വിഗ്രഹാരാധനയിലേയ്ക്കും കടുത്ത വിഷയാസക്തി, ബന്ധപ്പെട്ട അഹങ്കാരം, മ്ലേച്ഛത, സ്വാർത്ഥത, ഇവയിലും ആണ്ട് വൻ നാശത്തിലേക്കു വീണു. ആ വീഴ്ച വലുതായിരുന്നു എന്നതു ദുഃഖസത്യം. അവൻ കർത്താവിന്റെ മുൻപിൽ അനിഷ്ടം പ്രവർത്തിച്ചു. തന്റെ പിതാവായ ദാവീദിനെപ്പോലെ അവൻ കർത്താവിനെ പൂർണ്ണമായി അനുഗമിച്ചില്ല. അതുകൊണ്ട് അവൻ തിരസ്ക്കരിക്കപ്പെട്ടു (1 രാജാ 11:1-8). രണ്ടു പ്രാവശ്യം ദൈവം പ്രത്യക്ഷപ്പെട്ട് (അനുതപിക്കാൻ) ആവശ്യപ്പെട്ടിട്ടും അവൻ അനുതപിച്ചില്ല (1 രാജാ. 11:9-13) എന്നിട്ടും, ദാവീദിന്റെയും താൻ തെരഞ്ഞെടുത്ത ഇസ്രായേലിന്റെയും സമർപ്പിത ജീവിതവും വിശ്വാസവും സ്മരിച്ചുകൊണ്ട് കർത്താവു സോളമന്റെ കഠിനശിക്ഷയിൽ അല്പം ഇളവു വരുത്തുന്നു. അവന്റെ പുത്രന് ഒരു ഗോത്രംനല്കുന്നു.

സോളമന്റെ വിശ്വാസത്യാഗവും തജ്ജന്യമായ പാപജീവിതവും മൂലം രാജ്യം വിഭജിക്കപ്പെടുന്നു. പിന്നീട് ഇരുരാജ്യങ്ങളിലുമായി വന്ന ചെറിയ രാജാക്കന്മാരിൽ വിശ്വാസം ഉണ്ടാ

യിരുന്നവർ മാത്രം ലോകത്തിന് ചെറിയ നന്മകളൊക്കെ ചെയ്ത് കടന്നുപോയി. ബാക്കിയുള്ളവരൊക്കെ തമ്മിൽത്തമ്മിലും മറ്റുള്ളവരുമായും തലതല്ലിക്കീറി നശിക്കുകയായിരുന്നു. അവിശ്വാസത്തിനുള്ള ശിക്ഷ അതിഗുരുതരമായിക്കും.

ദൈവസന്നിധിയിൽ, മുൻഗാമികളെക്കാൾ കൂടുതൽ തിന്മ പ്രവർത്തിച്ചവനാണ് ആഹാബ്. അവൻ സീദോൻരാജാവാകാൻ സീദോൻരാജാവിന്റെ പുത്രിയായ ജസെബെലിനെ വിവാഹം ചെയ്തു; ബാൽ ദേവനെ ആരാധിച്ചു. അങ്ങനെ അവനും അവിശ്വാസം മൂലം, ദൈവത്തിൽ നിന്നും പൂർണ്ണമായി അകന്നു. അവന്റെ രണ്ടു മക്കൾ മരണപ്പെട്ടു (1 രാജാ. 6:29-39). ബോധപൂർവം ദൈവത്തിൽ നിന്നകന്ന് വിഗ്രഹാരാധനയിലും ഇതര മാരകപാപങ്ങളിലും വീഴുന്നവന് ശിക്ഷയും ആത്മനാശവും ഉറപ്പ്. വിശ്വാസത്തിനടുത്ത കടമകൾ നിർവഹിക്കാതിരിക്കുന്നതും നാശത്തിലേക്കു തന്നെ നയിക്കും.

**ആഹാബും ഏലിയാപ്രവാചകനും**

ഗിലയാദിലെ തിഷ്ബെയിൽ നിന്നുള്ള ഏലിയാപ്രവാചകൻ ആഹാബിനോട് പറയുന്നു: " ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണേ, ഞാൻപറഞ്ഞാലല്ലാതെ മഞ്ഞോ മഴയോ പെയ്യുകയില്ല." ദൈവത്തിന്റെ ശക്തനായ ഈ പ്രവാചകൻ, പ്രവാചകരിൽ അഗ്രഗണ്യനാണ്. തന്റെ ആജ്ഞാനുവർത്തിയായ ഏലിയായോട് ദൈവം പറയുന്നു: " നീ പുറപ്പെട്ട് ജോർദ്ദാനു കിഴക്കുള്ള കെറിത്ത് അരുവിക്ക് സമീപം ഒളിച്ച് താമസിക്കുക. നിനക്ക് അരുവിയിൽ നിന്ന് വെള്ളം കുടിക്കാം. ഭക്ഷണം നല്കുന്നതിന് കാക്കകളോടു ഞാൻ കല്പിച്ചിട്ടുണ്ട്. അവൻ; കർത്താവിന്റെ കല്പനയനുസരിച്ചു. അവിടുന്നിൽ വിശ്വസിച്ചു. അതുകൊണ്ട് ദൈവത്തിന്റെ വാഗ്ദാനം പരിപൂർണ്ണമായി നിറവേറി (1 രാജാ. 17:1-7).

കർത്താവു കല്പിച്ചതനുസരിച്ച് ഏലിയാ സറേഫാത്തിലെ വിധവയുടെ അടുത്തു ചെന്ന് താമസിക്കുന്നു. ദൈവത്തിന്റെ

അത്ഭുതശക്തിയാൽ ആ വിധവയുടെ മാവും എണ്ണയും തീർന്നു പോകാതെ, ആ കുടുംബം പട്ടിണിയിൽ നിന്നു രക്ഷപ്പെടുന്നു. ആ വിധവയുടെ മകൻ ഒരു ദിവസം രോഗബാധിതനാകുന്നു. രോഗം മൂർച്ഛിച്ച് അവന്റെ ശ്വാസം നിലയ്ക്കുന്നു. 'എന്റെ മകനെ കൊല്ലാനാണോ ഇവിടെ വന്നത്? എന്ന് അവൾ ചോദിക്കുന്നു. ഏലിയാ കുട്ടിയെ കയ്യിലെടുത്ത് പ്രാർത്ഥിച്ച് അവനു വീണ്ടും ജീവൻ, പുതുജീവൻ, നല്കുന്നു. സറേഫാത്തിലെ വിധവയുടെ മരിച്ച കുട്ടിയെ ഉയിർപ്പിക്കാൻ ഏലിയായ്ക്കു ശക്തി കിട്ടിയതും അവന്റെ അത്യഗാധമായ വിശ്വാസത്തിൽ നിന്നാണ് (1 രാജാ. 17:17).

ബാലിന്റെയും അഷേരായുടെയും 850 പുരോഹിതന്മാരെയും തന്റെ അടുക്കൽ വിളിച്ചുകൂട്ടാൻ ആഹാബിനോടു കല്പിക്കാനും "ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നതു ഞാനല്ല, കർത്താവിന്റെ കല്പനകൾ നിരസിച്ച നീയും നിന്റെ കുടുംബവുമാണെന്നു പരസ്യമായി വിളിച്ചുപറയാനും ഏലിയായ്ക്കു ശക്തി കിട്ടിയതും അവന്റെ അത്ഭുതാവഹമായ ദൈവവിശ്വാസത്തിൽ നിന്നാണ്. പ്രവാചകന്റെ പ്രാർത്ഥനയ്ക്കുത്തരമായി കർത്താവിൽ നിന്ന് അഗ്നിയിറങ്ങി ബലിവസ്തുവും വിറകും കല്ലും മണ്ണും ദഹിപ്പിക്കുകയും, ചാലിലെ വെള്ളം വറ്റിക്കുകയും ചെയ്തതും ബാലിന്റെ പ്രവാചകൻമാരെ പിടിച്ച് കിഷോർ അരുവിക്കു സമീപം കൊണ്ടുപോയി വധിക്കാൻ ജനത്തോട് കല്പിക്കാനും (1 രാജാ. 18:20-40) മാത്രം അവനെ ധീരനും ശക്തനുമാക്കിയതും ഏലിയായുടെ വിശ്വാസം തന്നെ. വിശ്വസിക്കുന്നവർക്കു ദൈവമഹത്ത്വം കാണാൻ കഴിയും.

സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കാൻ ഏലിയായ്ക്കു കൃപ നല്കിയതും അവന്റെ കറ തീർന്ന വിശ്വാസമാണ് (1 രാജാ. 19:10). ബാലിന്റെ മുമ്പിൽ മുട്ടു മടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ കർത്താവ് ഇസ്രായേലിൽ അവശേഷിപ്പിക്കാനിടയായതും അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് (1 രാജാ. 19:18).

## 2 രാജാക്കൻമാർ

### എലീഷായുടെ അത്ഭുതങ്ങൾ

എലീഷായും വിശ്വാസം മൂലം പല അത്ഭുതങ്ങളും പ്രവർത്തിക്കുകയുണ്ടായി. ഏലിയായുടെ മേലങ്കി ജോർദ്ദാൻനദിയിലെ ജലത്തിൽ അടിച്ചപ്പോൾ ജലം ഇരു വശത്തേയ്ക്കും മാറിപ്പോയി. അവൻ അനായാസം ജോർദ്ദാന്റെ അക്കരെ കടന്നു (2 രാജാ. 2:14). വിധവയുടെ എണ്ണ വർദ്ധിപ്പിച്ച് അവളുടെ ഭാരിച്ച കടം വീട്ടാൻ അവനിലൂടെ ദൈവം സഹായിച്ചു (2 രാജാ. 4:1-7). ഷൂനേംകാരിയുടെ മകനെ ഉയിർപ്പിച്ചു (2 രാജാ. 4:8-37). വിഷം കലർന്ന അവിയലിൽ മാവ് ഇട്ട് അപകടം നീക്കുന്നത് (2 രാജാ. 4:38-41), അപ്പം വർദ്ധിപ്പിക്കുന്നത് (2 രാജാ. 4:38-44), നാമാനെ സുഖപ്പെടുത്തുന്നത് (2 രാജാ. 5), കോടാലി ജോർദ്ദാനിൽ നിന്നു പൊക്കിയെടുക്കുന്നത് (2 രാജാ. 6:1-7), സിറിയായെ തോല്പിക്കുന്നത് (2 രാജാ. 6: 8-33), ദൈവപുരുഷനെ അവിശ്വസിച്ച പടത്തലവൻ ജനത്താൽ ചവിട്ടിമെതിക്കപ്പെട്ട് മരിക്കുന്നത് (2 രാജാ. 7), മരിച്ച കുട്ടിയുടെ അമ്മയോട് എലീഷാ പ്രവചിച്ചിരുന്നതുപോലെ, നാടു മുവുവൻ ക്ഷാമത്തിൽ മുങ്ങുന്നത് (2 രാജാ. 8:1-6) - എല്ലാം എലീഷായുടെ വിശ്വാസത്തിൽ നിന്ന് ഉരുത്തിരിഞ്ഞ അത്ഭുതങ്ങളാണ്.

ഹെസെക്കിയാരാജാവിന്റെ രോഗശാന്തി പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ശ്കതിയും അവന്റെ വിശ്വാസത്തിന്റെ തീവ്രതയും വ്യക്തമാക്കുന്നു (2 രാജാ. 20:11-11). ജോസിയാ രാജാവ് കർത്താവിന്റെ മുൻപിൽ നീതിപൂർവം വർത്തിച്ചതും പിതാവായ ദൈവത്തിന്റെ മാർഗങ്ങളിൽ നിന്ന് ഇടം വലം വ്യതിചലിക്കാതിരുന്നതും അവന്റെ അവികലമായ വിശ്വാസത്തെ പ്രദ്യോതിപ്പിക്കുന്നു (2 രാജാ. 22:1-7). ദാവീദിന്റെ വിജയങ്ങളുടെയെല്ലാം അടിസ്ഥാനം അവന്റെ അടിയുറച്ച ദൈവവിശ്വാസമാണ് (2 സാമു. 5:11-12, 1 ദിന. 14:1-17; 1 ദിന. അ 18,19,20). ദേവാലയ നിർമ്മാണത്തിന് എല്ലാ ഒരുക്ക

ങ്ങളും ചെയ്യാൻ ദാവീദിനെ ശക്തമായി പ്രേരിപ്പിച്ചതും അവന്റെ വിശ്വാസം തന്നെ (1 ദിന 22). അതിനു വേണ്ട നിർദ്ദേശങ്ങൾ, പ്രായാധിക്യത്തിലെത്തിയിട്ടും അവൻ നല്കിയത് അവന്റെ വിശ്വാസത്തിനുള്ള തെളിവു തന്നെ(1 ദിന അ 28).

മകൻ സോളമനു ദാവീദു നല്കുന്ന അന്തിമോപദേശം വിശ്വാസത്തിന്റെ വലിയ ആവിഷ്ക്കാരമാണെന്നു നാം മനസ്സിലാക്കി. പൂർണ്ണതയ്ക്കുവേണ്ടി അതിന്റെ അവശേഷിക്കുന്ന ഭാഗങ്ങൾകൂടി രേഖപ്പെടുത്തട്ടെ. “മകനേ, സോളമൻ, നിന്റെ പിതാവിന്റെ ദൈവത്തെ നീ അറിയുകയും പൂർണ്ണഹൃദയത്തോടും പൂർണ്ണസമ്മതത്തോടും കൂടെ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുക. അവിടുന്ന് ഹൃദയങ്ങൾ പരിശോധിച്ച്, എല്ലാ ആലോചനകളും വിചാരങ്ങളും മനസ്സിലാക്കുന്നു.അന്വേഷിച്ചാൽ നീ അവിടുത്തെ കണ്ടെത്തും. ഉപേക്ഷിച്ചാൽ അവിടുന്നു നിന്നെ എന്നേയ്ക്കും പരിത്യജിക്കും. ശ്രദ്ധിക്കുക. വിശുദ്ധ മന്ദിരം പണിയുന്നതിന് അവിടുന്ന് നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. അചഞ്ചലനായി അതു നിവർത്തിക്കുക” (1 ദിന. 28: 9–10). ദേവാലയം പണിതു പൂർത്തിയാക്കിയെങ്കിലും പിതാവിനെ അനുസരിക്കാതെ എല്ലാവിധ പാപങ്ങളിലും മുഴുകി അവൻ ജീവിച്ചപ്പോൾ (വിശ്വാസം പരിത്യജിച്ചു, ദൈവത്തെ ഉപേക്ഷിച്ചപ്പോൾ), “അവിടുന്ന് അവനെ എന്നേക്കും പരിത്യജിച്ചു”. ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ നിനക്ക് (ദൈവത്തിന്, ലോകത്തിന്) എന്തു പ്രയോജനം?

സോളമന്റെ കാലത്ത് ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം, ദൈവജനം, രണ്ടായി പിളർന്നു. പിളർത്തിയതു പിശാചാണെന്നു പറയേണ്ടതില്ലല്ലോ. ഭിന്നിപ്പിക്കുകയാണ് അവന്റെ തന്ത്രം. പിശാചിനെതിരേയുള്ള അതിശക്തമായ ആയുധമാണു വിശ്വാസം. “വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും” (മർക്കോ. 16:17). ▲

# 8

## 1, 2 മക്കബായർ

### ജറെമിയായുടെയും പ്രവാസികളുടെയും വിശ്വാസം

പ്രവാചകൻ ജറെമിയായുടെയും പ്രവാസത്തിൽ കഴിഞ്ഞിരുന്നവരുടെയും വിശ്വാസവും പ്രത്യാശയും പ്രാർത്ഥനയുമാണ് ജറുസലെം ദേവാലയം പുനരുദ്ധരിക്കുവാനും, ബാബിലോണിൽ വസിക്കുന്ന യഹൂദപ്രവാസികൾ, അവർ എവിടെയായിരുന്നാലും, സ്വദേശത്തേയ്ക്കു മടങ്ങി പോകുവാനുള്ള അനുവാദം ലഭിക്കുവാനും കാരണമായത്. അനുവാദം നല്കിയ സൈറസിന്റെ വിശ്വാസവും ശ്ലാഘനീയമാണ്. ഇത് അവന്റെ തന്നെ വാക്കുകൾ വിളമ്പരം ചെയ്യുന്നു: "സ്വർഗ്ഗത്തിന്റെ ദൈവമായ കർത്താവ് ഭൂമിയിലെ സകല രാജ്യങ്ങളും എനിക്കു നല്കുകയും അവിടുത്തെ ആലയം പണിയുവാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (എസ്രാ 1:1-4). സൈറസിന്റെ കല്പനയിൽ ഇങ്ങനെയും കാണുന്നു. "നദിക്കക്കരെയുള്ള പ്രദേശത്തുനിന്നു പിരിച്ച കപ്പം, രാജഭണ്ഡാരത്തിൽ നിന്ന്, ചെലവു പൂർണ്ണമായി വഹിക്കുന്നതിന്, അവരെ (യഹൂദശ്രേഷ്ടന്മാരെ) താമസമെന്യേ ഏല്പ്പിക്കണം. അവർക്കാവശ്യമുള്ളതെല്ലാം...... അനുദിനം മുടക്കം കൂടാതെ കൊടുക്കണം. അങ്ങനെ അവർ (ശ്രേഷ്ഠന്മാരും പുരോഹിതരും) സ്വർഗ്ഗസ്ഥനായ ദൈവത്തിനു പ്രസാദകരമായ ബലികൾ അർപ്പിക്കുകയും രാജാവിനും പുത്രന്മാർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യട്ടെ" (എസ്രാ 6:8-10).

ജറുസലെം ദേവാലയത്തിന്റെ നിർമ്മാണവും പുനർനിർമ്മാണവും പ്രതിഷ്ഠയും പെസഹാചരണവും ഈ തിരുന്നാളുകളുടെ ആഘോഷങ്ങളും ന്യായാധിപന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ, ഏസ്രാ, നെഹെമിയാ, മത്താത്തിയാസും പുത്രന്മാരും (1 മക്ക. 2), യൂദാസ് മക്കബേയുസും സഹോദരന്മാരും (ജോനാഥാൻ, ശിമയോൻ) ഇവരുടെ പ്രവർത്തനങ്ങൾ, എലെയാസറിന്റെ രക്തസാക്ഷിത്വം (അ. പ്ര. 18:3), ഒരമ്മയുടെയും ഏഴുമക്കളുടെയും രക്തസാക്ഷിത്വം (2 മക്ക. 6:18–31) യൂദാസും അനുയായികളും മരിച്ചവർക്കുവേണ്ടി പാപപരിഹാരബലിയർപ്പിക്കാൻ തങ്ങൾ പിരിച്ചെടുത്ത രണ്ടായിരത്തോളം വെള്ളി നാണയങ്ങൾ ജറുസലെമിലേക്ക് അയച്ചു കൊടുത്തത്, പുനരുത്ഥാനത്തിലുള്ള അവരുടെ വിശ്വാസം (2 മക്ക. 12: 38–45), എല്ലാം ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നത് ഇസ്രായേലിലെയും യൂദയായിലെയും ദൈവഭക്തരുടെ കറതീർന്ന വിശ്വാസമാണ്.

## ജോബ്

### ജോബിന്റെ മഹാവിശ്വാസം

ജോബിന്റെ ഗ്രന്ഥത്തിൽ പരാതിയും ചോദ്യം ചെയ്യപ്പെടാവുന്ന ചില പ്രസ്താവനകളും മനോഭാവങ്ങളും ഉണ്ടെങ്കിലും ആത്യന്തികമായി ജോബിന്റെ മഹാവിശ്വാസപ്രഖ്യാപനം (ഒന്നാം അദ്ധ്യായം അവസാനം തന്നെ നാം കാണുന്നു) എത്ര ശ്ലാഘനീയം? "കർത്താവു തന്നു, കർത്താവ് എടുത്തു, കർത്താവിന്റെ നാമം മഹത്ത്വപ്പെടട്ടെ" (ജോബ് 1: 21). അവസാനം 42:5–6 ൽ സംശയത്തിനും പരാതിക്കുമെല്ലാം മാപ്പിനായി ജോബ് പശ്ചാത്തപിക്കുന്നുമുണ്ട്. "അങ്ങയെ കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു................. പൊടിയിലും ചാരത്തിലും കിടന്നു ഞാൻ പശ്ചാത്തപിക്കുന്നു" (ജോബ് 42:5–6).

# സങ്കീർത്തനങ്ങൾ

## ഒരു ഭക്തന്റെ വിശ്വാസപ്രഖ്യാപനം

ദൈവത്തിലുള്ള വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അവിടുത്തോടുള്ള സ്നേഹത്തിന്റെയും ആവിഷ്കാരങ്ങളാണ് സങ്കീർത്തനങ്ങൾ. നന്മ ചെയ്തു ദൈവത്തിന്റെ പ്രീതി സമ്പാദിക്കുന്നവരെക്കുറിച്ച് ഒന്നാം സങ്കീർത്തനം പറയുമ്പോൾ, ദൈവത്തിന്റെ അഭിഷിക്തനെക്കുറിച്ച് രണ്ടാം സങ്കീർത്തനം പറയുന്നു. തുടർന്ന് അപകടത്തിൽ കർത്താവ് വിശ്വാസിയുടെ ആശ്രയമാണെന്നും അവിടുന്നിൽ ആനന്ദവും സുരക്ഷിതത്വവുമുണ്ടെന്നും അവിടുന്ന് പ്രാർത്ഥന കേൾക്കുന്നവനാണെന്നും 3,4,5 ഗീതങ്ങൾ സ്ഥാപിക്കുന്നു. കരുണയ്ക്കും നീതിക്കും വേണ്ടിയുള്ള ദുഃഖിതന്റെ പ്രാർത്ഥനയാണ് 6,7 ഇവ.

മനുഷ്യൻ മഹോന്നതന്റെ സൃഷ്ടികളുടെയെല്ലാം മകുടമാണെന്ന് സങ്കീ. 8 സ്ഥാപിക്കുന്നു. മർദ്ദിതന്റെ ശക്തിദുർഗ്ഗവുംനീതിമാന്റെ ആശ്രയവുമാണ് കർത്താവ്; അവിടുന്നു നീതിമാന്മാരോടുകൂടെ അവരുടെ അഭയമായുണ്ട് (11-14). കർത്താവിന്റെ കൂടാരത്തിൽ അവർ വസിക്കും (15). ദൈവമാണ് സങ്കീർത്തകന്റെ അവകാശം; നിഷ്കളങ്കനു പ്രതിഫലമുണ്ട്. നേട്ടങ്ങളിൽ, അനുഗ്രഹങ്ങളിൽ, കർത്താവിനു കൃതജ്ഞത പറയണം. പ്രപഞ്ചവും നിയമവും ദൈവമഹത്ത്വം ഉദ്ഘോഷിക്കുന്നു (16-19). 20-ൽ രാജാവിന്റെ വിജയത്തിനുവേണ്ടി കർത്താവിനോടുള്ള പ്രാർത്ഥനയാണ്. പ്രാർത്ഥന കേട്ടതിനു കർത്താവിനുള്ള കൃതജ്ഞതയാണ് 21. ഇരുപത്തിരണ്ടാം സങ്കീർത്തനം സഹനദാസന്റെ കർത്താവിനോടുള്ള രോദനവും കർത്താവിലുള്ള അവന്റെ പ്രത്യാശയും അവതരിപ്പിക്കുന്നു (സങ്കീ. 22).

കർത്താവ് സങ്കീർത്തകന്റെ ഇടയനാണ് (23). മഹത്ത്വത്തിന്റെ രാജാവിന്റെ (കർത്താവിന്റെ) എഴുന്നള്ളത്താണ് 24-ന്റെ പ്രമേയം. നിഷ്കളങ്കഹൃദയത്തിന്റെ കർത്താവിനോടുള്ള നിഷ്കളങ്ക പ്രാർത്ഥനയാണ് 26. സങ്കീർത്തകൻ കർത്താവിൽ വീണ്ടും

ആശ്രയിക്കുന്നു (27). 28-ൽ കർത്താവിനോട് അവൻ സഹായം അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ ശക്തമായ സ്വരത്തെക്കുറിച്ച് സങ്കീർത്തനം 29 പറയുന്നു. 30 ഒരു കൃതജ്ഞതാഗാനമാണ്. കാരണം, കർത്താവ് സങ്കീർത്തകന്റെ സങ്കേതമാണ്. കർത്താവിൽ നിന്നു മാപ്പു ലഭിച്ചവന്റെ ആനന്ദം ആവിഷ്ക്കരിക്കുന്നു 32. സ്രഷ്ടാവും പരിപാലകനുമായ ദൈവമാണു മുപ്പത്തിമൂന്നിന്റെ ചർച്ചാവിഷയം. ദൈവത്തിന്റെ സംരക്ഷണത്തെക്കുറിച്ച് 34 പ്രതിപാദിക്കുന്നു. 35-ൽ നീതിനടത്തിത്തരണമേയെന്നു കർത്താവിനോട് സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു. കർത്താവു ജീവന്റെ ഉറവയാണെന്ന് 36 സ്ഥാപിക്കുന്നു. നീതിമാനും ദുഷ്ടനും തമ്മിലുള്ള ഒരു താരതമ്യപഠനത്തിലൂടെ, നീതിമാൻ ദുഷ്ടനെക്കണ്ട് ഭയക്കേണ്ടതില്ല, ദൈവത്തിൽ വിശ്വാസമർപ്പിച്ചാൽ മതിയെന്നുള്ള ഉപദേശമാണ് സങ്കി. 37ൽ.

കർത്താവേ, അങ്ങയുടെ കോപത്തിൽ എന്നെ ശാസിക്കരുതേ, അങ്ങയുടെ കോപത്തിൽ എന്നെ ശിക്ഷിക്കരുതേ എന്നു സങ്കീർത്തകൻ 38-ൽ പ്രാർത്ഥിക്കുന്നു. അടുത്ത സങ്കീർത്തനത്തിൽ നാവുകൊണ്ടു പാപം ചെയ്യാതിരിക്കാൻ തന്റെ വഴികൾ നേരേയാക്കുമെന്നു സങ്കീർത്തകൻ പ്രതിജ്ഞ ചെയ്യുന്നു. അവൻ ക്ഷമാപൂർവ്വം കാത്തിരിക്കുന്നതുകൊണ്ട് കർത്താവ് ചെവിചായിച്ചു അവന്റെ പ്രാർത്ഥന കേട്ട്, അവനെ ഭീകരഗർത്തത്തിൽ നിന്നു കരകയറ്റിയെന്നതാണ് 40-ന്റെ തന്തു. ദരിദ്രരോടു കരുണകാണിക്കുന്നവനു കർത്താവിന്റെ സംരക്ഷണമുണ്ടാകുമെന്ന് അടുത്ത സങ്കീർത്തനം സമർത്ഥിക്കുന്നു. ദൈവത്തിനുവേണ്ടിയുള്ള മനുഷ്യാത്മാവിന്റെ ദാഹം അവതരിപ്പിക്കുന്ന സങ്കീ. 42 സുവിദിതംതന്നെ. അധർമ്മികൾക്കെതിരേ തനിക്കുവേണ്ടി വാദിക്കണമെന്ന് 43-ൽ സങ്കീർത്തകൻ കർത്താവിനോടു പ്രാർത്ഥിക്കുന്നു.

പരാജിതരായ ഇസ്രായേൽ ജനതയുടെ വിലാപമാണ് സങ്കി. 44. മനഷ്യാത്മാവ്, വിശ്വാസത്തിൽ, സകലതും സകല

രെയും സർവ്വശക്തനു സമർപ്പിക്കുമ്പോൾ, കർത്താവ് സംപ്രീതനാകുമെന്നതാണ്, സങ്കീ. 45 സ്ഥാപിക്കുക. 'ഇമ്മാനുവേൽ', ദൈവം നമ്മോടുകൂടെയാണ്, നമ്മുടെമേൽ വാഴുന്നവനാണ് എന്ന് സങ്കീ. 48 സ്ഥാപിക്കുമ്പോൾ, സമ്പത്തിന്റെ നശ്വരതയെക്കുറിച്ചാണ് 49 പറയുക. ദൈവമായ കർത്താവിനുള്ള യഥാർത്ഥമായ ബലിയാണു കൃതജ്ഞതയെന്ന് സങ്കീ. 50 വ്യക്താക്കുമ്പോൾ, ദൈവമേ, കനിയണമേ! എന്ന പ്രാർത്ഥന വഴിയുള്ള അനുതാപത്തിന്റെ അത്യാഗാധമായ ആവിഷ്കാരമാണ് 51-ാം സങ്കീർത്തനം.

നന്മയെക്കാൾ തിന്മയെയും സത്യത്തെക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്ന അക്രമിയെ ദൈവം തകർക്കുമെന്ന സന്ദേശമാണ് സങ്കി. 52. ദൈവനിഷേധകന്റെ മഹാമൗഢ്യത്തെക്കുറിച്ചാണ് സങ്കി. 53. സങ്കീ. 54 വ്യക്തമാക്കുന്നു, ദൈവമാണ് എന്റെ സഹായകൻ, എന്റെ ജീവൻ താങ്ങിനിർത്തുന്നവൻ എന്ന്. സ്നേഹിതനാൽ വഞ്ചിക്കപ്പെട്ടവന്റെ വിലാപമാണ് സങ്കീ. 55. 56-ൽ വിശ്വാസിയായ മനുഷ്യൻ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു, "ഞാൻ നിർഭയനായി ദൈവത്തിൽ ആശ്രയിക്കും". ദൈവത്തിന്റെ ചിറകിൻകീഴിൽ ശരണം പ്രാപിക്കുന്ന യഥാർത്ഥ വിശ്വാസത്തിന്റെ ഉടമയെ സങ്കീ. 57 അനുവാചകനു കാണിച്ചു തരുന്നു. "തീർച്ചയായും ഭൂമിയിൽ ന്യായം വിധിക്കുന്ന ദൈവമുണ്ട്; അവിടുന്നു നീതിമാനു പ്രതിഫലവും ദുഷ്ടനു ശിക്ഷയും നല്കും (59). തോല്പ്പിക്കപ്പെട്ട ജനത പ്രാർത്ഥിക്കുന്നു, "ഞങ്ങളുടെ പ്രാർത്ഥന കേട്ട് അങ്ങയുടെ വലത്തുകയ്യാൽ ഞങ്ങളെ രക്ഷിക്കണമേ!" (60). വിശ്വാസി ദൈവത്തിൽ മാത്രം ആശ്വാസം കണ്ടെത്തുന്നു (61).

62-ൽ സാധകൻ സംശയലേശ്യമെന്യേ പ്രഖ്യാപിക്കുന്നു, 'ദൈവത്തിൽ മാത്രമാണ് എനിക്ക് ആശ്വാസം'. 42 പോലെ 63 ദൈവത്തിനുവേണ്ടിയുള്ള സാധകന്റെ ദാഹം അവതരിപ്പിക്കുന്നു. കുടിലബുദ്ധിയെ തകർക്കണമേ എന്ന പ്രാർത്ഥന

യാണ് സങ്കി. 64. സമൃദ്ധി ചൊരിയുന്നവനാണു നമ്മുടെ ദൈവമെന്ന് സങ്കീ. 65 സ്ഥാപിക്കുമ്പോൾ, 'കർത്താവിനെ സ്തുതിക്കുവിൻ എന്ന ആഹ്വാനമാണ് സങ്കീ. 66. ദൈവത്തിന്റെ രക്ഷാകരശക്തിയെക്കുറിച്ചും അവിടുത്തെ ജൈത്രയാത്രയെക്കുറിച്ചും 67,68, ക്രമാനുഗതം, പരാമർശിക്കുന്നു. "ദൈവമാണു നമ്മുടെ രക്ഷ; നമ്മുടെ ദൈവം രക്ഷയുടെ ദൈവമാണ്" (സങ്കീ. 68: 19-20).

കരഞ്ഞുകരഞ്ഞു തളർന്ന ഈശ്വരവിശ്വാസിയുടെ ദീനരോദനമാണ് സങ്കീ. 69-ൽ മുഴങ്ങി കേൾക്കുക. "ദൈവമേ, എന്നെ മോചിപ്പിക്കാൻ ദയ തോന്നണമേ; എന്നെ സഹായിക്കാൻ വേഗം വരേണമേ! (70). വാർദ്ധക്യത്തിലെത്തിയരിക്കുന്ന സാധകന്റെ സ്രഷ്ടാവിനോടുള്ള ഹൃദയസ്പർശിയായ പ്രാർത്ഥനയാണ് സങ്കി 71. പ്രാർത്ഥന കേൾക്കുന്നവനാണ് തന്റെ ദൈവമെന്ന സങ്കീർത്തകന്റെ ഉറച്ച വിശ്വാസം ഇവിടെ സ്പഷ്ടമാണ്. രാജാവിനു നീതിബോധം നൽകണമേയെന്നാണ് അടുത്ത സങ്കീർത്തനം. ദേവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള വിലാപമാണ് സങ്കീ 74. ദൈവം വിധികർത്താവാണെന്ന ബോധ്യമാണ് 75 വ്യക്തമാക്കുക. സങ്കീ. 76 ജേതാവായ ദൈവത്തെ പ്രഘോഷിക്കുന്നു. വഴി നടത്തുന്ന ദൈവത്തെയാണ്, നന്ദി നിറഞ്ഞ ഹൃദയത്തോടെ, അടുത്ത സങ്കീർത്തനത്തിൽ ഓർക്കുക.

ഇസ്രായേൽ ജനത്തെ വിമോചിപ്പിച്ചു, വഴിനടത്തി, വാഗ്ദത്ത ഭൂമിയിൽ എത്തിച്ച ദൈവത്തെ സാധകൻ വരച്ചു കാട്ടുന്നതോടൊപ്പം ഇസ്രായേൽ ജനത്തിന്റെ അവിശ്വസ്തതയെ ഓർത്ത് ദുഃഖിക്കുകയും ചെയ്യുന്നു. ഇസ്രോയേലിനെ വിജാതീയരിൽ നിന്നും മോചിപ്പിക്കണമെയെന്നും പാപങ്ങൾ പൊറുക്കണമേയെന്നുമാണു സങ്കീർത്തകനു ദൈവത്തോടുള്ള പ്രാർത്ഥന (79, 80). ഇസ്രായേലിന്റെ ശക്തികേന്ദ്രമായ ദൈവത്തെ ഉച്ചത്തിൽ പാടിപ്പുകഴ്ത്താൻ തന്റെ ജനത്തെ ആഹ്വാനം ചെയ്യുന്നു സങ്കീ. 81-ൽ. ദുർബലരെയും പാവപ്പെട്ടവരെയും രക്ഷിക്കാനാണ് 82-ലെ ആഹ്വാനം.

കർത്താവിന്റെ ഭവനത്തിന്റെ അഭികാമ്യതയാണ് 84-ലെ പ്രതിപാദ്യം. കാരുണ്യം കാണിച്ച ദൈവത്തെ നന്ദിയോടെ ഓർക്കുകയാണ് സങ്കീ. 85-ൽ. തന്റെ ജീവനെ സംരക്ഷിക്കാൻ സങ്കീർത്തകൻ സർവ്വശക്തനോടു പ്രാർത്ഥിക്കുന്നു അടുത്ത ഗീതത്തിൽ (86). ദൈവംതന്നെയാണു സീയോനെ സ്ഥാപിച്ച തെന്ന വിശ്വാസപ്രഖ്യാപനമാണ് 87. നീതി, ന്യായം, വിശ്വ സ്തത ഇവയിലാണ് ദൈവം തന്റെ സിംഹാസനം സ്ഥാപിച്ചി രിക്കുന്നതെന്ന ഉറപ്പാണ് സങ്കീ. 89 നല്കുക. അനശ്വരനായ ദൈവവും നശ്വരനായ മനുഷ്യനും തമ്മിലുള്ള ഒരു താരതമ്യ പഠനമാണ് സങ്കീ. 90. കർത്താവിന്റെ അതിശക്തമായ സംര ക്ഷണമാണ് 91-ന്റെ പ്രമേയം. നീതിമാൻ പനപോലെ തഴയ്ക്കു മെന്ന പ്രത്യാശയുടെ സന്ദേശമാണ് സങ്കീ. 92. കർത്താവിന് എന്നേക്കും യോജിച്ചതാണ് പരിശുദ്ധിയെന്ന് 93 പറയുന്നു.

സങ്കീ. 94-ൽ ദൈവം വിധികർത്താവാണെന്ന സത്യം മറ ക്കരുതെന്നാണ് സങ്കീർത്തകൻ തന്റെ ജനത്തെ ഉദ്ബോധിപ്പി ക്കുക. കർത്താവിനെ സ്തുതിക്കുവാനുള്ള ആഹ്വാനമാണ് 95. ദൈവം രാജാവാണെന്നു 96 വിളിച്ചോതുന്നു. പ്രജകൾ എപ്പോഴും അവിടുത്തോടു വിശ്വസ്തരായിരിക്കണം. പ്രപഞ്ച നാഥനും ഭൂമിയുടെ വിധികർത്താവും പരിശുദ്ധനും നല്ലവനു മായ ദൈവത്തെയാണ് സങ്കീ. 97, 98, 99, 100 ഇവ വ്യക്തമാ ക്കുക. ദൈവത്തിന്റെ കരുണ, നീതി ഇവയെക്കുറിച്ചുള്ള പ്രകീർത്തനമാണ് സങ്കീ. 101. കർത്താവിനെ വാഴ്ത്തുക, അവി ടുത്തേക്കു കീർത്തനമാലപിക്കുക, ഈ നിർദ്ദേശങ്ങളാണ് 103, 104 സങ്കീർത്തനങ്ങൾ. 105 ഇസ്രായേലിനെ നിരന്തരം നയിച്ച ദൈവത്തെ അവതരിപ്പിക്കുന്നു.

ഇസ്രായേലിന്റെ അവിശ്വസ്തതയും ദൈവത്തിന്റെ കാരു ണ്യവുമാണ് 106-ന്റെ പ്രമേയം. രക്ഷിക്കപ്പെട്ടവന്റെ കൃതജ്ഞത പ്രഘോഷിക്കുന്നു 107. ദൈവം കൂടെയുണ്ടെങ്കിൽ തങ്ങൾ ധീര

മായി പൊരുതുമെന്ന സങ്കീർത്തകന്റെ പ്രഖ്യാപനമാണ് 108. 111 അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന കർത്താവിനെക്കുറിച്ചു പറയുന്നു. ഉന്നതനും കാരുണ്യവാനുമായ കർത്താവു മാത്രമാണ് ദൈവമെന്ന് അടുത്ത മൂന്നു സങ്കീർത്തനങ്ങൾ സമർത്ഥിക്കുന്നു (113, 114, 115). (117) അവിടുത്തെ സ്തുതിക്കണം. അവിടുത്തേക്കു കൃതജ്ഞത അർപ്പിക്കണം (116). വിജയം ലഭിച്ചതിനു ദൈവത്തിനു നന്ദി പറയാനുള്ള ആഹ്വാനമാണ് സങ്കീ. 118. കർത്താവിന്റെ നിയമത്തെക്കുറിച്ചുള്ള, ദൈവവചനത്തെക്കുറിച്ചുള്ള, സുദീർഘമായ പ്രതിപാദനമാണു സങ്കീ. 119.

കർത്താവു സങ്കീർത്തകന്റെ കാവാൽക്കാരനാണ് (സങ്കീ. 121). അവിടുത്തെ നാമമാണ് നമ്മുടെ രക്ഷയും കോട്ടയുമെന്ന് സങ്കീ. 124, 125 പറയുന്നു. എല്ലാം ദൈവത്തിന്റെ ദാനമാണെന്ന സത്യമാണ് സങ്കീ. 128 പ്രഖ്യാപിക്കുക. കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവന് അനുഗ്രഹം ഉറപ്പ് (128). ദൈവത്തിലുള്ള ശിശുസഹജമായ പ്രത്യാശയാണ് 131-ൽ കാണുക. സഹോദരരുടെ ഐക്യത്തിന്റെ മഹിമ പ്രഘോഷിക്കുന്നു സങ്കീ. 133. കർത്താവിനെ സ്തുതിക്കാനുള്ള ആഹ്വാനമാണ് സങ്കീ. 135. എല്ലാം കാണുന്ന ദൈവത്തെ അവതരിപ്പിക്കുന്നു സങ്കി. 139. സങ്കീർത്തകന്റെ സായാഹ്നപ്രാർത്ഥനയാണു 141-ൽ. കർത്താവു വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നു വിളിച്ചോതുന്നു സങ്കീ. 145. കർത്താവു മാത്രമാണ് രക്ഷകൻ (146). ആകാശവും ഭൂമിയും സർവ്വശക്തനായ കർത്താവിനെ സ്തുതിക്കട്ടെ (147, 148). കർത്താവിനെ സ്തുതിക്കാൻ, അവിടുത്തേയ്ക്കു പുതുകീർത്തനം ആലപിക്കാൻ, അവിടുത്തെ പാടിപുകഴ്ത്താൻ, തപ്പുകൊട്ടിയും കിന്നരംമീട്ടിയും അവിടുത്തെ സ്തുതിക്കാൻ 149, 150 സങ്കീർത്തനങ്ങളിൽ ഇസ്രായേൽ ജനത്തെ (നാമേവരെയും) ആഹ്വാനം ചെയ്തുകൊണ്ടു സാധകൻ തന്റെ അത്യഗാധമായ വിശ്വാസത്തിന്റെ തീർത്ഥാടനം അവസാനിപ്പിക്കുന്നു. വിശ്വാസത്തിന്റെ എല്ലാ മാനങ്ങളും സങ്കീർത്തനസാധനയിലൂണ്ട്.

# സുഭാഷിതങ്ങൾ

## വിശ്വാസിക്കു മാത്രം മനസ്സിലാവുന്ന കാര്യങ്ങൾ

സുഭാഷിതങ്ങളിലും ഉടനീളം വിശ്വാസം പ്രസ്പഷ്ടമാണ്. ദൈവഭക്തിയാണ് അറിവിന്റെ ഉറവിടമെന്നതാണ് സുഭാഷിതങ്ങളിലെ ഒരു പ്രധാന പ്രമേയം (സുഭാ. 1:7). കർത്താവു ജ്ഞാനം നല്കുന്നു (2:6). കർത്താവിൽ പൂർണ്ണഹൃദയത്തോടെ വിശ്വാസമർപ്പിക്കാൻ സുഭാഷിതകർത്താവ് ആഹ്വാനം ചെയ്യുന്നു (3:5). മനുഷ്യന്റെ ചെയ്തികളെല്ലാം കർത്താവു കാണുന്നു (5:21). കർത്താവു വെറുക്കുന്ന ആറു കാര്യങ്ങൾ: ഗർവ്വ് കലർന്ന കണ്ണ്, വ്യാജം പറയുന്ന നാവ്, നിഷ്കളങ്കരക്തം ചൊരിയുന്ന കൈ, ദുഷ്കൃത്യങ്ങൾ നിനയ്ക്കുന്ന ഹൃദയം, തിന്മയിലേക്കു പായുന്ന പാദങ്ങൾ, അസത്യം പറഞ്ഞുകൂട്ടുന്ന കള്ളസാക്ഷി. സഹോദരങ്ങൾക്കിടയിൽപ്പോലും അവൻ ഭിന്നത വിതയ്ക്കും. വിശ്വാസിക്കേ ഇവ മനസ്സാലാകു, വിശ്വാസമില്ലാത്തവനിൽ ദൈവികജീവൻ നിലനിൽക്കുകയില്ല.

സഭാപ്രസംഗകനും ദൈവഭക്തിയെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. “ദേവാലയത്തിലേക്കു പോകുമ്പോൾ സൂക്ഷ്മതയുള്ളവനായിരിക്കുക... ദൈവം സ്വർഗ്ഗത്തിലാണ്... ദൈവത്തോടു നേർച്ചകൾ നേർന്നാൽ നിറവേറ്റാൻ താമസിക്കരുതേ, ... മൂഢരിൽ അവിടുത്തേക്കു പ്രീതിയില്ല... ദൈവത്തെ ഭയപ്പെടുക” (അ.5:2-7). വിശ്വാസത്തിൽ നിന്നേ ഭക്തി ഉയിർകൊള്ളു. വിശ്വാസം ജീവനും അവിശ്വാസം മരണവുമാണ്.

ജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം കാണുന്നു: “ദൈവത്തോടൊത്തു ജീവിച്ച് തന്റെ കുലീനജന്മത്തെ അവൾ (ജ്ഞാനം) മഹത്ത്വപ്പെടുത്തുന്നു. എല്ലാറ്റിന്റെയും കർത്താവ്

അവളെ സ്നേഹിക്കുന്നു. "ദൈവം നല്കുന്നില്ലെങ്കിൽ ജ്ഞാനം എനിക്കു ലഭിക്കുകയില്ലെന്നു ഞാനറിഞ്ഞു" (അ. 8:3, 21). "കർത്താവേ, സകലത്തിലും അങ്ങയുടെ അക്ഷയ മായ ചൈതന്യം കുടികൊള്ളുന്നു (12:1). ദൈവത്തെ അറി യാത്തവർ സ്വതേ ഭോഷരാണ് (13:1). പതിനഞ്ചാം അദ്ധ്യായ ത്തിൽ വിശ്വാസത്തിന്റെ ഒരു വലിയ ആവിഷ്കാരം നാം കാണുന്നുണ്ട്. "ഞങ്ങളുടെ ദൈവമേ, അവിടുന്ന് ദയാലുവും വിശ്വസ്തനും ക്ഷമാശീലനുമാണ്. അവിടുന്ന് എല്ലാറ്റിനെയും കൃപയോടെ പരിപാലിക്കുന്നു... അങ്ങയെ അറിയുന്നതാണ് നീതിയുടെ പൂർണ്ണത. അങ്ങയുടെ ശക്തി അറിയുന്നതാണ് അമർത്യതയുടെ ആരംഭം" (15:1-3). ദൈവവിശ്വാസമില്ലാത്ത വന് ഇവയൊന്നും ഉൾക്കൊള്ളാനാവില്ല.

പ്രഭാഷകൻ തുടങ്ങുന്നതു തന്നെ സർവ്വജ്ഞാനവും കർത്താവിൽ നിന്നു വരുന്നുവെന്നു പ്രഖ്യാപിച്ചുകൊണ്ടാണ്. (1:1). തുടർന്നു ദൈവഭക്തിയെക്കുറിച്ചും (1:11-30) കർത്താവിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും (അ.2) കർത്താവ് ആർദ്രഹൃദയനും കരുണാമയനുമാണെന്നും അവി ടുന്നു പാപങ്ങൾ ക്ഷമിക്കുമെന്നും (2:11) പ്രഭാഷകൻ അസ ന്നിഗ്ധമായ ഭാഷയിൽ വ്യക്തമാക്കുന്നു. 7:29-30 ആഹ്വാനം ചെയ്യുന്നു: "പൂർണ്ണഹൃദയത്തോടെ കർത്താവിനെ ഭയപ്പെടുക; സർവ്വശക്തിയോടും കൂടി സ്രഷ്ടാവിനെ സ്നേഹിക്കുക." 11:21-ൽ നാം വായിക്കുന്നു: കർത്താവിൽ ശരണം വച്ചു നിന്റെ ജോലി ചെയ്യുക. സ്രഷ്ടാവായ ദൈവത്തിനു സ്തുതി പാടാ നുള്ള ആഹ്വാനമാണ് 39:12-35. 42:16-ൽ പ്രഭാഷകൻ പ്രസ്താ വിക്കുന്നു: "കർത്താവിന്റെ മഹത്ത്വം എല്ലാ സൃഷ്ടികളിലും നിറഞ്ഞിരിക്കുന്നു." 43:27 പ്രസ്പഷ്ടമാണ് - "കർത്താവാണ് സർവ്വവും." വിശ്വാസത്തിൽ ആഴപ്പെട്ടിട്ടുള്ളവർക്കേ ഇവയുടെ സ്വാരസ്യവും സുതാര്യതയും സൈകുമാര്യവും സന്തുലിതാ വസ്ഥയും മനസ്സിലാവുകയുള്ളു. ▲

# 9

## പ്രവാചകന്മാർ

### ഏശയ്യ

### വിശ്വാസത്തിന്റെ അവശ്യാവശ്യകത

പ്രവാചകന്മാരെല്ലാവരും ദൈവത്തിൽ വിശ്വസിക്കേണ്ട തിന്റെ ആവശ്യകതയും, അവിടുന്നിൽ ആശ്രയിക്കുന്നതിന്റെ സത്ഫലങ്ങളും, അവിടുത്തെ കല്പനകൾ പാലിക്കേണ്ടതിന്റെ അനിവാര്യതയും വ്യക്തമാക്കുന്നുണ്ട്. "നിന്റെ ദൈവമായ കർത്താവു ഞാനാണ്. നീ എന്റെ കല്പനകൾ അനുസരിച്ചി രുന്നെങ്കിൽ, നിന്റെ സമാധാനം നദിപോലെ ഒഴുകുമായിരുന്നു; നീതി കടലലകൾ പോലെ ഉയരുമായിരുന്നു; നിന്റെ സന്തതി കൾ മണൽ പോലെയും വംശം മണൽത്തരി പൊലെയും പെരുകുമായിരുന്നു. അവരുടെ നാമം എന്റെ മുമ്പിൽ നിന്ന് ഒരിക്കലും വിച്ഛേദിക്കപ്പെടുകയോ നശിച്ചുപോവുകയോ ഇല്ലാ യിരുന്നു" (ഏശ. 48:17-19).

യുവാക്കൾ പോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം. ചെറുപ്പക്കാർ ശക്തിയറ്റു വീഴാം. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും, അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല, നടന്നാൽ തളരുകയുമില്ല (ഏശ. 40:30-33).

26:4-ൽ ഏശയ്യാപ്രവാചകൻ പറയുന്നു: കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ; ദൈവമായ കർത്താവ് ശാശ്വത മായ അഭയശിലയാണ്. വീണ്ടും, സ്വസ്ഥതയും കർത്താവിലു ള്ള ആശ്രയവുമായിരിക്കും നിങ്ങളുടെ ബലം (ഏശ. 30:15). "കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ; ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ് (ഏശ. 26:4). "നിന്ദ കരേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ (ഏശ. 28:14). ഏശയ്യാ ശക്തമായ ഭാഷയിൽ ഉപദേശിക്കുന്നു: "കർത്താവിന്റെ ഉപദേശം വിസ്മയനീയവും ജ്ഞാനം മഹോന്നതവുമാണ്" (20:29). കർത്താവിന്റെ വചനം ഇസ്രായേലിനു നിയമത്തിന്മേൽ നിയമവും ചട്ടത്തിന്മേൽ ചട്ടവുമായിരിക്കണം (28:13).

വീണ്ടും ഏശയ്യാ ഇസ്രായേൽ ജനത്തിനു വ്യക്തമാക്കി ക്കൊടുക്കുന്നു: "കർത്താവു നീതിയുടെ ദൈവമാണ്. അവിടു ന്നിൽ വിശ്വസിച്ച്, അവിടുത്തെ കാത്തിരിക്കുന്നവർ ഭാഗ്യവാ ന്മാർ" (30:18). "കർത്താവ് നിന്റെ വിലാപസ്വരം കേട്ട് (മാന സാന്തരം മനസ്സിലാക്കി) നിന്നോട് കരുണ കാണിക്കും; കർത്താവു നിനക്ക് കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കു കയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നീന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം കേൾക്കും; ഇതാണ് വഴി, ഇതിലെ പോവുക (30: 19-21).

60:1-ൽ ഏശയ്യാ ഉദ്ബോധിപ്പിക്കുന്നു: "ഉണർന്നു പ്രകാ ശിക്കുക, നിന്റെ പ്രകാശം (കർത്താവ്) വന്നു ചേർന്നിരിക്കു ന്നു. കർത്താവിന്റെ മഹത്ത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു." ഇസ്രായേൽ ജനം യഹോവയിലുള്ള വിശ്വാസത്തിൽ ആഴപ്പെട്ട്,

ആ വിശ്വാസം അനുസരിച്ച് ജീവിക്കാനും അവിടുത്തെ ചട്ട ങ്ങളും നിയമങ്ങളും പാലിച്ച് രക്ഷ പ്രാപിക്കാനുമാണ് പ്രവാ ചകൻ നിർദ്ദേശിക്കുന്നത്. പ്രവാചകരുടെയെല്ലാം പ്രബോധന ത്തിന്റെ അന്തഃസത്ത വിശ്വസിക്കുക, വിശ്വാസത്തിൽ വളരുക എന്നതാണ്.

ജറെമിയാ എഴുതുന്നു: കർത്താവു കല്പ്പിച്ചിരിക്കുന്നു: "എന്റെ വാക്ക് അനുസരിക്കുവിൻ, ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവും ആയിരിക്കും. ഞാൻ നിങ്ങളോടു കല്പ്പിക്കുന്ന മാർഗ്ഗത്തിലൂടെ ചരിക്കുവിൻ. നിങ്ങൾക്കു ശുഭ മായിരിക്കും" (ജറെ. 7:23). തന്നിൽ സമ്പൂർണ്ണമായി വിശ്വസി ച്ച്, ആ വിശ്വാസം ജീവിക്കാനുള്ള ദൈവത്തിന്റെ കല്പനയാണ് പ്രവാചകൻ ഈ വാക്കുകളിലൂടെ അവതരിപ്പിക്കുക.

ബാറൂക്ക് ഇസ്രായേൽ ജനത്തെ ഉപദേശിക്കുന്നു: "ദൈവ ത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണ തയോടെ തിരിച്ചു വന്ന് അവിടുത്തെ തേടുവിൻ" (5:28). ദൈവ ത്തിൽ പൂർണ്ണമായി വിശ്വസിക്കാനാണ് പ്രവാചകന്റെ ആഹ്വാനം.

ദൈവവിശ്വാസമുള്ള, സജീവവിശ്വാസമുള്ള, ഒരു ജനത യായി തീരുക. സത്യദൈവത്തിലുള്ള വിശ്വാസജീവിതം നയി ക്കുവാൻ മഹോന്നതൻ ജനതയെ വിളിക്കുകയാണ്. വിശ്വസി ക്കാത്തവർക്കുള്ള വ്യക്തിപരമായ ഉത്തരവാദിത്വത്തെക്കുറി ച്ചാണ് എസെക്കിയേൽ പ്രവാചകൻ ഊന്നിപ്പറയുക. "ഒരു ദേശം

വിശ്വാസം വെടിഞ്ഞ് എനിക്കെതിരായി പാപം ചെയ്താൽ ഞാൻ അതിനെതിരേ എന്റെ കരം നീട്ടി അവരുടെ അപ്പം വില ക്കുകയും അവരുടെമേൽ ക്ഷാമം അയയ്ക്കുകയും ചെയ്യും" (14:13). സത്യവിശ്വാസമുള്ളവനാണു ദൈവദാനം കിട്ടുക.

വീണ്ടും 15:8-ൽ നാം കാണുന്നു: "അവർ അവിശ്വസ്ത രായി പെരുമാറിയതുകൊണ്ട് ഞാൻ ആ ദേശത്തെ വിജനമാ ക്കും." "അവന്റെ അവിശ്വസ്തതയും പാപവും മൂലം അവൻ മരിക്കും" (18:24). അവിശ്വാസം ദൈവനിന്ദയാണ് (20:27). വീണ്ടും കർത്താവ് അരുളിച്ചെയ്യുന്നു: "എന്നോട് കാണിച്ച അവി ശ്വസ്തതയെക്കുറിച്ചുള്ള ലജ്ജ അവർ വിസ്മരിക്കും" (39:26).

"രാജാവേ, ഞങ്ങൾ സേവിക്കുന്ന (വിശ്വസിക്കുന്ന) ഞങ്ങ ളുടെ ദൈവം എരിയുന്ന തീച്ചൂളയിൽ നിന്നു ഞങ്ങളെ രക്ഷി ക്കാൻ കഴിവുള്ളവനാണ്, അവിടുന്ന് ഞങ്ങളെ നിന്റെ കൈയ്യിൽ നിന്ന് മോചിപ്പിക്കും. ഈകാര്യം നീ അറിഞ്ഞുകൊള്ളുക. അവി ടുന്ന് ഞങ്ങളെ മോചിപ്പിച്ചില്ലെങ്കിൽപ്പോലും ഞങ്ങൾ നിന്റെ ദേവന്മാരെയോ, നീ നിർമ്മിച്ച സ്വർണ്ണവിഗ്രഹത്തെയോ ആരാ ധിക്കുകയില്ല" എന്നു നബുക്കദ്നേസർ രാജാവിനോട്, ഒരു വെല്ലുവിളിയെന്നപോലെ, പറയാൻ ഷദ്രാക്ക്, മെഷാക്ക്, അബെദ്നേഗോ എന്നീ മൂന്നു കൽദായ ബാലന്മാർക്ക് ആത്മ ധൈര്യം പകർന്നതും, " ദൈവത്തിനു കീർത്തനം ആലപിച്ചു കൊണ്ടും കർത്താവിനെ സ്തുതിച്ചുകൊണ്ടും തീജ്വാലകളുടെ മധ്യേ സധൈര്യം നടക്കാൻ അവർക്കു കഴിഞ്ഞതും, സത്യ ദൈവത്തിലുള്ള അത്യഗാധമായ വിശ്വാസം മുലമാണ് (ദാനി. മൂന്നാം അധ്യായം മുഴുവൻ കാണുക).

"കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനെക്കാൾ, നിങ്ങൾക്കു വഴങ്ങാതെ, നിങ്ങളുടെ പിടിയിൽ (കെണി യിൽ)പ്പെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്" എന്നു

ചങ്കൂറ്റത്തോടെ പ്രഖ്യാപിക്കാൻ സൂസന്നയെ പ്രേരിപ്പിച്ചതും (ദാനി. 13:23) അവൾ സ്വയം കർത്താവിനു സമർപ്പിച്ചതും (ദാനി. 13:35) അവികലമായ ദൈവവിശ്വാസത്തിന്റെ അക്ഷയ മായ ആവിഷ്ക്കാരങ്ങളാണ്.

കാമഭ്രാന്തന്മാരായ കശ്മലന്മാർ അവളെ അന്യായമായി, കൗശലത്തിൽ, മരണത്തിനു വിധിച്ചപ്പോൾ, സൂസന്ന സർവ്വ ശക്തനായ ദൈവത്തോടു നടത്തിയ പ്രാർത്ഥന അവളെ യഥാർത്ഥ വിശ്വാസത്തിന്റെ ആൾരൂപമാക്കുന്നു. "നിത്യനായ ദൈവമേ, രഹസ്യങ്ങളെ വിവേചിക്കുന്നവനേ, വസ്തുക്കൾ ഉണ്ടാകുന്നതിനു മുമ്പ് തന്നെ അവയെ അറിയുന്നവനേ, ഇവർ എനിക്കെതിരേ കള്ളസാക്ഷ്യം പറഞ്ഞെന്ന് അങ്ങ് അറിയുന്നു വല്ലോ. ഞാനിതാ മരിക്കാൻ പോകുന്നു. എങ്കിലും എനിക്കെ തിരേ ദുഷ്ടതയോടെ ആരോപിച്ചിരുന്ന കാര്യങ്ങളിലൊന്നും ഞാൻ ചെയ്തിട്ടില്ല". കർത്താവ് അവളുടെ നിലവിളി കേട്ടു (ദാനി. 13:42-46).

ദാനിയേൽ എന്നു പേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ കർത്താവ് ഉണർത്തുന്നു. അവൻ ഉച്ചത്തിൽ വിളിച്ചു പറയുന്നു: "ഇവളുടെ രക്തത്തിൽ എനിക്ക് പങ്കില്ല." തന്റെ നേരേ തിരിഞ്ഞ ജനത്തോട് അവൻ പറയുന്നു: "ഇസ്രാ യേൽ മക്കളേ, നിങ്ങൾ ഇത്ര ഭോഷന്മാരാണോ? വിചാരണ നടത്താതെയും വസ്തുതകൾ ഗ്രഹിക്കാതെയും ഒരു ഇസ്രാ യേൽ പുത്രിയെ നിങ്ങൾ ശിക്ഷയ്ക്കു വിധിക്കുന്നുവോ? വിചാ രണസ്ഥലത്തേക്കു മടങ്ങുവിൻ. കാരണം, ഈ മനുഷ്യർ ഇവൾക്കെതിരേ കള്ളസാക്ഷ്യം പറഞ്ഞിരിക്കുന്നു" (ദാനി. 13:45-50).

നഴ്സറി കുട്ടികളെപ്പോലെ, ജനം അവനെ അനുസരിക്കു ന്നു. ദാനിയേൽ ഇരുവരെയും വിസ്തരിച്ച് അവരുടെ കടുത്ത വഞ്ചനയും മ്ലേച്ഛമായ ദുരുദ്ദേശവും ജനത്തിനു വെളിപ്പെടുത്തു ന്നു. "സൂസന്നയ്ക്കു നൽകാൻ ദുഷ്ടതയോടെ ആ കശ്മല ന്മാർ നിശ്ചയിച്ച ശിക്ഷ അവരുടെ തന്നെ തലയിൽപ്പതിക്കുന്നു (ദാനി. 13:51-64). ഇത്തരം വിശ്വാസസാക്ഷ്യങ്ങളുടെ മുമ്പിൽ

നമ്രശിരസ്ക്കരാകുകയും നമ്മുടെ വിശ്വാസത്തിന്റെ സത്യസന്ധതയും സജീവതയും ഊഷ്മളതയും പരിശോധിച്ചു നോക്കുകയും പരിവർത്തനം വരുത്താൻ തീരുമാനിക്കുകയും ചെയ്യുക അവശ്യാവശ്യകമല്ലേ?

യഥാർത്ഥ വിശ്വാസജീവിതത്തിലേയ്ക്കു വരാൻ ഹോസിയായും ജനത്തെ ആഹ്വാനം ചെയ്യുന്നു. "ഇസ്രായേൽ, നിന്റെ ദൈവമായ കർത്താവിങ്കലേയ്ക്കു തിരിച്ചുവരുക. നിന്റെ അകൃത്യങ്ങൾ മൂലമാണ് നിനക്കു കാലിടറിയത്. കുറ്റം ഏറ്റുപറഞ്ഞ് കർത്താവിന്റെ അടുക്കലേയ്ക്കു തിരിച്ചു വരുക. അവിടുത്തോടു പറയുക അകൃത്യങ്ങൾ അകറ്റണമേ; നന്മയായത് അവിടുന്ന് സ്വീകരിച്ചാലും" (ഹോസി 14:1-2).

ജോയേൽ പ്രവാചകനും ഇസ്രായേൽ ജനത്തെ സത്യവിശ്വാസത്തിലേയ്ക്കു മാടി വിളിക്കുന്നു. പുരോഹിതന്മാരേ, വിലപിക്കുവിൻ, ബലിപീഠ ശുശ്രൂഷകരേ, വിലപിക്കുവിൻ; എന്റെ ദൈവത്തിന്റെ സേവകരേ, അകത്തു ചെന്ന് ചാക്കുടുത്തു രാത്രി കഴിക്കുവിൻ. ധാന്യബലിയും പാനീയ ബലിയും നിങ്ങളുടെ ദൈവത്തിന്റെ ആലയത്തിൽ അർപ്പിക്കപ്പെടുന്നില്ല. ഉപവാസം പ്രഖ്യാപിക്കുകയും മഹാസഭ വിളിച്ചു കൂട്ടുകയും ചെയ്യുവിൻ. ശ്രേഷ്ഠന്മാരെയും ദേശവാസികളെയും നിങ്ങളുടെ ദൈവമായ കർത്താവിന്റെ ആലയത്തിൽ ഒരുമിച്ചു കൂട്ടുവിൻ, കർത്താവിനോടു പ്രാർത്ഥിക്കുവിൻ (1:13 14). വിശ്വാസരാഹിത്യത്തിനു മറുമരുന്ന്!.

അതിപ്രബലനായ ശത്രുവിന്റെ ആക്രമണവും കൃഷിനാശവുമൊക്കെ സത്യദൈവത്തെ മറന്ന്, വിശ്വാസം

പരിത്യജിച്ച്, വിഗ്രഹാരാധന മുതൽ എല്ലാ പാപങ്ങളിലും മുഴുകി ജീവിക്കുന്നതു കൊണ്ടാണെന്നു പറഞ്ഞുകൊണ്ടാണു പ്രവാചകൻ തുടങ്ങുന്നതു തന്നെ. "വൃദ്ധരേ ശ്രവിക്കുവിൻ; ദേശവാസികളേ ചെവിക്കൊള്ളുവിൻ. നിങ്ങളുടെയോ, നിങ്ങളുടെ പിതാക്കന്മാരുടെയോ കാലത്ത് ഇങ്ങനെയൊന്ന് സംഭവിച്ചിട്ടുണ്ടോ? ഇതേപ്പറ്റി നിങ്ങളുടെ മക്കളോടു പറയുവിൻ. അവർ തങ്ങളുടെ മക്കളോടും അവരുടെ മക്കൾ അടുത്ത തലമുറയോടും പറയട്ടെ. വീട്ടിൽ ശേഷിച്ചതു വെട്ടുക്കിളി തിന്നു. പച്ചക്കുതിര ശേഷിപ്പിച്ചതു കമ്പിളിപ്പുഴു തിന്നു. മദ്യപന്മാരേ ഉണർന്നു വിലപിക്കുവിൻ; വീണു കിടക്കുന്നവരേ, നെടുവീർപ്പിടുവിൻ. മധുരിക്കുന്ന വീഞ്ഞു നിങ്ങളുടെ അധരങ്ങളിൽ നിന്നും തട്ടിമാറ്റിയിരിക്കുന്നു" (ജോയേൽ 1:2-5).

യോനായുടെ സഹനം, വിശ്വാസം, പ്രാർത്ഥന ഇവ ഏകോപിച്ച് നിനെവേയുടെ മാനസാന്തരം യാഥാർത്ഥ്യമാക്കുന്നു. അവിടത്തെ ജനങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു. അവർ ഒരു ഉപവാസം പ്രഖ്യാപിക്കുന്നു. വലിയവരും ചെറിയവരും ഒരുപോലെ ചാക്കുടുത്തു(3:5). ഈ വാർത്തകേട്ട നിനെവേരാജാവും സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ്, രാജകീയവസ്ത്രം മാറ്റി, ചാക്കുടുത്തു ചാരത്തിൽ ഇരുന്നു (3:6). സകല ജീവജാലങ്ങളും തന്നെ ഉപവസിക്കട്ടെ, ഓരോരുത്തനും തന്റെ ദുർമാർഗ്ഗത്തിൽ നിന്നു പിന്തിരിയട്ടെ (3:7 -8). അവരുടെ വിശ്വാസം കണ്ട ദൈവം മനസ്സു മാറ്റി, തന്റെ ക്രോധം പിൻവലിക്കുന്നു (3:9).

മിക്കാ പ്രവാചകനിലും യഥാർത്ഥ വിശ്വാസത്തിന്റെ ആവിഷ്കാരമുണ്ട്. "യാക്കോബു ഭവനത്തിന്റെ തലവന്മാർ

പറയുന്നു: കർത്താവു നമ്മുടെ മധ്യത്തിലില്ലേ? നമുക്ക് ഒരു അനർത്ഥവും വരുകയില്ല"(മിക്കാ 3:11). കറതീർന്ന വിശ്വാസ പ്രഖ്യാപനം!

പ്രവാചകന്റെ വിശ്വാസപ്രഖ്യാപനം ശ്രവിക്കുക. "അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളി ല്ലെങ്കിലും, ഒലിവു മരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റു പോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും''. (അവിടുന്നിൽ അടിയുറച്ച വിശ്വാസവും പ്രത്യാശയും അവിടു ത്തോടു സ്നേഹവും ഉള്ളതുകൊണ്ടാണല്ലോ ഇത്ര വലിയ പ്രതിസന്ധികളിൽപ്പോലും സന്തോഷിക്കാനാവുക). "എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എന്റെ ബലം" (ഹബ. 3:17-19).

കർത്താവിനെ അനുഗമിക്കുക, അന്വേഷിക്കുക, ആരാധിക്കുക, ഈ മൂന്നു സന്ദേശങ്ങളാണു സെഫാനിയായുടെ പ്രവചനത്തിന്റെ പൊരുൾ. ഇവ വിശ്വാസത്തിന്റെ പ്രവൃത്തിക ളാണ്. ഒപ്പം, വിശ്വാസത്തിന്റെ പൂർണ്ണിമയും.

'തകർന്നു കിടക്കുന്ന ദേവാലയം പുനരുദ്ധരിക്കുക' എന്ന സന്ദേശവുമായി കടന്നു വരുന്ന ഹഗ്ഗായി പ്രവാചകന്റെ വാദ ഗതി, ഇസ്രായേലിന്റെ ദുഃസ്ഥിതിക്കു കാരണം ദേവാലയ പുനരുദ്ധാരണത്തെക്കുറിച്ച് ഇസ്രായേൽ ജനം ഗൗരവമായി

ചിന്തിക്കാത്തതാണെന്നാണ്. ദൈവത്തിലുള്ള വിശ്വാസത്തിന്റെ കുറവായിരിക്കണമല്ലോ അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത അവരെ വിഴുങ്ങാതിരുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ദൈവത്തിന്റെ അനുഗ്രഹം ലഭിക്കാൻ അവിടുന്നിലുള്ള വിശ്വാസത്തിൽ ഇസ്രായേൽ ജനം ആഴപ്പെടണം, അതുപോലെ ഒരോ ക്രൈസ്തവനും.

അനുതാപത്തിനുള്ള ആഹ്വാനത്തോടെയാണ് സഖറിയായുടെ പുസ്തകം ആരംഭിക്കുക. ദൈവത്തിൽ അടിയുറച്ച വിശ്വാസം ഉള്ളവർക്കേ അനുതാപത്തിന്റെ ആവശ്യം ബോധ്യമാകൂ (സഖ. 1:1-17). കർത്താവിന്റെ പ്രതികരണവും ഏറെ ശ്രദ്ധേയമാണ്. "ഒറ്റ ദിവസം കൊണ്ട് ഞാൻ ഈ ദേശത്തിന്റെ പാപം തുടച്ചു മാറ്റും" (3:9). കർത്താവു ഭൂമി മുഴുവന്റെയും രാജാവായി വാഴും. അന്ന് കർത്താവ് ഒരുവൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നാണു പ്രവാചകൻ പ്രഖ്യാപിക്കുന്നത്. ഇസ്രായേലിന്റെ വിശ്വാസ ത്തിലേയ്ക്കുള്ള മടങ്ങിവരവിനെയാണ് ഇതു സൂചിപ്പിക്കുക.

മലാക്കിയും വിശ്വാസത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. "എന്റെ നാമത്തെ ഭയപ്പെടുന്ന (എന്നിൽ വിശ്വസിച്ച്, എന്നെ ആശ്രയിക്കുന്ന, തങ്ങളുടെ തെറ്റുകളെക്കുറിച്ച് അനുതപി ക്കുന്ന, കർത്താവിൽ ശരണപ്പെടുന്ന, കർത്താവിനെ സ്നേഹിക്കുന്ന, അവിടുന്നുമായി ഹൃദയൈക്യത്തിൽ ജീവിക്കുവാനാഗ്രഹിക്കുന്ന) നിങ്ങൾക്കു വേണ്ടി നീതി സൂര്യൻ ഉദിക്കും. അതിന്റെ ചിറകുകളിൽ സൗഖ്യമുണ്ട്. തൊഴുത്തിൽ നിന്നു വരുന്ന പശുക്കുട്ടി എന്ന പോലെ നിങ്ങൾ തുള്ളിച്ചാടും" (മലാക്കി 4:2). ▲

# 10

## വിശ്വാസം പുതിയ നിയമത്തിൽ

### മത്തായി

### അത്ഭുതങ്ങൾ സംഭവിക്കാൻ വിശ്വാസം അത്യന്താപേക്ഷിതം

### കുഷ്ഠരോഗിയുടെ സൗഖ്യം

പുതിയ നിയമത്തിൽ, ആത്യന്തികമായി, ഈശോമിശിഹായിലുള്ള വിശ്വാസമാണ് കൂടുതൽ പരാമർശിക്കപ്പെടുക; ആത്മശരീരസിദ്ധികളൊക്കെയും ആത്മ നാഥന് അർപ്പണം ചെയ്യുന്ന അനുഭവത്തിന് വി. മത്തായിയുടെ സുവിശേഷം എട്ടാം അധ്യായം ഒന്നു മുതൽ നാലു വരെയുള്ള വാക്യങ്ങൾ തന്നെ ഉദാഹരണമാണ്. മലയിലെ പ്രസംഗം കഴിഞ്ഞ്, വലിയൊരു ജനക്കൂട്ടത്താൽ അനുഗതനായി ഈശോ ഇറങ്ങി വരുമ്പോൾ ഒരു കുഷ്ഠരോഗി, അടുത്തു വന്ന് അവിടുത്തെ താണു വണങ്ങി അവിടുത്തോടു പറയുന്നു: "കർത്താവേ, അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കാൻ കഴിയും". കുഷ്ഠരോഗിയുടെ മനസ്സിന്റെ ഉറപ്പും ഇവിടെ പ്രസക്തമാണ്. ഈശോ കൈനീട്ടി, അവനെ സ്പർശിച്ചു കൊണ്ടു പറയുന്നു: "എനിക്ക് മനസ്സുണ്ട്, നിനക്ക് ശുദ്ധി വരട്ടെ". തത്ക്ഷണം കുഷ്ഠം മാറി അവൻ സുഖം പ്രാപിക്കുന്നു. കുഷ്ഠരോഗിക്ക് ഈശോയിലുണ്ടായിരുന്ന ആശ്രയത്വവും ഇവിടെ പരിഗണനാർഹമാകുന്നു.

മാർക്കോ.1:40-45; ലൂക്കാ 5:12-16 ഈ വചന ഭാഗങ്ങളും ഈ സംഭവം രേഖപ്പെടുത്തുന്നുണ്ട്. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുന്നതു (മത്താ. 8:5-8 :1-4 ) സംബന്ധിച്ചും ഇതു ശരിയാണ്.

ഈശോ കഫർണാമിൽ പ്രവേശിച്ചപ്പോഴാണ് തന്റെ ഭൃത്യന്റെ സൗഖ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു ശതാധിപൻ ഈശോയെ സമീപിക്കുന്നത്. അവന്റെ ആത്മാർത്ഥമായ അഭിലാഷം ഉൾക്കൊണ്ട ദിവ്യനാഥൻ നിസ്സങ്കോചം പറയുന്നു, ‘‘ഞാൻ വന്ന് അവനെ സുഖപ്പെടുത്താം’’. അപ്പോൾ ശതാധിപൻ നടത്തിയ പ്രതികരണം, ‘‘കർത്താവേ അങ്ങ് എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല, അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മതി, എന്റെ ഭൃത്യൻ സുഖപ്പെടും’’ എന്ന വിശ്വാസത്തിന്റെ മഹാപ്രഖ്യാപനം ഈശോയെ അക്ഷരാർത്ഥത്തിൽ, വിസ്മയസ്തിമിതനാക്കി. ശതാധിപൻ ഒരു വിജാതീയനായിരുന്നുവെന്നതാണ്, അവിടുത്തെ പുളകം കൊള്ളിക്കുന്നതിനുള്ള ഒരു കാരണം. ഇക്കാര്യം അവിടുന്ന് വ്യക്തമാക്കുന്നത് ദൈവത്തിന്റെ സ്വന്തം ജനമായ ‘‘ഇസ്രായേലിൽപോലും ഒരുവനിലും ഇതുപോലൊരു വിശ്വാസം ഞാൻ കണ്ടിട്ടില്ല” എന്ന് പ്രഖ്യാപിച്ചു കൊണ്ടാണ്. ഇസ്രായേലിന്റെ അവിശ്വാസത്തെയും ആത്മീയാന്ധതയെയും അവിടുന്ന്, പരോക്ഷമായി, അപലപിക്കുകയാണിവിടെ. ഈശോ സർവ്വശക്തനായ ദൈവമാണെന്നും അവിടുത്തെ ഔന്നത്യം അത്ര ഉദാത്തമാണെന്നും അവിടുത്തേക്കു അസാധ്യമായി ഒന്നുമില്ലെന്നുമുള്ള ഉറപ്പ് ശതാധിപനു സ്വന്തമാകുന്നു. അവന്റെ വിശ്വാസത്തെ വീണ്ടും പരോക്ഷമായി, ശ്ലാഘിച്ചു കൊണ്ട് അവിടുന്ന് കൽപ്പിക്കുന്നു, ‘‘പൊയ്ക്കൊൾക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ”. ആ സമയത്തുതന്നെ ഭൃത്യൻ സുഖം പ്രാപിച്ചു എന്ന വസ്തുതയും സുവിശേഷകൻ രേഖപ്പെടു

ത്തിയിരിക്കുന്നു.

**(മത്താ 8:14-16)**

ഈശോ ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തിയ ശേഷം പത്രോസിന്റെ ഭവനത്തിലേയ്ക്കാണു പോയത്. മലയിലെ പ്രസംഗം കേൾക്കുകയും കുഷ്ഠരോഗിയെയും ശതാധിപന്റെ ഭൃത്യനെയും സുഖപ്പെടുത്തിയ വിവരം നേരിൽ മനസ്സിലാക്കുകയും ചെയ്ത ജനം അവിടുന്നിൽ വിശ്വസിക്കുകയും, സായാഹ്നമായപ്പോൾ അനേകം രോഗികളെയും, വിശിഷ്യ, പിശാചു ബാധിതരെയും അവർ അവിടുത്തെപ്പക്കൽ കൊണ്ടുവരുകയും ചെയ്യുന്നു. അവിടുന്ന് അശുദ്ധാന്മാക്കളെ വചനം കൊണ്ട് പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്യുന്നു.

**(മത്താ. 8:23-27)**

കർത്താവിൽ വിശ്വസിച്ചവരാണു ശിഷ്യന്മാർ. അതു കൊണ്ടാണ് അവർ അവിടുത്തെ അനുഗമിച്ചത്. പത്രോസിന്റെ ഭവനത്തിൽ നിന്നു യാത്രയായ ഈശോ തോണിയിൽ കയറി കടലിന്റെ മറുകരയിലേയ്ക്കു പോകുന്നു. ശിഷ്യന്മാരും അവിടുത്തെ അനുധാവനം ചെയ്യുന്നു. ക്ഷീണിതനായിരുന്ന രക്ഷകൻ തോണിയുടെ അമരത്തു കിടന്നുറങ്ങുന്നു. പെട്ടെന്ന് കടലിൽ ഉഗ്രമായ ഒരു കൊടുങ്കാറ്റ്. തോണി മുങ്ങത്തക്കവിധം തിരമാലകൾ ഉയരുന്നു.

ശിഷ്യന്മാർ ഈശോയുടെ അടുത്തു ചെന്ന് അവിടുത്തെ വിളിച്ചുണർത്തുന്നു: “കർത്താവേ, രക്ഷിക്കണമേ. ഞങ്ങൾ ഇതാ നശിക്കുന്നു”, എന്ന് അവർ ഭയചകിതരായി വിളിച്ചു പറയുന്നു. ഈശോ ദൈവമാണെന്നും തങ്ങളെ മരണത്തിൽ നിന്നും രക്ഷിക്കാൻ അവിടുത്തേക്ക് കഴിയുമെന്നും അവർ വിശ്വസിക്കുന്നു. അതുകൊണ്ടാണ്, ‘രക്ഷിക്കണമേ’ എന്ന് അവർ അവിടുത്തോട് പ്രാർത്ഥിച്ചത്. കർത്താവ് എഴുന്നേറ്റു കാറ്റിനെയും കടലിനെയും ശാസിക്കുന്നു. വലിയ ശാന്തത കൈവരുന്നു. ശിഷ്യന്മാരുടെ വിശ്വാസം വർദ്ധിപ്പിക്കാൻ ഈ

അത്ഭുതം ഏറെ സഹായിക്കുന്നു. വിശ്വാസത്തിൽ വളരാൻ അവർ ആഗ്രഹിക്കുകയും ചെയ്യുന്നു.

**(9:8)**

ഈശോ തോണിയിൽ കയറി കടൽ കടന്ന് സ്വന്തം പട്ടണത്തിലെത്തുന്നു. ജനം ഒരു തളർവാതരോഗിയെ ശയ്യയോടെ അവിടുത്തെപ്പക്കൽ കൊണ്ടുവരുന്നു. അയാളെ കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് വിശ്വേശ്വരൻ അവനെ സുഖപ്പെടുത്തുന്നു. പക്ഷേ, ആദ്യമായി ചെയ്തത് അവന്റെ പാപങ്ങൾ ക്ഷമിക്കയായിരുന്നു. താൻ ദൈവമാണെന്നും മാനവരാശിയെ അതിന്റെ പാപത്തിൽ നിന്നെല്ലാം പൂർണ്ണമായി മോചിപ്പിക്കാൻ വിണ്ണു വിട്ടു മണ്ണിലേയ്ക്കു താൻ വന്നതാണെന്നും അവിടെ നിന്നവരെല്ലാം മനസ്സിലാക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു. ഈ സൗഖ്യത്തിന്റെ പിന്നിലും പ്രവർത്തനനിരതമാകുന്നത് ദൈവത്തിലുള്ള ജനങ്ങളുടെ സമർപ്പിതമായ വിശ്വാസമാണ്.

പട്ടണത്തിൽ നിന്നും ധാരാളം ശിഷ്യരുമായി ഭരണാധിപന്റെ മകളെ സുഖപ്പെടുത്തുവാൻ ഈശോ പോകുമ്പോൾ, പന്ത്രണ്ടു വർഷമായി രക്തസ്രാവം മൂലം കഷ്ടപ്പെട്ടിരുന്ന ഒരു സ്ത്രീ, പിന്നിലൂടെ വന്ന്, അവിടുത്തെ വസ്ത്രത്തിന്റെ വിളുമ്പിൽത്തൊടുന്നു. അവിടുത്തെ വസ്ത്രത്തിൽ ഒന്നു സ്പർശിച്ചാൽ മാത്രം മതി, എനിക്കു സൗഖ്യം കിട്ടും, എന്ന് അവൾ ഉള്ളിൽ പറയുന്നുണ്ടായുരുന്നു. അവൾ സ്പഷ്ടമായി വിശ്വസിക്കുകയാണ്; അവൾക്ക് അണുവിട സംശയമില്ല. വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊട്ടാൽ മാത്രം മതി, തനിക്കു പരിപൂർണ്ണ സൗഖ്യം ലഭിക്കും എന്ന് അവൾക്ക് ഉറപ്പാണ്. എല്ലാം അറിയുന്ന തമ്പുരാൻ തിരിഞ്ഞു നിന്ന് അവളോടു പറയുന്നു: മകളേ, ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തത്ക്ഷണം അവൾ സൗഖ്യമുള്ളവളാകുന്നു. നമുക്കും വിശ്വാസത്തിൽ വളരാം.

ഇവിടെ ഭരണാധിപന്റെ വിശ്വാസം എടുത്തു പറയണം. അയാളുടെ വാക്കുകൾ ഈശോയിൽ അയാൾക്കുള്ള അപ്രതിരോധ്യമായ വിശ്വാസത്തിന്റെ ഉദാത്തതയാണു വിളിച്ചോതുക. അയാൾ ഈശോയെ സമീപിച്ചു താണുവണങ്ങിക്കൊണ്ടു പറയുന്നു: "എന്റെ മകൾ അൽപം മുമ്പ് മരിച്ചു പോയി അങ്ങു വന്ന് അവളുടെ മേൽ കൈവയ്ക്കുമെങ്കിൽ അവൾ ജീവിക്കും." ഈശോയ്ക്ക് അസാധ്യമായി ഒന്നുമില്ലെന്ന് അവൻ വിശ്വസിക്കുന്നു - സമർപ്പിതമായ വിശ്വാസം.

ഭരണാധിപന്റെ മരിച്ച മകളെ ഉയർപ്പിച്ച ശേഷം, ഈശോ മുമ്പോട്ടു നീങ്ങുമ്പോൾ, രണ്ട് അന്ധന്മാർ "ദാവീദിന്റെ പുത്രാ, ഞങ്ങളിൽ കനിയണമേ!" എന്നു കരഞ്ഞു വിളിച്ചപേക്ഷിച്ചു കൊണ്ട് അവിടുത്തെ അനുഗമിക്കുന്നു. ഈശോയ്ക്ക് അതുചെയ്യാൻ കഴിയുമെന്ന് അവർ ഉറച്ചു വിശ്വസിച്ചെങ്കിലല്ലേ അത്ഭുതം സംഭവിക്കൂ. അതുകൊണ്ടു തന്നെ അവിടുന്ന് അവരോട് വെട്ടിത്തുറന്നു ചോദിക്കുന്നു: "എനിക്ക് അത് ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?" "ഉവ്വ്, കർത്താവേ" എന്നവർ മറുപടി പറയുന്നു. അന്ധർ സുഖം പ്രാപിച്ചു സസന്തോഷം മുടങ്ങിപ്പോകുന്നു.

...ഉടനെ ജനം പിശാചു ബാധിതനായ ഒരു ഊമനെ അവിടുത്തെ അടുക്കൽ കൊണ്ടുവരുന്നു. ജനത്തിന്റെ വിശ്വാസം കണ്ട് ഈശോ പിശാചിനെ പുറത്താക്കുന്നു. തത്ക്ഷണം ഊമൻ വാചാലനാകുന്നു (മത്താ 9:32-34).

**(മത്താ 15:21-28)**

ഈശോ പുറപ്പെട്ട് ടയിർ, സിദോൻ എന്നീ പ്രദേശങ്ങളിലെത്തുന്നു. ഈ വിവരമറിഞ്ഞ ഒരു കാനാൻകാരി സ്ത്രീ

വന്നു കർത്താവിനോട് കരഞ്ഞപേക്ഷിക്കുന്നു: "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു". ഈശോ അവൾക്ക് മറുപടിയൊന്നും നൽകുന്നില്ല. അവളെ പറഞ്ഞയയ്ക്കാൻ ശിഷ്യർ അഭ്യർത്ഥിക്കുന്നു. അപ്പോൾ അവിടുന്നു പറയുന്നു: "ഇസ്രായേൽ ജനത്തിന്റെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്". എന്നാൽ അവൾ അവിടുത്തെ പ്രണമിച്ച് "കർത്താവേ, എന്നെ സഹായിക്കണമേ", എന്ന് പ്രാർത്ഥിക്കുന്നു. തുടർന്ന് നല്ല തമ്പുരാൻ പറയുന്നത് ശ്രോതാക്കൾക്കു കഠിനമായി തോന്നാം, ''മക്കളുടെ അപ്പമെടുത്തു നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല''. യാതൊരു പരിഭവവുമില്ലാതെ, ഏറ്റം ശാന്തതയോടും വലിയ വിശ്വാസത്തോടും പ്രത്യാശയോടും എളിമയോടും, അവൾ അവിടുത്തോടു പറയുന്നു: "അതേ, കർത്താവേ നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നും വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ!" ഈശോ പറയുന്നു, "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ". ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.

**(മത്താ 16:13-20)**

തന്റെ പരസ്യജീവിതത്തിന്റെ ഒരു ദിവസം ഈശോ യാത്ര ചെയ്ത് കേസറിയ ഫിലിപ്പി പ്രദേശത്തെത്തുന്നു. കുറച്ച് സ്വകാര്യതയുള്ള ഒരിടത്ത് എത്തിയപ്പോൾ, അവിടുന്ന് ശിഷ്യരോട്, തന്നെക്കുറിച്ച് ജനം എന്ത് മനസ്സിലാക്കി യിട്ടുണ്ടെന്ന് ആരായുന്നു, തന്നെ ശരിക്ക് അറിഞ്ഞെങ്കിലല്ലേ തന്നിൽ അവർക്കു വിശ്വസിക്കാനാവൂ. ഇങ്ങനെയാണ് അവിടുന്ന് അവരോട് അന്വേഷിച്ചത്: ''മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" അവർ പറഞ്ഞു, "ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകരിൽ ഒരുവൻ എന്നും പറയുന്നു". അപ്പോൾ അവിടുന്ന് അവരോട് വീണ്ടും ചോദിക്കുകയാണ്: "ആകട്ടെ, ഞാൻ ആരെന്നാണ് നിങ്ങൾ

പറയുന്നത്?'' ശിമയോൻ പത്രോസാണ് പ്രസ്തുത ചോദ്യത്തിനു പരമസത്യമായ മറുപടി പറയുന്നത്: "അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്."

സന്തോഷചിത്തനും സംതൃപ്തനുമായ ദിവ്യനാഥൻ പത്രോസിനെ അങ്ങേയറ്റം ശ്ലാഘിച്ചുകൊണ്ടു പറയുന്നു: ''യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കിതു വെളിപ്പെടുത്തിത്തന്നത്." വെളിപ്പെടുത്തപ്പെട്ട ഈ വലിയ സത്യം ഗ്രഹിച്ചു, വിശ്വസിക്കുക ഒരുവന്റെ ക്രൈസ്തവ വിശ്വാസജീവിതത്തിന്റെ സത്തും സത്തയും കാമ്പും കാതലുമാണ്. ഈ സത്യം ഗ്രഹിക്കുന്നവൻ ഇങ്ങനെയേ പ്രതികരിക്കൂ: ഇതാ, കർത്താവിന്റെ ദാസൻ, അവിടുത്തെ തിരുവിഷ്ടം എന്നിൽ നിറവേറട്ടെ (ലൂക്കാ 1:38 കാണുക).

വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ തലമുറയെ കുറ്റപ്പെടുത്തിയതിനു ശേഷം, ഈശോ അപസ്മാര രോഗിയെ സുഖപ്പെടുത്തി. അനന്തരം അവിടുന്നു ലോകത്തോടായി പറയുന്നു: നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, ഇവിടെനിന്ന് മാറി, മറ്റൊരു സ്ഥലത്തേക്കു പോവുക എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്കു യാതൊന്നും അസാധ്യമായിരിക്കുകയില്ല (മത്താ 17:14-21).

ഈശോ രൂപാന്തരപ്പെടുന്നതും മോശയും ഏലിയായും അവിടുത്തോടു സംസാരിക്കുന്നതും നേരിൽ കണ്ട പത്രോസ് ശ്ലീഹാ നടത്തുന്ന പ്രഖ്യാപനം വിശ്വാസത്തിന്റെ ഒരു സവിശേഷ പ്രഖ്യാപനമായി നാം കാണണം. ''കർത്താവേ നാം ഇവിടയായിരിക്കുന്നതു നല്ലതാണ്. നിനക്കു സമ്മതമെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്നു നിനക്ക്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായിക്ക്" (മത്താ 17:1-4). അവരുടെ വിശ്വാസം കണ്ടു പിതാവു പ്രഖ്യാപിക്കുന്നു: "ഇവൻ എന്റെ

പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ" (17:5). വിശ്വാസത്തിനു പ്രതിഫലം!

ഗനേസറത്തിലെ അത്ഭുതങ്ങൾ വെളിവാക്കുന്നതു ജനത്തിന് ഈശോമിശിഹായിലുള്ള ആഴമേറിയ വിശ്വാസമാണ്. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും സ്പർശിക്കാൻ അനുവദിക്കണമെന്ന് അവർ അപേക്ഷിക്കുന്നു. വിശ്വാസപൂർവ്വം സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തു (മർക്കോ. 7:53-56).

ഈശോയും ശിഷ്യരും ഒപ്പം ഒരു വലിയ ജനാവലിയും ജറീക്കോ വിടുമ്പോൾ വഴിയരികിലിരുന്ന ബർതിമേയൂസ് എന്ന അന്ധനായ യാചകൻ വലിയ വിശ്വാസത്തോടെ, പ്രത്യാശയോടെ, അതിലുപരി, സ്നേഹത്തോടെ, ഉച്ചത്തിൽ വിളിച്ചു പറയുന്നു: "ദാവീദിന്റെ പുത്രനായ ഈശോയേ, എന്നിൽ കനിയണമേ". ചിലർ അവനെ ശകാരിച്ചു. അപ്പോൾ അവൻ കൂടതൽ സ്വരത്തിൽ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഈശോ പെട്ടെന്ന് നിന്നിട്ട് പറയുന്നു: "അവനെ വിളിക്കുക''. ഇതറിഞ്ഞ ബർതിമേയൂസ്, പുറങ്കുപ്പായം ദൂരെയെറിഞ്ഞ്, കുതിച്ചു ചാടി, ഈശോയുടെ അടുത്തെത്തുന്നു. ''ഞാൻ നിനക്കു വേണ്ടി എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?", ഈശോ ചോദിക്കുന്നു. അവൻ പറയുന്നു: "പ്രഭോ എനിക്കു കാഴ്ച്ച വീണ്ടു കിട്ടണം." ഈശോ പറയുന്നു: "പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു". തത്ക്ഷണം അവനു കാഴ്ച്ച ലഭിക്കുന്നു. അവൻ ഈശോയെ അനുഗമിക്കുന്നു. ഒരുവനു കർത്താവിൽ വിശ്വാസം ലഭിച്ചു കഴിയുമ്പോൾ, അവൻ സർവ്വവും ഉപേക്ഷിച്ച് ഈശോയെ അനുഗമിക്കും. സത്യവിശ്വാസത്തിന്റെ മിക്ക മാനങ്ങളും ബർതിമേയൂസിന്റെ വിശ്വാസപ്രകാശനത്തിൽ നമുക്ക് കാണാനാവും.

ശിഷ്യഗണത്തിനു പ്രേഷിതദൗത്യം നൽകുമ്പോൾ ഈശോ തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് ഏറ്റവുമധികം ആവശ്യപ്പെടുന്നതും നിത്യരക്ഷയ്ക്ക് അവശ്യാവശ്യകമായി നിർദേശിച്ചു നൽകുന്നതും വിശ്വാസമാണ്. "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ; വിശ്വസിച്ചു സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. വിശ്വസിക്കുന്നവരോടു കൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കയ്യിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെ മേൽ കൈകൾ വയ്ക്കും. അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ. 16:15-18).

ദൈവത്തിലുള്ള വിശ്വാസം, സത്യദൈവവും സത്യ മനുഷ്യനുമായ ഈശോമിശിഹായിലുള്ള വിശ്വാസം, പരിശുദ്ധാത്മാവിലുള്ള വിശ്വാസം, നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. മഗ്ദലേനമറിയത്തിന്റെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ട്, അവളെ രക്ഷിച്ചത് അവളുടെ അചഞ്ചലമായ വിശ്വാസമാണ് (ലൂക്കാ 7:36-50). ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവർ ഈശോയുടെ അമ്മയും സഹോദരരുമാകുന്നു (ലൂക്കാ 8:21). മനുഷ്യരുടെ മുമ്പിൽ പിതാവായ ദൈവത്തെയും അവിടുത്തെ തിരുസ്സുതനായ ഈശോമിശിഹായെയും ഇരുവരുടെയും ആത്മാവായ പരിശുദ്ധാത്മാവിനെയും മനുഷ്യരുടെ മുന്നിൽ ഏറ്റു പറയുന്ന ഏതൊരുവനെയും പിതാവിന്റെ മുമ്പിൽ മനുഷ്യപുത്രനും ഏറ്റുപറയും (ലൂക്കാ 12:8).

ഈശോയെ സമീപിച്ച പത്തു കുഷ്ഠരോഗികൾ ഈശോയുടെ ദൈവത്വത്തിലും അവിടുത്തെ അനന്തമായ ശക്തിയിലും വിശ്വസിച്ചവരാണ്. ഈ വിശ്വാസമാണ് അവർക്കു സൗഖ്യത്തിനു കാരണഭൂതമായത് (ലൂക്കാ 17:11-19). അഹങ്കാരിയും സ്വാർത്ഥനും പുങ്കനും അന്യരുടെ കണ്ണിലെ കരടു കണ്ടുപിടിക്കുകയും സ്വന്തം കണ്ണിലെ വലിയ തടിക്കഷണം കാണാത്തവനുമായ ഫ്രീശനോടൊപ്പം പ്രാർത്ഥിക്കാൻ ദൈവാലയത്തിലെത്തിയ ചുങ്കക്കാരൻ (ദൂരെനിന്ന് സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്താൻ പോലും ധൈര്യപ്പെടാതെ, മാറത്തടിച്ചു കൊണ്ട്, "ദൈവമേ, പാപിയായ എന്നിൽ കനിയണമേ'' എന്നു വിനയപൂർവ്വം, വലിയ അനുതാപത്തോടെ, പുതിയ സൃഷ്ടിയാകാനുള്ള അതി തീക്ഷണമായ, അദമ്യമായ, ദാഹത്തോടെ, വിനയാന്വിതനായ) അഗാധമായ വിശ്വാസത്തിന്റെ അവികലമായ ആവിഷ് കാരമാണ് (ലൂക്കാ 18:9-14).

ഈശോയുടെ അത്ഭുതങ്ങൾ കണ്ട ജനം ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുകയും കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ, സ്വർഗ്ഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം എന്ന് ആർത്തു വിളിക്കുകയും ചെയ്തത് വിശ്വാസത്തിന്റെ യഥാർത്ഥ പ്രകാശനമായി വേണം  നാം കാണാൻ (ലൂക്കാ 19:37-40). "കർത്താവേ, ഇതാ, എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. ആരുടെയെങ്കിലും വക വഞ്ചിച്ചെടുത്തിട്ടു ണ്ടെങ്കിൽ നാലിരട്ടിയായി തിരികെ കൊടുക്കുന്നു", എന്ന് ആത്മാർത്ഥതയുടെ തികവിൽ കർത്താവിനെ ഉണർത്തിക്കുന്ന സക്കേവൂസ് വിശ്വാസത്തിന്റെ ഒരു സജീവ മാതൃകയാണ് (ലൂക്കാ19:8).

''ഈശോയെ, അങ്ങ് അങ്ങയുടെ രാജ്യത്തു

പ്രവേശിക്കുമ്പോൾ, എന്നെയും ഓർക്കണമേ!'' എന്നു പ്രാർത്ഥിച്ച നല്ല കള്ളനും വിശ്വാസത്തിന്റെ ശക്തമായ പ്രതീകം തന്നെ (ലൂക്കാ 23).

ഗലീലിയിൽ നിന്നും ഈശോയോടൊപ്പം കാൽവരിയിലേക്കു വന്നിരുന്ന ചില സ്ത്രീകൾ സുഗന്ധദ്രവ്യങ്ങളും ലേപനവസ്തുക്കളും തയ്യാറാക്കി, ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, ഈശോയുടെ കല്ലറയുടെ അടുത്തേയ്ക്കു പോയത് (ലൂക്കാ 23:55; 24:1) വിശ്വാസത്തിന്റെ വലിയ ആവിഷ്കാരം തന്നെയല്ലേ? എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരിൽ (24:13-35) വിശ്വാസത്തിന്റെ സ്ഫുലിംഗങ്ങൾ അവശേഷി ച്ചിരുന്നതു കൊണ്ടാണ്, ഈശോ വിശുദ്ധ ലിഖിതം വിശദീകരിച്ചു കൊണ്ട് അവരോട് സംസാരിച്ചപ്പോൾ, അവരുടെ ഹൃദയം ജ്വലിച്ചുകൊണ്ടിരുന്നത് (ലൂക്കാ 24:32).

ദൈവമക്കളായിത്തീരാനുള്ള അവശ്യവ്യവസ്ഥയാണ് വിശ്വാസം. തന്നെ സ്വീകരിച്ചവർക്കെല്ലാം,തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവിടുന്ന് കെല്പു നല്കി. അവർ ജനിച്ചതു ദൈവത്തിൽ നിന്നത്രേ (യോഹ. 1: 12-13).

സ്നാപക യോഹന്നാന്റെ വിശ്വാസം അവനെ രക്തസാക്ഷിത്വത്തിൽ കൊണ്ടുചെന്നെത്തിച്ചു (മത്താ 14:1-12).

പരിശുദ്ധ കന്യകാമറിയത്തെ ദൈവമാതൃസ്ഥാനത്തേക്കുയർത്തിയത്, അമ്മയുടെ വിശ്വാസമാണ്. കാനായിലെ കല്യാണ വിരുന്നിൽ, വീഞ്ഞു തീർന്നു പോയപ്പോൾ "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ. 2:5), എന്നു

പറയാൻ പരിശുദ്ധ അമ്മയെ പ്രേരിപ്പിച്ചതും അമ്മയുടെ വിശ്വാസമാണ്. ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ; ഇവൻ തന്നെയായിരിക്കുമോ മിശിഹാ? (യോഹ 4:29-30) എന്നു പറഞ്ഞ സമറായ സ്ത്രീ വിശ്വാസത്തിന്റെ ആദ്യക്ഷരങ്ങളല്ലേ കുറിച്ചത്? പട്ടണവാസികളെ അവൾ തന്റെ പ്രേഷിത വിശ്വാസത്തിന്റെ പടികയറ്റുകയല്ലേ ചെയ്തത്? അവർ പട്ടണത്തിൽ നിന്നും പുറപ്പെട്ട് അവിടുത്തെ അടുത്തുവരുന്നു (4:30). "ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു" എന്ന ആ സ്ത്രീയുടെ സാക്ഷ്യം മൂലം പട്ടണത്തിലെ സമരിയാക്കാരിൽ അനേകർ അവനിൽ വിശ്വസിച്ചു, അവർ അവളോടൊപ്പം ഈശോയുടെ അടുത്തേക്കു വരുന്നു (യോഹ 4:39). അവിടുത്തെ വചനം കേട്ട മറ്റു പലരും അവിടുന്നിൽ വിശ്വസിക്കുകയുണ്ടായി. അനന്തരം അവർ ആ സ്ത്രീയോടു പറയുന്നു: "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുകൾ മൂലമല്ല; കാരണം, ഞങ്ങൾ തന്നെ നേരിട്ട് കേൾക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്നു മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹ 4:42).

വിശ്വാസം പ്രഘോഷണത്തിലൂടെയും കേൾവിയിലൂടെയും ഒരുവന് കൈവരുന്നു എന്നത് ഇവിടെ പ്രകടമാകുന്ന പ്രധാനപ്പെട്ട പരമാർത്ഥമാണ്. "ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ഈശോ മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ്" (റോമാ 10:17).

ഈശോ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്. അവനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്നും ജീവനിലേയ്ക്ക് കടന്നിരിക്കുന്നു" (യോഹ 5:24). ഒരുവൻ

നിത്യരക്ഷ പ്രാപിക്കാൻ പുത്രനിൽ മാത്രം പോരാ, പിതാവിലും, പരിശുദ്ധാത്മാവിലും വിശ്വസിക്കണം. ത്രിയേകദൈവത്തിന്റെ തിരുഹിതം അറിഞ്ഞ്, തദനുസാരം ജീവിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലുമാണ്.

“ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവർത്തി; അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക”(യോഹ 6:29). നിത്യ പിതാവിന്റെ തിരുഹിതം കോട്ടം കൂടാതെ നിറവേറ്റുക എന്നതാണ് വിശുദ്ധി. വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ ആവുകയുമില്ല, എന്നതാണ് പിതാവിന്റെ തിരുമാനം. അവിടുന്ന് നമുക്കായി അയച്ചു തന്ന, സ്വയം ബലിയായി, നമുക്കു നിത്യരക്ഷ നേടിത്തന്ന, നമ്മുടെ ആത്മാവിന്റെ ഭോജനമായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ നമ്മിലേയ്ക്ക് എഴുന്നള്ളിവന്ന്, നാമുമായി, ഏതാണ്ട്, സത്താപരമായി ഒന്നായിത്തീരുന്ന, അവിടുത്തെ പൊന്നോമനസുതനിൽ വിശ്വസിക്കുക, അങ്ങനെ നിത്യജീവൻ പ്രാപിക്കുക എന്നതാണു ദൈവത്തിന്റെ ഇഷ്ടം. ഇശോ പറയുന്നു: “സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു, വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്” (യോഹ 6:47). നിത്യജീവന്റെ അച്ചാരമാണു വിശ്വാസം. എങ്കിൽ നമുക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും (യോഹ10:10) നമുക്ക് വിശ്വാസം അത്യന്താപേക്ഷിതമാണല്ലോ. ദൈവമഹത്ത്വം ദർശിക്കാനും വിശ്വാസം അത്യന്താപേക്ഷിതം തന്നെ (യോഹ. 11:40).

മഗ്ദലേനമറിയത്തിന്റെ അടുക്കൽ വന്നിരുന്ന യഹൂദരിൽ വളരെപ്പേർ അവിടുന്ന് പ്രവർത്തിച്ച അത്ഭുതംകണ്ട് അവിടുന്നിൽ വിശ്വസിച്ചു (യോഹ. 11:45). ദൈവമഹത്ത്വം കാണുന്നതു വിശ്വാസത്തിലേയ്ക്കുള്ള വഴി തെളിക്കും. പ്രപഞ്ചവും നിയമവും അനുനിമിഷം ദൈവമഹത്ത്വം പ്രഘോഷിക്കുന്നുണ്ട്. “ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു. വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു” (സങ്കീ.19 :1). ഈ വലിയ സത്യം

ഉൾക്കൊള്ളാനും പ്രകൃതി രഹസ്യങ്ങളും പ്രകൃതിയിലെ അത്ഭുതങ്ങളും കണ്ടു ഗ്രഹിച്ച് നമ്മുടെ വിശ്വാസം ആഴപ്പെടുത്താനും സാധിക്കട്ടെ!

നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് പ്രകാശമുള്ളപ്പോൾ (പ്രകാശം-ഈശോ) അതിൽ (ഈശോയിൽ) വിശ്വസിക്കുവിൻ (യോഹ 12:36).

ഈശോ വീണ്ടും അരുളിച്ചെയ്യുന്നു: ''എന്നിൽ വിശ്വസിക്കുന്നവൻ, എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേയ്ക്കു വന്നിരിക്കുന്നു" (യോഹ. 12: 66-46). ഒരു മഹാസത്യമാണ് മിശിഹാതമ്പുരാൻ ഇവിടെ നമുക്ക് മനസ്സിലാക്കിത്തരുക. അവിടുന്നിൽ വിശ്വസിക്കുന്നവൻ പിതാവിലാണ് വിശ്വസിക്കുന്നത്. അവിടുത്തെ കാണുന്നവൻ യഥാർത്ഥത്തിൽ പിതാവിനെയാണ് കാണുന്നത്; ഒപ്പം, പരിശുദ്ധാത്മാവിനെയും. കാരണം, പിതാവും പുത്രനും, പരിശുദ്ധാത്മാവും സത്തയിൽ ഒന്നാണ്. ഈ ബന്ധം നിത്യവും അഭേദ്യവുമാണ്.

അനന്തരം ഈശോ കൽപ്പിക്കുന്നു: ദൈവത്തിൽ (പിതാവിൽ) വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ (യോഹ 14:1). അവിടുന്ന് തുടരുന്നു: "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുത്തേക്കു വരുന്നില്ല." ആത്യന്തികമായി, ഈശോമിശിഹായിലുള്ള വിശ്വാസം, പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം, നമ്മുടെ നിത്യരക്ഷയ്ക്ക് അവശ്യാവശ്യകമാണെന്നു സാരം. വളരെയേറെ പ്രധാനപ്പെട്ട ഒരു വസ്തുത കൂടി ഈശോനാഥൻ തുടർന്നു വെളിപ്പെടുത്തുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യും. ഞാൻ പിതാവിന്റെ അടുത്തേയ്ക്ക് പോകുന്നതുകൊണ്ട്, ഇവയെക്കാൾ

വലിയവയും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവ് പുത്രനിൽ മഹത്വ പ്പെടാൻവേണ്ടി, ഞാൻ പ്രവർത്തിക്കും. എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനത് ചെയ്തു തരും" (യോഹ. 14:12-14).

പരിശുദ്ധ ത്രിത്വത്തിലും അവിടുത്തെ മഹത്ത്വങ്ങളിലും വിശ്വസിക്കുന്ന, ആ വിശ്വാസം സജീവമാക്കുന്ന, അതിൽ വളരാനും ആഴപ്പെടാനും പരിശ്രമിക്കുന്ന, ഒരു സത്യസന്ധനായ ക്രൈസ്തവന്റെ ജീവിതം എത്ര മഹത്തരമാണെന്നു ചിന്തിക്കാൻ, അതിൽ സന്തോഷിക്കാൻ, അഭിമാനം കൊള്ളാൻ, സംതൃപ്തി കണ്ടെത്താൻ, ഇന്ന് എത്ര പേർക്കു കഴിയുന്നുണ്ട്? ഈശോ വ്യക്തമാക്കുന്നു: നിങ്ങൾക്ക് വിശ്വാസത്തിൽ ഇടർച്ച ഉണ്ടാകാതിരിക്കാനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത് (യോഹ.16:1). അവസാനമായി, "ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് ഈശോമിശിഹാ ദൈവപുത്രനാണെന്ന് (സത്യദൈവവും സത്യമനുഷ്യനുമാണെന്നു) നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്കു ജീവനുണ്ടാകുന്നതിനും (അതു സമൃദ്ധമായി ഉണ്ടാകുന്നതിനും) വേണ്ടിയാണ്" (യോഹ.20:31).

ഒരു ദിവസം ഒൻപതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്കു പത്രോസും യോഹന്നാനും ദൈവാലയത്തിലേയ്ക്കു പോവുകയായിരുന്നു. ഒരു മുടന്തൻ അവരോടു ഭിക്ഷ യാചിക്കുന്നു. പത്രോസ് അവനോട് പറയുന്നു: "വെള്ളിയോ, സ്വർണ്ണമോ എന്റെ കയ്യിലില്ല. എനിക്കുള്ളത് ഞാൻ നിനക്കു തരുന്നു: നസ്രായനായ ഈശോമിശിഹായുടെ നാമത്തിൽ, എഴുന്നേറ്റ് നടക്കുക. അവൻ ചാടി എഴുന്നേറ്റ് നടന്നും കുതിച്ചു ചാടിയും ദൈവത്തെ സ്തുതിച്ചുകൊണ്ട്, അവരോടൊപ്പം, ദൈവാലയത്തിൽ പ്രവേശിച്ചു. ജനമെല്ലാം ഇതു കണ്ട്

ആശ്ചര്യപ്പെട്ട് അവരുടെ അടുത്ത് ഓടിക്കൂടി."

ജനത്തിന്റെ ആവേശം കണ്ട പത്രോസ് അവരോടു പറയുന്നു: ഇസ്രയേൽ ജനമേ, ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു, എന്നാൽ, ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു. അതിനു ഞങ്ങൾ സാക്ഷികളാണ്. അവന്റെ നാമത്തിലുള്ള വിശ്വാസം മൂലം, അവന്റെ നാമമാണ് ഈ മനുഷ്യനെ സുഖപ്പെടുത്തിയത്. അവനിലുള്ള വിശ്വാസമാണ് ഈ മനുഷ്യനു പൂർണ്ണ ആരോഗ്യം പ്രദാനം ചെയ്തത് (3:1-16). ശ്ലീഹാ പറയുന്നതുപോലെ, കർത്താവിലും അവിടുത്തെ അത്ഭുതസിദ്ധികളിലും അവർക്കുണ്ടായിരുന്ന വിശ്വാസമാണ് മുടന്തനു ഈ സൗഖ്യം നൽകാൻ കാരണമായത്. ഒരുവന്റെ വിശ്വാസം മറ്റുള്ളവർക്ക് സൗഖ്യത്തിനും ഇതര അനുഗ്രഹങ്ങൾക്കും കാരണമാകുമെന്ന സത്യം നമുക്ക് ആശ്വാസവും പ്രത്യാശയും മദ്ധ്യസ്ഥപ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ സഹായകവുമാകട്ടെ.

സജീവവും ഊർജ്ജസ്വലവും ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചു കയറി, ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമായ ദൈവത്തിന്റെ വചനം (ഹെബ്രാ 4:12) ശ്രോതാക്കളിൽ, പ്രതിസന്ധികളുടെ നടുവിൽപ്പോലും, വിശ്വസമുളവാക്കും (4:1-4).

പത്രോസ് കടന്നു പോകുമ്പോൾ, അവന്റെ നിഴലെങ്കിലും രോഗികളുടെമേൽ പതിക്കുന്നതിനു വേണ്ടി, അവരെ തെരുവീഥികളിൽ കൊണ്ടുവന്നു കിടക്കകളിലും കട്ടിലുകളിലും ജനം കിടത്തിയിരുന്നതും, രോഗികൾ സൗഖ്യം പ്രാപിച്ചിരുന്നതും, ജനത്തിന്റെ വിശ്വാസം മൂലമാണ് (5:15). ഇതെല്ലാം കണ്ടു കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ ദിനംപ്രതി വർദ്ധിച്ചു കൊണ്ടേയിരുന്നു (5:13). വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ സ്തേഫാനോസ്,

പീലിപ്പോസ്, പ്രോക്കാറോയോസ് തുടങ്ങിയവരുടെ വചന പ്രഘോഷണം യഹൂദപുരോഹിതന്മാരെപ്പോലും വിശ്വാസം ആശ്ലേഷിക്കാൻ കാരണമാക്കി (6:5–7).

ഉപസ്ഥാനപതിയെ വിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കാൻ മാന്ത്രികനായ എലിമാസ് ശ്രമിക്കുന്നു. ബർണബാസിനെയും സാവൂളിനെയും അവനോടു തിരുവചനം പറയുന്നതു തടസ്സപ്പെടുത്തി. അപ്പോൾ സാവൂൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവനോട് ചോദിക്കുന്നു: "സാത്താന്റെ സന്താനമേ, സകല നീതിക്കും എതിരായവനേ, ദുഷ്ടതയും വഞ്ചനയും നിറഞ്ഞവനേ, ദൈവത്തിന്റെ നേർവഴികൾ ദുഷിപ്പിക്കുന്നതിൽ നിന്നും നീ പിന്തിരിയുകയില്ലേ?" അനന്തരം അവൻ പറയുന്നു: "ഇതാ കർത്താവിന്റെ കരം ഇപ്പോൾ നിന്റെ മേൽ പതിക്കും. നീ അന്ധനായിത്തീരും." അന്ധതബാധിച്ച അവൻ തന്നെ കൈയ്ക്കു പിടിച്ചു നയിക്കാൻ ആളുകളെ അന്വേഷിച്ചു ചുറ്റിത്തിരിയുന്നു. ഈ സംഭ്രമം കണ്ടപ്പോൾ ഉപസ്ഥാനപതി കർത്താവിന്റെ പ്രബോധത്തെക്കുറിച്ച് അത്ഭുതപ്പെടുകയും വിശ്വാസം സ്വീകരിക്കുകയും ചെയ്യുന്നു (അ 13). കറതീർന്ന വിശ്വാസത്താൽ പൂരിതരായ കർത്താവിന്റെ മനുഷ്യർ, വിശ്വാസത്തിന്റെ തികവിൽ, ശപിച്ചാൽ അത് അതുപോലെ സംഭവിക്കും. അതുകൊണ്ട്, കർത്താവിനെ പരീക്ഷിക്കാതിരിക്കാൻ അന്തിക്രിസ്തുവിന്റെ കിങ്കരന്മാർ സൂക്ഷിക്കട്ടെ. ഈശോമിശിഹായിൽ വിശ്വസിക്കുന്നവർക്ക്, അവിടുത്തെ പ്രബോധനങ്ങൾക്ക് അനുസൃതമായി ജീവിക്കുന്നവർക്ക്, അവിടുന്ന സ്ഥാപിച്ച കൂദാശകൾ സ്വീകരിച്ച്, അവിടുന്നു സ്ഥാപിച്ച തിരുബലി പൂർണ്ണതയിൽ (കാൽവരിയിലെ ബലിയുടെ പുനരാവർത്തനം) അർപ്പിച്ച്, അവിടുത്തെ ശരീരം ഭക്ഷിക്കുകയും അവിടുത്തെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവർക്ക് മാത്രമാണു നിത്യരക്ഷ.

ലിസ്ത്രായിൽ ഉണ്ടായിരുന്ന, ജന്മനാ മുടന്തനായ ഒരുവൻ, പൗലോസിന്റെ പ്രസംഗം കേൾക്കുന്നു. പൗലോസ്

അവനെ സൂക്ഷിച്ചു നോക്കിയപ്പോൾ, സൗഖ്യം പ്രാപിക്കാൻതക്ക വിശ്വാസം അവനുണ്ടെന്ന് ബോധ്യമാകുന്നു. അവൻ ഉച്ചസ്വരത്തിൽ പറയുന്നു: എഴുന്നേറ്റ് കാൽ ഉറപ്പിച്ചു നിൽക്കുക. മുടന്തനായിരുന്നവൻ ചാടിയെഴുന്നേറ്റ് നടക്കുന്നു (നട 14:8-9). ഈശോയിൽ സത്യമായി, സമ്പൂർണ്ണമായി, സുതാര്യമായി വിശ്വസിക്കുന്ന, ഒരുവനെ അവന്റെ ഭാവത്തിൽ നിന്ന് പൗലോസ് ശ്ലീഹാ തിരിച്ചറിയുന്നു. തീർച്ചയായും പരിശുദ്ധാത്മാവിന്റെ വരദാനമാണിത്.

വിശ്വാസത്തിൽ നിലനില്ക്കണമെന്നും നിരവധി പീഡനങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ശിഷ്യരെ (ലിസ്ത്രാ, ഇക്കോണിയം, അന്ത്യോക്യാ, ഇവിടങ്ങളിലെ ക്രിസ്തുമാർഗ്ഗത്തിൽ വന്നവർ) മനസ്സിനെ അവർ (പൗലോസും ബർണബാസും) ശക്തിപ്പെടുത്തുന്നു (നട. 14:21-22). വിശ്വസിക്കുന്നവരുടെ ഹൃദയങ്ങളെ ദൈവം വിശ്വാസംകൊണ്ട് പവിത്രീകരിക്കുന്നുവെന്നത്, അപ്പസ്തോലന്മാരുടെ പ്രബോധനത്തിലെ ഗൗരവമുള്ള ഒരു വസ്തുതയാണ് (നട. 15:9).

സഭ ശക്തിപ്പെടുന്നതും വളരുന്നതും സഭാതനയർ വിശ്വാസത്തിൽ ശക്തിപ്പെടുന്നതിനും ആഴപ്പെടുന്നതിനും ആനുപാതികമായാണ്. ഇന്നു ജീവിക്കുന്ന ക്രിസ്തുവായ സഭയുടെ പ്രബോധനങ്ങളും അരൂപിയും സ്നേഹത്തിലും ഐക്യത്തിലും സുതാര്യതയിലും കൈമാറുക അത്യാവശ്യമാണ്. സ്ഥാപിതതാല്പര്യങ്ങളും ഇതര മാനുഷിക പരിഗണനകളും കടന്നുകൂടുന്നത് വിശ്വാസത്തെയും സഭയെയും ഒരുപോലെ ബലഹീനമാക്കും. ഇന്നു സഭയിൽ കാണുന്ന മാർഗ്ഗഭ്രംശങ്ങൾക്ക് പ്രധാനകാരണം മേല്പറഞ്ഞ കണ്ടകോടാലിയാണ്. എന്തു ചെയ്യുന്നതും ദൈവമഹത്ത്വത്തിനും ദൈവമക്കളുടെ നന്മയ്ക്കും മാത്രമായിരിക്കണം. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്ന ഇടവകകളിലും രൂപതകളിലും വിശ്വാസത്തിന്റെ വെള്ളിവെളിച്ചം തുളുമ്പി നില്ക്കു

ന്നതിന്റെ കാരണവും ഇതുതന്നെയാണ്. വിശ്വാസികളുടെ സമൂഹമാണ് സഭ. അത് അങ്ങനെയായിരിക്കുകയും വേണം. ദൈവവും ദൈവവചനവും കൂദാശകളും പ്രകാശിതമാക്കുന്ന ഏകവും ശ്ലൈഹികവും സാർവ്വത്രികവും വിശുദ്ധവുമായ ഏക, (അനന്യ, യാഥാർത്ഥ്യമാണു) സഭയെന്ന സത്യം ഉൾക്കൊള്ളാൻ സത്യവും സമ്പൂർണ്ണവും അവികലവുമായ വിശ്വാസം അത്യന്താപേക്ഷിതമാണ്.

തടവറയിലെ അത്ഭുതം എന്ന തലക്കെട്ടിൽ നടപടിപ്പുസ്തകം 16:26-40-ൽ നിത്യരക്ഷ പ്രാപിക്കാൻ വിശ്വാസം അത്യന്താപേക്ഷിതമാണെന്ന വസ്തുത അവിസ്മരണീയമായ ഒരു വചനത്തിലൂടെ വ്യക്തിമാക്കിയിരിക്കുന്നു.

അർദ്ധരാത്രിയോടടുത്ത് പൗലോസും സീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു. പെട്ടെന്ന് വലിയ ഒരു ഭൂകമ്പം. തടവറയുടെ അടിത്തറ കുലുങ്ങുന്നു. വാതിലുകളെല്ലാം തുറക്കപ്പെടുന്നു. സകലരുടെയും ചങ്ങലകൾ അഴിഞ്ഞുവീഴുന്നു. ഉണർന്നെഴുന്നേറ്റ കാവൽക്കാരൻ, തുറന്നു കിടക്കുന്ന വാതിലുകൾകണ്ട്, തടവുകാരെല്ലാം രക്ഷപ്പെട്ടെന്നു കരുതി, ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. പൗലോസ് അവനെ ആശ്വസിപ്പിക്കുന്നു, ധൈര്യപ്പെടുത്തുന്നു. പേടിച്ചരണ്ട കാവൽക്കാരൻ പൗലോസിന്റെയും സീലാസിന്റെയും കാല്ക്കൽ വീണ്, രക്ഷപ്രാപിക്കാൻ എന്തുചെയ്യണമെന്ന് അവരോട് ആരായുന്നു. മറുപടി സുസ്പഷ്ടം "കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും." തത്ക്ഷണം അവനും കുടുംബവും മാമ്മോദീസാ സ്വീകരിക്കുന്നു. ആ കുടുംബത്തിൽ ആനന്ദം അലതല്ലുന്നു.

വിശ്വാസത്തിന്റെ അന്തഃസത്ത ദൈവത്തിലേക്കുള്ള മനഃപരിവർത്തനമാണ്. ഇതിന് ഒരുവനെ സഹായിക്കുക

എന്നത് പരിശുദ്ധാത്മാവിന്റെ സവിശേഷദൗത്യമാണ്. മനുഷ്യന്റെ മനസ്സു ദൈവത്തിലേയ്ക്കും സഹോദരങ്ങളിലേയ്ക്കും തുറപ്പിക്കുന്നതും അവനിൽ മനസ്താപം ഉളവാക്കുന്നതും അവിടുന്നു തന്നെ. ഈ പ്രക്രിയയിലെ ഒരു അവശ്യഘടകമാണ് നീതി(നട. 20:20–21). ആത്മനിയന്ത്രണം, ഇതര നന്മകളുടെ അഭ്യസനം, വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള അവബോധം ഇവയും വിശ്വാസത്തോടു ബന്ധപ്പെട്ടിരിക്കുന്നു (നട. 24:24). വിശ്വാസി അനുനിമിഷം അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്കും സാത്താന്റെ ശക്തിയിൽ നിന്നു ദൈവത്തിലേക്കും ദൈവികമേഖലയിലേക്കും (the divine milieu) കടന്നുവന്നു, കുമ്പസാരത്തിലൂടെ പാപമോചനം സ്വീകരിച്ച്, വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ, സ്ഥാനം പിടിക്കണം (നട. 27:18).

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചത്, അവിടുത്തെ നാമത്തെപ്രതി, വിശ്വാസത്തിന്റെ വിധേയത്വം സകല ജനതകളിലും ഉളവാകുന്നതിനും അങ്ങനെ എല്ലാവരും സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുന്നതിനും വേണ്ടിയാണ്. ഈശോമിശിഹായുടെ സ്വന്തമാകാനാണു സകലരും വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ സ്നേഹഭാജനങ്ങളും വിശുദ്ധരുമാകാനുള്ള വിളി (റോമാ 1:5–7).

വിശ്വാസം ഭൂമിയിൽ എല്ലായിടത്തും പ്രഘോഷിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും വേണം. നമ്മുടെ ദൈവത്തിന് സദാ നന്ദി പറഞ്ഞ് ജീവിക്കാൻ വിശ്വാസം പ്രേരകമാവണം. വേദപുസ്തകത്തിൽ നന്ദിപറയുക, സ്തുതിക്കുക, പാടിസ്തുതിക്കുക, മഹത്ത്വപ്പെടുത്തുക, കീർത്തിക്കുക, പ്രകീർത്തിക്കുക, പുകഴ്ത്തുക, പാടിപ്പുകഴ്ത്തുക, വാഴ്ത്തുക, കീർത്തനം പാടുക, ധ്യാനിച്ച് മൗനമായിരിക്കുക, സ്തോത്രമാലപിക്കുക, സ്തോത്രങ്ങളാലപിക്കുക, ആത്മാവിനെ കർത്താവിലേക്ക്

ഉയർത്തുക, കർത്താവിന്റെ സ്തുതികൾ അധരങ്ങളിലുണ്ടായിരിക്കുക, കർത്താവിനെ വണങ്ങുക, കരഘോഷം മുഴക്കുക, ആഹ്ളാദാരവം മുഴക്കുക, ദൈവത്തിന് ആർപ്പുവിളിക്കുക, ആനന്ദഗാനം ആലപിക്കുക, പ്രഘോഷിക്കുക, ഉച്ചത്തിൽപാടിപ്പുകഴ്ത്തുക, സ്തുതികൾ ആലപിക്കുക, മഹത്ത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുക, ആരാധിക്കുക, ആനന്ദഗീതം ഉതിർക്കുക, കിന്നരം മീട്ടി കർത്താവിനു സ്തുതികളാലപിക്കുക, വാദ്യഘോഷത്തോടെ അവിടുത്തെ പുകഴ്ത്തുക, ആഹ്ളാദാരവത്തോടെ കർത്താവിനെ സ്തുതിക്കുക, കർത്താവിന്റെ പാദപീഠത്തിങ്കൽ പ്രണമിക്കുക, ആനന്ദകീർത്തനം ആലപിക്കുക, കർത്താവിന്റെ കരുണയെയും നീതിയെയും കുറിച്ച് പാടുക, കർത്താവിന്റെ അത്ഭുതകൃത്യങ്ങൾ വർണ്ണിക്കുക, കർത്താവിനെ ഇന്നും എന്നേയ്ക്കും വാഴ്ത്തുക, കർത്താവിന്റെ ആലയത്തിലേക്കു പോകുക, കർത്താവിന്റെ നാമത്തെ സ്തുതിക്കുക, കർത്താവിന്റെ മഹത്ത്വം വിളമ്പരം ചെയ്യുക, കർത്താവിന്റെ നീതിയെപ്പറ്റി ഉച്ചത്തിൽ പാടുക, കർത്താവിനു പുതിയ കീർത്തനം ആലപിക്കുക, തപ്പുകൊട്ടിയും കിന്നരംമീട്ടിയും കർത്താവിനെ സ്തുതിക്കുക, കാഹളനാദത്തോടെ കർത്താവിനെ സ്തുതിക്കുക, കർത്താവിന്റെ ശക്തമായ പ്രവൃത്തികളെപ്പറ്റി അവിടുത്തെ സ്തുതിക്കുക, വീണയും കിന്നരവും മീട്ടി കർത്താവിനെ സ്തുതിക്കുക, തപ്പുകൊട്ടിയും നൃത്തമാടിയും കർത്താവിനെ സ്തുതിക്കുക, തന്ത്രികളും കുഴലുംകൊണ്ട് കർത്താവിനെ സ്തുതിക്കുക, കൈത്താളംകൊട്ടി കർത്താവിനെ സ്തുതിക്കുക – ഈ ക്രിയകളെല്ലാം വിശ്വാസത്തിന്റെ വിവിധമുഖങ്ങളും ഭാവങ്ങളുമാണ് ആവിഷ്ക്കരിക്കുക.

പൗലോസ് തന്റെ ലേഖനത്തിന് ആമുഖമായി പറയുന്നു: അവന്റെ (ഈശോമിശിഹായുടെ) നാമത്തെപ്രതി വിശ്വാസത്തിന്റെ വിധേയത്വംസകലജാതികളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ (അപ്പസ്തോലന്മാർ) കൃപയും അപ്പസ്തോലസ്ഥാനവും പ്രാപിച്ചിരിക്കുന്നു (1:5). ഈശോമിശിഹാ നേടിയെടുത്ത രക്ഷ സകലർക്കും ഉള്ളതായതിനാൽ, എല്ലാവരെയും

ഈശോയിലുള്ള വിശ്വാസത്തിലേക്കു കൊണ്ടുവരാനാണ് അപ്പസ്തോലന്മാർക്കും പ്രബോധകർക്കും പ്രസ്തുതസ്ഥാനവും ദൈവത്തിന്റെ കൃപയും നല്കപ്പെട്ടിരിക്കുന്നത്. വിശ്വാസം വഴി ഓരോ ക്രൈസ്തവനും ഈശോമിശീഹായുടെ സ്വന്തവും പിതാവിന്റെ സ്നേഹഭാജനവും വിശുദ്ധനും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതനുമാകണം (1:6-7).

നമ്മെ ദൈവമക്കളും ഈശോമിശിഹായുടെ കൂട്ടവകാശികളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമാക്കുന്നതു നമ്മുടെ വിശ്വാസമാണ്. ക്രൈസ്തവരെ തമ്മിൽ സ്നേഹത്തിലും പ്രത്യാശയിലും ഒന്നിപ്പിക്കുന്നതിനുള്ള കണ്ണിയാവണം അവരുടെ വിശ്വാസം (1:12). വിശ്വസിക്കുന്ന ഏവർക്കും സുവിശേഷം രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയാണ്. വിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്കു നയിക്കുന്ന ദൈവത്തിന്റെ നീതി അതിൽ വെളിപ്പെട്ടിരിക്കുന്നു. നീതിമാൻ വിശ്വാസം വഴി ജീവിക്കും (1:16-17). ദൈവത്തിന്റെ നീതി ആരംഭിക്കുന്നതും അവസാനിക്കുന്നതും വിശ്വാസത്തിലാണ്. ഈ നീതി ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെയാണ് കൈവരുക (3:27). "അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവനു നീതിയായി പരിഗണിക്കപ്പെട്ടു" (4:9).

രക്ഷകന്റെ വരവിനു ശേഷം ഒരുവൻ രക്ഷിക്കപ്പെടാൻ ഈശോമിശിഹായിൽ വിശ്വസിക്കണം. ഇവിടെ പരിച്ഛേദനമോ, അബ്രാഹത്തിന്റെ പിന്തുടർച്ചക്കാരനായിരിക്കുന്നതോ ഒന്നും പരിഗണനയിൽ വരുന്നതേയില്ല. ഈശോയിലുള്ള വിശ്വാസം അതിൽത്തന്നെ രക്ഷണീയമാണ്. അവിടുത്തെ പ്രബോധനങ്ങൾക്കനുസൃതം ജീവിക്കുക, അവിടുത്തെ കൂദാശകൾ സ്വീകരിക്കുക ഇത്രയും നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതവുമാണ്. മറ്റെന്തിന്റെയെങ്കിലും അംഗീകാരമോ, നിരാകരണമോ ഒന്നും ഇവിടെ പ്രസക്തമല്ല. ക്രിസ്തു സമ്പാദിച്ച വിശ്വാസം വഴിയുള്ള

നീതീകരണം, ദൈവവചനത്തിലെ പ്രബോധനങ്ങളോടു ചേർന്നു പോകുന്നവയാണ്. നിയമത്തിന്റെ അനുഷ്ഠാനം കൊണ്ട് ഒരുവൻ ഒരിക്കലും നീതീകരിക്കപ്പെടുകയില്ലല്ലോ. ദൈവം സകലരെയും പ്രവൃത്യുന്മുഖമായ വിശ്വസത്താൽ നീതീകരിക്കും (3:30). നിയമം വിശ്വാസത്തെ ഉറപ്പുള്ളതാക്കും (3:31). ഇപ്രകാരം വിശ്വസിക്കുന്നവന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു (4:5). അബ്രാഹത്തിന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെട്ടല്ലോ (4:9).

അപരിച്ഛേദിതനായിരുന്നപ്പോൾ വിശ്വാസം വഴി ലഭിച്ച നീതിയുടെ മുദ്രയായി പരിച്ഛേദനം എന്ന അടയാളം അബ്രാഹം സ്വീകരിച്ചു. ഇതു പരിച്ഛേദനം കൂടാതെ വിശ്വാസകളായിത്തീർന്ന എല്ലാവർക്കും അവൻ പിതാവാകേണ്ടതിനു വേണ്ടിയായിരുന്നു (4:11). ഒരുവന്റെ ആത്മീയസിദ്ധികളുടെ സാകല്യപ്രവർത്തനമാണ് വിശ്വാസം. ലോകത്തിന്റെ അവകാശിയാകും എന്ന വാഗ്ദാനം അബ്രാഹത്തിനു ലഭിച്ചതു വിശ്വാസത്തിന്റെ നീതിയിലൂടെയാണ്. അബ്രാഹത്തിനു ദൈവം വാഗ്ദാനം നല്കിയതുതന്നെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. (4:16).

പ്രതീക്ഷയ്ക്കു സാധ്യതയില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു (4:19). നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായിരിക്കുന്നെന്നും സാറായുടെ ഉദരം വന്ധ്യമാണെന്നും അറിയാമായിരിന്നിട്ടും, ഏതാണ്ട് 43 വർഷത്തെ കാത്തിരിപ്പിന്റെ അകമ്പടിയോടെ, അബ്രാഹം വിശ്വസിച്ചു. ദൈവത്തിന്റെ വാഗ്ദാനം നിറവേറാതെ പോകുകയില്ല. തന്റെ ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്ന് അവൻ വിശ്വസിച്ചു. അവിടുത്തെ വാഗ്ദാനത്തിനെതിരായി അവൻ ചിന്തിച്ചില്ല. മറിച്ച്, ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട്, അവൻ വിശ്വാസത്താൽ ശക്തിപ്രാപിച്ചു. വാഗ്ദാനം നിറവേറ്റാൻ, ദൈവത്തിന് കഴിയുമെന്ന് അവൻ പൂർണ്ണമായി വിശ്വസിച്ചു. അതുകൊണ്ടാണ്, അവന്റെ വിശ്വസം അവനു നീതിയായി പരിഗണിക്കപ്പെട്ടത്.

പൗലോസ് ഇവിടെ പരാമർശിക്കുന്നത് ഈശോമിശിഹായിലുള്ള വിശ്വാസം വഴി കൈവരുന്ന നിത്യരക്ഷയെക്കുറിച്ചാണ്. പഴയനിയമകാല വിശ്വാസത്തിന്റെ 'നിയമത്ത്വം', 'നിയമസാധുത' (lawfulness)യ്ക്കു പകരം വിശ്വസ്തത (faithfullness) ആണ് ഈശോ ആവശ്യപ്പെടുന്നത്. ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയുടെ ഫലം സ്വീകരിക്കുന്നതിന്, മനുഷ്യൻ വിശ്വാസത്തിലൂടെ, ദൈവത്തിന്റെ സ്നേഹോദാരമായ വിളിക്കു പ്രത്യുത്തരം നല്കണം. അവൻ ഈശോമിശിഹായെ രക്ഷകനും നാഥനും രാജാവും കർത്താവും ദൈവവും ജീവദാതാവുമായി സ്വീകരിക്കണം. ബോധപൂർവ്വവും ശ്രദ്ധാപൂർവ്വവുമായ പരിചിന്തനത്തോടുംകൂടി നടത്തുന്ന സ്വതന്ത്രമായ ഒരു പ്രവൃത്തിയാണിത്. മനുഷ്യൻ സ്വയം രക്ഷിക്കപ്പെടാനുള്ള തന്റെ കഴിവില്ലായ്മ മനസ്സിലാക്കി ദൈവത്തിന്റെ പ്രവർത്തനത്തിനും പ്രവൃത്തിക്കും പൂർണ്ണമായി വിട്ടുകൊടുത്തുകൊണ്ടും സമർപ്പിച്ചുകൊണ്ടും വേണം വിശ്വാസത്തിന്റെ പ്രവൃത്തി ചെയ്യാൻ. വിശ്വാസം മനുഷ്യന്റെ മാത്രം പ്രവൃത്തിയല്ല, അതു ദൈവത്തിന്റെ കൃപ കൂടിയാണ്.

നീതി, നീതീകരണം തുടങ്ങിയ പ്രയോഗങ്ങൾക്കു പൗലോസ് ശ്ലീഹാ നല്കുന്ന അർത്ഥം പ്രസാദവരം (sanctifying grace) എന്നാണ്. ദൈവത്തിന്റെ വിശുദ്ധിയിൽ വിശ്വാസി ഭാഗഭാക്കാകുന്ന പ്രവൃത്തിയെയാണ് നീതി, നീതീകരണം തുടങ്ങിയവ സൂചിപ്പിക്കുക. ദൈവത്തിന്റെ മഹത്ത്വം, കൃപ, പ്രസാദം - അങ്ങനെയും നീതിയെ നമുക്ക് മനസ്സിലാക്കാം. ഇതിന്റെ പ്രഭവം ഈശോമിശിഹായുടെ രക്ഷാകരമരണത്തിലാണ്. രക്തം ചിന്താതെ രക്ഷയില്ല; പാപമോചനവുമില്ല (ഹെബ്രാ. 9:22). റോമാ 4:24-25 ഈ സത്യം സംശയലേശമെന്യേ സ്പഷ്ടമാക്കുന്നു. നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പ്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തി

നായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത നമ്മുടെ കർത്താവായ ഈശോമിശിഹാ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടുവെന്നു വിശ്വസിക്കുന്ന നമുക്കും അത് നീതിയായി പരിഗണിക്കപ്പെടും. ഈശോമിശിഹായുടെ മരണോത്ഥാനങ്ങൾ നമ്മുടെ നിത്യരക്ഷയുടെ അച്ചാരമാണ്.

ആയതിനാൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നാം നമ്മുടെ കർത്താവായ ഈശോമിശിഹാ വഴി പിതാവായ ദൈവവുമായി സദാ സമാധാനത്തിൽ, ഒന്നായിരിക്കണം. ഈ വിശ്വാസത്തിലൂടെ ദൈവമഹത്ത്വത്തിൽ നമുക്കു പങ്കു ചേരാം. നമുക്ക് കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക്, ഈശോമിശിഹാമൂലം, നമ്മുടെ വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചു കഴിഞ്ഞിരിക്കുന്നു. ഈ കൃപ ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കുകയാണ് ഓരോ ക്രൈസ്തവവിശ്വാസിയുടെയും കടമ. ദൈവമഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനത്തിനു വകയുണ്ട്. പരിശുദ്ധാത്മാവു നല്കുന്ന ആത്മധൈര്യമാണ് ഈ പ്രത്യാശ നമ്മിൽ ഉളവാക്കുന്നത്. നമുക്ക് നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നതുകൊണ്ട് നിരാശ നമ്മിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല; ചെലുത്താൻ പാടില്ല (5:1-5).

"ആകയാൽ, ഈശോ കർത്താവാണെന്ന്, അധരംകൊണ്ട് ഏറ്റുപറയുകയും, ദൈവം അവിടുത്തെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തന്മൂലം നിതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരംകൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷ പ്രാപിക്കുകയും ചെയ്യുന്നു" (10:9-10). "ഓരോരുത്തനും ദൈവം നല്കിയിരിക്കുന്ന വിശ്വാസത്തിന്റെ അളവനുസരിച്ച്

വിവേകപൂർവ്വം ചിന്തിക്കുവിൻ" (12:3). നമ്മൾ ചെയ്യുന്നതെല്ലാം നമ്മുടെ വിശ്വാസത്തിനു ചേർന്ന വിധമായിരിക്കണം. വിശ്വാസത്തിൽ നിന്നല്ലാതെ ഉത്ഭവിക്കുന്നതെന്തും പാപമാണ് (14:23).

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകരുതേ. അത് ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരിക്കണം (2:4-5). വിശ്വാസം പരിശുദ്ധാത്മാവിന്റെ ഒരു വരമാണ് (12:9). പക്ഷേ, എത്രയധികം വിശ്വാസമുണ്ടെങ്കിലും സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല. സ്നേഹമാണു സർവ്വോത്കൃഷ്ടം. നമ്മുടെ വിശ്വാസം സ്നേഹത്തിൽ വേരുപാകിയിരിക്കണം (13:2). വിശ്വാസവും പ്രത്യാശയും നിലനിൽക്കുന്നവയെങ്കിലും സ്നേഹമാണ് സർവ്വോത്കൃഷ്ടം (13:3). നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ഈശോമിശിഹായുടെ പുനരുത്ഥാനമാണ് (15:17). വിശ്വാസത്തിൽ നാം സ്ഥിരതയുള്ളവരായിരിക്കണം (16:13).

കൊറീന്ത്യരുടെ വിശ്വാസസ്ഥിരതയെ ശ്ലീഹാ ശ്ലാഘിക്കുന്നു (1:24). നമ്മുടെ വിശ്വാസവും ശ്ലാഘനീയമാകണം. നാമും വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിക്കണം. ഇതായിരുന്നു വിശുദ്ധരുടെ, വിശിഷ്യ, രക്തസാക്ഷികളുടെ സവിശേഷത. വിശ്വാസി എപ്പോഴും പാപത്തിനു മരിച്ച്, ദൈവത്തിനായി ജീവിക്കണം. വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിനു സഹനവും മരണവുമൊക്കെ അത്യന്താപേക്ഷിതമാണ്. ഈ നിധി (വിശ്വാസം) മൺപാത്രങ്ങളിലാണ് നമുക്കു ലഭിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാം ഞെരുക്കപ്പെടും, ഞെരുക്കപ്പെടണം. പക്ഷേ, വിശ്വാസി ഒരിക്കലും തകർക്കപ്പെടുന്നില്ല. He may be destroyed (martyrdom) but will never be defeated. റാണി മരിയാ തകർക്കപ്പെട്ടു, പക്ഷേ, പരാജയപ്പെട്ടില്ല. മൂർച്ചയേറിയ

കഠാരയുടെ 53 കുത്ത് ഏറ്റപ്പോഴും 'ജയ് യേശു' എന്നു വിളിച്ചു പറഞ്ഞുകൊണ്ട്, അവൾ വിശ്വാസത്തിന്റെ ധീരരക്തസാക്ഷിയായി. വിശുദ്ധരുടെ മരണം അവർക്ക് യഥാർത്ഥത്തിൽ ജനനമാണ്, ജീവനാണ്, മോചനമാണ് (4:7-15). പൗലോസ് ശ്ലീഹായെയും ഇതര വിശുദ്ധരെയും പോലെ നമുക്ക് വിശ്വാസത്താൽ നയിക്കപ്പെടാം (5:7). ഓരോ ക്രൈസ്തവനും വിശ്വാസത്തിലും കാരുണ്യപ്രവർത്തനങ്ങളിലും മികച്ചു നില്ക്കണം (8:7). നമ്മുടെ വിശ്വാസം വർദ്ധിക്കുന്നതനുസരിച്ച് നമ്മുടെ ആധ്യാത്മികജീവിതവും സമ്പുഷ്ടവും കൂടുതൽ സമ്പന്നവുമാകും (10:15).

"നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ നിലനിൽക്കുന്നുണ്ടോ എന്നു പരിശോധിക്കുവിൻ; നിങ്ങളെത്തന്നെ പരീക്ഷിച്ചറിയുവിൻ. ഈശോമിശിഹാ നിങ്ങളിലുണ്ടെന്ന്" (13:5) ഉറപ്പാക്കുവിൻ.

ഈശോമിശിഹായിലുള്ള വിശ്വാസത്തിലൂടെയാണ് ഒരുവൻ നീതീകരിക്കപ്പെടുന്നത് (2:16). ക്രിസ്തുവിനോടുകൂടെ ക്രൂശിതരായിരിക്കുന്ന നാം അവിടുന്ന് നമ്മിൽ വസിക്കുന്നു എന്ന വിശ്വാസത്തിൽ ജീവിക്കണം. നിയമത്തിന്റെ അനുഷ്ഠാനം വഴിയല്ല, വിശ്വാസത്തിന്റെ അനുസരണം വഴിയാണ് നാം ആത്മാവിനെ സ്വീകരിച്ചിരിക്കുന്നത് (3:2). "അബ്രാഹം തന്നെയും വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടു (3:5). വിശ്വാസമുള്ളവർ വിശ്വാസിയായ അബ്രാഹത്തോടൊത്ത് അനുഗ്രഹം പ്രാപിക്കുന്നു (3:9). വിശ്വാസം വഴി നാം ആത്മാവിന്റെ വാഗ്ദാനം പ്രാപിക്കുന്നു, പ്രാപിക്കണം (3:14).

എല്ലാവരും പാപത്തിനധീനരാണ്. പാപമില്ലാത്തവൻ ദൈവം മാത്രം. ഈശോമിശിഹായിലുള്ള വിശ്വാസം വഴി വേണം ഓരോരുത്തനും വാഗ്ദാനം (നിത്യരക്ഷ) പ്രാപിക്കാൻ (3:22). വിശ്വാസത്താൽ നാം നീതികരിക്കപ്പെടാനാണ് അവി

ടുന്ന് പെസഹാക്കുഞ്ഞാടായത് (3:23-24). ഈശോമിശിഹായിലുള്ള വിശ്വാസം വഴി ഏവരും ദൈവസുതരാകുന്നു. ഈ പുത്രത്വം നിത്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. മാമ്മോദീസായിലൂടെ ഈശോമിശിഹായോട് ഐക്യപ്പെട്ടിരിക്കുന്ന നാം ക്രിസ്തുവിനെ ധരിച്ചവരാണ് (3:26-27). ഈ ക്രിസ്തുവിനെ നഷ്ടപ്പെടുത്താതെ, അവിടുന്നിൽ അനുനിമിഷം വ്യാപരിക്കുന്നതാണ് സത്യമായ ആധ്യാത്മികത. വിശ്വാസം വഴി, പരിശുദ്ധാത്മാവിലൂടെ, നീതി ലഭിക്കുമെന്ന പ്രത്യാശയിലാണു സത്യക്രിസ്ത്യാനികൾ (5:5). വാഗ്ദാനങ്ങളിൽ വിശ്വസ്തനാണു നമ്മുടെ ദൈവം.

ഈശോമിശിഹായിൽ വിശ്വസിക്കുന്നവർക്ക് പരിച്ഛേദനവും അപരിച്ഛേദനവും ഒന്നും പ്രശ്നമല്ല. അവർക്കു, സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു സുപ്രധാനം (5:6). ആത്മാവിന്റെ ഫലങ്ങളിൽ സർവ്വോത്കൃഷ്ടം സ്നേഹം തന്നെ. ആനന്ദം, സമാധാനം, നന്മ, ദയ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയൊക്കെ സ്നേഹത്തോടൊപ്പം കൈവരുന്നു. അവയുമെല്ലാം നിത്യരക്ഷയുടെ അവശ്യഘടകങ്ങളാണ് (5:22). പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നു: "അതുകൊണ്ട്, സകലമനുഷ്യർക്കും പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു, നന്മ ചെയ്യാം (6:10).

എഫേ. 1:15-ൽ പൗലോസ് എഴുതുന്നു: "ഈശോമിശിഹായിലുള്ള നിങ്ങളുടെ വിശ്വാസത്തെയും എല്ലാവിശുദ്ധരോടും (മാമ്മോദീസാ സ്വീകരിച്ചവർ) നിങ്ങൾ പ്രകടിപ്പിക്കുന്ന സ്നേഹത്തെയും കുറിച്ച് കേട്ടനാൾ മുതൽ എന്റെ പ്രാർത്ഥനകളിൽ നിങ്ങളെ അനുസ്മരിക്കുകയും നിങ്ങളെപ്രതി ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നതിൽ നിന്ന് ഞാൻ വിര

മിച്ചിട്ടില്ല.” ഒരു വിധത്തിൽ, വിശ്വാസത്തിന്റെ ആവിഷ്ക്കാരമാണ് സ്നേഹം. എഫേസൂസുകാർ ഈശോയിലുള്ള തങ്ങളുടെ വിശ്വാസം, മറ്റു സഹോദരങ്ങളോടുള്ള നിർവ്യാജമായ സ്നേഹത്തിലൂടെ പ്രകടമാക്കുന്നു. ക്രൈസ്തവവിശ്വാസജീവിതത്തിന്റെ ഒരു അവശ്യഘടകമാണിത്.

“വിശ്വാസം വഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്” (2:8). മഹാമഹാ സത്യം, ലളിതസുന്ദരമായി, കർണ്ണാനന്തകരമായി, ഹൃദയഭിത്തികളിലും ഓർമ്മയുടെ ചക്രവാളത്തിലും അനായാസം ഉല്ലേഖനം ചെയ്യപ്പെടുന്ന ഈ ഐതിഹാസിക തിരുവാക്യം, രക്ഷാകരചരിത്രം മുഴുവൻ അതിന്റെ എല്ലാമാനങ്ങളോടുംകൂടെ നമ്മുടെ കൺമുമ്പിൽ കാഴ്ചവയ്ക്കുന്നുണ്ട്. ദാനങ്ങളുടെ ഈ ദാനത്തിന് നമുക്ക് ജീവനുള്ള കാലത്തോളം നാം ജഗദീശ്വരനോട് എന്നെന്നും നന്ദിയും കടപ്പാടുമുള്ളവരായിരിക്കണം.

“അവനിലുള്ള (ഈശോമിശിഹായിലുള്ള) വിശ്വാസം മൂലം ആത്മധൈര്യവും ദൈവത്തെ സമീപിക്കാൻ സാധിക്കുമെന്ന പ്രത്യാശയും നമുക്കുണ്ട്” (3:12). “വിശ്വാസംവഴി ക്രിസ്തു നിങ്ങളിൽ വസിക്കണം'' (3:17). ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു” (4:5). “വിശ്വാസത്തിന്റെ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനത്തിലും എല്ലാവരും എത്തിച്ചേരുകയും മിശിഹായുടെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നതുവരെ ഇത് [കിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുക (4:12)] തുടരേണ്ടിയിരിക്കുന്നു (4:13). “ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്നതിന് നിങ്ങളെ ശക്തരാക്കുന്ന വിശ്വാസത്തിന്റെ പരിച എടുക്കുവിൻ” (6:16). പൗലോസിന്റെ ആശംസയോടെ ഈ ഭാഗം ഉപസംഹരിക്കാം.

"സഹോദരർക്ക്, പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും വിശ്വാസപൂർവ്വകമായ സ്നേഹവും സമാധാനവും"(6:23).

വിശ്വാസത്തിനു വേണ്ടി പോരാടണം - ഫിലിപ്പിയരുടെ അഭിവൃദ്ധിയും വിശ്വാസത്തിലുള്ള സന്തോഷവും ശ്ലീഹാ തീവ്ര മായി ആഗ്രഹിക്കുന്നു(1:25). അവർ "ഒരേ ആത്മാവോടും ഒരേ മനസ്സോടും കൂടെ ഉറച്ചുനിന്ന് സുവിശേഷത്തിലുള്ള വിശ്വാ സത്തിനു വേണ്ടി പോരാടണ" (1:27)മെന്നും അവൻ അത്യധികം ആഗ്രഹിക്കുന്നു. "നിങ്ങളുടെ ബലിയുടെയും വിശ്വാസത്തിൽ നിന്നുള്ള ശുശ്രൂഷയുടെയും മേൽ ഒരു നൈവേദ്യമായി എന്റെ ജീവൻ ചൊരിയേണ്ടിവന്നാൽത്തന്നെയും ഞാൻ അതിൽ സന്തോഷിക്കുകയും നിങ്ങളെല്ലാവരോടും കൂടെ ആനന്ദിക്കു കയും ചെയ്യു"(2:17)മെന്നു പ്രഖ്യാപിക്കത്തക്കവിധം അത്ര തീക്ഷ്ണമാണു ശ്ലീഹായുടെ വിശ്വാസം. തന്റെ ജീവൻ ചൊരി യാൻ പോലും അവൻ സന്നദ്ധനാകുന്നതിന്റെ കാരണം 'വിശ്വാ സത്തിൽ നിന്നുള്ള ശുശ്രൂഷ'യിൽ ഫിലിപ്പ്യർ ഉത്തരോത്തരം വളരെണമെന്നുള്ള തീവ്രാഭിലാഷമാണ്. ഓരോ വിശ്വാ സിയെസ്സംബന്ധിച്ചും തന്റെ വിശ്വാസത്തിലുള്ള വളർച്ച നിത്യ രക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. 'ക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്ന നീതി', ശ്ലീഹായിൽ സമൃദ്ധമായി ഉണ്ട്. നമ്മിലും ഇത് സമൃദ്ധമായി ഉണ്ടാവണം.

കൊളോസ്യർക്ക് ഈശോമിശിഹായിലുള്ള വിശ്വാസത്തെ ക്കുറിച്ചും അവർക്ക് എല്ലാ വിശുദ്ധരോടുമുള്ള സ്നേഹത്തെ ക്കുറിച്ചും ശ്രവിച്ചതു ശ്ലീഹായ്ക്കു സന്തോഷവും സംതൃ പ്തിയും പ്രദാനം ചെയ്യുന്നു. അനന്തരം അദ്ദേഹം വ്യക്തവും ശക്തവുമായ ഭാഷയിൽ അവരോടു പറയുന്നു: "നിങ്ങൾ ശ്രവിച്ച സുവിശേഷം നല്കുന്ന പ്രത്യാശയിൽ നിന്നു വ്യതിച

ലിക്കാതെ സ്ഥിരതയോടും ദൃഢനിശ്ചയത്തോടും കൂടെ വിശ്വാസത്തിൽ നിങ്ങൾ നിലനിൽക്കേണ്ടിയിരിക്കുന്നു"(1:23). ഇതിന് മിശിഹായുടെ മുൻപിൽ പരിശുദ്ധരും കുറ്റമറ്റവരും നിർമ്മലരുമായി നിങ്ങളെ പരിശുദ്ധത്രിത്വത്തിനു സമർപ്പിക്കണം(1:22).

ഇന്ന് അന്തിക്രിസ്തു അവന്റെ സർവ്വ കുതന്ത്രങ്ങളും അവയുടെ പരമകാഷ്ഠയിൽ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. നിത്യരക്ഷയെക്കുറിച്ചും നിത്യജീവനെക്കുറിച്ചും നരകത്തെക്കുറിച്ചും പറയാൻ അവൻ അനുവദിക്കുന്നില്ല. ഇനി ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽത്തന്നെ ശ്രോതാക്കളിൽ അവയെക്കുറിച്ചു കടുത്ത സംശയവും, ഇവയൊക്കെ പറയുന്നവരുടെ ഉപജീവനത്തിനുള്ള ഉപാധികളും അടവുകളുമാണ്, അവയെന്നുമുള്ള അപകടചിന്ത, ആ 'നാരകീയ സർപ്പം' വിശ്വാസികളിൽ ജനിപ്പിക്കുന്നു. അവൻ മന്ത്രിക്കും, ഉപഭോഗമാണ് ഏറ്റം നല്ലത്, തിന്നുക, കുടിക്കുക, മദിക്കുക, സൗന്ദര്യം ആസ്വദിക്കുക,മ്ലേച്ഛതയെ ഉദാത്തീകരിക്കുക ഇവയൊക്കെയാണ് ഏറ്റം അഭിലഷണീയം. അന്തിക്രിസ്തുവിന്റെ കിങ്കരന്മാരെല്ലാവരും പിശാചിന്റെ കാഷ്ടമായ പണത്തിനു വേണ്ടി, മനസാക്ഷിയെ പണ്ടു പണ്ടേ ഫ്രിഡ്ജിൽ വച്ചു കൊന്നുകളഞ്ഞവരാണ്. ഈ വിഷവലയത്തിൽ ഉന്നതന്മാരും ഒട്ടും കുറവല്ല. ഏറ്റവും ചെറുപ്രായം മുതൽത്തന്നെ 'സെക്സാണ്' എല്ലാം എന്ന പൈശാചിക, നാരകീയ, നശിച്ച ധാരണ ഉളവാക്കത്തക്കവിധമാണ് അന്തിക്രിസ്തുവിന്റെ പിണിയാളുകളായ മാധ്യമങ്ങൾ എന്ന ഭീകരർ പ്രവർത്തിക്കുക. ഇന്നു ലോകം സോദോം ഗൊമോറയെക്കാൾ എത്രയോ ആയിരം മടങ്ങ് അധഃപതിച്ചിരിക്കുന്നു!

മഷിയിട്ടു നോക്കിയാൽ വിശുദ്ധി, പ്രത്യേകിച്ചു, ശാരീരിക വിശുദ്ധി ഇന്ന് അധികമെങ്ങും കാണുകയില്ല. ഗുഹാമനുഷ്യരൊക്കെ ഇന്നത്തെക്കാൾ വളരെയധികം 'decent' ജീവിതമാണ് നയിച്ചിരുന്നത്. മൃഗങ്ങളെയും പക്ഷികളെയും മത്സ്യങ്ങളെയും നോക്കി മനുഷ്യൻ പാഠം പഠിച്ചിരുന്നെങ്കിൽ!

മനുഷ്യനൊഴികെ മറ്റൊരു ജീവിയും പ്രകൃതിവിരുദ്ധമായ മ്ലേച്ഛതകളിൽ, ഒറ്റയ്ക്കും കൂട്ടമായുമുള്ള പൈശാചികമായ മാനഭംഗപ്രവൃത്തികളിലൊന്നും ഇടപെടുകയില്ല. ദൈവമേ, ക്ഷമിക്കണമേ! ഇന്നു മഹോന്നതൻ ലോകത്തെ അല്പം കൂടി മുമ്പോട്ടു തള്ളിനീക്കുന്നെങ്കിൽ, അതിനു കാരണം, ലോകത്ത് എവിടെയോ 'പത്തു നീതിമാന്മാർ', ഒരു പക്ഷേ ഇരുപതോ, മുപ്പതോ, നാല്പതോ, അൻപതോ, നീതിമാന്മാർ ലോകപാപത്തിന്റെ പരിഹാരത്തിനും മനുഷ്യരാശിയുടെ നിത്യരക്ഷയ്ക്കും വേണ്ടി നിഖിലേശനോടു നിലവിളിച്ചു പ്രാർത്ഥിച്ചും ഉപവസിച്ചും തപസനുഷ്ഠിച്ചും ജീവിക്കുന്നുണ്ടെന്നുള്ളതാണ് (ഉൽപ. 18:22-33).

ധാർമ്മിക മൂല്യങ്ങൾക്കും ദൈവപ്രമാണങ്ങൾക്കും ലോകനീതിക്കും അനുസരിച്ചുള്ള നിഷ്ഠയുള്ള ജീവിതവും ഈശോമിശിഹായിലുള്ള അടിയുറച്ച വിശ്വാസവും മാത്രമാണ് ഏകപോംവഴി. വിശ്വവിഖ്യാതചരിത്രകാരനായ ടൊയിൻബീ പറയുന്നതുപോലെ "The renewal of the all embracing Christian Charity is the only solution for the infinite number of problems in the world.'' ശ്ലീഹാ തുടരുന്നു: "നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിച്ചുകൊണ്ട് അനർഗ്ഗളമായ കൃതജ്ഞതാപ്രകാശനത്തിൽ മുഴുകുവിൻ" (2:7).

ഈ ലേഖനത്തിൽ ശ്ലീഹാ സ്പഷ്ടമായി പറയുന്നു: നമ്മുടെ പിതാവായ ദൈവത്തിന്റെ മുമ്പാകെ നിങ്ങളുടെ വിശ്വാസത്തിന്റെ പ്രവൃത്തിയും സ്നേഹത്തിന്റെ പ്രയത്നവും നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള നിങ്ങളുടെ ദൃഢമായ പ്രത്യാശയും മാത്രമാണ്" മുക്തിക്കുള്ള മാർഗ്ഗം (1:3). വീണ്ടും, "ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം എല്ലായിടത്തും ചെന്നെത്തട്ടെ" (1:8). ജനങ്ങളെ വിശ്വാസത്തിൽസ്ഥിരീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നല്കാൻ തക്കതായ വിശ്വാസത്തിന്റെ, സ്നേഹത്തിന്റെ, പ്രത്യാശയുടെ പിൻബലമുള്ള വചനപ്രഘോഷകർ ധാരാളമായി ഉണ്ടാവണം. വചനപ്രഘോഷകരുടെ

യെല്ലാം നിരന്തരവും കഠിനവുമായ പരിശ്രമം ഇതായിരിക്കണം (3:2). ശ്ലീഹായുടെ മുന്നറിയിപ്പു കൂടി നമുക്ക് ഓർക്കാം. "പ്രലോഭകൻ നിങ്ങളെ ഏതു വിധത്തിലും പരീക്ഷയിൽ വീഴ്ത്താൻ " കിണഞ്ഞു പരിശ്രമിക്കും (3:5). നമ്മുട വിശ്വാസം ദൈവത്തിനു പ്രീതിജനകമായ ബലിയാകണം (3:7). നമ്മുടെ വിശ്വാസത്തിന്റെ കുറവു നികത്തുന്നതിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം (3:10 കാണുക). 'കർത്താവേ ഞങ്ങൾ വിശ്വസിക്കുന്നു ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ!' ശ്ലീഹായുടെ ഉപദേശം കൂടി നമുക്ക് അനുസ്മരിക്കാം: "പകലിന്റെ മക്കളായ നമുക്കു വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം"(5:8).

വിശ്വസിക്കുന്നവരും വിശ്വാസത്തിനു വേണ്ടി സഹിക്കുന്നവരുമായവർക്കു ശ്ലീഹാ പ്രത്യാശയുടെ സന്ദേശം നല്കുന്നു. "അതിനാൽ നിങ്ങൾ ഇപ്പോൾ സഹിച്ചുകൊണ്ടിരിക്കുന്ന എല്ലാ പീഡകളിലും ദുരിതങ്ങളിലും നിങ്ങൾ പ്രകടിപ്പിക്കുന്ന സ്ഥൈര്യത്തെയും വിശ്വാസത്തെയും കുറിച്ച് ദൈവത്തിന്റെ സഭ സന്തോഷിക്കുന്നുണ്ട്" (1:4). നമ്മുടെ ദൈവം സകലരെയും തങ്ങളുടെ വിളിക്കു യോഗ്യരായി പരിഗണിക്കുന്നതിനും നമ്മുടെ എല്ലാ സദുദ്ദേശങ്ങളും വിശ്വാസത്തിന്റെ പ്രവൃത്തികളും തന്റെ ശക്തിയാൽ പൂർത്തിയാക്കുന്നതിനുമായി നമുക്കു സദാ പ്രാർത്ഥിക്കാം (1:11). കാരണം, വിശ്വാസം എല്ലാവർക്കുമില്ല. എന്നാൽ കർത്താവു വിശ്വസ്തനാണ് (3:3). ദുഷ്ടന്മാരിൽ നിന്നും അധർമ്മികളിൽ നിന്നും (അവർ അന്തിക്രിസ്തുവിന്റെ കിങ്കരന്മാരാണ്) നമുക്കു രക്ഷപ്പെടണമല്ലോ (3:2).

വിശ്വാസത്തിൽ നാം സന്താനങ്ങളെ ജനിപ്പിക്കണം (1:2 കാണുക). ഇതാണ് യഥാർത്ഥ പ്രേഷിതത്വം. ഇവിടെ മൂന്നു

കാര്യങ്ങളാണ് അത്യന്താപേക്ഷിതം: തീവ്രമായ ആഗ്രഹം, കഠിനമായ പരിശ്രമം, തീക്ഷ്ണമായ പ്രാർത്ഥന. ഏതൊരു നന്മ ചെയ്യുവാനും ഇവ ആവശ്യമാണല്ലോ."വിശ്വാസത്തിൽ ദൈവത്തിന്റെ കാര്യവിചാരിപ്പുകാരായി"രിക്കണം പുരോഹിതരും അധികാരം കയ്യാളുന്ന മറ്റുള്ളവരും. അധികാരം, സ്നേഹത്തിൽ സത്യസന്ധമായ സേവനം നടത്താനുള്ളതാണെന്ന സത്യം ഏവരും അറിഞ്ഞിരിക്കണം. "പരിശുദ്ധമായ ഹൃദയത്തിലും നല്ല മനസ്സാക്ഷിയിലും നിഷ്ക്കപടമായ വിശ്വാസത്തിലും "(1:5)ജീവിക്കുന്നവർക്കു മാത്രമേ അധികാരം സേവനമാണെന്ന സത്യം തന്നെ ഗ്രഹിക്കാനാവൂ.ദൈവത്തിന്റ കൃപ ഈശോമിശിഹായിലുള്ള വിശ്വാസത്തോടും സ്നേഹത്തോടുമൊപ്പം സത്യസന്ധരായ അർത്ഥികളിലേയ്ക്ക് (അല്മായർ, വൈദികർ, മെത്രാന്മാർ, സഭയിലെ ഇതര മേലധികാരികൾ, ഭരണാധിപന്മാർ, അധ്യാപകർ, ഡോക്ടേഴ്സ്, നേഴ്സസ്, മുതലാളികൾ, തൊഴിലാളികൾ എല്ലാവരിലേയ്ക്കും) കവിഞ്ഞൊഴുകണം. ജീവിതാന്തസിലെ കടമകൾ കൃത്യമായി, ഭംഗിയായി നിർവഹിക്കുകയാണു വിശുദ്ധിയിൽ വളരാൻ, സ്വർഗ്ഗം പ്രാപിക്കാൻ, ഉള്ള വഴിയെന്നു പുണ്യപിതാക്കന്മാർ പണ്ടേ പറഞ്ഞു പഠിപ്പിച്ചിട്ടുള്ളതാണ്. വിശ്വാസമുള്ളവർക്കല്ലേ ഇതു കഴിയൂ?

വൈദികൻ ബ്രോക്കർമാരുടെ പണിയോ, എൻജിനീയറുടെ പണിയോ മേസ്തിരിമാരുടെ പണിയോ, ഡോക്ടർ റിയൽ എസ്റ്റേറ്റിന്റെ പണിയോ, അധ്യപകൻ ബ്ലേഡുകാരനോ, മെത്രാൻ വെറും ഭരണതന്ത്രജ്ഞനോ, പണം സമ്പാദിച്ചു കെട്ടിടങ്ങൾ കെട്ടിപ്പൊക്കാൻ പെടാപ്പാടു പെടുന്ന ആളോ, അധികാരികൾ സ്വന്തം കസേര ഉറപ്പിക്കാനും സ്മാരകങ്ങൾ നിർമ്മിക്കാനും ശ്രമിക്കുന്നവരോ, ദൈവശാസ്ത്രജ്ഞന്മാരെന്നും പണ്ഡിതന്മാരെന്നും സ്വയം അഭിമാനിക്കുന്നവർ, നിഷ്ക്കളങ്കരും പാവങ്ങളുമായ സാധാരണക്കാരുടെ സത്യസന്ധവും നിഷ്ക്കളങ്കവുമായ വിശ്വാസം തച്ചുടക്കുന്നതോ ഒന്നും ദൈവതിരുമുൻപിൽ നീതീകരിക്കപ്പെടുകയില്ല. വിശുദ്ധനായ ജോൺ

പോൾ രണ്ടാമൻ മാർപ്പാപ്പാ പറഞ്ഞതു പോലെ, നാമെല്ലാവരും നിത്യവിധിയാളന്റെ നീതിപീഠത്തിനു മുൻപിൽ നില്ക്കേണ്ടി വരുന്ന നിമിഷങ്ങളിൽ നിന്ന് രക്ഷപെടാൻ ആർക്കും സാധിക്കുകയില്ല. കാരുണ്യം ലഭിക്കാനും നിത്യജീവൻ പ്രാപിക്കാനും ആഗ്രഹമുണ്ടെങ്കിൽ, അവർ എത്ര മഹത്തുക്കളുമായിക്കൊള്ളട്ടെ, വിശ്വാസമുള്ളവരും വിശ്വാസമുള്ളവർക്കു മാതൃകയുമാവണം (1:15,16 കാണുക); ദൈവമഹത്ത്വം ജീവിതലക്ഷ്യവും.

പ്രവചനങ്ങൾക്കനുസൃതം, വിശ്വാസത്തോടും നല്ല മനഃസാക്ഷിയോടും നന്നായി പോരാടുന്നതിനുള്ള ചുമതല, എല്ലാവർക്കുമുണ്ട് (1:19). ഇരിക്കുന്ന കമ്പു മുറിക്കാതിരിക്കാനും ചരിക്കുന്ന കപ്പൽ തകരാതിരിക്കാനും ഏവരും കരുണാമയനോടു മുട്ടിന്മേൽ വീണു പ്രാർത്ഥിക്കുക. ഒരോ ക്രൈസ്തവനും യഥാർത്ഥ വഴിയും സത്യവും ജീവനും നല്ല ഇടയനുമായ മിശിഹായുടെ പ്രവാചകനും പുരോഹിതനുമാണെന്ന സത്യം നമുക്കു പ്രചോദനമരുളട്ടെ. വിശ്വാസത്തിലും സത്യത്തിലും നീതിയിലും ദൈവം നിയോഗിച്ചു നല്കിയിരിക്കുന്ന ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടും അർപ്പണ മനോഭാവത്തോടുംകൂടി നിർവഹിക്കാൻ നമുക്കു കഴിയട്ടെ.

നമ്മുടെ മഹത്ത്വമല്ല, ദൈവത്തിന്റെ, അവിടുത്തെ മാത്രം, മഹത്ത്വത്തിനും ദൈവമക്കളുടെ നന്മയ്ക്കും വേണ്ടി നിരന്തരം യത്നിക്കാനും ഏവരുടെയും നിത്യരക്ഷയ്ക്ക് ഒന്നാം സ്ഥാനം നല്കി പ്രവർത്തിക്കാനും പ്രാർത്ഥിക്കാനും പ്രായശ്ചിത്ത പ്രവർത്തികൾ ചെയ്യാനുമാണ്, അല്പകാലത്തേയ്ക്കു മാത്രമുള്ള ഈ ജീവിതം, ജഗന്നിയന്താവു നല്കിയിരിക്കുന്നത്. ഈ മഹാസത്യം നമുക്കു മറക്കാതിരിക്കാം. ജീവിക്കുന്ന ദൈവത്തിൽ നമുക്കു വിശ്വസിക്കാം. അവിടുന്നിൽ പ്രത്യാശയർപ്പിക്കാം. അവിടുത്തെയും അവിടുത്തെ മക്കളെയും നമുക്ക് ആത്മാർത്ഥമായി, കലർപ്പും കലവറയുമില്ലാതെ, ചൂണ്ടകളി

ല്ലാതെ, സ്നേഹിക്കാം. ദൈവത്തിന്റെ തിരുവിഷ്ടം അവിടുത്തെ മഹത്ത്വത്തിനായി, അനുനിമിഷം നിറവേറ്റാം.

നിർമ്മല മനഃസാക്ഷിയോടുകൂടി ദൈവത്തെ സ്തുതിക്കുക, മഹത്ത്വപ്പെടുത്തുക, ആരാധിക്കുക (1:3), നിർവ്യാജമായ വിശ്വാസം അഭ്യസിക്കുക (1:5), ദൈവികവരം വീണ്ടും ഉജ്വലിപ്പിക്കുക(1:6), ഇവ വിശ്വാസിയുടെ കടമകളാണ്. ശക്തിയുടെയും സ്നേഹത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും ആത്മാവിനെ പ്രാപിച്ചിരിക്കുന്ന നമ്മൾ കർത്താവിനു സാക്ഷ്യം നല്കുന്നതിൽ, നമ്മുടെ വിശ്വാസംപ്രഘോഷിക്കുന്നതിൽ, ലജ്ജിക്കരുതെന്നു സത്യവിശ്വാസം നമ്മെ പഠിപ്പിക്കുന്നു (1:7-8). ദൈവം നമ്മെ രക്ഷയിലേക്കും വിശ്വാസത്തിലേയ്ക്കും വിശുദ്ധിയിലേയ്ക്കുമാണ് വിളിച്ചിരിക്കുന്നത് (1:9).

ദൈവം തെരഞ്ഞെടുത്തവരുടെ വിശ്വാസത്തെയും ദൈവഭക്തിക്കു ചേർന്ന സത്യത്തിന്റെ ജ്ഞാനത്തെയും നിത്യജീവന്റെ പ്രത്യാശയിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് ഒരോ പുരോഹിതനും (മെത്രാനും.....) നിയോഗിക്കപ്പെട്ടിരിക്കുന്നത്. ഇതിന് ഞാൻ എന്തൊക്കെ ചെയ്യുന്നുവെന്നു പുരോഹിതനായ ഞാൻ ചിന്തിക്കണം. ഇത് എനിക്കുള്ളള്ള എന്റെ രക്ഷകനായ ദൈവത്തിന്റെ അലംഘ്യമായ കല്പനയാണ് (1:4). ഉത്തരവാദിത്തപ്പെട്ടവരെല്ലാം തങ്ങളെ ഏല്പിച്ചിരിക്കുന്ന അജഗണങ്ങൾ, ശരിയായ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നതിന്, അവരെ നിർദ്ദാക്ഷിണ്യം ശാസിക്കണം. അവർ സത്യവിശ്വാസത്തിൽ നിന്നു വ്യതിചലിച്ചു പോകാതിരിക്കാനും സത്യവിശ്വാസത്തിൽ നിന്ന് ഇടവകയിൽ, രൂപതയിൽ, ആരെങ്കിലും വ്യതിചലിച്ചു പോയാൽ അവരെ സ്നേഹബുദ്ധ്യാ തിരിച്ചുകൊണ്ടുവരാനും, ഇടയൻ ആടുകളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണം.

ഈ ശിഷ്യന്റെ വിശ്വാസത്തെ ശ്ലീഹാ ശ്ലാഘിക്കുന്നു. “കർത്താവായ ഈശോമിശിഹായോടും എല്ലാ വിശുദ്ധരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ച് ഞാൻ കേൾക്കുന്നുണ്ട്” (1:5). യഥാർത്ഥവിശ്വാസം ശ്ലാഘിക്കപ്പെടുകയും അനുകരിപ്പെടുകയും ചെയ്യും. ഈശോയിലുള്ള ഐക്യം മൂലം സകല നന്മകളെയും കുറിച്ച് നമുക്കു ലഭിക്കുന്ന അറിവ് ആഴമേറിയതാക്കാൻ വിശ്വാസത്തിലുള്ള നിന്റെ ഭാഗഭാഗിത്വം സഹായകമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.(1:6). നമ്മുടെ വിശ്വാസം വർദ്ധിപ്പിച്ചു തരാൻ നാം എന്നും ദൈവത്തോടു പ്രാർത്ഥിക്കണം. “ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും.”

ലേഖനകർത്താവ് മാമ്മോദീസാ സ്വീകരിച്ചവരെ ഉപദേശിക്കുന്നു: “നാം ഏറ്റുപറയുന്ന വിശ്വാസത്തിന്റെ അപ്പസ്തോലനും ശ്രേഷ്ഠപുരോഹിതനുമായ ഈശോയെപ്പറ്റി ചിന്തിക്കുവിൻ” (3:1). വിശ്വസിക്കുന്നവർ വിശ്രമത്തിലേയ്ക്കു പ്രവേശിക്കുന്നു (6:2). സ്വർഗ്ഗപ്രാപ്തിക്ക് വിശ്വാസം കൂടിയേ തീരൂ.

നിത്യപുരോഹിതനായ ഒരു ശ്രേഷ്ഠപുരോഹിതൻ നമുക്കുള്ളതുകൊണ്ട് നമ്മുടെ വിശ്വാസത്തെ നമുക്ക് മുറുകെപ്പിടിക്കാം (4:14). ദൈവത്തിലുള്ള വിശ്വാസത്തിനു വീണ്ടും ഒരു അടിത്തറയിടേണ്ടതില്ല (6:1). കാരണം, നിത്യപുരോഹിതൻ നിത്യമായ, ശാശ്വതമായ, മാറ്റമില്ലാത്ത, അടിസ്ഥാനം ഇതിന് ഇട്ടുകഴിഞ്ഞു എന്നതു തന്നെ. “വിശ്വാസവും ദീർഘക്ഷമയുംവഴി വാഗ്ദാനത്തിന്റെ അവകാശികളായവരെ അനുകരിക്കണം നിങ്ങൾ” (6:12). വാഗ്ദാനത്തിന്റെ (നിത്യ രക്ഷ) അവകാശികളാവാൻ വിശ്വാസവും ദീർഘക്ഷമയും അത്യന്താപേക്ഷിതമാണ്. നീതിമാൻ വിശ്വാസം മൂലം ജീവിക്കും (10:38).

ഒരു നീതിമാനെ രക്ഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നതു വിശ്വാസമാണ്. വിശ്വാസത്തിൽ നിന്നു "പിന്മാറി നശിപ്പിക്കപ്പെടുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ആത്മരക്ഷ പ്രപിക്കുന്നവരുടെ കൂട്ടത്തിലാ"യിരിക്കണം നമ്മൾ. നമ്മുടെ പരമാന്ത്യങ്ങളായ മരണം, വിധി, മോക്ഷം, നരകം ഇവയെക്കുറിച്ചും നിത്യരക്ഷയെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചും ഉള്ള കാര്യമായതുകൊണ്ട് വിശ്വാസം നമ്മുടെ ജീവന്മരണപ്രശ്നം തന്നെയാണ്. അങ്ങനെതന്നെ നാം അതിനെ കാണണം.

വിശ്വാസമെന്ന ദൈവിക പുണ്യത്തിന്റെ മഹാതീട്ടുരമാണ് (The Great Charter) ഹെബ്രായർ അധ്യായം 11. വെളിപാടിന്റെ അവസാന ഘട്ടത്തിലാണ് വിശ്വാസത്തിനൊരു നിർവചനം, അപ്രമാദിത്വമുള്ള വ്യക്തമായ ഒരു വിവരണം, നമുക്കു കൈവരുക.

"വിശ്വാസമെന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്."

| | | |
|---|---|---|
| ക്രൈസ്തവ ജീവിതം | = | വിശ്വാസം |
| വിശ്വാസം | = | ഈശോയിലുള്ള വിശ്വാസം |
| ഈശോ | = | ദൈവം |
| വിശ്വാസം | = | ദൈവത്തിലുള്ള വിശ്വാസം |

മുകളിലൊരു സ്നേഹസ്വരൂപനായ, കരുണാമയനായ, കാത്തുപരിപാലിക്കുന്ന, അതായത്, എന്നെ തന്റെ ഉള്ളം കയ്യിൽ കാക്കുന്ന, ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നതാണ്, യുക്തി കൊണ്ട് ഈ വസ്തുത തെളിയിക്കാൻ ശ്രമിക്കുന്നതിനെക്കാൾ വളരെയേറെ നല്ലത്.

ദൈവമുണ്ട്. അവിടുത്തെ വചനത്താൽ ലോകം സൃഷ്ടിക്കപ്പെട്ടു. കാണപ്പെടുന്നവ കാണപ്പെടാത്തവയിൽ നിന്ന് ഉണ്ടായി (ഇല്ലായ്മയിൽ നിന്ന്). ആബേൽ കായേന്റേതിനെക്കാൾ

ശ്രേഷ്ഠമായ ബലിയർപ്പിച്ചു. കാരണം ആബേൽ നീതിമാനായിരുന്നു. അവന്റെ കാഴ്ചകളെക്കുറിച്ച് ദൈവം തന്നെ സാക്ഷ്യം നൽകി. തന്റെ വിശ്വാസത്തിലൂടെ അവൻ ഇന്നും സംസാരിക്കുന്നു. ദൈവം ഹെനോക്കിനെ, മരണം കാണാതെ സ്വർഗ്ഗത്തിലേക്കു സംവഹിച്ചു. എന്തെന്നാൽ, അവൻ വിശ്വാസത്തിന്റെ ജീവിതം നയിച്ചു.

ദൈവസന്നിധിയിൽ ശരണം പ്രാപിക്കുന്നവർ ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവിടുന്നു പ്രതിഫലം നല്കുമെന്നും വിശ്വസിക്കണം. വിശ്വാസംമൂലം നോഹ പെട്ടകം പണിതു. അങ്ങനെ, അവൻ വിശ്വാസത്തിൽ നിന്നുളവാകുന്ന നീതിയുടെ അവകാശിയായി.

വിശ്വാസംമൂലം അബ്രാഹം ദൈവത്തെ അനുസരിച്ചു. അവന്റെ അനുസരണത്തിന്റെ അടിസ്ഥാനം ദൈവത്തിലുള്ള വിശ്വാസത്തിന്റെ ഉറപ്പുമാത്രമായിരുന്നു. എല്ലായിടത്തും അവനെ നയിച്ചതു വിശ്വാസമാണ്. തന്നോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാണെന്നുള്ള ഉറപ്പിലാണ് (വിശ്വാസം) നൂറാം വയസ്സിൽ അവന് ഇസഹാക്കിനെ ലഭിച്ചത്. മൃതപ്രായനിൽ നിന്ന് ആകാശത്തിലെ നക്ഷത്രജാലങ്ങൾപോലെയും കടലോരത്തെ സംഖ്യാതീതമായ മണൽത്തരികൾ പോലെയും ഒരു ജനത ജന്മംകൊണ്ടു. ശ്രേഷ്ഠവും സ്വർഗ്ഗീയവുമായതിനെ ലക്ഷ്യം വയ്ക്കുവാൻ വിശ്വാസം അവരെ സഹായിച്ചു. അവർക്കായി ദൈവം ഒരു നഗരം തയ്യാറാക്കി.

പരീക്ഷിക്കപ്പെട്ടപ്പോൾ, വിശ്വാസം മൂലമാണ് അബ്രാഹം ഇസഹാക്കിനെ സമർപ്പിച്ചത്. ദൈവത്തിന്റെ വാഗ്ദാനം നിറവേറേണ്ടിയിരുന്നത് ഇസഹാക്കിലൂടെയാണെന്ന വാസ്തവം നിലനില്ക്കെയാണ് അവൻ സാഹസത്തിനൊരുങ്ങിയത്. മരിച്ചവരെ ഉയർപ്പിക്കാൻ ഉടയവനു കഴിയുമെന്ന് അവൻ വിശ്വ

സിച്ചു. ഇസഹാക്കിനെ തിരികെ കിട്ടാൻ സഹായിച്ചതും അവന്റെ വിശ്വാസം തന്നെ. വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിശ്വാസത്തിലാണ് പൂർവ്വപിതാക്കൾ മക്കളെ അനുഗ്രഹിച്ചത്. തന്റെ അസ്ഥികൾ എന്തു ചെയ്യണമെന്നു ജോസഫ് നിർദ്ദേശങ്ങൾ നൽകിയത് വിശ്വാസംമൂലം ഇസ്രായേൽ മക്കളുടെ പുറപ്പാടിനെ മനസ്സിൽ കണ്ടുകൊണ്ടാണ്.

വിശ്വാസം മൂലം, സ്തീകൾക്കു തങ്ങളുടെ മരിച്ചുപോയവരെ, പുനരുജ്ജീവനത്തിലൂടെ, തിരിച്ചുകിട്ടി. ചിലർ മരണം വരെ പ്രഹരിക്കപ്പെട്ടു. മെച്ചപ്പെട്ട പുനരുത്ഥാനം പ്രാപിക്കാൻ, അവർ പീഡകൾ സഹിച്ചു. ചിലർ പരിഹാസവും ചമ്മട്ടിയടിയും ബന്ധനവും കാരാഗൃഹവാസവും അനുഭവിച്ചു. ചിലരെ കല്ലെറിഞ്ഞു. ചിലരെ വിചാരണചെയ്തു, ചിലർ രണ്ടായിവെട്ടിമുറിക്കപ്പെട്ടു; ചിലർ വാളുകൊണ്ടു വധിക്കപ്പെട്ടു. ചിലർ ചെമ്മരിയാടുകളുടെയും കോലാടുകളുടെയും തോലു ധരിച്ചു നിസ്സഹായരായും വേദനിക്കുന്നവരായും പീഡിതരായും അലഞ്ഞു നടന്നു. അവരെ സ്വന്തമാക്കാനുള്ള യോഗ്യത ലോകത്തിനില്ലായിരുന്നു. വനത്തിലും മാളത്തിലും ഗുഹകളിലും മാളങ്ങളിലുമായി അവർ അലഞ്ഞുതിരിഞ്ഞു.

വിശ്വാസം മുലം പൂർവ്വികർ എല്ലാവരും അംഗീകാരം പ്രാപിച്ചു. വിശ്വാസവർഷത്തിനുള്ള ഉണർത്തുപാട്ടിന് ഏറ്റം യോജിച്ച അനുച്ഛേദമാണ് പൂർവ്വികരെക്കുറിച്ചുള്ള ഈ അനുസ്മരണം. ഹെബ്രായ ലേഖകൻ വിശ്വാസത്തിന്റെ എല്ലാ മാനങ്ങളും തന്നെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ നമ്മൾ പറഞ്ഞിരിക്കുന്നവയ്ക്കെല്ലാം ഏറെ യോജിക്കുന്ന ഒരു ഉപസംഹാരവും ഉണ്ട്.

വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നമുക്ക് അതിൽ സ്ഥിരത കൈവരും. ഈ സ്ഥിരത പൂർണ്ണഫലം പുറപ്പെടുവി

ക്കുമ്പോൾ നമ്മൾ സമ്പൂർണ്ണരും സർവ്വവും മതിയായവരുമാകും (നമുക്കു പിന്നെ പരാതിക്കൊന്നും പഴുതുണ്ടാവുകയില്ല). എല്ലാവർക്കും ഉദാരമായി നല്കുന്ന നമ്മുടെ ദൈവത്തോട്, സംശയിക്കാതെ, വിശ്വാസത്തോടെ വേണം ചോദിക്കാൻ. സംശയിക്കുന്ന ഒരുവന് (അവികലവിശ്വാസം ഇല്ലാത്തവന്) കർത്താവിൽ നിന്ന് ഒന്നും തന്നെ ലഭിക്കുകയില്ല (1:3,6).

മഹത്ത്വപൂർണ്ണനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്ന നാം ഒരിക്കലും പക്ഷപാതം കാണിക്കരുത് (2:1).

തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തെരഞ്ഞെടുത്തതു ലോകത്തിലെ പാവപ്പെട്ടവരെ, സന്മനസ്സുള്ളവരെയല്ലേ? (2:5).

വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്ന, പ്രവൃത്തികൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്. മറ്റു വാക്കുകളിൽ, നമ്മുടെ പ്രസംഗവും പ്രവർത്തനവും ഏകോപിച്ചു പോകണം. എന്റെ ഓരോ പ്രവൃത്തിയിലും എന്റെ വിശ്വാസം പ്രതിഫലിക്കണം. നല്ല കാര്യങ്ങൾ വാതോരാതെ പറഞ്ഞതുകൊണ്ടോ, അനുസ്യൂതം എഴുതിയതുകൊണ്ടോ കാര്യമൊന്നുമില്ല. അവ ഒരു ചെവിയുലൂടെ കയറി മറ്റേ ചെവിയിലൂടെ ഇറങ്ങിപോകും. വിശ്വാസവത്സരത്തിൽ ഓരോരുത്തരും ഈ മേഖലയിൽ ആത്മാർത്ഥമായ ഒരു ആത്മശോധന നടത്തണം.

ഇക്കാലത്തു നല്ല നല്ല പ്രസംഗങ്ങൾക്കോ, ലേഖനങ്ങൾക്കോ, ഗ്രന്ഥങ്ങൾക്കോ വല്ലകുറവുമുണ്ടോ? പക്ഷേ, എത്ര പേർക്ക് യഥാർത്ഥമായ ഹൃദയപരിവർത്തനം, മാനസാന്തരം - metanouia - ഉണ്ടാകുന്നുണ്ട്?

പരസ്പരബന്ധമുള്ള ഒരു സംഭവവും ഒരു കഥയും വളരെ ചുരുക്കിപ്പറയാം. കുട്ടനാട്ടിലെ ഒരു ഗ്രാമത്തിൽ ഒരു നമ്പൂതിരിയും ഒരു പട്ടരും അടുത്തടുത്തു താമസിച്ചിരുന്നു. എന്റെ അമ്മയിൽനിന്നു കേട്ട ഒരു പഴഞ്ചൊല്ല് ഈ പട്ടരെ സംബന്ധിച്ച് പൂർണ്ണമായും ശരിയാണ് - അറത്ത കൈയ്ക്ക് ഉപ്പു തേക്കാത്തവൻ!

നമ്പൂതിരി വലിയ ധർമ്മിഷ്ടനായിരുന്നു. ആവശ്യത്തിലിരിക്കുന്നവരെയൊക്കെ സഹായിക്കും. ഭക്ഷണസമയങ്ങളിൽ വരുന്നവർക്കൊക്കെ സുഭിക്ഷമായി ഭക്ഷണം കൊടുക്കും. രാത്രി വളരെ വൈകുമ്പോൾ മാത്രമാണ് കലവറ അടച്ചിരുന്നത്. അടയ്ക്കുന്നതിനുമുമ്പ് സൂക്ഷിപ്പുകാരൻ ഉറക്കെ വിളിച്ചുചോദിക്കണമായിരുന്നു: ഇനി ആരെങ്കിലും ഭക്ഷണം കഴിക്കാതെയുണ്ടോ? എന്ന്. യാത്രയിലുള്ളവർ 'ഉണ്ട്' എന്നു വിളിച്ചുപറഞ്ഞാൽ അവരും എത്തി ഭക്ഷണം കഴിച്ചു തൃപ്തരായി പോയിട്ടു വേണമായിരുന്നു കലവറ അടയ്ക്കുന്നത്.

ഒരിക്കൽ, ആ ഗ്രാമത്തിലെ രണ്ട് യുവാക്കൾ സുഹൃദ്സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. വളരെ അവിചാരിതമായി, അവരിലൊരാൾ ഇതരനോടു ചോദിച്ചു: ഇന്ന പട്ടർ സ്വർഗ്ഗത്തിൽ പോകുമോ? അപ്പോൾ മറ്റേയാൾ പറഞ്ഞു: അയാളുടെ ചൂണ്ടുവിരൽ മാത്രം സ്വർഗ്ഗത്തിൽ പോകും. ശ്രോതാവിന് ഇതൊരു തമാശയായാണു തോന്നിയത്. അയാൾ ചോദിച്ചു: അതെങ്ങനെ സംഭവിക്കും? അപ്പോൾ പ്രസ്താവന നടത്തിയ ആൾ വിശദമാക്കി. പട്ടരുടെ വീട്ടിൽ സഹായത്തിനെത്തിയിരുന്ന സകലരെയും അയാൾ നമ്പൂതിരിയുടെ വീടു ചൂണ്ടുവിരലുകൊണ്ട് ചൂണ്ടിക്കാണിച്ചിട്ട് പറയുമായിരുന്നു: അവിടെ ചെന്നാൽ സഹായം ലഭിക്കും എന്ന്. ഇത്രയും നന്മ ചെയ്ത ചൂണ്ടുവിരലിനു സ്വർഗ്ഗം കൊടുക്കാതിരിക്കാൻ ജഗദീശ്വരന് കഴിയുമോ?

(സൂചിത സംഭവം യഥാർത്ഥത്തിൽ നടന്നതാണ്. ഇതു ലേഖകനോടു പറഞ്ഞത് സർവ്വോദയനേതാവായിരുന്ന, മഹാ

നായ, പ്രൊഫ. എം. പി. മന്മഥനാണ്. സ്ഥലവും ഇരുവരുടെയും പേരുകളും അറിയാം. വെളിപ്പെടുത്താതിരിക്കാൻ അനുവദിക്കുക)

സൂചിതമായ കഥയിതാണ്. ഒരു കുട്ടി എന്തോ രോഗം ബാധിച്ച് പെട്ടെന്ന് മരിച്ചു. ഉടനെ അവനു സ്വർഗ്ഗത്തിൽ പ്രവേശനം ലഭിച്ചു. ഈശോ തന്നെ ചെന്ന് അവനെ സ്വീകരിച്ചു. അവൻ ഈശോയുടെ തോളിൽ കയറി. തനിക്കു സ്വർഗ്ഗം മുഴുവൻ ഒന്നു കാണണമെന്നു കുട്ടി ഈശോയോടു ശഠിച്ചു. ഈശോ അവനെ സ്വർഗ്ഗമെല്ലാം കാണിച്ചുകാണിച്ചു പോവുകയാണ്. പെട്ടെന്ന് ഒരു വലിയ അലമാര അവന്റെ ശ്രദ്ധയിൽപ്പെട്ടു. അതു നിറയെ ചെവികൾ! കോടിക്കണക്കിനുണ്ട്. അവൻ ഈശോയോടു ചോദിച്ചു: എന്റെ ഈശോയേ, എന്തിനാണ് ഈ ചെവികളെല്ലാം ഇങ്ങനെ അലമാരയിൽ സൂക്ഷിച്ചുവച്ചിരിക്കുന്നത്? ഈശോ പറഞ്ഞു: "എന്റെ മകനേ, ഭൂമിയിൽ വച്ചു ദൈവവചനം കേട്ടിട്ട്, ഒരു ചെവിയിലൂടെ കയറ്റി മറ്റേ ചെവിയിലൂടെ ഇറക്കിവിട്ടവരാണിവർ. വചനം ആ ചെവികളെ മാത്രം വിശുദ്ധീകരിച്ചു! അവയെ എങ്ങനെയാ നരകത്തിൽ തള്ളുക?

വിഷയത്തിലേക്കു വീണ്ടും. അബ്രാഹത്തിന്റെ വിശ്വാസം അവന്റെ പ്രവൃത്തികൾക്കു പിൻബലമായിരുന്നു. അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ, അവയുടെ പ്രവൃത്തിപഥങ്ങളെ സഹായിച്ചിരുന്നു. അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളാൽ പൂർണ്ണമാക്കപ്പെട്ടു. അവൻ ദൈവത്തിൽ വിശ്വസിച്ചു. അത് അവനു നീതിയായി പരിഗണിക്കപ്പെട്ടിരുന്നു. മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല, പ്രവൃത്തികാളാലുമാണ് നീതീകരിക്കപ്പെടുക. ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തികൂടാതെയുള്ള വിശ്വാസം മൃതമാണ് (2:18-20, 26).

വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും (യാക്കോ. 5:15).

രക്ഷയ്ക്കു വേണ്ടി, ദൈവശക്തിയാൽ, വിശ്വാസം വഴി നാം കാത്തുസൂക്ഷിക്കപ്പെടുന്നു(1:5). വിശ്വാസിയെ രക്ഷയ്ക്ക്, സ്വർഗരാജ്യത്തിന്, അവകാശിയാക്കുന്നതു വിശ്വാസം തന്നെയാണ്. അത്, അവന്, സുരക്ഷിതനായി സ്വർഗത്തിലെത്താനുള്ള രക്ഷാകവചമാണ്. ഈ കവചം ധരിക്കാതെ ഒരുവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല, പ്രവേശിക്കുക സാധ്യവുമല്ല.

അല്പകാലത്തേയ്ക്കു വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു സഹിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തെക്കാൾ വിലയേറിയതായിരിക്കും, പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് ഈശോമിശിഹായുടെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്ത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും (1:7).

മിശിഹായെ മരിച്ചവരിൽ നിന്നുയർപ്പിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്ത ദൈവത്തിൽ (പിതാവിൽ), അവൻ (ഈശോ) മൂലം, നിങ്ങൾ വിശ്വസിക്കുന്നു. അങ്ങനെ നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ ആയിരിക്കുകയും ചെയ്യുന്നു (1:21), അങ്ങനെ ആയിരിക്കുകയും വേണം.

ദൈവത്തിൽ വിശ്വസിക്കുന്നവൻ ഒരിക്കലും ലജ്ജിക്കേണ്ടിവരുകയില്ല. വിശ്വസിക്കുന്ന നിങ്ങൾക്ക് അത് അഭിമാനമാണ് (2:6,7). വിശ്വസിക്കാത്തവർക്ക് തട്ടിവീഴ്ത്തുന്ന വെറുമൊരു കല്ലും ഇടർച്ചയ്ക്കുള്ള പാറയുമായിരിക്കും (2:8) വിശ്വാസം.

നിങ്ങളുടെ ശത്രുവായ പിശാച്, അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട്, ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട്, അവനെ എതിർക്കുവിൻ (5: 89).

ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്റെ മഹത്ത്വവും ഔന്നത്യവും വഴി, അവിടുന്നു നിങ്ങൾക്ക് അമൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ നല്കിയിരിക്കുന്നു. ഇക്കാരണത്താൽ, നിങ്ങളുടെ വിശ്വാസത്തെ സുകൃതംകൊണ്ടും, സുകൃതത്തെ ജ്ഞാനംകൊണ്ടും, ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും, ആത്മസംയമനത്തെ ക്ഷമകൊണ്ടും, ക്ഷമയെ ഭക്തികൊണ്ടും, ഭക്തിയെ സഹോദരസ്നേഹംകൊണ്ടും, സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണ്ണമാക്കാൻ നന്നായി ഉത്സാഹിക്കുവിൻ (1:4-7).

ലോകത്തിന്മേലുള്ള (പാപത്തിന്മേലുള്ള) വിജയം - ഇതാണു നമ്മുടെ വിശ്വാസം. ഈശോതമ്പുരാൻ ദൈവപുത്രനാണെന്ന് (ദൈവമാണെന്ന്) വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ലോകത്തെ (ഭൗതികതയെ, സാത്താനെ, അന്തിക്രിസ്തുവിനെ, ദുഷ്ടനെ) ജയിക്കുന്നത്? (1:5)

വിശുദ്ധർക്ക് എന്നെന്നേയ്ക്കുമായി ഏല്പിച്ചുകൊടുത്തിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണം (1:3).

നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ (1:20).

പെർഗാമോസിലെ സഭ വഴിതെറ്റിയ ജീവിതം നയിച്ചപ്പോഴും "എന്നിലുള്ള വിശ്വാസം നീ കൈവെടിഞ്ഞില്ല" (2:13). എന്നിൽ = ഇരുതലവാളുള്ളവനിൽ = ഈശോയിൽ = ദൈവത്തിൽ=പരിശുദ്ധ ത്രിത്വത്തിൽ.

നീ = പെർഗാമോസിലെ സഭാസമൂഹം

വിശ്വാസവും അവിശ്വസ്തതയും പകുതിയും പകുതിയുമാണെങ്കിലും വിശ്വാസത്തിൽ നിലനിൽക്കുന്നുവെന്നത് ഈശോയ്ക്ക് ആശ്വാസകരമാണ്. ഈ അവസ്ഥയ്ക്കു സർഗ്ഗാത്മകമാറ്റം വരുത്താൻ - അനുതപിക്കുക. (2:15). അനുതപിച്ചു വിശ്വാസത്തിന്റെ പൂർണ്ണതയിലേക്കു വരുന്നില്ലെങ്കിൽ ശിക്ഷ ഉറപ്പ് (2:16).തന്റെ വായിലെ വാൾ (വചനം) കൊണ്ട് അവരോട് (അനുതപിക്കാത്തവരോട്) അവിടുന്നു പോരാടും (2:16).

"നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും ശുശ്രൂഷയും ദീർഘമായ സഹനവും ഞാൻ അറിയുന്നു. നിന്റെ അവസാനപ്രവർത്തനങ്ങൾ ആദ്യത്തേതിനെക്കാൾ മെച്ചപ്പെട്ടവയാണ് (2:19). ഒരുവൻ വിശ്വാസത്തിൽ അല്പംമാത്രം പോലും മെച്ചപ്പെടുമ്പോൾ ഈശോ സന്തോഷിക്കിന്നു.നമുക്ക് ശ്രദ്ധാപൂർവ്വം നമ്മുടെ വിശ്വാസത്തിൽ വളരാൻ പരിശ്രിമിക്കാം.

വിശ്വാസത്തെപ്രതിയുള്ള പീഡനങ്ങളിൽ, ദൈവത്തിന്റെ കല്പനകൾ പാലിച്ച, വിശുദ്ധരുടെ സഹനശക്തിയും അവർക്ക്

ഈശോമിശിഹായിലുണ്ടായിരുന്ന വിശ്വാസവും നമുക്കും അത്യന്താപേക്ഷിതമാണ്. അവസാനത്തെ തുള്ളി രക്തവും ചിന്തി മരിച്ച ഈശോയിലുള്ള വിശ്വാസം, സഹനത്തിന്റെ ബലി വേദിയിൽ, അവിടുത്തെ തിരുമുറിവുകളിൽ, തന്റെ സഹനങ്ങൾ തിരുകിവച്ച് അവയെ തിരുശേഷിപ്പുകളാക്കി മാറ്റാൻ വിശ്വാസിക്കു കഴിയും.

മഹാബാബിലോൺ വേശ്യകളുടെയും, ഭൂമിയിലെ മ്ലേച്ഛതകളുടെയും മാതാവാണ്. ആ സ്ത്രീ വിശുദ്ധരുടെയും ഈശോമിശിഹായുടെ സാക്ഷികളുടെയും രക്തം കുടിച്ച്, ഉൻമത്തയായി, ലഹരിപിടിച്ച് ഓടിനടക്കുമ്പോൾ, അവളുടെ കരാളഹസ്തങ്ങളിൽ നിന്നു ഒരുവനെ വേർപ്പെടുത്താൻ ശക്തിയുള്ളത്, കറതീർന്ന വിശ്വാസത്തിനുമാത്രമാണ് (17:5-6). വിഗ്രഹാരാധനയിലും സ്വേച്ഛാധിപത്യത്തിലും മുഴുകി ലോകത്തെ പിശാചിന്റെ, അന്തിക്രിസ്തുവിന്റെ, പിടിയിലമർത്താൻ കിണഞ്ഞു പരിശ്രമിച്ച ബാബിലോൺ ആണ് ഇവിടെ വിവക്ഷ.

എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, ദുർമ്മാർഗ്ഗികൾ, കൊലപാതകികൾ, വിഗ്രഹാരാധകർ, കാപട്യക്കാർ എന്നിവരുടെ ഓഹരി (മാരക പാപങ്ങളിൽ മുഴുകി ജീവിക്കുന്നവരുടെ ഓഹരി ) തീയും ഗന്ധകവും എരിയുന്ന തടാകവുമായിരിക്കും (നരകം). അവിശ്വാസിക്കും വിശ്വാസത്യാഗിക്കും വിശ്വാസത്തെ വ്യഭിചരിക്കുന്നവനും തക്ക ശിക്ഷയായിരിക്കും ഫലം (21:8).

▲

# 11

# വിശ്വാസം പ്രായോഗിക തലത്തിൽ

## വിശ്വാസം ദൈവത്തിന്റ കരം പിടിച്ചുള്ള തീർത്ഥാടനം

ദൈവത്തിന്റെ കരം പിടിച്ചുള്ള യാത്രയാണു വിശ്വാസം. അങ്ങനെയുള്ള വിശ്വാസം അഭ്യസിച്ചവരാണ് നമ്മുടെ ഈ യാത്രയിൽ നാം കണ്ടുമുട്ടിയവരെല്ലാം. പഴയ-പുതിയ നിയമങ്ങളെ സംബന്ധിച്ചും ഇതു ശരിയാണ്. പൗലോസ്ശ്ലീഹാ തിമോത്തിക്കും തീത്തോസിനും എഴുതിയ ലേഖനങ്ങൾ ഈ കോൺടക്സ്റ്റിൽ വായിച്ചപ്പോൾ ഓർമ്മയിലേയ്ക്ക് ഓടിവന്ന ഒരു വിശിഷ്ടനാമമുണ്ട്.- പുണ്യവാനായ കാവുകാട്ടു പിതാവ്. 1935-ൽ അദ്ദേഹം ആലുവാ സെമിനാരിയിൽ ഡീക്കൻക്ലാസിലായിരുന്നപ്പോൾ ഞങ്ങളുടെ ചാപ്പലിൽ പറഞ്ഞ ചരിത്ര പ്രസിദ്ധമായ ഒരു പ്രഭാഷണം ഉണ്ട്. അതിന്റെ പ്രമേയം ഇതാണ്: Priest, the good shepherd of the people.

1969ൽ വന്ദ്യപിതാവിന്റെ ശവസംസ്ക്കാര ശുശ്രൂഷ കഴിഞ്ഞ് അതികഠിനമായ ദുഃഖഭാരവും പേറി ആലുവാ സെമിനാരിയിൽ മടങ്ങിച്ചെന്നപ്പോൾ അവിടെ ഞങ്ങളുടെ infirmarian ആയി ഉണ്ടായിരുന്ന പുണ്യശ്ലോകനായ ബ്ര.സി.എഫ്. ജോസഫ് ഒ.സി.ഡി. കാവുകാട്ടു പിതാവിന്റെ അവിസ്മരണീയ പ്രസംഗം പ്രസിദ്ധം ചെയ്തിരുന്ന 1935 ലെ Caritars (ഞങ്ങളുടെ സെമിനാരി പ്രസിദ്ധം ചെയ്തിരുന്ന മാഗസിൻ) എന്നെ

ഏല്പിച്ചു. ലളിതസുന്ദരമായ ഇംഗ്ലീഷിൽ എഴുതിയിരുന്ന ആ ലേഖനം ഹൃദയത്തിനു കുളിർമ്മ നല്കിയതുകൊണ്ട് നിരവധി തവണ അതു വായിച്ചു. മതി വരുന്നില്ല. 1969 ൽ പിതാവു മരിക്കുമ്പോൾ വരെയുള്ള പിതാവിന്റെ അജപാലന ജീവിതം മുഴുവൻ, അതിന്റെ ഹൃദ്യതയും, സത്യസന്ധതയും, സ്നേഹവും, ആത്മാർത്ഥതയും, അർപ്പണ മനോഭാവവും, കടഞ്ഞെടുത്ത പിതൃഹൃദയവും, എല്ലാം ആ പ്രസംഗത്തിൽ പ്രശോഭിച്ചു നില്ക്കുന്നതു നിർന്നിമേഷനായി ഞാൻ ഉൾക്കൊള്ളുകയായിരുന്നു.

കഴിവിനെ അംഗീകരിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും പരിപോഷിപ്പിക്കുകയും തുറവിയും ഹൃദയവിശാലതയും കലവറയില്ലാതെ അഭ്യസിപ്പിക്കുകയുംചെയ്ത ഞങ്ങളുടെ ആലുവാ സെമിനാരി , വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും ദൈവദാസൻ കാവുകാട്ടു പിതാവിനും മങ്കുഴിക്കരിപ്പിതാവിനും തൂങ്കുഴിപ്പിതാവിനും ആലഞ്ചേരിപ്പിതാവിനുമൊക്കെ ജന്മം നല്കിയ ഞങ്ങളുടെ വന്ദ്യ മാതാവ്, 'ഞങ്ങളുടെ അമ്മ', വാക്കുകളില്ലാതെ, എന്നാൽ എറ്റം വാചാലയായി ഞങ്ങളോടു പറഞ്ഞുകൊണ്ടിരിക്കുന്നു: "I have spread my dreams before you. Tread on them softly, for they are my dreams." വിശ്വാസം, പ്രത്യാശ, ഉപവി, ഉദാരത, സത്യധർമ്മാദികൾ, സഹിഷ്ണുത, തുറവി, ontological humility,സത്യസന്ധവും വിശാലവുമായ സഭാസ്നേഹം, the truth of the great unity of the Catholic Church ഇവയൊക്കെ നന്നായി പഠിപ്പിച്ചാണ് അമ്മ ഞങ്ങളെ കർത്താവിന്റെ മുന്തിരിത്തോപ്പിലേയ്ക്കിറക്കിയിരിക്കുന്നത്. സങ്കുചിതത്വം, 'devide and rule', 'cut-off the tallest poppies (Tarquin the proud), കടുംപിടിത്തം, ശാസ്ത്രത്തോടു കൊളുത്തുന്ന സൂത്രം, ഇവയൊക്കെ ഹീനമാണെന്ന് അമ്മ ഞങ്ങൾക്കു വ്യക്തമാക്കിത്തന്നിട്ടുണ്ട്.

ആലുവാ സെമിനാരി ചാപ്പലിൽ വിശുദ്ധനായ കാവുകാട്ടു പിതാവു പറഞ്ഞ കാര്യങ്ങൾ, പിതാവിന്റെ Priest, the good shephered of the people എന്ന 'മന്ത്രം', ആ പുണ്യശ്ലോകൻ

എങ്ങനെ ജീവിതത്തിൽ പ്രാവർത്തികമാക്കിയെന്നു തെളിയിക്കാൻ ഒരായിരം കാര്യങ്ങൾ പറയാനുണ്ട്. ദൈവികപുണ്യങ്ങൾ അവയുടെ പൂർണ്ണതയിൽ ആ സ്നേഹതാതൻ അഭ്യസിച്ചിരുന്നു. ആരെയും തൊട്ടുനോവിക്കാതെ, എന്നാൽ എല്ലാവരെയും തൊട്ടുതലോടി, ക്രിസ്തുവിന്റെ പ്രതിരൂപമായി, അവിടുത്തെ ധീരപടയാളിയായി, അവിടുത്തെ സഹനങ്ങളിലുള്ള കുറവ് തന്റെ നിരവധി സഹനങ്ങളിലൂടെ നികത്തി, സഹനദാസനായി, അധികാരമോഹികളുടെയും സങ്കുചിത മനസ്ക്കരുടെയും പിടിവാശിക്കാരുടെയും വെറും ലൗകിക മനസ്ക്കരുടെയും കൂരമ്പുകൾ ഏറ്റ്, കടുത്ത രോഗം ബാധിച്ച്, അകാലചരമം പ്രാപിക്കേണ്ടിവന്ന വന്ദ്യപിതാവ് എല്ലാം ക്ഷമിച്ച്, എല്ലാം സസന്തോഷം സഹിച്ച്, പരാതി കൂടാതെ ജീവിച്ച്, അജഗണങ്ങളെ മുഴുവൻ ഉള്ളത്തിൽ ഉൾക്കൊണ്ട് അവരെ സത്യവിശ്വാസത്തിൽ നിലനിർത്തി, അവർക്കുവേണ്ടി പ്രാർത്ഥിച്ചും പ്രായശ്ചിത്തപ്രവർത്തികൾ ചെയ്തും പുണ്യസോപാനത്തിലേറി. എല്ലാ കുതന്ത്രങ്ങളിൽനിന്നും, കുബുദ്ധികളിൽനിന്നും കുടിലതന്ത്രങ്ങളിൽ നിന്നും സർവ്വസ്വതന്ത്രനായി തന്റെ പിതാവിന്റെ സവിധേ അണഞ്ഞിട്ട് 44 വർഷമായിരിക്കുന്നു. ആ പുണ്യപിതാവിന്റെ മധുരസ്മരണകൾ അയവിറക്കി, അവയിൽ ആത്മസമാധാനം കണ്ടെത്തി, ആത്മസംതൃപ്തിയിലും ആത്മനിർവൃതിയിലും കഴിയുന്നവരുടെ എണ്ണം ഒട്ടും കുറവല്ല. എല്ലാം ക്ഷമിക്കാൻ, സഹിക്കാൻ അദ്ദേഹം അവർക്കു പ്രചോദനം നല്കുന്നു.

സ്വർഗസിംഹാസനത്തിലിരിക്കുകയാണെങ്കിലും, നമ്മുടെയൊക്കെ, വിശ്വാസത്തിനും സന്മാർഗത്തിനും നിരക്കാത്തനീചപ്രവൃത്തികൾ കണ്ടു കാവുകാട്ടു പിതാവ് കണ്ണീരൊഴുക്കുന്നുണ്ട്. അദ്ദേഹം വിശുദ്ധനാണെന്ന് അഖിലേശനും അഖിലാണ്ഡത്തിനും അറിയാം. പിതാവിന്റെ ലേഖനത്തിന്റെ ചില ഊന്നലുകൾ ചുവടെ ചേർക്കുന്നു

നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ അർപ്പിക്കണമെന്നതായിരുന്നു ലേഖനത്തിന്റെ ഒരു ഊന്നൽ. ശാരീരി

കമരണത്തെക്കാൾ, തന്റെ ആടുകൾക്കുവേണ്ടി ഇടയൻ, മെത്രാൻ, വൈദികൻ, ഇഞ്ചിഞ്ചായി മരിക്കണമെന്നതാണ് കാവുകാട്ടുപിതാവ് വ്യക്തമായും ശക്തമായും പഠിപ്പിക്കുന്നത്. എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യാൻ ഇടവകജനങ്ങളെ പഠിപ്പിക്കുകയാണ് ഒന്നാമത്തെ കാര്യം. ഇതു ജീവിത മാതൃകയിലൂടെ കാണിച്ചുകൊടുക്കണം. പഠിപ്പിക്കണമെങ്കിൽ ആദ്യം നന്നായിപഠിക്കണം. നിർമ്മലനും ദരിദ്രനും മരണത്തോളം, അതെ, കുരിശുമരണത്തോളം അനുസരണവിധേയനുമായ ക്രിസ്തുവാകണം ഓരോ ഇടയനും. - പിതാവ് ഉദ്ബോധിപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വ്യക്തമായ പ്രബോധനമാണ് ക്രിസ്തുവിന്റെ പുരോഹിതൻ ജീവിക്കുന്ന ക്രിസ്തുവായിരിക്കണമെന്നത് - ജീവിക്കുന്ന ക്രിസ്തുവ്യക്തിത്വത്തിന്റെ മാനങ്ങളാണ് ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം.

വിശുദ്ധനായ, നിർമ്മലനായ, ബ്രഹ്മചാരിയായ ക്രിസ്തു, അജഗണത്തെ സമ്പന്നരാക്കാൻ വേണ്ടി ദരിദ്രരിൽ ദരിദ്രനായ ക്രിസ്തു, സത്യകൂടാരത്തിന്റെ ശുശ്രൂഷകനായ ക്രിസ്തു (ഹെബ്രാ 8:17), പിതാവിന്റെ ഹിതം എപ്പോഴും നിറവേറ്റുന്ന ക്രിസ്തു, (ഹെബ്രാ 10:9), സ്വന്തം ചുടുചോരയിലൂടെ ജനത്തെ വിശുദ്ധീകരിക്കുന്ന ക്രിസ്തു (യോഹ 17:19), എപ്പോഴും പിതാവിനെ മഹത്ത്വപ്പെടുത്തുകയും അവിടുത്തെ മഹത്ത്വത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുകയും ചെയ്യുന്ന ക്രിസ്തു (യോഹ. 17: 1-5), വിനെ വേണം പുരോഹിതൻ ജനമദ്ധ്യത്തിൽ അവതരിപ്പിക്കാൻ. ദൈവത്തോടും സകല മനുഷ്യരോടുമുള്ള ഉപവിയുടെ സ്നേഹത്താൽ കൂടുതൽ കൂടുതൽ ഉജ്ജ്വലിക്കത്തക്കവണ്ണം മനുഷ്യഹൃദയത്തെ , ഇടയ ഹൃദയത്തെ, സ്വതന്ത്രമാക്കുന്ന ബ്രഹ്മചര്യം(1കോറി. 7:32-35) - ദൈവസേവനത്തിനും പ്രേഷിതശുശ്രൂഷയ്ക്കുമായി സ്വയം സമർപ്പണം ചെയ്യാൻഎറ്റം പറ്റിയ മാർഗ്ഗം ആണത്.

(മത്താ. 6:6; മർക്കോ. 1:35; 46-47 ; ലൂക്കാ.5:15,16; 6:12; 22:41-42)വിന്റെ പ്രതിരൂപമാകണം ഓരോ പുരോഹിതനും, പിതാവ് ഊന്നിപ്പറയുന്നു.

മർക്കോ. 1:5; ലൂക്കാ 1:33; യോഹ. 3:3; റോമാ. 14:17) വായിക്കണം ഓരോ പുരോഹിതനും. വർഷങ്ങൾക്കു മുൻപ് എന്റെ ഒരു ഉറ്റസുഹൃത്ത് പറഞ്ഞത് ഓർക്കുന്നു: ഞങ്ങളുടെ പള്ളിയിലെ വചനപ്രഘോഷണത്തിൽ 'വിശേഷമേ' ഉള്ളൂ 'സു' ഇല്ല എന്ന്. സുവിശേഷം പ്രസംഗിക്കുന്ന ക്രിസ്തുവിനെയാണ് കാവുകാട്ടുപിതാവ് അവതരിപ്പിക്കുക. ഓരോ പുരോഹിതനും ഇതു ചെയ്യണം. ഉള്ളതേ കൊടുക്കാവൂ.

രോഗീലോപനം നല്കിയും പ്രാർത്ഥിച്ചും ആശ്വസിപ്പിച്ചും രോഗികളെ സുഖപ്പെടുത്തുന്ന ഈശോയാകണം പുരോഹിതൻ. പിതാവിന്റെ ഹിതം നിറവേറ്റുന്ന ക്രിസ്തു (യോഹ. 4:34; ലൂക്കാ. 2:49; മത്താ. 26:39; 1 യോഹ. 2:17), നല്ല ഇടയനായ ക്രിസ്തു (എസെ. 34:23; സങ്കീ. 23:1,2; ഏശ 40:11; യോഹ 10:17)വിനെ, ഓരോ പുരോഹിതനും, തന്റെ ജീവിതം വഴി, ജനങ്ങൾക്കു കാണിച്ചു കൊടുക്കണം.

വൈദികൻ 'ജീവിക്കുന്ന ക്രിസ്തു'വായിരിക്കണമെന്ന കാവുകാട്ടു പിതാവിന്റെ സന്ദേശം ചർച്ചചെയ്യുകയായിരുന്നല്ലോ നമ്മൾ. ഓരോ പുരോഹിതനും ദൈവജനത്തിന്റെ പിതാവായിരിക്കണം. കാവുക്കാട്ടുപിതാവിന്റെ പിതൃഹൃദയം നമുക്കു വ്യക്തമാക്കിത്തരുന്ന ഹൃദയസ്പർശിയായ ഒരു സംഭവം പറയട്ടെ. ഒരിക്കൽ ആലുവാ സെമിനാരിയിൽ പഠിച്ചിരുന്ന (അന്ന് ഒരു വൈദികവിദ്യാക്ഷേത്രമേ ഉണ്ടായിരുന്നുള്ളുവെന്നതു ദൈവകൃപ) ഒരു ശെമ്മാശൻ, തന്റെ അവധികഴിഞ്ഞു, മടങ്ങിപോകാറായ അവസരത്തിൽ, പിതാവിനെ കണ്ട് ആശിർവാദവും അനുഗ്രഹവും വാങ്ങാൻ, പിതാവിന്റെ മുറിയിലെത്തി.

കാവുകാട്ടു പിതാവിനെ കാണുന്നത് ഒരു സ്വർഗ്ഗീയാനുഭവമായിരുന്നു. അനുഭവിച്ചിട്ടുള്ളവർക്കേ അതറിയാൻ കഴിയു!

നിറപുഞ്ചിരിയോടും പുത്രവാത്സല്യത്തോടും കൂടി ആ വന്ദ്യ താതൻ ഏറെസമയം ആ ശെമ്മാശനോടു സംസാരിച്ചു. പിതാവ്, gentleman bishop, ഒരിക്കലും 'business' നടത്തിയിരുന്നില്ല. ആദ്യത്തെ ചോദ്യം ഒരിക്കലും 'എന്താ' എന്നായിരുന്നില്ല. കണ്ടതിലുള്ള സന്തോഷം രേഖപ്പെടുത്തുമായിരുന്നു. വീട്ടിലെ കാര്യങ്ങൾ, സെമിനാരിയിലെ ജീവിതം, സാഹചര്യങ്ങൾ പിതാവു തന്നെ ചോദിക്കുകയും പറയുകയും എല്ലാം ചെയ്യുമായിരുന്നു.

ശെമ്മാശൻ സംസാരമധ്യേ പറഞ്ഞു, 'വീട്ടിലെ തേങ്ങാ വിറ്റില്ല പിതാവേ' എന്ന്. എങ്ങനെയോ ആ പ്രസ്താവനയുടെ പൊരുൾ പിതാവ് ആദ്യം ഗ്രഹിച്ചില്ല. സംസാരമെല്ലാം കഴിഞ്ഞ് ആശിർവാദവും വാങ്ങി ശെമ്മാശൻ യാത്രയായി.

ശെമ്മാശൻ പോയിക്കഴിഞ്ഞപ്പോൾ ആ മകന്റെ പ്രസ്താവന പിതാവിന്റെ ഓർമ്മയിൽ ഓടിയെത്തി. ഉടനെ boy (പിതാവിനെക്കാൾ പ്രായമുള്ള പ്രഞ്ചിച്ചേട്ടൻ)യെ പറഞ്ഞു വിട്ടു, ശെമ്മാശനെ തിരികെ വിളിക്കാൻ. ആ സമയംകൊണ്ട് അദ്ദേഹം അപ്രത്യക്ഷനായിരുന്നു. അതീവദുഃഖിതനായ പിതാവ് ഉടനെ തന്നെ ഒരു ലെറ്റർ പാഡ് എടുത്ത്, സ്വന്തം കൈപ്പടയിൽ, ഒരു എഴുത്ത് ശെമ്മാശന് എഴുതുകയാണു ചെയ്തത്. ആ എഴുത്തെഴുതിയപ്പോൾ പരിപാവനമായ ആ നയനങ്ങളിൽ നിന്നുതിർന്ന കണ്ണീർക്കണങ്ങൾ (സ്നേഹവും കരുണയും കരുതലും അതിസമൃദ്ധമായിരുന്ന ആ പിതൃഹൃദയത്തിൽ നിന്നലിഞ്ഞിറങ്ങിയ മണിമുത്തുകൾ) ലെറ്റർ പാഡിന്റെ പലഭാഗങ്ങളിലും പതിച്ചു. അവ ഒപ്പി ഉണക്കിയിരുന്നു. എഴുതിക്കഴിഞ്ഞ് പിതാവു തന്നെ ഒപ്പിട്ട ഒരു ചെക്ക് ആ ലെറ്റർ പാഡിൽത്തന്നെ പിൻ ചെയ്ത്, അന്നത്തെ പോസ്റ്റിൽത്തന്നെ അയച്ചു. ശെമ്മാശൻ സെമിനാരിയിലെത്തിയപ്പോൾ എഴുത്തും ചെക്കും ശെമ്മാശനെ പ്രതീക്ഷിച്ച്, അവിടെ കാത്തുകിടക്കുകയായിരുന്നു. കവർ പൊട്ടിച്ചു വായിച്ചപ്പോൾ ലെറ്റർ പാഡിലെ കണ്ണീർക്കണങ്ങൾ കണ്ട ശെമ്മാശൻ ഏങ്ങലടിച്ചു കരഞ്ഞുപോയി. മനുഷ്യത്വവും മനുഷ്യത്വവും വിശ്വാസത്തിലും സ്നേഹത്തിലും കൂട്ടിമുട്ടുമ്പോൾ ഇങ്ങനെയുള്ള പ്രതികരണങ്ങൾ ഉണ്ടാവും., ഉണ്ടാകുന്നില്ലെങ്കിൽ അതിനു മനുഷ്യത്വരാഹിത്യമെന്നോ 'കാടത്ത'

മെന്നോ മറ്റോ പറയേണ്ടി വരും.

വളരെയേറെ ഹൃദയസ്പർശിയായ മറ്റൊരു സംഭവം. വളരെ ബുദ്ധിമുട്ടി ഒരു ഇടവകയിൽ യഥാർത്ഥ അജപാലന ശുശ്രൂഷ നടത്തിയിരുന്ന ഒരു വൈദികൻ. ആ പള്ളിയിൽ കൈക്കാരൻ, കണക്കൻ, തൂപ്പുകാരൻ, വികാരി – എല്ലാം ഒരാൾ! അങ്ങനെയുള്ള കാലങ്ങളൊക്കെ ഉണ്ടായിരുന്നെന്ന് ഇന്നെത്ര പേർക്കറിയാം? അദ്ദേഹത്തിനു ദുഃഖകരമായ എന്തോ അനുഭവം അരമന വൃത്തങ്ങളിൽ നിന്നുണ്ടായി. അജപാലനത്തിന്റെ അന്തഃസത്ത, ഉൾക്കാമ്പ് മനസ്സിലാക്കിയിരുന്ന കാവുകാട്ട് പിതാവ് വിവരമറിഞ്ഞു. ഉടനെ ഫ്രഞ്ചി വല്യപ്പനെ വിളിച്ച് വണ്ടിയിറക്കാൻ പറഞ്ഞു. പിതാവ് ശുശ്രൂഷയുടെ ഉത്തരാർത്ഥത്തിൽ ഉപയോഗിച്ചിരുന്ന കാർ, വന്ദ്യ പിതാവിന്റെ സഹനങ്ങളും അനാരോഗ്യവും അസ്വാസ്ഥ്യങ്ങളും മനസിലാക്കിയ വിശ്വാസികളിലാരോ പരിശ്രമിച്ച്, അമേരിക്കയിൽനിന്നു സംഘടിപ്പിച്ചു പിതാവിനു നല്കിയതാണ്. ആരോടും തന്നെ, എങ്ങോട്ടെന്നൊന്നും പറയാതെ, പിതാവു യാത്രയായി. പിതാവിന് ഒരു സെക്രട്ടറി ഉണ്ടായിരുന്നു.അത്യാവശ്യം ഉള്ളപ്പോൾ മാത്രമേ, പിതാവ് അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ആവശ്യപ്പെട്ടിരുന്നുള്ളൂ. ഒന്നര മണിക്കൂർ യാത്ര ചെയ്ത് അനാരോഗ്യവാനായ പിതാവ് ലക്ഷ്യസ്ഥാനത്തെത്തി. കാറിൽ നിന്നിറങ്ങി. പള്ളിയുടെ സൈഡിൽ ഒരു വാതിലിന്റെ പകുതി മാത്രം തുറന്നിട്ടുണ്ടായിരുന്നു. അതിലൂടെ പള്ളിയൽക്കയറി തറയിൽ മുട്ടുകുത്തി കുറച്ചുസമയം പ്രാർത്ഥിച്ചു. ആ ഇടവകയ്ക്കും തന്റെ രൂപതയ്ക്കും രൂപതയിലെ സകല വൈദികർക്കും  വിശിഷ്യ അവിടുത്തെ വികാരിയച്ചനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയായിരുന്നിരിക്കണം പിതാവ്.

പ്രാർത്ഥനക്കുശേഷം ഇറങ്ങിയിട്ടും അവിടെയെങ്ങും ഒരു കുഞ്ഞിനെപ്പോലും പിതാവിനു കാണാൻ കഴിഞ്ഞില്ല. ചെറിയ ഒരു മുറിയുണ്ട്. അതു പൂട്ടിയ അവസ്ഥയിലായിരുന്നു. മുറിയുടെ അടുത്ത് ഒരു കൊച്ചു കുശിനിയുണ്ടായിരുന്നു. അവിടെ നിന്ന് അല്പം പുക പുറത്തേക്കു വരുന്നതു കണ്ടു. പിതാവു നടന്ന്, അതിന്റെ ചെറിയ വാതില്ക്കലെത്തി. അതു തുറന്നാണ് കിടന്നിരുന്നത്; കുനിഞ്ഞ് അകത്തു കയറി. അതാ, വികാരിയ

ച്ചൻ അവിടെ പച്ചക്കപ്പ വേവിച്ചുകൊണ്ടു നില്ക്കുന്നു! പാചക വേഷത്തിലായിരുന്ന അച്ചന് അല്പം ബുദ്ധിമുട്ടുണ്ടായെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം, അക്ഷരാർത്ഥത്തിൽ, എന്തൊക്കെക്കൊണ്ടോ, കരയാൻ തുടങ്ങി. വിയർത്തൊലിച്ചു നിന്നിരുന്ന തന്റെ മകനെ തോളോടു ചേർത്ത് അല്പസമയം പിതാവും നിശബ്ദനായിനിന്നു.

അച്ചൻ സമനില വീണ്ടെടുത്തപ്പോൾ പിതാവു ചോദിച്ചു: "കപ്പയ്ക്കെന്തെങ്കിലും കറി സജ്ജീകരിച്ചിട്ടുണ്ടോ അച്ചാ?" ഇടറിയ സ്വരത്തിൽ അച്ചൻ പറഞ്ഞു: "പിതാവേ മീൻകറിയുണ്ട്." പിതാവു പുഞ്ചിരിച്ചുകൊണ്ട് പറയുകയാണ്: (അതു കണ്ടിട്ടുള്ളവർക്കേ അതിന്റെ ഹൃദ്യതയും വശ്യതയും സ്വാരസ്യവും നുകരാനും ഒരു സ്വർഗീയാനുഭൂതിയിൽ ലയിക്കാനും കഴിയൂ. കാവുകാട്ടു പിതാവിന്റെ മുഖം ആ പുണ്യ പിതാവിന്റെ മനസിന്റെ കണ്ണാടി തന്നെയായിരുന്നു) "കുറച്ചു നാളായി കപ്പയും മീനും കഴിച്ചിട്ട്. നമുക്ക് അല്പം കഴിക്കാം. അവിടെ ഒരു സ്റ്റൂളുണ്ടായിരുന്നു. പിതാവ് അതിന്മേലിരുന്നു. അച്ചൻ വേഗം കപ്പയും മീനും പാത്രത്തിലെടുത്തു പിതാവിനു കൊടുത്തു. അച്ചനും എടുക്കുക എന്നു പിതാവു നിർദ്ദേശിച്ചു. അച്ചൻ പിതാവിനെ അനുസരിച്ച് കപ്പയും മീനും എടുത്തു. അതുവരെ പിതാവ് കപ്പപ്പാത്രം കയ്യിൽത്തന്നെ (പാത്രത്തിന്റെ സൈഡിലായിരുന്നു അച്ചൻ മീൻ വച്ചിരുന്നത്) പിടിച്ച് അല്പാല്പം ഭക്ഷിച്ചുകൊണ്ട് വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു; അച്ചൻ നിന്നും പിതാവ് ഇരുന്നും. ഇരുവരും അങ്ങേയറ്റം ഹൃദ്യമായി സംസാരിച്ചുകൊണ്ട് കപ്പയും മീനും കഴിച്ചു. "എത്ര നല്ല preparation? എന്തു നല്ല രുചി" എന്ന് ആത്മാർത്ഥമായിപ്പറഞ്ഞപ്പോൾ അച്ചന്റെ കണ്ണുകൾ വീണ്ടും ഈറനണിഞ്ഞു.

കഴിച്ചുകഴിഞ്ഞ് പിതാവ് ആ പാത്രം കഴുകാൻ ശ്രമിക്കുന്നുവെന്നു മനസ്സിലാക്കിയ അച്ചൻ 'എന്റെ പിതാവേ' എന്നു ഗദ്ഗദത്തോടെ പറഞ്ഞുകൊണ്ട് പാത്രം ആ പാവനകരങ്ങളിൽ നിന്ന് 'പിടിച്ചു' വാങ്ങി. അതു കഴിഞ്ഞപ്പോൾ പിതാവ് അച്ചൻ കപ്പ വേവിച്ച പാത്രത്തിൽ നോക്കി. കപ്പ മിച്ചമുണ്ട്. "ഇനിയും മീൻകറിയുണ്ടോ അച്ചാ" എന്നു പിതാവു അച്ചനോടു ചോദി

ച്ചു. 'ഉവ്വ് പിതാവേ', അച്ചൻ മറുപടി പറഞ്ഞു. 'എങ്കിൽ നമ്മുടെ പ്രഞ്ചിക്ക് അല്പം കപ്പയും മീനും കൊടുത്താലോ?" "വിളമ്പി വച്ചിട്ട് ഞാൻ അദ്ദേഹത്തെ വിളിച്ചുകൊള്ളാം,"അച്ചന്റെ മറുപടി. അപ്പോൾ പിതാവ് പറഞ്ഞു: "അച്ചൻ വിളമ്പിക്കോ. ഞാൻ വിളിച്ചുകൊണ്ടു വരാം." അങ്ങനെ പറഞ്ഞു, പുറത്തേയ്ക്കിറങ്ങിയ പിതാവ് വിയർത്തൊലിക്കുന്നുണ്ടായിരുന്നു. പ്രഞ്ചിച്ചായനോടു പിതാവു നിർദ്ദേശിച്ച പ്രകാരം അദ്ദേഹം തനിക്കുണ്ടായിരുന്ന ആരോഗ്യത്തിൽ നടന്ന്, അടുക്കളയിൽക്കയറി, അച്ചനെ സഹായിച്ചതിനു ശേഷം, അല്പം കപ്പയും മീനും കഴിച്ചു.

കാറ്റുള്ളിടത്ത് പിതാവ് നില്ക്കുകയാണ്. അച്ചൻ വേഗം പോയി ളോഹ ധരിച്ചു വന്നു. പിതാവിന്റെ പതിവുപോലെ, അച്ചനുമായി ആ പറമ്പിൽ നടന്നു സംസാരിച്ചുതുടങ്ങി. അച്ചനെ സസന്തോഷം സാകൂതം പിതാവു കേട്ടു. അനന്തരം പറഞ്ഞു:"സാരമില്ലച്ചാ, പ്രശ്നത്തിന് ഇങ്ങനെ പരിഹാരം കണ്ടെത്താം." പരിഹാരം പറഞ്ഞുകൊടുത്തു. അതിനെക്കാൾ നല്ല ഒരു പരിഹാരം കണ്ടെത്താൻ ആർക്കും കഴിയുമായിരുന്നില്ലെന്ന് ആ അച്ചൻ പിന്നീട് സഹവൈദികരോടു സാക്ഷ്യപ്പെടുത്തി. അഭിവന്ദ്യപിതാവിനെ കണ്ട നിമിഷം തന്നെ അച്ചന്റെ വിഷമങ്ങളെല്ലാംമാറി. 'എല്ലാം എല്ലാവരോടും ക്ഷമിക്കുക' എന്നു പിതാവു പറഞ്ഞപ്പോൾ അച്ചൻ പ്രതിവചിച്ചു: 'എന്റെ പിതാവേ, പിതാവിനെക്കണ്ടപ്പോൾത്തന്നെ എന്റെ സകല വിഷമവും മാറിപ്പോയി. ഇപ്പോൾ എനിക്ക് ആരോടും പ്രയാസമില്ല'.

നമ്മുടെ അച്ചൻ കൂട്ടമണിയൊന്നും അടിച്ചില്ല. അച്ചനും പിതാവും സംസാരിച്ചുകൊണ്ടു നടന്ന സമയത്തു, കുട്ടികൾ ഓടിയും മുതിർന്നവർ വേഗതയിൽ നടന്നും, തങ്ങളുടെ ഇടയനെക്കാണാനും അനുഗ്രഹം വാങ്ങാനും, സ്നേഹം പങ്കുവയ്ക്കാനും, വന്നുകൊണ്ടിരുന്നു. എല്ലാവരും മുട്ടുകുത്തി, പിതാവിന്റെ പാവനകരങ്ങൾ ഭക്ത്യാദരവുകളോടെ മുത്തുന്ന കാഴ്ച വികാരിയച്ചനെ വീണ്ടും ആനന്ദാശ്രുക്കൾ പൊഴിക്കാൻ നിർബന്ധിതനാക്കി. തങ്ങളുടെ 'പിതാവ്' എത്തിയിരിക്കുന്ന വാർത്തപറഞ്ഞുകേട്ടറിഞ്ഞ് ദൈവജനം മിനിറ്റുകൾക്കകം ഓടി

ക്കൂടി. പള്ളിയങ്കണം നിറഞ്ഞു കവിഞ്ഞു. പറമ്പിൽ പണിയെടുത്തിരുന്നവരൊക്കെ പണിവേഷത്തിൽത്തന്നെ ഓടിയെത്തി. സമയം വൈകിയതുകൊണ്ടു പിതാവു വേഗം പോകുമെന്ന് അവർക്ക് അറിയാമായിരുന്നിരിക്കണം. തങ്ങളുടെ വലിയ ഇടയന്റെ മോശമായിക്കൊണ്ടിരുന്ന ആരോഗ്യത്തെക്കുറിച്ച് അവർക്ക് ആകുലതയും ഉണ്ടായിരുന്നു. ഇത്രയും വിശുദ്ധനായ ഒരു പിതാവിനെ ഞങ്ങൾക്കു നല്കിയ ദൈവമേ, അങ്ങേയ്ക്ക് ആയിരമായിരം നന്ദി!

വളരെയേറെ പ്രശ്നങ്ങളും പ്രതിസന്ധികളുമുള്ള ഒരു പള്ളിയിലേയ്ക്ക് നിയമിക്കാൻ, ഒരു വൈദികനെ, പിതാവു പ്രാർത്ഥനയിലൂടെ കണ്ടുപിടിച്ചു. അച്ചൻ അപ്പോൾ ആയിരുന്ന പള്ളിയിൽ നേരിട്ടു ചെന്ന് അച്ചനെ കണ്ടു വിവരമറിയിച്ചു. അത്രയും പിതാവു ബുദ്ധിമുട്ടിയതിൽ ആ നല്ല വൈദികന് വളരെയേറെ സങ്കടം തോന്നി. 'പിതാവ് എന്നെയൊന്ന് വിളിച്ചാൽ മതിയായിരുന്നു. ഞാൻ പിതാവിന്റെയടുത്ത് ഓടിയെത്തുമായിരുന്നു'വെന്ന് അച്ചൻ വികാരഭരിതനായിപ്പറഞ്ഞപ്പോൾ, പിതാവു പറയുകയാണ്: 'അച്ചാ എനിക്കു കാറുണ്ട്. ഡ്രൈവറുമുണ്ട്. ഇവിടെയെത്താൻ എനിക്ക് ഒരു മണിക്കൂറേ വേണ്ടി വന്നുള്ളൂ. അച്ചൻ എന്നെക്കാണാൻ വരണമെങ്കിൽ രണ്ടര മണിക്കൂർ നടക്കുകയും മൂന്നോ നാലോ ബസുകൾ കാത്തുനിൽക്കുകയും വേണ്ടേ? അത് അച്ചന് എത്രമാത്രം ബുദ്ധിമുട്ടായിരിക്കും?

'പിതാവേ ഞാൻ എന്നാണ് പുതിയ പള്ളിയിൽ എത്തേണ്ടത്?' അച്ചൻ അന്വേഷിച്ചു.

'ഇവിടേയ്ക്കു വരാൻ സമ്മതിച്ചിരിക്കുന്ന അച്ചൻ അടുത്തുതന്നെ എത്താൻ തയ്യാറാണ്. ഇപ്പോൾ അദ്ദേഹം പഠനം പൂർത്തിയാക്കി നില്ക്കുകയാണ്. അച്ചൻ എത്തേണ്ട പള്ളിയിലെ അച്ചന് അവിടുന്നു മാറാനും തിടുക്കമാണ്," പിതാവു പറഞ്ഞു.

'എങ്കിൽ പിതാവ് പ്രാർത്ഥിച്ച്, ആലോചിച്ച്, എന്നെ ദയവായി അറിയിക്കുക. പിതാവിന്റെ അറിയിപ്പു കിട്ടുന്ന മുറയ്ക്ക് ഞാൻ പൊയ്ക്കൊള്ളാം," അച്ചൻ പറഞ്ഞു.

"അങ്ങനെയാകട്ടെ", വന്ദ്യപിതാവു പറഞ്ഞു. അതിനു ശേഷം പിതാവു തിരികെപ്പോയി.

ക്രമീകരണങ്ങളെല്ലാം നടത്തി, തീയതിയും സമയവും നമ്മുടെ അച്ചനെ പിതാവ് അറിയിച്ചു. അച്ചൻ പുറപ്പെടാനാഗ്ര ഹിക്കുന്ന സമയവും പിതാവു ചോദിച്ചറിഞ്ഞു. മൂന്നുമണിക്ക് എന്നായിരുന്നു അച്ചന്റെ മറുപടി. അന്നു രണ്ടരമണിയായപ്പോൾ പകരം എത്തേണ്ട വൈദികനുമായി നമ്മുടെ പിതാവ് 2.30 ന് പള്ളിയിലെത്തുന്നു! അവിടെയുണ്ടായിരുന്ന ആളുകൾ അത്ഭു തസ്തബ്ധരായി നിന്നുപോയി! അവരെല്ലാവരും ഓടിവന്നു, മുട്ടുകുത്തി, പിതാവിന്റെ കൈ മുത്തി. സ്വതസിദ്ധമായ പുഞ്ചി രിയോടും വലിയ വാത്സല്യത്തോടും അവരോടു സംസാരിച്ചു കൊണ്ടിരുന്നപ്പോൾ മാത്രമാണ്, യാത്ര പുറപ്പെടാൻ ഒരുങ്ങി ക്കൊണ്ടിരുന്ന ആ നല്ല വൈദികൻ, പിതാവിന്റെ വരവിനെക്കു റിച്ചറിയുന്നത്.

അത്ഭുതപരതന്ത്രനായ അച്ചൻ അതിവേഗം പിതാവിന്റ സവിധേയെത്തി ആ പുണ്യകരങ്ങൾ ചുംബിച്ചു. പിതാവ് അച്ച നോടു പറഞ്ഞു: "അച്ചൻ ഒരുങ്ങിക്കഴിഞ്ഞെങ്കിൽ, എന്റെ കൂടെ വണ്ടിയിൽ കയറുക. സാധനങ്ങളുമായി, തയ്യാറാക്കിയിരിക്കുന്ന വാഹനത്തിൽ, ജനങ്ങൾ വരട്ടെ. ഇപ്പോൾ എന്റെ കൂടെ വന്ന അച്ചനും വരും." പിതാവു പറഞ്ഞതുപോലെ അച്ചന്മാരിരുവരും പ്രവർത്തിച്ചു. മൂവരും യാത്രയായി. അവർ നിർദ്ദിഷ്ട പള്ളി യിലെത്തി. പുതിയ വികാരിയച്ചനെ സ്വീകരിക്കാൻ എത്തിയ ചെറിയ സമൂഹം അത്ഭുതംകൂറി നില്ക്കുകയാണ്. അവരെല്ലാ വരും മുട്ടുകുത്തി, അഭിവന്ദ്യപിതാവിന്റെ പാവന പാണികൾ ചുംബിക്കുന്നു.

പിതാവിന് കാപ്പിക്ക് പ്രത്യേക സജ്ജീകരണങ്ങളൊന്നു മില്ലായിരുന്നു. പിതാവും ഇരുവൈദികരും വന്നുകൂടിയിരുന്ന ആളുകളും പള്ളിയിൽ കയറി പ്രാർത്ഥിച്ചു. വന്ദ്യപിതാവു തന്നെ പ്രാർത്ഥന നയിച്ചു, (വളരെ ചെറിയ പ്രാർത്ഥന). അന ന്തരം ജനങ്ങളുടെ നേരേ തിരിഞ്ഞ് അച്ചന്മാരെയും ജനങ്ങ ളെയും അഭിവന്ദ്യപിതാവ് ആശീർവദിച്ചനുഗ്രഹിച്ചു.

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ അനുവാചകന് ഒരു പക്ഷേ തോന്നാം, ഈ ലേഖകന്, ദൃക്സാക്ഷിയെപ്പോലെ, ഇവയെല്ലാം ഇത്ര കൃത്യമായി എങ്ങനെ വിവരിക്കാൻ സാധിക്കുന്നുവെന്ന്? അതിന്റെ പിന്നിലൊരു രഹസ്യമുണ്ട്. ദൈവപരിപാലനയുടെ ഒരു വലിയ അനുഭവമായി ലേഖകൻ അതിനെ കരുതുന്നു. ആ ദിവസങ്ങളിൽ, ആലുവാ സെമിനാരിയിൽ നിന്ന് അവധിക്കു വന്ന ഈയുള്ളവൻ, അഭിവന്ദ്യകാവകാട്ടുപിതാവും അച്ചനുമായി ബിഷപ്സ് ഹൗസിൽനിന്ന് പുറപ്പെട്ടപ്പോൾ മുതൽ, സംഭവവികാസങ്ങളുടെയെല്ലാം, ദൃക്സാക്ഷിയായി അവരോടൊപ്പമുണ്ടായിരുന്നുവെന്നതാണ് ആരോരുമറിയാത്ത ആ സത്യം. ബുദ്ധിമുട്ടുകൾ ധാരാളമുണ്ടായിരുന്ന ആ പള്ളിയിൽ നിയോഗിത വൈദികനെ എത്തിച്ചു പ്രാർത്ഥനയും കഴിഞ്ഞ് പിതാവു വീണ്ടും ആദ്യം പുറപ്പെട്ട പള്ളിയിലെത്തി, അവിടത്തെ പുതിയ വികാരിയെ അവിടെ ആക്കി.

അഭിവന്ദ്യ കാവുകാട്ടുപിതാവിനെക്കുറിച്ച് അനവധി കാര്യങ്ങൾ ഇനിയും രേഖപ്പെടുത്താനുണ്ട്. വിസ്തരഭയത്താൽ ചുരുക്കുന്നു. ഉടയവൻ ആയുസ്സും ആരോഗ്യവും തരുകയാണെങ്കിൽ, അങ്ങനെയൊന്നു ചെയ്യണമെന്ന് വലിയ ആഗ്രഹമുണ്ടെന്നു പറഞ്ഞ്, എല്ലാം ദൈവതിരുമനസ്സിന് പൂർണ്ണമായും വിട്ടുകൊടുക്കുന്നു. ദൈവമേ, കരുണയായിരിക്കണേ!

എല്ലാമങ്ങേ മഹത്ത്വത്തിനായ്

എല്ലാമങ്ങേ പുകഴ്ചയ്ക്കുമായ്

തീർന്നീടേണമേ പ്രിയനേ

തിരുനാമമുയർന്നീടട്ടെ.

★★★★★★★